ജനകീയ ആസൂത്രണം

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്



# വികസനരേഖ

## വികസന സെമിനാർ

1997 ജനുവരി 7

എസ്. എൻ. വി. എൽ. പി. എസ്., പുത്തനമ്പലം.

**ആലപ്പുഴ ജില്ല**




3





ജനറൽ മാപ്പ്





വിശക്കുന്നവന്റെ മുന്നിൽ
ദൈവം പോലും അപ്പത്തിന്റെ
രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്.

— *ഗാന്ധിജി* —

## എഡിറേറാറിയൽ ബോർഡ്

1 ശ്രീ. പി. പി. സ്വാതന്ത്ര്യം

2 ,, ആർ. രാജ് പ്രദീപ്

3 ,, ററി. വി. വിക്രമൻ നായർ

4 ,, എം. ഭദ്രൻ

5 ,, കെ. കൈലാസൻ

6 ,, ററി. എൻ. വിശ്വനാഥൻ

7 ,, കെ. പി. നന്ദകുമാർ

8 ,, ററി. എസ്. വിശ്വൻ

9 ,, ശിവശങ്കരനുണ്ണി



ലേ ഔട്ട് : ററി. പി. അജിത് ലാൽ

പ്രിൻറിംഗ്: ലാൽ ബ്രദേഴ്സ്, കലവൂർ

## മുൻ പ്രസിഡന്റുമാർ



ശ്രീ. പി. കെ. മാധവൻ



ശ്രീ. ടി. കെ. പളനി

# നിലവിലുള്ള ഭരണ സമിതി



പി. അനിൽകുമാർ
വൈ: പ്രസിഡന്റ്



കെ. ജി. രാജപ്പൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



എൻ. ശിവരാമൻ നായർ
മെമ്പർ



ഇന്ദിരാകുമാരി
മെമ്പർ



പി. പി. സ്വാതന്ത്ര്യം, പ്രസിഡന്റ്



കെ. എം. ഷൈലജ
മെമ്പർ



വി. ജെ. രേണുക
മെമ്പർ



രജനി രവിപാലൻ
മെമ്പർ



കെ. എം. ശശിധരൻ
മെമ്പർ



ആർ. ഷാജീവ്
മെമ്പർ



വി. ഉത്തമൻ
മെമ്പർ



*രാജാവും പാവങ്ങളും ഒരേ ജീവിത രീതിയും
ഒരേ ലക്ഷ്യവും ഉൾക്കൊള്ളുന്ന ഭാരതം വന്നാൽ
മാത്രമേ നാട്ടിൽ സമത്വം, സമാധാനം, ക്രമനില
എന്നിവ നിലനിൽക്കുകയുള്ളു.*

*ഗാന്ധിജി*



*എനിക്കെന്തു കിട്ടും എന്നതിനു പകരം
എനിക്കെന്തു ചെയ്യാൻ കഴിയും എന്നു ചിന്തിക്കുക
എന്നതാണ് പ്രധാനം*

*ഈ. എം. എസ്.*



**ആർ. രാജ്പ്രദീപ്**
പഞ്ചായത്ത് സെക്രട്ടറി

## ജനകീയ പച്ചക്കറി കൃഷി മത്സര വിജയികൾ



**ടി. കെ. പങ്കജാക്ഷൻ**
രണ്ടാം സ്ഥാനം



**പി. സുദകേശൻ**
സ്വർണ്ണപ്പതക്ക ജേതാവ്



**പി. വി. രവീന്ദ്രൻ**
മൂന്നാം സ്ഥാനം



പഞ്ചായത്ത് തല ജനകീയാസൂത്രണ സമിതി

സ്നേഹമുള്ളവരെ,

കഴിഞ്ഞ 30-9-95-ൽ
ഞാനും എന്നെപ്പോലെ തെരഞ്ഞെടുക്കപ്പെട്ട
മറ്റു വാർഡുകളിലെ അംഗങ്ങളും
ഗ്രാമവാസികളെ സാക്ഷി നിർത്തി
സത്യപ്രതിജ്ഞ ചെയ്യുമ്പോൾ
നമ്മുടെ ഓരോ മനസ്സിൽ
ഒരായിരം കൊട്ടാരങ്ങളെ ഉണ്ടായിരുന്നുള്ളൂ.

എന്നാൽ ജനകീയാസൂത്രണ പദ്ധതി
നമ്മുടെ മുന്നിൽ എത്തിയതോടെ
ആഗ്രഹങ്ങൾക്കും, ആവശ്യങ്ങൾക്കും
പുതിയ രൂപവും ഭാവവും കൈവന്നു കഴിഞ്ഞു.

ഇന്നലെ നാം സഞ്ചരിച്ചത്
നിഴൽ മൂടിയ ഇടവഴികളിലൂടെയായിരുന്നു.

പുതിയ വെളിച്ചവും, പുതിയ അറിവും
പുത്തനനുഭവവും
നമ്മളെ ഇന്നലത്തേതിനേക്കാൾ കൂടുതൽ
കർമ്മോന്മുഖരാക്കുന്നു.

നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി ഭദ്രമാക്കാൻ
ഇന്നത്തെ ഈ തിരിച്ചറിവ്
കരുത്തോടെ ഉപയോഗിക്കുവാൻ നമുക്കു കഴിയണം.

ദരിദ്ര സമ്പന്ന വ്യത്യാസമില്ലാതെ,
പണ്ഡിത പാമര വ്യത്യാസമില്ലാതെ
നമ്മുടെ ഗ്രാമവാസികൾക്കെല്ലാം വിവിധ പദ്ധതികൾക്കു
രൂപം കൊടുക്കുവാനും കഴിയുക വഴി നമുക്കീ
കൊച്ചുഗ്രാമത്തെ പൊന്നണിയിക്കാം.

നമ്മുടെ ഗ്രാമത്തിന്റെ കൂട്ടായ്മയിലൂടെയുള്ള
പരിശ്രമത്തിന്റെ ഫലം ജനകീയ പങ്കാളിത്തത്തിലൂടെ
നാം തിരിച്ചറിഞ്ഞു കഴിഞ്ഞു.

ജനകീയാസൂത്രണ പദ്ധതിയുടെ
മുന്നോട്ടുള്ള ചുവടുകൾക്ക് വേഗത കൂട്ടാനും
കരുത്തു പകരുവാനും ഈ തിരിച്ചറിവ്
നമ്മെ സഹായിച്ചിട്ടുണ്ട്.

തുടക്കം മുതൽ ഇതിന്റെ വിജയത്തിനായി
അക്ഷീണം പണിയെടുത്തവരേയും ഈ പ്രവർത്തനങ്ങൾ
തയ്യാറായി നിൽക്കുന്നവരേയും
ഞാൻ അനുമോദിക്കുന്നു.

ഈ പദ്ധതി സർവ്വ സമ്പൂർണ്ണമാക്കി
നമ്മുടെ ഗ്രാമത്തെ സ്വർഗ്ഗസമാനമാക്കാൻ
നമുക്കൊന്നൊരുമിച്ചു പരിശ്രമിക്കാം.

നന്ദി.
ഹൃദയത്തിന്റെ ഭാഷയിൽ നന്ദി

പ്രസിഡന്റ്. പി.പി. സ്വാതന്ത്ര്യം.

‘‘ ഞങ്ങളൊക്കെ മയക്കത്തിൽനിന്നുണർ -
ന്നങ്കമാടുവാനെത്തുകയാണിനി
ഇനിഞങ്ങളാൺപെണ്ണടക്കമീമണ്ണിൽനി -
ന്നിനിയത്തെ ജീവിതവിളകൊയ്യട്ടെ ! ’’

## താളുകൾ മറിക്കുമ്പോൾ.........!


1 ആമുഖം

2 ചരിത്രം

3 ഭൂപ്രകൃതിയും വിഭവങ്ങളും

4 വികസനമേഖല

- 4 1 കൃഷിയും ജലസേചനവും
- 4 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
- 4 3 വ്യവസായം
- 4 4 വിദ്യാഭ്യാസം
- 4 5 ആരോഗ്യം - കുടിവെള്ളം
- 4 6 ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
- 4 7 പാർപ്പിടം
- 4 8 സംസ്കാരം
- 4 9 സ്ത്രീ - കുടുംബം - സമൂഹം
- 4 10 സഹകരണം
- 4 11 പട്ടികജാതി - പട്ടികവർഗം
- 4 12 വിഭവസമാഹരണം

5 ഉപസംഹാരം

# 1



# ആമുഖം

1947 ആഗസ്റ്റ് 14 ന് അർദ്ധരാത്രിയിൽ ഭാരതം കൊളോണിയൽ വാഴ്ചയിൽനിന്നും സ്വതന്ത്രയായി. 49 വർഷങ്ങൾ പിന്നിട്ടിട്ടും അധികാരം ജനങ്ങളിലേയ്ക്ക് എത്തുവാൻ നാം ഇത്രയും നാൾ കാത്തിരിക്കേണ്ടിവന്നു. രാഷ്ട്രപിതാവിന്റെ സ്വപ്നമായ ഗ്രാമസ്വരാജ് പ്രാവർത്തികമാക്കുന്നതിനു മുൻകൈ എടുത്തത് മൺമറഞ്ഞുപോയ മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയാണ്. അല്പസ്വല്പം ന്യൂനതകൾ ഉണ്ടെങ്കിലും ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ ഗ്രാമീണ ജനങ്ങളെ അധികാരപ്പെടുത്തുന്നതാണ് ഈ നിയമം. ഈ നിയമം പ്രാബല്യത്തിൽ വന്നപ്പോഴാകട്ടെ നമ്മുടെ ഗ്രാമങ്ങൾ ഒട്ടുവളരെ പിന്നോക്കം പോയിരുന്നു. ഭരണാധികാരികളിൽ വന്ന മാററം ഭരണരംഗത്ത് ജനപങ്കാളിത്തം ഉറപ്പാക്കുവാൻ തീരുമാനിക്കുകയും 9-ാം പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി തീർക്കുന്നതിനുള്ള സമയബന്ധിത പരിപാടിക്ക് കേരളത്തിൽ ആദ്യമായി തുടക്കം കുറിക്കുകയും ചെയ്തു.

നാളിതുവരെയുള്ള ആസൂത്രണം മുകളിൽനിന്നും കീഴോട്ടായിരുന്നതുമൂലം അനവധി പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. ഈ പ്രക്രിയമൂലം അതാതു പ്രദേശങ്ങളിൽ ആ പ്രദേശത്തിന്റെ ഭൂപ്രകൃതിക്കും ജനാഭിലാഷങ്ങൾക്കും അനുയോജ്യങ്ങളായ പദ്ധതികൾക്ക രൂപം കൊടുക്കുവാൻ കഴിഞ്ഞില്ല. ഈ സംവിധാനത്തിനു അടിമുടി മാററംവന്നേ മതിയാവൂ. അതിനുള്ള പുറപ്പാടിലാണ് കേരള സർക്കാരും കേരളീയ ജനതയും. 9-ാം പദ്ധതി ആസൂത്രണത്തിൽ കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പരിപാടിക്ക് സംസ്ഥാന ആസൂത്രണബോർഡ് രൂപം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമഗ്രാമാന്തരങ്ങളിൽ ഇതിനുവേണ്ട മുന്നൊരുക്കങ്ങൾ തകൃതിയായി നടന്നുവരുന്നു. കക്ഷിരാഷ്ട്രീയത്തിനും ജാതിമത വൈജാത്യങ്ങൾക്കും അതീതമായി ജനകീയാസൂത്രണ പ്രക്രിയയിൽ മുഴുവൻ ജനങ്ങളും ആത്മാർത്ഥമായി സഹകരിച്ചുവരുന്ന കാഴ്ച ആവേശകരമാണ്.

ഈ ആസൂത്രണ പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരത്തോടൊപ്പം സമ്പത്തും ലഭിക്കുന്നതിനാൽ ജനാഭിലാഷങ്ങൾ പൂർത്തീകരിക്കുവാൻ കഴിയും എന്ന വിശ്വാസം നമ്മളെ ഊർജ്ജസ്വലരാക്കുന്നു.

വികസന പ്രക്രിയയിൽ ഒട്ടേറെ വിഭവങ്ങൾ സമാഹരിക്കേണ്ടതുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ വക ഫണ്ടുകൾ, മററു വികസന ഏജൻസികൾ നൽകുന്ന സഹായധനം, ശാസ്ത്ര സങ്കേതിക വിദ്യകൾ, നികുതി വരുമാനങ്ങൾ, ജനകീയ സംഭാവനകൾ. അദ്ധ്വാനവും ബുദ്ധിയും കൂട്ടായ്മയുമാണ് വികസന പ്രക്രിയയുടെ അടിസ്ഥാന ശിലകൾ.

നമ്മുടെ ഗ്രാമപഞ്ചായത്തുകൾ ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരളവുവരെയെങ്കിലും പരിഹാരം കാണുവാൻ ഈ പുത്തൻ ആസൂത്രണ പ്രക്രിയയ്ക്കു കഴിയും. നമ്മുടെ നാട്ടിലെ മുഴുവൻ ജനങ്ങളുടേയും ബുദ്ധിശക്തിയും, കായികശേഷിയും സന്നദ്ധതയും ആസൂത്രിതമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ നാം ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പ് കുറ്റമററതും വേഗതയേറിയതും സംതൃപ്തിയുള്ളതും സുതാര്യവുമാക്കാൻ കഴിയും.

ഈ പദ്ധതിയുടെ കേളികൊട്ടു തുടങ്ങുന്നതിനു മുൻപുതന്നെ കഞ്ഞിക്കുഴി പഞ്ചായത്തിൽ കാർഷിക മേഖലയിൽ ഒരു മാതൃകയെന്നോണം പച്ചക്കറികൃഷി വ്യാപകമാക്കാൻ തീരുമാനിച്ച് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലാകെ 5949 കുടുംബങ്ങളുണ്ട്. മുഴുവൻ കുടുംബങ്ങളിലും പച്ചക്കറികൃഷി നടത്തുന്നതിനുള്ള പ്രേരണ നൽകുന്നതിനായുള്ള തീരുമാനവുമായാണ് പഞ്ചായത്തു കമ്മിററി ഈ പ്രവർത്തനം തുടങ്ങുന്നത്. 8-ഇനം പച്ചക്കറിവിത്തുകൾ അടങ്ങുന്ന പായ്ക്കററ് എല്ലാ വീടുകളിലും എത്തിക്കുന്നതിനായി കാർഷിക സർവ്വകലാശാലയിൽനിന്നും വിത്ത് വിലയ്ക്ക് വാങ്ങി. ഇതിലേയ്ക്കായി പഞ്ചായത്തിന്റെ സ്വന്തം ഫണ്ടിൽനിന്നും 60000 രൂപാ ചെലവഴിച്ചു. എല്ലാ വാർഡുകളിലും പഞ്ചായത്ത് മെമ്പർ കൺവീനറായുള്ള കമ്മിററിയും പഞ്ചായത്ത് കേന്ദ്രീകരിച്ച് കാർഷിക വികസന സമിതിയും സംഘടിപ്പിച്ചു. വാർഡുതലത്തിലുള്ള കമ്മിററികളെ വിവിധ സ്ക്വാഡുകളായി തിരിച്ച് പ്രവർത്തനങ്ങൾക്ക സംഘടനാരൂപം നല്കി. 26-6-96ൽ പഞ്ചായത്തിൽ പച്ചക്കറികൃഷി ദിനമായി തീരുമാനിച്ച് അന്നുതന്നെ വിത്തുപാകൽ പ്രക്രിയയും തുടങ്ങി. വളവും സൗജന്യമായി നൽകി. വീടുവീടാന്തരം നടന്നുള്ള സ്ക്വാഡുകളുടെ ശ്രദ്ധയും വിദഗ്ദ്ധ കർഷകരുടെ നിർദ്ദേശങ്ങളും ഈ കൃഷി നടത്തിപ്പിനു മാററുകൂട്ടി. ഓരോ വാർഡിലും ഏററവും നന്നായി കൃഷിചെയ്യുന്ന 5 കർഷകർക്കും, പഞ്ചായത്തടിസ്ഥാനത്തിൽ ഏററവും നല്ല 3 കർഷകർക്കും സമ്മാനങ്ങൾ ഏർപ്പെടുത്തി. ഈ പ്രവർത്തനങ്ങളിലാകെ കിട്ടിയ ജനകീയ പങ്കാളിത്തം ആരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. പച്ചക്കറി കൃഷിയിൽ നമുക്കു കിട്ടിയ ജനകീയ പങ്കാളിത്തം സംസ്ഥാനാടിസ്ഥാനത്തിൽ ശ്രദ്ധ പിടിച്ചു പററുകയും മാതൃകയായി അംഗീകരിക്കപ്പെടുകയും ചെയ്തു. തുടർന്നുവന്ന ജനകീയാസൂത്രണ പരിപാടിയുടെ സംഘടനാ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുവാൻ ഈ മുന്നറിവ് ഉപകാരപ്രദമായി.

പട്ടിക I

| വാർഡ് | കമ്മററി എണ്ണം | സ്ക്വാഡ് എണ്ണം | പ്രവത്തനരീതി |
|---|---|---|---|
| 1 | 30 | 10 | വീടുവീടാന്തരം ശ്രദ്ധയും നേതൃത്വവും |
| 2 | 25 | 12 | ,, |
| 3 | 30 | 10 | ,, |
| 4 | 31 | 10 | ,, |
| 5 | 20 | 7 | ,, |
| 6 | 30 | 6 | ,, |
| 7 | 25 | 7 | ,, |
| 8 | 31 | 7 | ,, |
| 9 | 31 | 7 | ,, |
| 10 | 25 | 5 | ,, |
| 11 | 30 | 7 | ,, |

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ കഞ്ഞിക്കുഴി പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ഒൻപതുപേരെ വിദഗ്ധ സമിതി അംഗങ്ങളായി തെരെഞ്ഞെടുത്തു് അവരുടെ പേരുകൾ പ്ളാനിംഗ് ബോർഡിനു് അയച്ചു കൊടുത്തു. 9 പേരെ ഡി. ആർ. പി. മാരായി തെരഞ്ഞെടുത്തു് പരിശീലനത്തിനയച്ചു. ഡി. ആർ. പി. മാരേയും ഡിപ്പാർട്ടുമെൻറൽ തലവന്മാരേയും റിട്ടയർഡ്ഡ് ഉദ്യോഗസ്ഥന്മാരേയും വിളിച്ചുചേർത്തു് പഞ്ചായത്തുതല ജനകീയാസൂത്രണ വിദഗ്ധ സമിതിയുണ്ടാക്കി. 20-9-96-ൽ പഞ്ചായത്തുതല എൽ. ആർ.പി. മാരുടെ ക്യാമ്പു് നടത്തി. ഇതിൽ 177 പേർ പങ്കെടുത്തു. 22-9-96-ൽ ഒററ ദിവസംകൊണ്ടു് പഞ്ചായത്തിന്റെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭ വിജയിപ്പിക്കുന്നതിനാവശ്യമായ സ്വാഗതസംഘം രൂപീകരിച്ചു. 74 മുതൽ 150 വരെ ഗ്രാമവാസികൾ ഈ യോഗങ്ങളിൽ പങ്കെടുത്തു.

## പട്ടിക II

| വാർഡു് | പങ്കാളിത്തം | | ആകെ | നടത്തിയ പ്രചരണ പ്രവത്തനങ്ങൾ |
|---|---|---|---|---|
| | ആൺ | പെൺ | | |
| 1 | 127 | 15 | 142 | നോട്ടീസ് വിതരണം, പോസ്റ്റർ പ്രചരണം, വിളംബര ജാഥ |
| 2 | 100 | 52 | 152 | പോസ്റ്റർ പ്രചരണം, നോട്ടീസ് വിതരണം, മെഗാഫോൺ അനൗൺസ്മെൻറ് |
| 3 | 85 | 15 | 100 | ഗ്രാമജ്യോതി, നോട്ടീസ് വിതരണം |
| 4 | 110 | 35 | 145 | ഗ്രാമജ്യോതി, പോസ്റ്റർ പ്രചരണം, നോട്ടീസ് വിതരണം, സ്ക്വാഡ് പ്രവർത്തനം |
| 5 | 68 | 25 | 93 | ,, |
| 6 | 50 | 30 | 80 | ,, |
| 7 | 54 | 20 | 74 | ,, |
| 8 | 80 | 25 | 105 | ,, |
| 9 | 130 | 20 | 150 | നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെൻറ് യോഗം പ്രത്യേകം കെട്ടിയുണ്ടാക്കിയ പന്തലിൽ |
| 10 | 55 | 28 | 83 | ,, |
| 11 | 65 | 25 | 90 | ഗ്രാമജ്യോതി, മൈക്ക് പ്രചരണം, സ്ക്വാഡ് പ്രവർത്തനം |
| ആകെ | 924 | 290 | 1214 | |

വിശേഷാൽ ഗ്രാമസഭകൾ 26-9-96 മുതൽആരംഭിച്ച് 2-10-96-ൽ അവസാനിച്ചു. 234 മുതൽ 606 വരെ ഗ്രാമവാസികൾ വിവിധ ഗ്രാമസഭായോഗങ്ങളിൽ പങ്കെടുത്തു. 1853 സ്ത്രീകളും 2844 പുരുഷന്മാരും ഉൾപ്പെടെ ആകെ 4967 പേർ പങ്കെടുത്തു. ഗ്രാമസഭകൾ വിജയിപ്പിക്കുന്ന പ്രവർത്തനത്തിൽ നേരത്തെ രൂപീകരിച്ചിരുന്ന വാർഡുതല കാർഷിക സമിതികൾ നിർണ്ണായകമായ പങ്കുവഹിച്ചു.

## പട്ടിക III

| വാർഡ് | തീയതി | സ്ത്രീ | പു | ആകെ | പങ്കെടുത്ത ഉദ്യോഗസ്ഥർ | SC/ST |
|---|---|---|---|---|---|---|
| 1 | 27-9-96 | 142 | 231 | 373 | 10 | 20 |
| 2 | 26-9-96 | 125 | 239 | 364 | 12 | 18 |
| 3 | 2-10-96 | 107 | 304 | 411 | 12 | 25 |
| 4 | 30-9-96 | 219 | 339 | 558 | 16 | 21 |
| 5 | 1-10-96 | 266 | 276 | 442 | 24 | 24 |
| 6 | 2-10-96 | 117 | 295 | 412 | 14 | 12 |
| 7 | 26-9-96 | 76 | 159 | 235 | 12 | 13 |
| 8 | 30-9-96 | 227 | 296 | 523 | 16 | 12 |
| 9 | 28-9-96 | 281 | 325 | 606 | 24 | 16 |
| 10 | 27-9-96 | 121 | 181 | 302 | 15 | 11 |
| 11 | 1-10-96 | 172 | 199 | 371 | 10 | 16 |

കഞ്ഞിക്കുഴി പഞ്ചായത്തിന്റെ ആരംഭചരിത്രം മുതൽ ജനങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ വിജയം കാണുവാൻ കഴിയും. ആ പാരമ്പര്യം നിലനിർത്തുവാൻ കഴിയുന്ന ലക്ഷ്യബോധവും കൂട്ടായ്മയും ഉള്ള നമുക്ക് ഈ പ്രസ്ഥാനത്തിന്റേയും പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയും.

ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടത്തിനായുള്ള ക്രമീകരണങ്ങൾക്കായി വിവിധ കമ്മിറ്റികൾ സംഘടിപ്പിച്ചു. 12 വിഷയങ്ങൾക്കായി 12 കോർ ഗ്രൂപ്പുകൾ, ചരിത്രം, ദ്വിതീയ വിവര ശേഖരണം, കയർ ഫാക്ടറി സർവ്വേ എന്നിങ്ങനെ പ്രത്യേകം കമ്മിറ്റി സംഘടിപ്പിച്ചാണ് പ്രവർത്തനങ്ങൾ നീക്കിയത്.

തുടർന്നുവരുന്ന മൂന്നാം ഘട്ട പ്രവർത്തനങ്ങൾ സത്യസന്ധതയോടെയും, ആത്മാർത്ഥതയോടെയും ഏറ്റെടുത്ത് സമ്പൂർണ്ണ വിജയത്തിലെത്തിക്കുവാൻ നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം.

## പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1 ലൂഥറൻ L. P. S.

2 SNVGLPS ചെറുവാരണം

3 ഗവ: LPS അയ്യപ്പഞ്ചേരി

4 ഗവ: DVHS ചാരമംഗലം

5 കഞ്ഞിക്കുഴി വില്ലേജ് ആഫീസ്

6 കൃഷിഭവൻ

7 പ്രൈമറി ഹെൽത്ത് സെൻറർ, തുരുത്തിപ്പിള്ളി

8 സബ് രജിസ്ട്രാർ ഓഫീസ്, പുത്തനമ്പലം

9 ലോഡ്കൃഷ്ണാ ബാങ്ക്, എസ്. എൽ. പുരം

10 ധനലക്ഷ്മി ബാങ്ക്, എസ്. എൽ. പുരം

11 കാനറാ ബാങ്ക്, ,,

12 സർവ്വീസ് സഹകരണബാങ്ക് എ-1558, കഞ്ഞിക്കുഴി

13 ചെറുവാരണം സർവ്വീസ് സഹകരണബാങ്ക് 1817

15 ഹോമിയോ ആശുപത്രി, കളത്തിവീടു്

16 പോസ്ററാഫീസ്, മായിത്തറ

17 മൃഗാശുപത്രി, കളത്തിവീടു്

18 ICDP സബ്സെൻറർ, വനസ്വർഗം

19 ICDS കഞ്ഞിക്കുഴി

20 കഞ്ഞിക്കുഴി കയർ മാററ്സ് & മാററിംഗ് സൊസൈററി എ-745 വെമ്പള്ളി

21 ഹരിജൻ സർവ്വീസ് സഹകരണസംഘം കളത്തിവീടു്

22 വനസ്വർഗം, കയർ സഹകരണസംഘം

# പഞ്ചായത്തിൻെറ പൊതുചിത്രം

| | |
|---|---|
| പേരു് : | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തു് |
| ഗ്രേഡ് : | I |
| വില്ലേജുകൾ : | തണ്ണീർമുക്കം വടക്കു്, കഞ്ഞിക്കുഴി |
| ബ്ലോക്ക് : | കഞ്ഞിക്കുഴി |
| ബ്ലോക്ക്ഡിവിഷൻ : | 2 |
| താലൂക്ക് : | ചേർത്തല |
| ജില്ല : | ആലപ്പുഴ |
| ജില്ലാപഞ്ചായത്തു് ഡിവിഷൻ: | 2 |
| അസംബ്ലിമണ്ഡലം : | മാരാരിക്കുളം |
| പാർലമെൻറ് മണ്ഡലം : | ആലപ്പുഴ |
| വിസ്തീർണ്ണം : | 16.62 സ്ക്വയർ കി. മീററർ |
| ജനസംഖ്യ – 26296<br>സ്ത്രീകൾ – 12762<br>പുരുഷന്മാർ– 12534 | അവലംബം 1991-ലെ സെൻസസ് |
| പഞ്ചായത്തു് ആഫീസ്: | കളത്തിവീടു് സ്വന്തം കെട്ടിടം |

വാർഡ്: 11 വനിത - 4 പട്ടികജാതി - 1


CHURCH
CANARA BANK
CHURCH
MARKET
P.O
PADMA LIBRARY
KASTHOORBA CENTRE
VANITHA COIR C.S.
SCB 1817
COIR C.S.
FWC
AIYAPPANCHERY LPS
AIYAPPANCHERY TEMPLE
POULTRY FARM
SHINY THEATRE
PHC THURUTHIPALLY
S.R.O.
SNV LPS
CHARAMANGALAM PUBLIC LIBRARY
DVHS
MILK CS
PUTHANAMBALAM
KOOTTUVELY TEMPLE
MARKET
KRISHI BHAVAN
KATTUKADA TEMPLE
ST ANNA'S CHURCH
WATER TANK
MARKET
MILK C.S.
VILLAGE OFFICE
SCST SCS
PANCHAYAT OFFICE
SMALL SCS
HOMEO HOSPITAL
P. H. Sub Centre
COIR MATS & MATTING C.S.
Vetenary Hospital
SC.B. 1558
LORD KRISHNA BANK
THIAYYIL TEMPLE
CHURCH
UDHARAN LPS
PAPPALI TEMPLE
D. BANK
VANITHA C.S.
ICDP
ICDS
MILK C.S.
THEATRE
MANGALAPURAM MARKET



2



# ചരിത്രം

''നിഴൽ മൂടിയ വഴിവക്കിൻ കാലത്തിൽ
കൊഴിയുന്ന തൂവലുകൾ തേടിത്തേടി ! ''



[illegible]

[illegible]

[illegible]

വേമ്പനാട്ടുകായലിന്റ് പടിഞ്ഞാറുഭാഗം ഇന്നു് കാണുന്ന കരപ്രദേശം പണ്ടു പുരാതിനകാലത്തു് കടൽവച്ച കരയാണെന്നു പറയപ്പെടുന്നു. ഈ ഗ്രാമത്തിലെ കൃഷിനിലങ്ങളുടെ കിടപ്പും, കുഴൽ കിണറുകൾ താഴ്ത്തുമ്പോൾ കിട്ടുന്ന അടിമണ്ണിൽനിന്നും കടൽകക്കയുടെ അവശിഷ്ടങ്ങൾ കാണുമ്പോഴും ആലപ്പുഴ ജില്ലയുടെ ഭൂപടത്തിൽ അമ്പലപ്പുഴ ചേർത്തല താലൂക്കുഭാഗം ഏതാണ്ടു് ഒരു ചിറപോലെ തോന്നുന്നതും ചേർത്തുനോക്കിയാൽ കടൽ വച്ചതന്ന കരയാണെന്ന നിഗമനത്തിലേ എത്താൻ കഴിയൂ.

ഈ ചൊരിമണൽ പ്രദേശങ്ങളിലെ ഒരു കൊച്ചു ഗ്രാമമാണു് ''കഞ്ഞിക്കുഴി'' ഇന്നലെകളുടെ ചരിത്രപേടകം തുറക്കുമ്പോൾ സംഭവിച്ചതിൽനിന്നും നാട്ടുചൊല്ലായിമാറിയ ഒരു പ്രദേശമാണു് കഞ്ഞിക്കുഴി. ഇന്നുകാണുന്ന എസ്. എൽ. പുരം ജംഗ്ഷനിൽ ദേശീയപാതയുടെ കിഴക്കുഭാഗത്തായി ഒരു വലിയ കുളവും അതിനോടുചേർന്നു് ഒരു ഗോസ്വാമി പുരയും സംഭാരപുരയും ഉണ്ടായിരുന്നു. ഇതു് സ്ഥാപിച്ചതു് പ്രദേശത്തെ ബ്രാഹ്മണ കുടുംബങ്ങളാണു് എന്നാണറിവു്. ഇവിടെ ചില വിശേഷ ദിവസങ്ങളിൽ ദരിദ്രർക്കായി കഞ്ഞിവിളമ്പുന്ന ഒരേർപ്പാടുണ്ടായിരുന്നതായി പറയുന്നു. കഞ്ഞികുടിക്കാൻ വന്നിരുന്നവരിൽ ബഹുഭൂരിപക്ഷവും ഈ പ്രദേശത്തുകാരും. അവരെല്ലാംതന്നെ കീഴ്ജാതിക്കാരുമായതിനാലും അവർക്കു് പാത്രത്തിൽ കഞ്ഞിവിളമ്പാത്ത ഒരു സാമൂഹ്യ സമ്പ്രദായം നിലനിന്നിരുന്ന കാലമായിരുന്നു അന്നു്. പകരം മണ്ണിൽ കുഴിയുണ്ടാക്കി കുഴിയിൽ താമരയിലവച്ചു് അതിലാണു് കഞ്ഞിപകന്നു് കൊടുക്കുന്നതു്. അങ്ങനെ കുഴിയിൽ കഞ്ഞികുടിക്കുന്ന പ്രദേശമായതിനാൽ 'കഞ്ഞിക്കുഴി' എന്നു് നാട്ടുകാർ പറഞ്ഞുതുടങ്ങിയതും പിൽ കാ ല ത്തു് കഞ്ഞിക്കുഴി ഗ്രാമമായി പരിണമിച്ചതും.

ഈ ഗ്രാമത്തിലെ ബഹുഭൂരിപക്ഷം ഭൂമിയും മാരാരിക്കുളം, കാവുങ്കൽ, ക്ലൂറവേലി, തണ്ണീർമുക്കം, ചാലിനാരായണപുരം, കൊച്ചനാകുളങ്ങര തുടങ്ങിയ ക്ഷേത്രങ്ങളുടേതായിരുന്നു, ഗ്രാമവാസികളിൽ നല്ലൊരുശതമാനംപേർ ക്ഷേത്രങ്ങളുടെ ഭൂമിയിലെ പാട്ടക്കുടിയാന്മാരായിരുന്നു. അപൂർവ്വം കുറച്ചുപേർക്കുമാത്രമേ സ്വന്തമായി ഭൂമിയുണ്ടായിരുന്നുള്ളു. ഭൂപരിഷ്ക്കരണ ബില്ലിന്റെ ഫലമായി ഒട്ടനവധിപേർ ഭൂസ്വത്തുക്കളുടെയവരായി മാറിയെന്നുമാത്രമല്ല സാമൂഹ്യജീവിതത്തിനാകെ ഒരു പുത്തനുണർവ്വ് ഉണ്ടായി. ഈ മാററം തങ്ങളുടെ സാമ്പത്തികവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ ചെലുത്തിയ സ്വാധീനം അളവററതാണെന്നും അംഗീകരിക്കുന്നു.

## സാമൂഹ്യ വ്യവസ്ഥയും മാററങ്ങളും

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തിവാണിരുന്ന നാടുവാഴിത്വകാലഘട്ടം. ഇതര പഞ്ചായത്തുകളെ അപേക്ഷിച്ചു് താരതമ്യേന ജന്മിത്വം കുറവായിരുന്നെങ്കിലും ആഢ്യത്വത്തിന്റേതായ വണ്ണമേധാവിത്വത്തിനു് യാതൊരു കുറവും ഇല്ലായി

രുന്നു. ജാതിയിൽ താഴ്ന്നവനായാൽ തന്റെ കുടി യാനല്ലെങ്കിൽ പോലും എല്ലാ അർത്ഥത്തിലും അവൻ അടിമയായിരിക്കണം എന്ന സമ്പ്രദായം നിലനിന്നിരുന്നു. ഈ രീതികൾ ഏററവും കൂടുതൽ നിലനിന്നിരുന്നതു് പഞ്ചായത്തിന്റെ വടക്കൻ ഭാഗങ്ങളിലാണ്. തെക്കുഭാഗത്തു് തുലോം വ്യത്യസ്ഥമായിരുന്നു സ്ഥിതിഗതികൾ. തെക്കൻ പ്രദേശത്തു് പാപ്പാളി എന്ന സ്ഥലത്തു് ഇപ്പോഴത്തെ ക്ഷേത്രം സ്ഥാപിക്കുന്നതിനു് മുൻപു് അവിടെ പുലയ സമുദായാംഗങ്ങൾ കൊയ്ത്തുത്സവം നടത്തുന്നതിനായി ചില ആചാരാദികൾ നടത്താറുണ്ടായിരുന്നു. ഈ ഉത്സവം നടത്തുന്ന സ്ഥലം കോലാട്ടുനായർ തറവാടിന്റേതായിരുന്നു. ഉത്സവത്തിനായി എണ്ണയും തിരിയും എത്തിക്കുന്നതു് തൊട്ടടുത്തുള്ള ഈഴവകുടുംബമായിരുന്ന പാപ്പാളിക്കാരായിരുന്നു. തുടക്കത്തിൽ സൂചിപ്പിച്ച ദുരാചാരങ്ങൾ നിലനിന്നിരുന്ന കാലത്തും സ്പർദ്ധയും തീണ്ടലും ഒന്നുംകൂടാതെ വളരെ സൗഹാർദ്ദമായി കഴിയുവാൻ ഇക്കൂട്ടർക്കു് കഴിഞ്ഞു എന്നതു് നമ്മെ അത്ഭുതപ്പെടുത്തുന്നു.

മാനവിക ജീവിതത്തിൽ ഓരോ ദിവസങ്ങളും ഓരോ ദുർദിനങ്ങളായി കടന്നുപോയി. അനുഭവങ്ങളിൽനിന്നും പുത്തനറിവുനേടിയ മനുഷ്യൻ സംഘടിച്ചു് ശക്തരാകുവാൻ തുടങ്ങി. SNDP, NSS തുടങ്ങിയ സംഘടനകൾ നിലവിൽ വന്നു. കുറേകാലം കൂടി മുന്നോട്ടുപോയപ്പോൾ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി തിരുവതാംകൂറിൽ സ്റ്റേററ് കോൺഗ്രസ്സ് രൂപീകൃതമായി. പുത്തനാവേശവും പേറി ജനങ്ങൾ ഈപ്രസ്ഥാനത്തോടു് കൂറുപുലർത്തി. കഞ്ഞിക്കുഴിയിലും ഇതിന്റെ ചില പ്രാദേശിക പ്രവർത്തനങ്ങൾക്കു് തുടക്കംകുറിച്ചുകൊണ്ടു് ടി.കെ. കരുണാകരൻ, വാസുദേവകത്താവു്, എം. കെ. കേശവൻ, തെക്കുപുറത്തുപത്മനാഭൻ എന്നിവർ രംഗത്തുവന്നു. ഇവക്കു് നേതൃത്വംകൊടുത്തതു് മുഹമ്മയിലെ ചിലമ്പിശ്ശേരി കുഞ്ഞുകൃഷ്ണൻ അലക്സാണ്ടർ ചേർത്തലയിലെ ദേവകീകൃഷ്ണൻ എന്നിവരായിരുന്നു.

കയർ–കാർഷിക മേഖലയിൽ പണിയെടുത്തിരുന്നവരായിരുന്നു തൊഴിലാളികളധികവും. കയർ ഫാക്ടറികളിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾക്കു് കൃത്യമായി വേതനം ലഭിക്കാത്ത കാലമായിരുന്നു. കൂലിക്കുപകരം വിവിധ ഉപഭോക്തൃ ഉല്പന്നങ്ങൾ വിൽക്കുന്ന കടകളിലേയ്ക്കു് ചീട്ടുകൊടുക്കുന്ന പതിവാണു് നിലനിന്നിരുന്നതു്. കച്ചവടക്കാരാകട്ടെ മുതലാളിമാരുടെ ആൾക്കാരുമായിരുന്നു. പകലന്തിയോളം പണിയെടുത്താലും തന്റെ കുടുംബത്തിന്റെ വിശപ്പടക്കുവാനാകാതെ ചോർന്നൊലിച്ച കൂരയിൽ അന്തിയുറങ്ങേണ്ട ഗതികേടിലായിരുന്നു തൊഴിലാളികൾ.

ഈ കാലയളവിലാണു് ലോകത്താദ്യമായി നടന്ന സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ സന്ദേശം നാടാകെ പ്രചരിക്കുവാൻ തുടങ്ങിയതു്. തൊഴിലാളി അവനെ തിരിച്ചറിയാൻ തുടങ്ങിയതുതന്നെ ഈ മഹത്തായ വിപ്ലവത്തിനുശേഷമായിരുന്നു. എങ്കിലും ഒരു സംഘടനാ നേതൃത്വം ഇല്ലാതെ തൊഴിലാളി വിഷമിക്കുന്ന കാലത്താണു് തിരുവിതാംകൂറിൽ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടു്. ലേബർ അസോസിയേഷൻ നിലവിൽവന്നു് ഇതിന്റെ പ്രവർത്തനം കഞ്ഞിക്കുഴി, മുഹമ്മ പ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചു. ക്രമേണ ട്രേഡ്യൂണിയൻ ആക്ട് നിലവിൽ വന്നപ്പോൾ കയർഫാക്ടറി തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടു് മുഹമ്മ കയർ ഫാക്ടറി തൊഴിലാളി യൂണിയൻ നിലവിൽവന്നു. യൂണിയന്റെ ആദ്യത്തെ പ്രസിഡൻറു് ശ്രീ. സി. കെ. കുമാരപ്പണിക്കരും സെക്രട്ടറി ശ്രീ. പി. കെ. നാരായണനും ആയിരുന്നു.

യൂണിയൻ നിലവിൽ വന്നതോടെ തങ്ങളുടെ രക്ഷകൻ യൂണിയനാണെന്ന ബോധം തൊഴിലാളികളിലുണ്ടായി. ട്രേഡ് വ്യത്യാസമില്ലാതെ സമൂഹത്തിലെ എല്ലാ വിഭാഗം തൊഴിലാളികളും തങ്ങളുടെ മുഴുവൻ ആവലാതികൾക്കും പരിഹാരം കാണുന്നതു് യൂണിയനിലൂടെ ആയി മാറി. യൂണിയൻ നടത്തിയ ദൈനംദിന പ്രവർത്തനം മുഹമ്മ, കഞ്ഞിക്കുഴി പ്രദേശങ്ങളിലെ തൊഴിലാളികളെയാകെ അതിന്റെ ചിറകിനു താഴെയാക്കി. കേവലം കൂലിക്കും വേലയ്ക്കുംവേണ്ടി മാത്രമായിട്ടല്ല; യൂണിയൻ പ്രവർത്തിച്ചതു്. കയർവ്യവസായത്തിന്റെ ഗുണപരമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള പഠനം നടത്തുകയും അതിനു് ആവശ്യമായ പ്രവർത്തനങ്ങൾക്കു രൂപംനല്കും കൂടി ചെയ്തിരുന്നു. മറെറാരു പ്രധാന വസ്തുത സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്ന തരത്തിലുള്ള ആർബിട്രേററി സ്വഭാവവും ഈ യൂണിയനുണ്ടായിരുന്നു. യൂണിയൻ തൊഴിലിനും തൊഴിലവകാശങ്ങൾക്കും വേണ്ടി നിലകൊണ്ടപ്പോൾതന്നെ നാടിന്റെ ശോഭനമായ ഭാവിയെക്കുറിച്ചും ചിന്തിച്ചു തുടങ്ങി. അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളിൽ ഒരു പുത്തൻ രാഷ്ട്രീയ സംസ്ക്കാരം വളർത്തിയെടുക്കുവാൻ യൂണിയനു് കഴിഞ്ഞു.

തൊഴിലാളികളുടെ സംഘംചേരലും സമരസ്വഭാവവും ഒന്നുംതന്നെ നാട്ടുപ്രമാണിമാരോ സർ സി. പി യോ അംഗീകരിക്കാൻ തയ്യാറായില്ല. എങ്കിലും പുഴ നിറഞ്ഞ റേഷൻ അരി വിതരണത്തിനെതിരായി നടത്തിയ തൊഴിലാളി പ്രകടനത്തിനു മുമ്പിൽ സർ സി. പി. ക്കു് മുട്ടു മടക്കാതിരിക്കാൻ

കഴിഞ്ഞില്ല. പക്ഷെ, ദിവാന്റെ പിടിവാശിക്കും ശൗര്യത്തിനും ഒട്ടും കുറവു വന്നില്ല. തൊഴിലാളികൾക്കെതിരായ എല്ലാത്തരം മർദ്ദനമുറകളും നാട്ടുപ്രമാണിമാരേയും പട്ടാളത്തെയും ഉപയോഗിച്ചു നടത്തിക്കൊണ്ടിരുന്നു. കൊടിയ മർദ്ദനങ്ങളെ അതിജീവിച്ചുകൊണ്ടാണെങ്കിലും തൊഴിലാളികളും തൊഴിലാളി പ്രസ്ഥാനങ്ങളും കൂടുതൽ കരുത്താർജ്ജിച്ചു.

മലബാറിലും മററും നടന്ന വിവിധ സമരങ്ങളെത്തുടന്ന് ഒളിവിലായ ശ്രീമാന്മാർ എ. കെ. ജി., പി. കൃഷ്ണപിള്ള എന്നിവർ ഒളിവു താവളങ്ങളായി തെരഞ്ഞെടുത്തതു് കഞ്ഞിക്കുഴി, മുഹമ്മപ്രദേശങ്ങളായിരുന്നു. എ. കെ. ജി. മുഹമ്മയിലും, പി. കൃഷ്ണപിള്ള കഞ്ഞിക്കുഴിയിലെ കണർകാട്ടുള്ള ചെല്ലിക്കണ്ടത്തിൽ ശ്രീ. പി. കെ. നാണപ്പന്റെ വീട്ടിലുമായിരുന്ന ഒളിവിൽ കഴിഞ്ഞതു്. ഈ നേതാക്കളുടെ വരവോടെ തൊഴിലാളികൾ കൂടുതൽ ഊജ്ജസ്വലരായി. ഇവിടെ കൃഷ്ണപിള്ള ഒളിവിലിരുന്നുകൊണ്ടുതന്നെ തൊഴിലാളികളെ രാഷ്ട്രീയബോധമുള്ളവരാക്കുന്നതനുള്ള പ്രവർത്തനവും നടത്തിയിരുന്നു. അദ്ദേഹത്തിന്റെ സാമീപ്യംപോലും ഓരോ തൊഴിലാളിക്കും ആവേശമായിരുന്നു. ഇങ്ങനെ തൊഴിലാളിവർഗ്ഗ പ്രവർത്തനവും പഠനവും നടത്തിക്കൊണ്ടിരിക്കുന്നതിനിടയിലാണ് നിർഭാഗ്യവശാൽ അദ്ദേഹംസർപ്പദംശനം ഏററ് മരിക്കാനിടയായതു്.

അമേരിക്കൻമോഡൽ അറബിക്കടലിൽ, പ്രായപൂർത്തി വോട്ടവകാശം അനുവദിക്കുക, സ്വതന്ത്രതിരുവിതാംകൂർനയം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി തൊഴിലാളികൾ നടത്തിയ പ്രക്ഷോഭത്തെ തുടർന്നു് തൊഴിലാളി പ്രതിനിധികളും സർ സി. പി. യും തമ്മിൽ നടത്തിയ ചർച്ച തെററിപ്പിരിഞ്ഞതിന്റെ ഫലമായി പൊതുപണിമുടക്കു സമരത്തിലേയ്ക്കു തൊഴിലാളികൾ നീങ്ങി. തൊഴിലാളികളെ നേരിടുന്നതിനായി നാടിന്റെ വിവിധ പ്രദേശങ്ങളിൽ പട്ടാളം ക്യാമ്പുകൾ തുറന്നു. തൊഴിലാളികളും രഹസ്യ ക്യാമ്പുകളിൽ സംഘടിച്ചു പട്ടാളത്തിന്റെ നീക്കങ്ങൾ മനസ്സിലാക്കിക്കൊണ്ടിരുന്നു. പുന്നപ്ര വെടിവെയ്പിനു ശേഷം പട്ടാളം വയലാർ ക്യാമ്പിലേയ്ക്കു നീങ്ങുന്നവിവരം തൊഴിലാളി ക്യാമ്പുകളിൽ എത്തി പട്ടാളത്തെ അങ്ങോട്ടു കടത്തി വിടാതിരിക്കാൻ മാരാരിക്കുളം പാലം പൊളിക്കുകയല്ലാതെ മററു് പോംവഴിയില്ലായിരുന്നു. ഇതിനു തയ്യാറായ തൊഴിലാളികൾ വാരിക്കുന്തങ്ങളുമായി പട്ടാളത്തെ നേരിട്ടു് നേർക്കുനേർ പൊരുതി. ഐതിഹാസികമായ ഈ പോരാട്ടത്തിൽ കഞ്ഞിക്കുഴി പഞ്ചായത്തിലെ പാടത്തു് രാമൻകുട്ടി, ആശാരി കുമാരൻ, തോട്ടത്തുവെളി കുമാരൻ, പോട്ടച്ചാൽ ഭാനു, മുഹമ്മ ശങ്കരൻ എന്നിവർ രക്തസാക്ഷികളായി. ശങ്കരൻ ഒഴികെ മററു് നാലുപേരും കഞ്ഞിക്കുഴിക്കാരായിരുന്നു. തുടർന്നു് ഭാരതം സ്വതന്ത്രമായതോടുകൂടി തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ചേർന്നു. അതിനു മുമ്പുവരെ സ്വതന്ത്രതിരുവിതാംകൂർ എന്ന സമീപനവുമായാണു് സി. പി. മുന്നോട്ടു നീങ്ങിയതു്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി രാജ്യത്തു നടന്നിട്ടുള്ള എണ്ണമററ പോരാട്ടങ്ങളിൽ ഉജ്ജ്വലമായൊരദ്ധ്യായമായ ഈ സമരത്തിൽ കഞ്ഞിക്കുഴിക്കും നിർണ്ണായകമായ പങ്കു വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്.

## പഞ്ചായത്തു ഭരണം

1953 ലാണു് കഞ്ഞിക്കുഴി പഞ്ചായത്തു് ആദ്യമായി നിലവിൽ വരുന്നതു്. ശ്രീമാൻമാർ പി. കെ. മാധവൻ പ്രസിഡൻറായും, വൈ: പ്രസിഡൻറായി പി. ഐ. പത്മനാഭനും മെമ്പറന്മാരായി വി. എൻ. ദാനവൻ, പി. കെ. അപ്പുക്കുഞ്ഞു് പി. എ. ഗോപാലൻ, എൻ. കെ. കേശവൻ, വി. ഡി. വാസുദേവ കർത്താ എന്നിവരും ചേന്ന പഞ്ചായത്തു കമ്മററിയാണു് നിലവിൽ വന്നതു്.

ഈ പഞ്ചായത്തിന്റെ കൂട്ടായ്മയുടേയും ജനക്ഷേമ തല്പരതയുടേയും ഫലമായാണു് മുഹമ്മ പി. എച്ച്. സെൻറർ സ്ഥാപിക്കുന്നതു്. നാട്ടുകാരിൽ നിന്നും സംഭാവനയായി കിട്ടിയ സ്ഥലത്തു് ജനങ്ങളുടെ അദ്ധ്വാനംകൂടി മൂലധനമാക്കിയാണു് ഈ ആരോഗ്യകേന്ദ്രം ആരംഭിച്ചതു്. കായലിനക്കരെയുള്ള കുമരകത്തുനിന്നുപോലും ഈ കേന്ദ്രത്തിൽ ചികിത്സതേടി ജനങ്ങൾ എത്താറുണ്ടായിരുന്നു. കഞ്ഞിക്കുഴി പഞ്ചായത്തു സമിതി നിലവിൽ വന്നതിനു ശേഷമുള്ള ആദ്യത്തെ സ്കൂൾ സ്ഥാപിക്കുന്നതു് എസ്സ്. എൻ. വി ഭജനമഠത്തോടുചേർന്നു് അതിന്റെ ഭാരവാഹികളായിരുന്നു. ഇതു് മാനേജ്മെൻറു് സ്കൂളാണു്.

ആരംഭകാലം മുതൽതന്നെ കൃഷിയുടെ കാര്യത്തിൽ പഞ്ചായത്തുസമിതി ജാഗരൂകരായിരുന്നു എന്നാണു് രേഖകളിൽനിന്നും മനസ്സിലാകുന്നതു്. 1954-ൽ കഞ്ഞിക്കുഴി പഞ്ചായത്തിലെ കർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്തിനു സ്വന്തമായി ഒരു ട്രാക്ടർ വാങ്ങുന്നതിനു തീരുമാനമെടുത്തിരുന്നു. സർക്കാരിലേയ്ക്കപേക്ഷിച്ചെങ്കിലും അതു ലഭിച്ചില്ല. ഗതാഗത സൗകര്യാത്ഥം കണിച്ചുകുളങ്ങര – ആര്യക്കവെല, വനസ്വർഗ്ഗം – പോററിക്കവെല റോഡുകളാണു് ആദ്യമായി പഞ്ചായത്തിൽ നിർമ്മിക്കുന്നതു്. പൊതു മാർക്കററിലെ അമിതവിലക്കയററത്തിനെതിരെ അന്വേഷണം നടത്തുവാനും

നിയന്ത്രിക്കവാനം പരിശ്രമിക്കുന്നതോടൊപ്പം 1958 ൽ ഓണം പ്രമാണിച്ച് ആഗസ്ററുമാസത്തെ ശമ്പളം ആ മാസം 17-ാം തീയതി ജീവനക്കാർക്ക കൊടുക്കുന്നതിനുള്ള പുരോഗമനപരമായ തീരുമാനവും എടുത്തിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ ക്ലാർക്കായി നിയമനം ലഭിക്കുന്നതു് ഇൻറർമീഡിയററ് പാസ്സായ എം. എൻ. കരുണാകരക്കുറുപ്പായിരുന്നു. വളരെ ചുരുങ്ങിയ കാലം അദ്ദേഹം ജോലിനോക്കിയ ശേഷം കലാ_സാഹിത്യ രാഷ്ട്രീയ രംഗങ്ങളിലേയ്ക്കു പോയി. തുടർന്നു കലാ – സാഹിത്യാദി മേഖലകളിലും ദേശാഭിമാനി വാരിക പത്രാധിപർ, സംഗീത നാടക അക്കാദമി സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ച് ഇപ്പോൾ പുരോഗമന സാഹിത്യ സംഘത്തിൻെറ സംസ്ഥാന കമ്മിററിയിലും ലളിതകലാ അക്കാദമിയിലും പ്രവർത്തിക്കുന്ന ഈ ആളാണ് ഇന്നത്തെ എം. എൻ. കുറുപ്പ്.

1964 ആയപ്പോഴേയ്ക്കും പഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയം നടത്തി. കഞ്ഞിക്കുഴിയുടെ ഭാഗമായിരുന്ന മുഹമ്മ പി. എച്ച്. സെൻറർ, എസ്. എൻ. വി. എൽ. പി. എസ്. എന്നീ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശം മുഹമ്മ പഞ്ചായത്തിനോടും, തണ്ണീർമുക്കം പഞ്ചായത്തിൻെറ ഭാഗമായിരുന്ന ചെറുവാരണം കരകഞ്ഞിക്കുഴി പഞ്ചായത്തിനോടും ചേർത്തു. ഈ വർഷംതന്നെ നിലവിൽവന്ന കക്ഷിരഹിത പഞ്ചായത്തിൽ ശ്രീമാൻമാർ പി. കെ. മാധവൻ പ്രസിഡൻറും വൈസ് പ്രസിഡൻറായി എം. ഡി. ഗോപിദാസും മെമ്പറന്മാരായി കെ. കെ. കുമാരൻ, വി. കെ. ശ്രീധരൻ, വി. ഡി. വാസുദേവകർത്താ, കെ. കെ. പുരുഷോത്തമൻ, പി. ആർ. തങ്കപ്പൻ, സി. കെ. കുഞ്ഞുപണിക്കൻ എന്നിവർ ചേർന്ന സമിതി നിലവിൽവന്നു. വനിതാംഗമായി ശ്രീമതി T. V. കുഞ്ഞമ്മയെ നോമിനേററു ചെയ്തു.

കഞ്ഞിക്കുഴി പഞ്ചായത്തു് ആരംഭം മുതൽ ഓഫീസായി പ്രവർത്തിച്ചിരുന്നതു് വനസ്വർഗ്ഗം കവലയ്ക്കുസമീപം വടക്കേടത്തു ശ്രീമതി ലക്ഷ്മിയമ്മ ഭാനുമതിയമ്മ വക കെട്ടിടത്തിൽ 10 രൂപാ വാടകയ്ക്കായിരുന്നു. 1962-ൽ വടക്കേടത്തു ശ്രീ. നാരായണ കർത്താവു് 50 സെൻറു് സ്ഥലം പഞ്ചായത്തിനു സ്വന്തമായികെട്ടിടം നിർമ്മിക്കാൻ കളത്തിവീടു് എന്ന പ്രദേശത്തു് സംഭാവനയായി നൽകി.

വിദ്യാഭ്യാസത്തിനും അനൗപചാരിക വിദ്യാഭ്യാസത്തിനും തുടക്കംതൊട്ടുതന്നെ പഞ്ചായത്തു സമിതി മുന്തിയ പരിഗണന നൽകിയിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാലയായ സന്മാർഗ്ഗസന്ദായിനി വായനശാലയ്ക്കു് 25/- രൂപാ ഗ്രാൻറു് ആദ്യമായി നൽകി. അതുപോലെ വിദ്യാലയങ്ങളുടെ അററകുററപ്പണികൾക്കും കാര്യമായ സഹായങ്ങൾ ചെയ്തുപോന്നു. പഞ്ചായത്തിലെ ആദ്യത്തെ മാർക്കററു് മായിത്തറ ശ്രീ. എം. കെ. കേശവൻ സ്ഥാപിച്ച സ്വകാര്യ മാർക്കററായിരുന്നു. തുടർന്നു പൊതു മാർക്കററു് സ്ഥാപിക്കുന്നതിനായി പട്ടാറ കുടുംബക്കാർ കളത്തിവീട്ടിൽ 50 സെൻറു് സ്ഥലം സൗജന്യമായി നൽകി. അവിടെ പഞ്ചായത്തുവക മാർക്കററും ഷോപ്പിംഗ് കോംപ്ലക്സും പണിതു. ഈ ഭരണ കാലയളവിൽത്തന്നെയാണ് പഞ്ചായത്താഫീസു് കെട്ടിടവും പണി കഴിപ്പിച്ചതു്.

1979-ൽ നടന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിൽ ശ്രീ. ടി. കെ. പളനി പ്രസിഡൻറു്, വൈസ് പ്രസിഡൻറ് പി. കെ. വിശ്വംഭരൻ, മെമ്പറന്മാരായി പി. ആർ. തങ്കപ്പൻ, ററി. ററി. തങ്കപ്പൻ, നാരായണനുണ്ണി, വി. കെ. ശ്രീധരൻ, പി. പി. സ്വാതന്ത്ര്യം, ശ്രീമതി ലളിതാബെൻ, വി. സോമൻ എന്നിവർ ചേർന്ന സമിതി നിലവിൽ വന്നു. മുൻ ഭരണസമിതി കാഴ്ചവച്ച നല്ല പ്രവർത്തനങ്ങൾ പിൻതുടരുന്നതോടൊപ്പം കുറേക്കൂടി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഈ ഭരണസമിതിക്കു് കഴിഞ്ഞു. പഞ്ചായത്തിൽ അന്നു് നിലവിലുണ്ടായിരുന്നതു് 4 എൽ. പി. സ്കൂളുകളായിരുന്നു. DVLPS ഈ കാലത്താണ് ഹൈസ്കൂളായി ഉയർത്തിയതു്. ഈ പ്രവർത്തനങ്ങൾ വളരെ ക്ലേശപൂർണ്ണമായിരുന്നു. എൽ. പി. സ്കൂൾ ആദ്യം യു. പി. സ്കൂൾ ആയി ഉയർത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ അന്നത്തെ സർക്കാരിൽനിന്നും ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾക്കു് ഹൈസ്കൂൾ അനുവദിക്കും എന്ന ഒരു ഉത്തരവുണ്ടായി. ഒരേ വർഷംതന്നെ യു. പി. ആയും എച്ച്. എസ്. ആയും ഉയർത്തുക പ്രയാസമേറിയതുതന്നെയായിരുന്നു. കുട്ടികളുടെ അഭാവം സ്വാഭാവികമായും ഒരു പ്രശ്നംതന്നെയാണല്ലോ. എന്നാൽ പഞ്ചായത്തു് സമിതിയും, പ്രത്യേകിച്ച് പ്രസിഡൻറും പിന്നോട്ടു പോയില്ല. ധൈര്യപൂർവ്വം ഈ ജോലി ഏറെറടുത്തു് വളരെ ക്ലേശം സഹിച്ചാണെങ്കിലും പൂർത്തിയാക്കി. ഇന്നു് ഈ സ്കൂൾ നമ്മുടെ അഭിമാനമാണ്. ഈ ഭരണകാലയളവിൽതന്നെ പഞ്ചായത്തു് ലൈബ്രറി, കൃഷിഭവൻ എന്നിവ സ്ഥാപിക്കപ്പെട്ടു

1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമാന്മാർ പി. പി. സ്വാതന്ത്ര്യം പ്രസിഡൻറ്, വൈ: പ്രസിഡൻറ് പി.കെ. ഭാസുര, മെമ്പറന്മാരായി പി.എം. സുരേന്ദ്രൻ, ആർ. ദാമോദരൻ, പി. ആർ. തങ്കപ്പൻ ശിവദാസ് പുഴാരത്തു്, വിജയൻ, എം. കെ. വിശ്വനാഥൻ, സുജനമ്മ, നാരായണമേനോൻ, എന്നിവർ ചേർന്ന സമിതി നിലവിൽവന്നു.

ഈ സമിതിയും വളരെ ശ്രദ്ധേയങ്ങളായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചതു്. പഞ്ചായത്തിലെ സാംസ്കാരിക നിലയം. തുരുത്തിപ്പള്ളിയിൽ സ്ഥാപിച്ച പ്രാഥമികാരോഗ്യകേന്ദ്രം, പുത്തനമ്പലം കേന്ദ്രമായി സബ്ബ്രജിസ്ട്രാർ ഓഫീസ് തുടങ്ങിയ പൊതുസ്ഥാപനങ്ങൾ ഈ കാലയളവിലാണ് സ്ഥാപിക്കപ്പെട്ടതു്. സാക്ഷരതാ പ്രവർത്തനത്തിൽ ആലപ്പുഴ ജില്ലയിൽ ഏററവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാൻ കഴിഞ്ഞു. 88 മുതൽ നടത്തിയ യുവജനമേളയിൽ അഞ്ചുവർഷം തുടർച്ചയായി ബ്ലോക്ക് തലത്തിൽ 1-ാം സ്ഥാനം കരസ്ഥമാക്കിയെന്നു് മാത്രമല്ല കഞ്ഞിക്കുഴിയിലെ കായികതാരങ്ങൾ ജില്ലാതലത്തിൽ അനവധിസമ്മാനങ്ങൾക്കു് അർഹരായി.

1995-ൽ നിലവിൽവന്ന ഭരണസമിതിയിൽ ശ്രീമാന്മാർ പി. പി. സ്വാതന്ത്ര്യം പ്രസിഡൻറ്, വൈ: പ്രസിഡൻറ് പി. അനിൽകുമാർ, സ്ററാൻറിംഗ് കമ്മിററി ചെയർമാൻ കെ. ജീ. രാജപ്പൻ, കുമാരി വി. ജെ. രേണുക, ആർ. ഷാജീവ്, വി. ഉത്തമൻ, കുമാരി കെ.എം. ഷൈലജ, കെ.എം. ശശിധരൻ, എൻ. ശിവരാമൻ നായർ, ശ്രീമതി ഇന്ദിരാകുമാരി, ശ്രീമതി രജനി രവിപാലൻ എന്നിവരാണ് മററ് വാർഡ്മെമ്പറന്മാർ.

ഈ സമിതിയുടെ ഏററവും ശ്രദ്ധേയമായതും സംസ്ഥാന തലത്തിൽ മാതൃകയാക്കുവാനും കഴിഞ്ഞ ജനകീയ പച്ചക്കറി കൃഷി ഏററവും പുതുമയാർന്ന പരിപാടിയാണ്. ഉൾനാടൻ മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ജനകീയ മത്സ്യകൃഷിയുടെ പ്രവർത്തനവും നടന്നുവരുന്നു. പ്രത്യുല്പാദനപരമായ മേഖലകളിൽ നിലവിലുള്ള പഞ്ചായത്തു സമിതി ശ്രദ്ധിക്കുന്നുണ്ടു് എന്നതു് ആശാവഹംതന്നെ

കേരളത്തിൻെറ കാർഷിക ഭൂപടത്തിൽ ഇതിനകംതന്നെ നാം സ്ഥാനംപിടിച്ചുകഴിഞ്ഞു. ഭൂതകാലത്തിൻെറ നാളുകൾ പരിശോധിച്ചാൽ വിസ്മരിക്കാനാവാത്ത അനുഭവങ്ങൾ നമ്മെ പുതിയപാഠം പഠിപ്പിക്കുന്നു. നന്മയെ ഉത്തരോത്തരം പുഷ്ടിപ്പെടുത്താനും തിന്മയെ നിരസിക്കാനും ഉറച്ച മനസോടെ ബോധപൂർവ്വം പരിശ്രമിക്കാം. ഇന്നത്തെ പ്രതിസന്ധിയെ മുറിച്ചുകടക്കാൻ നമുക്കുകിട്ടിയ അറിവുകൾ പരമാവധി പ്രയോജനകരമാക്കുവാൻ കൂട്ടായി യത്നിക്കാം.

‘‘ഇന്നലെയെന്തെന്നു് നന്നായറിയുക
മുമ്പേ നടന്നൊരാ പഥികരെയോർക്കുക’’

3



# ഭൂപ്രകൃതിയും വിഭവങ്ങളും




മൺതരം
പശിമരാശി മണ്ണ്
സിലിക്കാമണൽ



റോഡുകൾ പൊതുകുളങ്ങൾ പൊതുതോടുകൾ
പഞ്ചായത്തിന്റെ ബൗണ്ടറി
വാർഡിന്റെ അതിരുകൾ
നാഷണൽ ഹൈവെ.
ടാർ ചെയ്ത റോഡുകൾ
ഗ്രാവൽ ചെയ്ത റോഡുകൾ
ആലപ്പുഴ ചേർത്തല തോട്
തോടുകൾ

അറബിക്കടലിനും വേമ്പനാട്ടു കായലിനും ഇടയിൽ തീരസമതലത്തിൽപ്പെടുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ട ഗ്രാമമാണ് കഞ്ഞിക്കുഴി പഞ്ചായത്ത്. മണലാരണ്യ പ്രദേശമായ ഈ പഞ്ചായത്തിലുടനീളം തെക്കുവടക്കായി നെടുനീളത്തിൽ ഇടകലർന്ന് തുടർച്ചയായി നിലം, ഭൂരിഭാഗവും പുരയിടം എന്ന ക്രമത്തിൽ കാണുന്ന ഭൂപ്രദേശം മണൽ മണ്ണു സമതലങ്ങളാണ്. പഞ്ചായത്തിന്റെ 9, 10 വാർഡുകളിൽ 50 ഏക്കറോളം സ്ഥലം ചതുപ്പു പ്രദേശമാണ്, തണ്ണീർമുക്കം ഷട്ടർ തുറക്കുന്ന അവസരത്തിൽ ഈ പ്രദേശത്ത് ഓരു വെള്ളം കയറുന്ന സ്ഥിതിയുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ഒന്നും മൂന്നും വർഡിൽകൂടി കടന്നു പോകുന്ന ആലപ്പുഴ - ചേർത്തലതോട് ജലസ്രോതസ്സായി ഉപയോഗപ്പെടുത്താവുന്നതാണ്. ഒന്നാം വാർഡിൽ പൊന്നിട്ടുശ്ശേരി പാടശേഖരത്തിലെ നീരൊഴുക്കു പടിഞ്ഞാറോട്ടാണ്. എന്നാൽ മൂന്നാം വാർഡിലെ കുണ്ടേലാററ് പാടശേഖരത്തിലെ നീരൊഴുക്ക് കിഴക്കോട്ടുമാണ്. കായലിനും കടലിനും ഇടയിൽ സ്ഥിതിചെയ്യുന്ന പ്രദേശമായതിനാൽ ജലവിതാനത്തിലേയ്ക്കുള്ള ശരാശരി ആഴം മഴക്കാലത്ത് ഒരു മീററും വേനൽക്കാലത്ത് 3മീററർ മുതൽ 4 മീററർവരെയുമാണ്. 10 മീററർ ആഴത്തിൽ ഭൂഗർഭജലം ലഭ്യമാണ്. 120 മീററർ ആഴത്തിൽ ഭൂഗർഭജലം കുടിവെള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## കാലാവസ്ഥ

ആലപ്പുഴജില്ലയിലെ പൊതു അവസ്ഥയിൽ നിന്നും കാര്യമായ കാലാവസ്ഥാ വ്യത്യാസങ്ങൾ ഒന്നുംതന്നെ ഈ പ്രദേശത്തില്ല. സംസ്ഥാന ശരാശരിയേക്കാൾ കുറവു മഴ മാത്രമേ ലഭിക്കുന്നുള്ളു എന്നു കാണാം. കഴിഞ്ഞ 4 വർഷം പെയ്ത മഴയുടെ പട്ടിക താഴെ ചേർക്കുന്നു. മഴ അധികം ലഭിക്കുന്നത് ജൂൺ - ജൂലൈ - ആഗസ്ററ് മാസങ്ങളിലാണെന്നു കാണാം. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഒന്നോ രണ്ടോ ഇടമഴ ലഭിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ രണ്ടിൽ കൂടുതൽ ഇടമഴകൾ ലഭിക്കുന്നതായി കാണാം. നവംബർ പകുതി മുതൽ ജനുവരി പകുതിവരെ മഞ്ഞുകാലവും ജനുവരി പകുതി മുതൽ മേയ്‌വരെ കഠിനമായ വേനൽക്കാലവുമാണ്. മണ്ണിൽ സിലിക്കായുടെ അംശം കൂടുതലായതിനാൽ ചൂടു കൂടുതലാണ്.

പട്ടിക I

Rain fall details of Kanjikuzhi Panchayat

| മാസം | 1993 | 1994 | 1995 | 1996 |
|---|---|---|---|---|
| ജനുവരി | — | 161.8 മി. മീ. | — | 0.6 മി. മീ. |
| ഫെബ്രുവരി | — | 99.5 മി. മീ. | — | 4 മി. മീ. |
| മാർച്ച് | — | 7.8 ,, | 91.2 മി. മീ. | 39 ,, |
| ഏപ്രിൽ | 15.3 മി. മീ. | 39.5 ,, | 28.2 മി. മീ. | 73 2 മി മീ. |
| മേയ് | 89.73 ,, | 111.73 ,, | 362.3 ,, | 359 ,, |
| ജൂൺ | 564.91 ,, | 623 ,, | 473 ,, | 582 ,, |
| ജൂലൈ | 601. 4 ,. | 590 ,, | 555 ,, | 252 ,, |
| ആഗസ്ററ് | 104. 1 ,, | 497.5 ,. | 280.6 ,, | 144.22 |
| സെപ്തംബർ | 104.04 ,, | 170 ,, | 106.85 ,, | 227.34 |
| ഒക്ടോബർ | 101.6 ,, | 329.9 ,, | 230.9 ,, | 104.8 |
| നവംബർ | 109.6 ,, | 123.6 ., | 77.2 ,, | — |
| ഡിസംബർ | 4. ,, | 1.8 ,, | — | — |

അവലംബം: ദ്വിതീയ വിവര ശേഖരണം

## പാരിസ്ഥിതിക പ്രശ്നങ്ങൾ

കാഷികാ ആവശ്യങ്ങൾക്കായുള്ള ജലനിർഗമനത്തിനായി പഞ്ചായത്തിലാകെ 24 പൊതുതോടുകൾ 4 മീററർ വീതിയിൽ ഉണ്ടായിരുന്നു. ഇന്നാകട്ടെ അതു് എണ്ണത്തിൽ പത്തായും ഉള്ളവയുടെ വീതി 3 മീറററായും ചുരുങ്ങി. ഇതുമൂലം വെള്ളം അമിതമായി കെട്ടിനില്ക്കാനും കൃഷിനാശത്തിനും കാരണമായി ആദ്യകാലത്തു് 809.71 ഹെക്ടർ കൃഷിനിലങ്ങളുണ്ടായിരുന്നെങ്കിൽ ഇന്നു് 422.83 ഹെക്ടറായി ചുരുങ്ങി. വ്യാപകമായി നെൽവയലുകൾ നികത്തപ്പെടുന്നു എന്നു് കാണാം. വയൽ നികത്തലും ജലനിർഗ്ഗമന തോടുകൾ അടഞ്ഞുപോകാൻ കാരണമായിത്തീർന്നിട്ടുണ്ടു്. ഇതിനുംപുറമെ വ്യാപകമായ തോതിൽ മണൽ കുഴിച്ചുകൊണ്ടുപോകുന്നതും സാധാരണമായിരുന്നു. സ്ഥലത്തിനേക്കാൾ വില കുഴിച്ചെടുക്കുന്ന മണ്ണിനുകിട്ടും എന്നതാണു് ഇതിന്റെ പ്രേരകശക്തി. ഭൂമിയെ ദുരുപയോഗം ചെയ്യുന്ന ഇത്തരം പ്രവണതയെ പഞ്ചായത്തുകമ്മിററി തടഞ്ഞിരിക്കുകയാണു്.

## മണ്ണ്

പൊതുവേ മണൽ മണ്ണാണ് കാണപ്പെടുന്നതു്. ചതുപ്പുപ്രദേശത്തു് അലൂവിയം ആണ് കാണപ്പെടുന്നതു്. പൊതുവായി കാണുന്ന മണ്ണിന്റെ ഘടന താഴെ കൊടുക്കുന്നു.

| | |
|---|---|
| മേൽമണ്ണ്: | 0 — 3.5 മീററർ |
| കലശിമണ്ണ്: (High Iron Content) | 3.50 — 6.5 മീററർ |
| വെള്ളമുതൽ ചെറിയ പച്ചനിറത്തോടുകൂടിയ മണ്ണ്: | 6.5 — 10.0 മീററർ |
| ചെളികലർന്ന മണ്ണ് | 10 — 11.5 മീററർ |
| ചെളി: ,, | 11.5 — 13.0 മീററർ |

മേൽമണ്ണ് ഫലഭൂയിഷ്ടക്കുറവുള്ളതാണ്. പൊതുവേ അമ്ലാംശം കൂടുതലാണ്. ജൈവ കാർബണിന്റെ അളവുകുറവാണ് ഭാവഹം കൂടിയഅളവിൽ അടങ്ങിയിരിക്കുന്നു. ക്ഷാരത്തിന്റെ അളവ് മാദ്ധ്യമമാണ്. പഞ്ചായത്തിലെ പൊതുവായ മേൽമണ്ണിന്റെ പരിശോധനാ റിപ്പോർട്ടു് (സാമ്പിൾ സർവ്വേ) താഴെ കൊടുക്കുന്നു.

| | |
|---|---|
| P. H. | 6 — അമ്ലാംശം |
| ലയിച്ചു ചേർന്ന ലവണങ്ങൾ | 0 — ഇല്ല |
| ജൈവ കാർബണിന്റെ അളവ് | — 0.22% |
| ഭാവഹം | — 36കൂടുതൽ |
| ക്ഷാരം | — മാദ്ധ്യമം |

### ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 16 . 62 ച: കി: മീററാണ്. പ്രധാന കൃഷിയായി തെങ്ങ്, നെല്ല്, കശുമാവ് ഇടവിളയായി വാഴ, കപ്പ, പച്ചക്കറി, കുരുമുളക്, പൂകൃഷി, വെററില എന്നിവയാണ്.

പട്ടിക II

ഭൂവിനിയോഗം

| | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജ് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ്ശ് | ആകെ | 1–10 സെ: | 10–25 സെ: | 25–50 സെ: | 50–100 സെ: | 1–2 ഏ: | 2.5 ഏ: | 5 ഏക്കറിനുമേ: |
| കഞ്ഞിക്കുഴി | 2152 | 911 | 112.58 | ഇല്ല | 3176.58 | 3108 | 1315 | 1961 | 2140 | 852 | 56 | 16 |
| തണ്ണീ: വടക്ക് | 758.87 | 137 07 | 37.61 | ,, | 929.55 | 614 | 895 | 526 | 324 | 120 | 13 | 1 |

അവലംബം — ദ്വിതീയ വിവരശേഖരണം

## പട്ടിക III

### പുറമ്പോക്ക്

| വില്ലേജ് | വിസ്തീർണ്ണം (ഏക്കറിൽ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | വഴി | ചാല് | റവന്യൂ | തരിശ് | കിണർ | ശ്മശാനം | ആകെ |
| കഞ്ഞിക്കുഴി | 70.20 | 22.05 | 3.95 | 3.98 | 0.63 | 0.30 | 9.13 | 0.07 | 1.05 | 112.58 |
| | | | | | മററിനം | ലക്ഷം വീട് | P H C | | സ്കൂൾ | |
| തണ്ണീ: വടക്ക് | 11.70 | 18.10 | 2.02 | 2.14 | 0.25 | 1.63 | 0.83 | 0.05 | 0.89 | 37.61 |

അവലംബം – ദ്വിതീയ വിവരശേഖരണം

## പട്ടിക IV

### പതിച്ചുകൊടുക്കാവുന്നവ

| | വിസ്തീർണ്ണം ഏക്കറിൽ | | | | |
|---|---|---|---|---|---|
| വില്ലേജ് | പുരയിടം | നിലം | തരിശ് | മററുള്ളവ | ആകെ |
| കഞ്ഞിക്കുഴി | 9.13 | 0.63 | — | — | 9.76 |
| തണ്ണീർമുക്കംവടക്ക് | 1.88 | — | — | — | 1.88 |

അവലംബം – ദ്വിതീയ വിവരശേഖരണം

### ജൈവസമ്പത്ത്

പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, എരുമ എന്നിവയും, പക്ഷികൾ കോഴി, താറാവ് എന്നിവയുമാണ്. നാട്ടമ്പുറത്ത് കണ്ടുവന്നിരുന്ന പരുന്ത്, മാടത്ത, മൈന, തത്ത, കുയിൽ, മരംകൊത്തി, പൊന്മാൻ, കുളക്കോഴി, ഓലമ്മഞ്ഞാലി, ഉപ്പൻ, വാവ്വാൽ, അമൂക്കൻ, കൊച്ചു കൊച്ചു കുരുവികൾ, ഇററാച്ചി തുടങ്ങിയ പക്ഷികളുടെ എണ്ണത്തിൽ നന്നേ കുറവ് വന്നിട്ടുണ്ട്. ചിലതിനെ തീരെ കാണാറേയില്ല.

സസ്യസമ്പത്തിൽ ദശ പുഷ്പങ്ങൾ എന്നറിയപ്പെടുന്ന മുക്കററി, തിരുനാളി, കൃഷ്ണകിടാന്തി, ഒരുചെവിയൻ, കയ്യൂന്നി, വള്ളിഉഴിഞ്ഞ, ചെറുപൂള, കറുകപ്പുല്ല്, പൂവാംകുറുന്നൽ, നിലപ്പന എന്നിവയും ഉഷമലരി, കൺകവള്ളി, തുത്താവ്, ആടലോടകം, കല്ലുരുക്കി, ബ്രഹ്മി, ശവംനാറി, തുമ്പ, കരളുവേകം, കുറുന്തോട്ടി, തഴുതാമ, കീഴാർനെല്ലി, ഞൊങ്ങണം, പുല്ല്, കൊട്ടവേലി, ഞെരിഞ്ഞിൽ, നിലഉമ്മം തുടങ്ങിയ ഔഷധ ചെടികളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

### ജനപ്രകൃതി

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25296 ആണ്. 12534 പുരുഷന്മാരും 12762 സ്ത്രീകളും ആണ്. പുരുഷന്മാരേക്കാൾ 228 സ്ത്രീകൾ കൂടുതലാണ്. ശരാശരി 1000 പുരുഷന്മാർക്ക് 1018 സ്ത്രീകൾ എന്ന അനുപാതമാണ് പഞ്ചായത്തിൽ കാണുന്നത്. സംസ്ഥാന ശരാശരി 1036 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീററിന് 1522 ആണ്. സംസ്ഥാന ശരാശരി 749-ഉം ആലപ്പുഴ ജില്ലയുടെ ശരാശരി ചതുരശ്ര കിലോമീററിന് 1415ഉം

ആണ്. സ്ത്രീകളിൽ നിരക്ഷരർ 2215-ഉം (17.66%) പുരുഷന്മാരിൽ 1616-ഉം (12.89%)ആണ്. സാക്ഷരത 85.86 ശരാശരി കുടുംബസംഖ്യ 4.57%ആണ്. സംസ്ഥാനശരാശരി 5.3%ദേശീയശരാശരി15.6%ഉം ആണ്. 1991 ലെ സെൻസസ് പ്രകാരമുള്ള പട്ടിക കാണുക. നേരത്തേ 10 വാർഡുകളായിരുന്നു.

## പട്ടിക V

| വാർഡ് | വീടുകൾ | ജനസംഖ്യ | പു: | സ്ത്രീ: | പട്ടികജാതി | | പട്ടികവർഗ്ഗം | | സാക്ഷരത | |
|---|---|---|---|---|---|---|---|---|---|---|
| | | | | | സ്ത്രീ: | പു: | സ്ത്രീ: | പു: | സ്ത്രീ: | പു: |
| 1 | 566 | 2586 | 1256 | 1330 | 115 | 116 | — | — | 1097 | 1113 |
| 2 | 565 | 2781 | 1448 | 1333 | 76 | 78 | 11 | 12 | 1288 | 1121 |
| 3 | 565 | 2579 | 1285 | 1294 | 106 | 106 | — | — | 1118 | 1090 |
| 4 | 560 | 2567 | 1269 | 1298 | 76 | 86 | 7 | 8 | 1092 | 1044 |
| 5 | 691 | 3111 | 1554 | 1557 | 105 | 116 | — | — | 1362 | 1269 |
| 6 | 670 | 2917 | 1499 | 1508 | 60 | 60 | — | — | 1220 | 1249 |
| 7 | 310 | 1437 | 724 | 713 | 49 | 47 | — | — | 613 | 574 |
| 8 | 509 | 2241 | 1100 | 1141 | 37 | 23 | — | — | 956 | 959 |
| 9 | 654 | 3011 | 1479 | 1532 | 64 | 73 | — | — | 1281 | 1250 |
| 10 | 451 | 2066 | 1010 | 1056 | 38 | 44 | — | — | 891 | 860 |
| | 5541 | 25296 | 12534 | 12762 | 1430 | 1257 | 18 | 20 | 10918 | 10547 |

അവലംബം: ദ്വിതീയ വിവര ശേഖരണം

## പട്ടിക VI

### ജനസംഖ്യ പ്രായഗ്രൂപ്പനുസരിച്ച്

അവലംബം: കുടുംബ സർവ്വേ

| | 0–14 | 15–18 | 19–40 | 41–60 | 61–80 | 80 നുമേൽ |
|---|---|---|---|---|---|---|
| സ്ത്രീകൾ | 2298 | 893 | 5308 | 2687 | 1197 | 132 |
| പുരുഷന്മാർ | 2339 | 860 | 5081 | 2680 | 0140 | 86 |

പ്രാഥമിക വിവര ശേഖരണവുമായി ബന്ധപ്പെട്ട് നടത്തിയ കുടുംബസർവ്വേയിൽനിന്നും ലഭിച്ച കണക്കാണ് മുകളിൽ കാണിച്ചിരിക്കുന്നത്.

## പട്ടിക VII

### വിദ്യാഭ്യാസം

| | പ്രാഥമികം | സെക്കൻററി | ഡിഗ്രി | ബിരുദാനന്തരബിരുദം | സങ്കേതികം |
|---|---|---|---|---|---|
| സ്ത്രീകൾ | 4798 | 4392 | 548 | 83 | 116 |
| പുരുഷന്മാർ | 4994 | 4224 | 525 | 103 | 468 |

ആശ്രയം കുടുംബസർവ്വേ – 96

ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസനിലവാരം പരിശോധിച്ചാൽ പിന്നോക്കാവസ്ഥ വ്യക്തമാകും. സാമ്പത്തികമായി വളരെയേറെ പിന്നോക്കാവസ്ഥ ജനങ്ങളിലുണ്ട്. അതിന്റെ പ്രകടമായ രൂപമാണ് മേൽ പട്ടിക. സ്ത്രീകളുടെ വിദ്യാഭ്യാസം ഇവിടെ മുന്നിലാണ്. തൊട്ടടുത്തു രണ്ടു കോളേജുകൾ ഉണ്ടായിട്ടും പഠിക്കാൻ താല്പര്യമുള്ളതുകൊണ്ടു മാത്രമാണ് ഇത്രയെങ്കിലും പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത്. പഞ്ചായത്തിന്റെ പ്രോത്സാഹനം ഇക്കാര്യത്തിൽ ഉണ്ടായതുകൊണ്ടുമാണ് ഈ നേട്ടം ഉണ്ടായതു്. ഇനിയുംകൂടുതൽ പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്.

4



# വികസനമേഖല

പട്ടിക IV

ജനസംഖ്യ പ്രായമനുസരിച്ച്

| | 0–14 | 15–18 | 19–40 | 41–60 | 61–80 | 80 നു മേൽ |
|---|---|---|---|---|---|---|
| സ്ത്രീകൾ | 2298 | 893 | 5308 | 2637 | 1197 | 132 |
| പുരുഷന്മാർ | 2389 | 800 | [illegible] | 2680 | 0140 | 86 |

പട്ടിക VII

വിദ്യാഭ്യാസം



| | പ്രാഥമികം | സെക്കണ്ടറി | ബിരുദം | ബിരുദാനന്തരബിരുദം | സാങ്കേതിക |
|---|---|---|---|---|---|
| സ്ത്രീകൾ | 4798 | 4393 | 548 | 83 | 116 |
| പുരുഷന്മാർ | 4994 | 4224 | 525 | 103 | 468 |

ആധാരം: കുടുംബസർവ്വേ – 96

ദശമൊന്നഗകിഥ

അധികാരം ജനങ്ങളിലേയ്ക്ക്





# കൃഷിയും ജലസേചനവും

''കട്ടകുത്തി വരമ്പുകൾപൊക്കി, വിത്തുപാകി വിളവുകൾനോക്കി
അല്ലലിലുള്ളുലയാതെ തൻെറ നെല്ലറകൾ നിറയുംവരേയ്ക്കും!''




കാർഷികമാപ്പ്
തെങ്ങ്
നെൽപ്പാടം
തരിശ്
കാട്
ചാൽ





പഞ്ചായത്തിൻെറ ഭൂപ്രകൃതി സംബന്ധിച്ച വിവരങ്ങൾ നേരത്തേ സൂചിപ്പിച്ചുവല്ലോ. തെങ്ങ്, നെല്ല്, കശുമാവ്, വാഴ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, പച്ചക്കറി, പൂകൃഷി, പയറുവർഗ്ഗങ്ങൾ തുടങ്ങിയവയാണ് മുൻകാലങ്ങൾ മുതൽ നാം പിൻതുടരുന്ന കൃഷി.

പഴയകാലത്ത് ക്ഷേത്രങ്ങളുടേയും ജന്മിമാരുടേയും വകയായിരുന്ന ഭൂമി. പാട്ടകൃഷിക്കാരും വാരകൃഷിക്കാരും കുടിയാന്മാരുമായിരുന്ന കൃഷിക്കാരായിട്ടുണ്ടായിരുന്നത്. ആദായം മുഴുവൻ ഭൂവുടമകളായ ജന്മിമാർക്കുമായിരുന്നു. കൊടിയ ചൂഷണമാണ് കൃഷിക്കാരെ ഉപയോഗിച്ച് ജന്മിമാർ നടത്തിക്കൊണ്ടിരുന്നത്. പിൽകാലത്ത് കർഷകരും തൊഴിലാളികളും സംഘടിപ്പിക്കപ്പെടുകയും അവർ നടത്തിയ പ്രക്ഷോഭങ്ങളും മൂലം വ്യവസ്ഥിതി മാററപ്പെടുവാൻ കാരണമായി. കാർഷികബന്ധ ബില്ലും ഭൂനിയമവും കേരളത്തിൽ നടപ്പിലായതോടെ യഥാർത്ഥ കർഷകനു് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു. കാർഷിക രംഗത്ത് ഇതൊരു പുത്തനുണർവ്വും മാററങ്ങളുമുണ്ടാകാൻ ഹേതുവായിതീർന്നു.

പുരയിടം, നിലം എന്ന ക്രമത്തിൽ തെക്കുവടക്കായി ഇടവിട്ടും നീളത്തിലും കിടക്കുന്ന ഒരു ഭൂപ്രദേശമാണ് നമ്മുടേത്. പുരയിടത്തിലെ മുഖ്യകൃഷി തെങ്ങുതന്നെ. പഴയകാലത്ത് നല്ലയിനം വിത്തുതേങ്ങ തെരഞ്ഞെടുത്താണ് കൃഷിചെയ്തിരുന്നത്. വിത്തുതേങ്ങ ശേഖരിക്കുന്നതാകട്ടെ പാരമ്പര്യ അറിവുകൾ വച്ചായിരുന്നു. ഇന്നത്തെപോലെ കാർഷിക ഗവേഷണ മേഖല അന്നുവികസിപ്പിച്ചിട്ടില്ലായിരുന്നു. പഞ്ചായത്തിൻെറ പകുതിയിലേറെ ഭാഗവും വെളിപ്രദേശമായിരുന്നു. നമ്മുടെ പൂർവ്വീകരുടെ അദ്ധ്വാനത്തിൻെറ ഫലമായി കൃഷിക്കു് ഉപയുക്തമാക്കിയെടുത്തതാണ്. മണൽ മണ്ണുപ്രദേശമായതിനാൽ ജലസേചനം അനിവാര്യമായിരുന്നു. അതിനായി പറമ്പുകളിൽ ഒന്നോ രണ്ടോ കുളങ്ങൾ വെട്ടിയുണ്ടാക്കി കുടുംബാംഗങ്ങൾ എല്ലാവരുംചേർന്ന് കുടത്തിൽ വെള്ളംകോരിയാണ് തെങ്ങിനു് നനച്ചിരുന്നത്. ഇത് ഒന്നിടവിട്ട ദിവസങ്ങളിൽ കൃത്യമായും നനച്ചിരുന്നു. ഒരാണ്ടിൽ ഭൂമി മൂന്നുതവണ കിളച്ച് കൃഷിക്കനുകൂലമാക്കുമായിരുന്നു. കാലവർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ തെങ്ങിൻതടംവെട്ടി പച്ചിലവളവും മററും ഇട്ടുമൂടുക. മഞ്ഞുകാലംതുടങ്ങും മുമ്പേ പുരയിടം ആകെ വെട്ടിയിളക്കി ചെററക്കുന കൾവച്ച് ജൈവ ജലാംശങ്ങൾ സംരക്ഷിക്കുക, വേനൽകാല ആരംഭത്തോടെ കൂനകൾ നിരത്തി തെങ്ങു നനയ്ക്കുന്നതിനായി തടംതുറന്ന് വളം ഇടുക, ഇതായിരുന്നു തെങ്ങിൻെറ കാര്യത്തിലുള്ള പഴയ കൃഷി രീതി. വേനലിനു് കാഠിന്യം കൂടുന്നതോടെ കുളങ്ങളിലെ വെള്ളം വററാനിടവരുന്നു. അപ്പോൾതന്നെ അതുവെട്ടി അതിലുള്ള സമൃദ്ധമായ വളവും വെള്ളവും തെങ്ങിൻ തടങ്ങളിൽ നിക്ഷേപിക്കുകവഴി വിളവുവർദ്ധിപ്പിക്കുന്നതിനു് ആവശ്യമായ പരിചരണവും ശ്രദ്ധയും നൽകിപ്പോന്നു. ഇതോടൊപ്പം തന്നെ ഇടവിളകൃഷിയായി കശുമാവ്, വാഴ, കപ്പ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങി അനേകതരം കൃഷി

കളും ഇക്കൂട്ടത്തിൽ നടത്തിയിരുന്നു. ഈ കാലയളവിൽ താരതമ്യേന രോഗം കുറവായിരുന്നു. മേൽ സൂചിപ്പിച്ച കൃഷിരീതികൾ കൃത്യമായി ഇന്ന് ചെയ്തുകാണുന്നില്ല. തെങ്ങുരോഗം ഒരു പ്രധാനകാരണമായികഷ്കർച്ചൂണ്ടിക്കാട്ടുന്നു. ഇതൊരു പച്ചയായയാഥാർത്ഥ്യംതന്നെയാണ്. വ്യാപകമായ തോതിൽ കാററുവീഴ്ച, കുമ്പുചീയൽ, വേരുചീയൽ. ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നിവയുടെ ആക്രമണം തുടങ്ങി നാളികേരകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന പ്രതിഭാസങ്ങൾമൂലം കർഷകർ ഈ രംഗത്ത് താല്പര്യം പ്രകിടിപ്പിക്കാതായിട്ടുണ്ട്. തെങ്ങിൽ നിന്നുംകിട്ടുന്ന ഉല്പന്നത്തിൻെറ അളവും മൂല്യവും വെവ്വേറെ പരിശോധിച്ചാൽ, ഈ വിള എന്തുവില കൊടുത്തും സംരക്ഷിക്കേണ്ടതുതന്നെയെന്നു നമുക്കു ബോദ്ധ്യപ്പെടും. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന കയർ തൊഴിലാളികളുടെ ജീവിതം ഈ കൃഷിയെ ആശ്രയിച്ചുമാത്രമാണ് നിലനിൽക്കുന്നതു് കയർ രംഗത്ത് ഇന്ന് തമിഴ്നാട്ടിൽനിന്നും ഇറക്കുമതിചെയ്യുന്ന ചകിരിയാണ് നല്ല ഒരളവോളം ഉപയോഗിച്ചുവരുന്നതു്. നമ്മുടെ നാട്ടിലെ നാളികേരഉല്പാദനം നന്നേകുറഞ്ഞതുമൂലം തൊണ്ടിനുനേരിടുന്ന ക്ഷാമം കയർമേഖലയിലും ബാധിച്ചിട്ടുണ്ട്. കള്ളുചെത്തുവ്യവസായത്തിലും ഇതേപോലെ തിരിച്ചടി ഉണ്ടാകുവാൻ കാരണം നല്ല തെങ്ങില്ലാത്തതുമൂലമാണ്. കെട്ടിടനിർമ്മാണ രംഗത്ത് സാധാരണക്കാരൻ ആശ്രയിക്കുന്നതു് തെങ്ങിൻതടിയാണ്. അവിടെയും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഇത്തരം ഗൗരവമേറിയ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടേ നമുക്ക് ഈ രംഗത്തെ പ്രശ്നങ്ങൾ കൈകാര്യംചെയ്യുവാനൊക്കൂ.

## തെങ്ങുരോഗത്തെ സംബന്ധിച്ച പട്ടിക

| വാർഡ് | തെങ്ങ കൃഷി വിസ്തീർണ്ണം | കായ്ക്കാത്തതു് | കായ്ക്കുന്നതു് | ആകെ | റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | 88 ഹെ: | 2400 | 5142 | 7542 | 5100 | 3000 | 30 | 2 | ,, | 8132 |
| 2 | 89 ,, | 2900 | 4000 | 6900 | 4900 | 900 | 90 | 6 | ,, | 5896 |
| 3 | 95 ,, | 2800 | 5000 | 7806 | 50006 | 1500 | 450 | 50 | ,, | 7000 |
| 4 | 98 ,, | 3000 | 5010 | 8010 | 4800 | 300 | 400 | 60 | ,, | 7960 |
| 5 | 84 ,, | 2530 | 4030 | 6560 | 5000 | 800 | 300 | 30 | ,, | 6130 |
| 6 | 96 ,, | 3560 | 5000 | 8560 | 5500 | 2000 | 300 | 10 | ,, | 7810 |
| 7 | 85 ,, | 850 | 5950 | 6800 | 4000 | 1500 | 250 | 50 | ,, | 5800 |
| 8 | 98 ,, | 2600 | 6000 | 8600 | 5000 | 2500 | 400 | 100 | ,, | 8000 |
| 9 | 101 ,, | 3110 | 6100 | 9210 | 6000 | 3000 | 900 | 60 | ,, | 8960 |
| 10 | 86 ,, | 2300 | 5100 | 7400 | 5000 | 1800 | 400 | 100 | ,, | 7000 |
| 11 | 90 ,, | 2210 | 4900 | 7110 | 4500 | 2000 | 410 | 40 | ,, | 6950 |
| ആകെ | 1010 ,, | 28260 | 56232 | 84498 | 54800 | 19300 | 3930 | 508 | ,, | 79638 |

അവലംബം കൃഷിഭവൻ, കഞ്ഞിക്കുഴി

മൊത്തം കരഭൂമി 1224 ഹെക്ടറാണ്. അതിൽ 1010 ഹെക്ടറിൽ മാത്രമാണ് തെങ്ങുകൃഷിയുള്ളതു്. ഒരേ തെങ്ങിനുതന്നെ ഒന്നിലധികം രോഗങ്ങളുള്ളതായികാണാം.

ഇടവിളയായി കൃഷിചെയ്തു പോരുന്ന പാളയംതോടൻ, ഞാലിപ്പൂവൻ, ഏത്തവാഴ, കപ്പക്കാളി, കാളി, മോറീസ്, കണ്ണൻ, പൂവൻ തുടങ്ങിയ വാഴകളും; കണ്ടിച്ചേമ്പ്, പിണ്ടാളൻ, കറുട്ട പിണ്ടാളൻ, വാകച്ചേമ്പ്, താമരക്കണ്ണൻ എന്നീ ചേമ്പിനങ്ങളും; ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കിഴങ്ങ്, കാച്ചിൽ, ഇറച്ചിമേക്കാ, എലിവാലൻ കിഴങ്ങ്, മധുരക്കിഴങ്ങ് തുടങ്ങിയ കിഴങ്ങ വർഗ്ഗങ്ങളും; പതിനെട്ടുമണിയൻ, കുലമറിയൻ തുടങ്ങിയ പയറു വർഗ്ഗങ്ങളും തെങ്ങിൻ തടങ്ങളിൽ പഞ്ഞപ്പുൽ കൃഷിയും ഇടവിളയായി കൃഷി ചെയ്തിരുന്നു. ഇത്തരം ഇടവിള കൃഷികളെ സംരക്ഷിക്കുന്നതിനും വിളവെടുക്കുന്നതിനും നടത്തിയിരുന്ന പ്രവർത്തനങ്ങളും തെങ്ങിന്റെ സംരക്ഷണത്തിനും ഉതകിയിരുന്നു. ഇതു പഴയകാല കൃഷിരീതിയുടെ അനുഭവങ്ങളാണ്. ഇന്നു കൃഷിരീതികൾക്കാകെ മാററം വന്നു കഴിഞ്ഞു. പല വിത്തിനങ്ങളും കിട്ടാനില്ല. ചിലതാകട്ടെ ആദായകരമല്ല എന്നുള്ള പരാതികൾ ഇവയെല്ലാം പല കാരണങ്ങളായിത്തീർന്നിട്ടുണ്ട്.

തെങ്ങുരോഗങ്ങളെ നിയന്ത്രിക്കുന്നതിനും ശാശ്വതമായി പരിഹരിക്കുന്നതിനും ഇന്നേവരെ ഒരു ശാസ്ത്രീയ വിജയം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സർക്കാർ എത്രതന്നെ ആനുകൂല്യം ഈ രംഗത്തു ചെയ്താലും അതൊക്കെ പൂർണ്ണ വിജയത്തിലെത്താത്തതിന്റെ പ്രധാന കാരണവും ഇതാണ്. കഞ്ഞിക്കുഴി പഞ്ചായത്തിലെ കർഷകർ ഇതു് ഗൗരവപൂർവ്വം തിരിച്ചറിഞ്ഞ് സംഘടിതമായി ഒരു പരിശ്രമത്തിനു് ഏതാനും വർഷങ്ങൾക്കുമുമ്പ് തുടക്കം കുറിച്ചു. ഒന്നാംവാർഡ് കേന്ദ്രമായി സംഘടിപ്പിക്കപ്പെട്ട പൊന്നിട്ടുശേരി ഫാർമേഴ്സ് ക്ലബ് ഈ രംഗത്ത് ഒരു മാതൃകാപ്രവർത്തനം അന്നു നടത്തി. രോഗനിവാരണ പ്രവർത്തനങ്ങൾ, കൂട്ടായ ജലസേചനം കൃത്യമായ വളപ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെക്കുറെ പ്രയോജനം ചെയ്തിരുന്നു. തെങ്ങുകൃഷിയിൽ നിലവിലുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും ഒരു മാററം ഉണ്ടായി. ഈ മാററം അന്നത്തെ സംസ്ഥാന സർക്കാർ മാതൃകയാക്കി സ്വീകരിച്ചുകൊണ്ട് എല്ലാ പഞ്ചായത്തിലും ഓരോ വാർഡിലും ഒരുകേരസംരക്ഷണസമിതി രൂപീകരിച്ചു പ്രവർത്തിപ്പിക്കുന്നതിനു തീരുമാനിച്ചു നടപ്പിൽ വരുത്തി. ആരംഭത്തിൽതന്നെ പ്രതീക്ഷയ്ക്കു വക നൽകുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞു. എന്നാൽ കാലക്രമത്തിൽ ഒരു പഞ്ചായത്തിൽ ഒരു കൃഷി വികസന സമിതി എന്ന നിലയിൽ ചുരുങ്ങി. അതു കൃഷിഭവൻ കേന്ദ്രീകരിച്ചായി. ഈ സമിതിക്കാവട്ടെ കാര്യമായ സംഭാവനകൾ ഈ രംഗത്ത് ചെയ്യാനായില്ല. ഏതാണ്ട് 600-ലേറെ പേരെ ഈ സമിതിയിൽ അംഗങ്ങളാക്കി എന്നല്ലാതെ ഒന്നുംതന്നെ നടത്തുവാൻ കഴിഞ്ഞില്ല.

തെങ്ങുകൃഷിക്കു വന്നുപെട്ടിരിക്കുന്ന ഈ ദുസ്ഥിതിക്കു പരിഹാരം കാണാനോ അതിൽ ഗൗരവമായ ഊന്നൽ കൊടുത്തുകൊണ്ടുള്ള ഗവേഷണങ്ങളോ ഫലപ്രാപ്തിയിൽ എത്തുന്നില്ല. സർക്കാരിനാകട്ടെ ഈ ദുസ്ഥിതിക്ക് പൂർണ്ണതോതിൽ പരിഹാരംകാണാൻ കഴിയും എന്നു കർഷകനും വിശ്വസിക്കുന്നില്ല. കർഷകന്റെ കൂട്ടായ്ധ്യാനമല്ലാതെ ഇതിനൊരു പോംവഴിയില്ല. എല്ലാ വാർഡുകളിലും പഴയ കേര സംരക്ഷണ സമിതികളോ സമാന സ്വഭാവത്തിലുള്ള സംഘടനകളോ വളർത്തിയെടുക്കേണ്ടതു് അനിവാര്യമാണ്.

നാളികേര ബോർഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ കർഷകർക്കു് ആശ്വാസം ഉണ്ടാക്കുന്നില്ല എന്നും ഇത്തരുണത്തിൽ ഓർക്കേണ്ടതുണ്ട്. കേരഫെഡ് നാളികേര കൃഷി സംരക്ഷിക്കാനും വികസിപ്പിക്കാനും ചെയ്യുന്ന പ്രവർത്തനങ്ങൾ കർഷകർക്ക് മതിപ്പുളവാക്കുന്നില്ല. കർഷകരിൽനിന്നും കൊപ്രാ സംഭരിക്കുന്ന ഏർപ്പാടുകൾ നാമമാത്രമായി മാത്രമാണ് ഗുണപ്പെടുന്നതു്.

രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാററുന്നതിനും പുതിയവ നട്ടുപിടിപ്പിക്കുന്നതിനും മുൻകാലങ്ങളിൽ സർക്കാർ സഹായം നൽകിയിരുന്നു. കഴിഞ്ഞ 4 വർഷങ്ങളായി ഈ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. കൃഷിഭവൻ വഴി രണ്ടു തവണയും പഞ്ചായത്തുവഴി ഒരുതവണയും ഇതിനുമുൻപ് നടത്തിയിരുന്നു. ഇപ്പോഴാകട്ടെ ഈ പദ്ധതി നടപ്പിലാക്കാൻ വൻതോതിൽ പണം മുടക്ക് വേണ്ടിവരും. രോഗം വന്ന തെങ്ങ് വെട്ടിമാററിയാൽ മററു തെങ്ങുകൾക്കു രോഗം വരാതെ സംരക്ഷിക്കാൻ കഴിയും എന്നു കർഷകർ വിശ്വസിക്കുന്നില്ല. ഈ കാര്യത്തിൽ കാര്യഗൗരവമുള്ള ഗവേഷണം തന്നെ നടത്തി പരിഹാരം കാണേണ്ടതാണ്.

അഞ്ചു പതിററാണ്ടുകൾക്കുമുമ്പ് കഞ്ഞിക്കുഴി പഞ്ചായത്തിൽ ഇന്നത്തേതിന്റെ ഇരട്ടി നിലം, അതായതു് രണ്ടായിരത്തിൽപ്പരം ഏക്കർകൃഷിനിലം ഉണ്ടായിരുന്നു. പഞ്ചായത്തിന്റെ ആധികാരികരേഖയിൽനിന്നും വ്യക്തമാവുന്നതു് അതാണ്. ഇന്നാകട്ടെ അതു് 987 ഏക്കറായി ചുരുങ്ങി എന്നതാണ് യാഥാർത്ഥ്യം. ഇതിൽതന്നെ കൃഷി നട

ത്താത്ത നിലങ്ങളും പെടും. നെൽകൃഷിക്ക് വളരെ പരമപ്രധാനമായ പരിഗണന ആദ്യകാല പഞ്ചായത്തുകമ്മിററി നടത്തിയിരുന്നു. 1953 ൽ നെൽകൃഷിക്കാരെ സഹായിക്കുന്നതിനായി പഞ്ചായത്ത് സ്വന്തം ട്രാക്ടർ വാങ്ങുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിരുന്നു. തെങ്ങുകൃഷിപോലെതന്നെ നെൽകൃഷിയിലും പഴമക്കാർ അതിയായ ശ്രദ്ധ ചെലുത്തിയിരുന്നു. നല്ല വിളവും അക്കാലങ്ങളിൽ ലഭിക്കുമായിരുന്നു.

മഴയെ ആശ്രയിച്ചാണ് നമ്മുടെ കൃഷിരീതി. വിരിപ്പും മുണ്ടകനും കൂട്ടി മേടമാസത്തിൽ വിതച്ചു വിളവെടുക്കുന്ന രീതിയാണുള്ളത്. നിലങ്ങളിൽ കാളകളെ ഉപയോഗിച്ചുള്ള ഉഴവു രീതികൾ പണ്ടും ഇപ്പോഴും നിലനിൽക്കുന്നു. കൂടാതെ നിലങ്ങളിൽ തുണ്ടംകോരി അതിൽ വിതച്ച് നടീൽ പരുവമാവുമ്പോൾ ചെറിയ തുമ്പ ഉപയോഗിച്ച് അഞ്ചോ, ആറോ ചുവടുവെട്ടി വെള്ളത്തിൽ ക്രമമായ അകലത്തിൽ നിരത്തി തുണ്ടം ഇളക്കി നിരപ്പാക്കുന്നു. നീർവാർച്ച തടസ്സപ്പെട്ടാൽ കൃഷിനാശം സംഭവിക്കുക പതിവാണ്. മിക്ക പാടങ്ങൾക്കും ജലനിർഗ്ഗമനത്തിനുള്ള തോടുകൾ അടഞ്ഞുപോയിട്ടുണ്ട്. മേടമാസത്തിലെ കൂട്ടിവിതയിൽനിന്നും കന്നിമാസമാവുമ്പോഴേയ്ക്കും വിരിപ്പു കൊയ്തെടുത്തതിനു ശേഷം മുണ്ടകൻ ഞാറ് ചിനപ്പുപൊട്ടി വളരാൻ പാകത്തിൽ കള പറിച്ച് വളമിടുന്നു. ഇത് മകരമാസത്തിൽ കൊയ്ത്തിനു പാകമാകും. പണ്ടുകാലത്ത് ആദ്യം വിരിപ്പും രണ്ടാംപൂവായി അതിക്രാഴിവിത്തും ഉപയോഗിച്ചിരുന്നു. ഇന്ന് അതിക്രാഴിവിത്ത് ആരും ഉപയോഗിച്ചു കാണുന്നില്ല. ഈ പാരമ്പര്യ കൃഷിരീതിയിൽനിന്നും ലഭിച്ചിരുന്ന ഉല്പാദനം ഇന്നു ലഭിക്കുന്നില്ല. പ്രധാന കാരണം കൃഷിയിടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞതുതന്നെ. മറെറാന്ന് കൃഷിരീതികളിൽ വന്ന മാററം കർഷകനു ഗുണം ചെയ്യുന്നതല്ല. ജനസാന്ദ്രത ഏറിയതോടെ പാർപ്പിട ആവശ്യത്തിനും മററും നിലം നികത്തി വീടു വയ്ക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കാനെന്നോണം വിവിധ ഏജൻസികൾ രംഗത്തു വന്നതോടെ വായ്പയും ഗ്രാൻറും സഹായധനമായി ലഭിക്കും എന്നുള്ളതുകൊണ്ടും നിലം നികത്തൽ കൂടുതലായി. എന്നാൽ കാലാന്തരത്തിൽ നിലം നികത്തുന്നത് നിയമംമൂലം തടഞ്ഞപ്പോൾ ഇതിനോടു പ്രതിപത്തി കുറഞ്ഞു തുടങ്ങി. എല്ലാത്തരം കൃഷിരീതികൾക്കും മാററം വന്നുകഴിഞ്ഞിരിക്കുന്നു. കൃഷി എത്രയും ആദായകരമാക്കാം എന്നതാണ് കർഷകൻെറ ചിന്ത. കൃഷിയിൽനിന്നും പൂർണ്ണമായി വിരമിക്കാൻ നല്ലൊരു ശതമാനം തയ്യാറല്ല. പരമാവധി ആദായകരമാക്കി കൃഷി നടത്താൻ ആശിക്കുന്നവർ ധാരാളം നമ്മുടെ പഞ്ചായത്തിലുണ്ട്. ജനകീയാസൂത്രണ പ്രവർത്തനവുമായി ബന്ധപ്പെടുത്തി നാം നടത്തിയ കുടുംബസർവ്വേയിൽ നിന്നും ലഭിക്കുന്ന സൂചന അതാണ് കാണിക്കുന്നത്.

### പട്ടിക

| കൃഷിക്കാരുടെ താല്പര്യം | എണ്ണം |
|---|---|
| മുഴുവൻസമയ കൃഷിചെയ്യുന്നവർ | 1925 |
| ഇടവിള കൃഷി ചെയ്യുന്നവർ | 3064 |
| കൃഷി ആദായം എന്നു പറഞ്ഞവർ | 1694 |
| കൃഷിരീതിക്കു മാററം ആവശ്യപ്പെടുന്നവർ | 1568 |
| പൂകൃഷി തല്പരർ | 1568 |
| പച്ചക്കറികൃഷി തല്പരർ | 4963 |
| സാമ്പത്തിക സഹായം വേണ്ടവർ | 5520 |
| സാങ്കേതിക സഹായം വേണ്ടവർ | 1645 |

നമ്മുടെ പഞ്ചായത്തിൽ അടുത്തിടെ നടത്തിയ ജനകീയ പച്ചക്കറികൃഷിയുടെ സ്വാധീനം പട്ടികയിൽനിന്നു വ്യക്തമാകും. പൊതുവെ കാർഷിക വൃത്തിയോടു താല്പര്യം പ്രകടമാക്കുന്ന ഒരു ചിത്രമാണു നമുക്കു ലഭിച്ചിരിക്കുന്നത്. ഏതൊരു പ്രവർത്തിക്കും മാതൃകാപരമായ നേതൃത്വവും പ്രോത്സാഹനവും കൂട്ടായ്മയും ഉണ്ടായാൽ പരിപോഷിപ്പിക്കുവാൻ കഴിയും എന്നതിന്റെ ഉത്തമോദാഹരണമാണ് നമ്മുടെ പച്ചക്കറി കൃഷിരീതിയുടേയും സർവ്വേഫലവും വ്യക്തമാക്കുന്നത്. ഇതിനെ ഉത്സാഹപൂർവ്വം മുന്നോട്ടു കൊണ്ടുപോകുവാൻ നമുക്കു കഴിയണം.

കഞ്ഞിക്കുഴി പഞ്ചായത്തിൽ നെല്ലുല്പാദനരംഗത്ത് ഗ്രൂപ്പുഫാമിംഗ് രീതിയിൽ 8 പാടശേഖരക്കമ്മററികൾ നിലവിലുണ്ട്. പൊന്നിട്ടുശ്ശേരി, ചാലുങ്കൽ, കാരിക്കുഴി, ചാത്തനാട്ട് കണ്ണേപ്പാടം, നൂററുപാറ, ചാരമംഗലം, മായിത്തറ, ചെറുവാരണം എന്നിവയാണ് ഈ പാടശേഖരക്കമ്മററികൾ. പഞ്ചായത്തിലാകെ 987 ഏക്കറോളം നിലങ്ങൾ ഉണ്ടെങ്കിൽ 95 ഏക്കറും ഗ്രൂപ്പ് ഫാമിംഗിന്റെ പരിധിയിൽ പെടുന്നതാണ്. ഈ സംവിധാനം നിലവിൽ വന്നതിനുശേഷം നെൽകൃഷി മുമ്പത്തേതിൽനിന്നും അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി നെൽകൃഷിയെ സംരക്ഷിക്കുവാൻ ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായത്തിനു കഴിഞ്ഞിട്ടുണ്ട്. കാരിക്കുഴി നൂററുപാറ നെല്ലുല്പാദക സമതികൾക്കു ഓരോ പവ്വർടില്ലർ സഹായ വിലയ്ക്കു ലഭിച്ചതു് ഉഴവു നന്നായി നടത്തുവാനും ചെലവു ചുരുക്കുവാനും സഹായിച്ചിട്ടുണ്ട്. ഈ സമിതികളുടെ പ്രവർത്തനഫലമായും കൃഷിഭവന്റെ ഇടപെടൽ മൂലവും നെൽകൃഷി രംഗത്തു ഗുണപരമായ അഭിവൃദ്ധിക്കുള്ള ചില സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ചിലതു് അനുവദിച്ചു പ്രാവർത്തികമായി വരുന്നതുമുണ്ട്. ജലനിർഗ്ഗമന തോടുകൾ വെട്ടി വീതിയും ആഴവും കൂട്ടുന്നതിനു് സഹായം ലഭിച്ചിട്ടുണ്ട്. ചാലുങ്കൽ നെല്ലുല്പാദക സമിതിക്കു് ട്രാക്ടർ അനുവദിച്ചു. ഈ പാടശേഖരത്തിലേയ്ക്കുള്ള റോഡു് പൂർത്തിയായിക്കഴിഞ്ഞു. പൊന്നിട്ടുശ്ശേരി പാടശേഖരത്തിലേയ്ക്കുള്ള റോഡിനു് അനുവാദം കിട്ടി. ഇതെല്ലാം നെൽകൃഷിയുടെ പുരോഗതിയെ ലക്ഷ്യമാക്കിയുള്ളതാണ്. കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവരുമായി ചർച്ചകൾ നടത്തി കൃഷി ആദായകരമാക്കുന്നതിനുമുള്ള യഥാർത്ഥ കർഷകരുടെ പങ്കാളിത്തത്തോടെയുള്ള ഒരു സർക്കാർ സമിതി നിലവിലുള്ളതായി അറിയില്ല. ഉള്ളതാകട്ടെ കൃഷിഭവൻ കേന്ദ്രീകരിച്ചുള്ളതാണ്. ഇതിൽ യഥാർത്ഥ കർഷകനു പങ്കാളിത്തം ലഭിച്ചിട്ടില്ല.

## കൃഷിഭൂമിയുടെ വിവരം

### പട്ടിക

| | | |
|---|---|---|
| മൊത്തം വിസ്തൃതി | 1662 | ഹെക്ടർ |
| കരഭൂമി | 1224 | ,, |
| നിലം | 418 | ,, |
| മൊത്തം കൃഷിസ്ഥലം | 1405 | ,, |
| പുരയിടം | 1010 | ,, |
| നിലം | 395 | ,, |
| തരിശ് കര | 214 | ,, |
| തരിശ് നിലം | 23 | ,, |

അവലംബം: കൃഷിഭവൻ കഞ്ഞിക്കുഴി

നമ്മുടെ പഞ്ചായത്തിൽ നാലുസെന്റു കർഷകൻ മുതൽ അഞ്ചേക്കറിനുമേൽ വരെ കൃഷി ചെയ്യുന്ന കർഷകരാണുള്ളത്. ഇതിൽ മുപ്പതു സെന്റിനു താഴെയുള്ള കർഷകർക്കു് ആവശ്യമായ സഹായങ്ങൾ സർക്കാരിൽനിന്നും നൽകുന്നില്ല. നാമമാത്ര കർഷകൻ എന്ന പട്ടികയിൽ പോലും രണ്ടര ഏക്കറിനു താഴെ വരുന്നവരാണ് ഉൾപ്പെടുക. ദരിദ്ര കർഷകർക്കാണ് യഥാർഥത്തിൽ സഹായം കിട്ടേണ്ടതു്. ഇന്നുവരെ ഈ വിഭാഗത്തെ അവഗണിക്കുകയാണ്. പഞ്ചായത്തു് നടത്തിയ ജനകീയ പച്ചക്കറികൃഷി പരിപാടിയിൽ ഇവരെക്കൂടി പെടുത്തിയാണ് കൃഷി ആരംഭിച്ചതു്. എന്നാൽ പ്രോത്സാഹനം കൊടുത്ത കൂട്ടത്തിലും ഈ ദരിദ്രപട്ടികയിൽ വരുന്ന പത്തുസെന്റുകാരും അതുപോലെ കൃഷിചെയ്യുന്നവരും ഉൾപ്പെടെയുള്ള പൊതു പ്രോത്സാഹനമാണ് നൽകിവന്നതു്. നാളിതുവരെ ഇല്ലാതിരുന്ന ഒരു സമ്പ്രദായം പുതുതായി ആരംഭിച്ചപ്പോൾ ഇത്തരത്തിലെങ്കിലും പഞ്ചായത്തു് പരിഗണിച്ചതു് സ്വാഗതാർഹം തന്നെ. എന്നാൽ കൃഷിഭവൻമൂലം നടപ്പിലാക്കുന്ന കാർഷിക സഹായ പദ്ധതികളിൽ ഈ വിഭാഗത്തെ ഉൾപ്പെടുത്തി കാണുന്നില്ല. ഈ രീതിക്കു മാററം ഉണ്ടാവണം. പഞ്ചായത്തിലെ ഓരോ വാർഡുകളിലുമുള്ള വിവിധ വിഭാഗങ്ങളിൽ പെട്ട കർഷകരുടെ പട്ടികകൾ പരിശോധിക്കുക. 10 സെന്റിൽ താഴെമാത്രം ഭൂമിയുള്ളവരും അവർക്കാവുന്നതരത്തിൽ കൃഷി ചെയ്യുന്നുണ്ട്. 4431 പേർ ഈ വിഭാഗത്തിൽപെട്ടവരായി പഞ്ചായത്തിലുണ്ട്.

പട്ടിക

| വാർഡ് | നാമമാത്ര കർഷകൻ 1 ഹെക്ടറിൽ താഴെ | ചെറുകിട കർഷകൻ 1–2 ഹെക്ടർ | വൻകിട കർഷകൻ 2 ഹെക്ടറിനു മുകളിൽ |
|---|---|---|---|
| 1 | 542 | 72 | 7 |
| 2 | 533 | 56 | 9 |
| 3 | 494 | 83 | 11 |
| 4 | 529 | 65 | 6 |
| 5 | 508 | 47 | 10 |
| 6 | 543 | 49 | 8 |
| 7 | 460 | 36 | 4 |
| 8 | 502 | 96 | 17 |
| 9 | 518 | 92 | 16 |
| 10 | 448 | 44 | 8 |
| 11 | 462 | 48 | 6 |
| | 5539 | 688 | 102 |

അവലംബം – കഞ്ഞിക്കുഴി കൃഷിഭവൻ

പച്ചക്കറി മേഖലയിൽ ഏററവും നല്ലയിനം കൃഷിയും വിളവും പാരമ്പര്യമായി ലഭിച്ചിട്ടുള്ള ഭൂപ്രദേശങ്ങളിൽപെട്ടതാണ് കഞ്ഞിക്കുഴി. രാജഭരണകാലത്ത് തിരുവിതാംകൂർ കൊട്ടാരത്തിലേയ്ക്ക് മാരാരിക്കുളം പച്ചക്കറികൾ കൊണ്ടുപോകാറുണ്ടായിരുന്നു എന്നാണ് പറഞ്ഞറിവ്. അതിന്റെ പിന്തുടർച്ചയായി നാം നടത്തിപ്പോരുന്ന കൃഷിക്ക് പഴയകാല തിളക്കം കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ കഞ്ഞിക്കുഴി പഞ്ചായത്ത് പഴയ പ്രതാപത്തിലേയ്ക്കു പോകുന്നതിനുള്ള തുടക്കം കുറിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളിൽ അടുത്തകാലംവരെ ഉപയോഗിച്ചിരുന്നത് 'വരവ്'' പച്ചക്കറികളായിരുന്നു. ഇപ്പോൾ ഇതിനു ചെറിയ മാററം വന്നുതുടങ്ങി. പച്ചക്കറി കൃഷിക്കു നമ്മുടെ ഭൂപ്രകൃതി വളരെ അനുയോജ്യമാണെന്നു നാം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ഇതോടൊപ്പംതന്നെ കിഴങ്ങുവർഗ്ഗങ്ങളും നമുക്കു പരമാവധി സ്വന്തമായി ഉല്പാദിപ്പിക്കുവാൻ കഴിയും. ജനകീയ പച്ചക്കറി കൃഷിയുടെ മാതൃക എല്ലാ കാര്യത്തിലും നമുക്കു സ്വീകരിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന ഇടവിളയാണ് കശുമാവുകൃഷി, സീസൺകാലത്ത് നമ്മുടെ ജീവിതത്തിനു വളരെ സഹായകമാകുന്ന തരത്തിലുള്ള ഉല്പാദനം നമുക്ക് ഈ കൃഷിയിൽനിന്നും ലഭിക്കുന്നുണ്ട്. ഈ കൃഷികൊണ്ടു മററു പല ഗുണങ്ങളുമുണ്ടായിട്ടുണ്ട്. തെങ്ങിനു വളമായി ഇതിന്റെ ഇല ഉപയോഗിക്കാറുണ്ട്. പാചക ആവശ്യത്തിനുള്ള വിറകിനു ഇതിന്റെ തടി ഉപയോഗിക്കുന്നുണ്ട്. എല്ലാതരത്തിലും ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതു തന്നെയാണ്. ഇക്കാര്യത്തിൽ കൃഷി

ഭവൻവഴി ചില പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെ ങ്കിലും ഫലപ്രദമല്ല.

പൂകൃഷി ഏററവുംകൂടുതൽ പ്രചരിച്ചിട്ടുള്ള പഞ്ചാ യത്താണ് നമ്മുടേതു്. ഈ കൃഷിയിൽ കൂടുതൽ സാ ങ്കേതിക വിദ്യകളോ തൊഴിൽപ്രശ്നങ്ങളോ ഒന്നും തന്നെയില്ല. കുററിമുല്ല, ബന്തി, വാടാമുല്ല, പിച്ചി എന്നിവയാണ് പ്രധാന ഇനങ്ങളായുള്ളതു്. കുഞ്ഞി ക്കഴിപഞ്ചായത്തിൽമാത്രം നാമമാത്ര കർഷകർ മാത്ര കാപരമായി മുല്ലകൃഷിയിലേർപ്പെടുന്നതു് ശ്രദ്ധ യിൽപ്പെടുത്തി സർക്കാരിൽനിന്നും കൃഷിഭവൻമുഖാ ന്തിരം ജലസേചനത്തിനും വളപ്രയോഗത്തിനും, കീടനിവാരണങ്ങൾക്കും മററും സഹായങ്ങൾ ലഭ്യമാ ക്കിയിട്ടുണ്ട്. DWCRA യുടെ സഹായത്തോടെ പഞ്ചാ യത്തിൻെറ എല്ലാ വാർഡുകളിലും മുല്ലകൃഷി നട ത്തുന്ന ഓരോ യൂണിററുണ്ട്. വെളിനിലം പൂകൃഷി സമിതി, ശ്രീ ദുർഗ്ഗാ പൂകൃഷി സമിതി എന്നിവപ്രവ ത്തിക്കുന്നുണ്ടെങ്കിലും ഉല്പാദകർക്കു് ന്യായമായവില ലഭിക്കുന്നില്ല. നാനാതരം പൂകൃഷിയുമായി ബന്ധ പ്പെട്ടു് പഞ്ചായത്തിലാകെ 500 ഓളം പേരുണ്ട്. ഈ കൃഷി കുറേക്കൂടി ശ്രദ്ധിച്ചുപരിചരിച്ചാൽ ആദാ യകരമാണ് എന്നാണ് അനുഭവസ്ഥർതന്നെ പറയു ന്നതു്.

കുരുമുളകു്, മരംബറി, ഇഞ്ചി, മഞ്ഞൾ എന്നി വ കൃഷിചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അടുത്തകാലത്തു് കർഷകരിൽ ആവേശം ഉണ്ടായെ ങ്കിലും തുടർന്നു് ഇതിൻെറ കൃഷി വികസിപ്പിക്കു വാനും മററും കഴിഞ്ഞിട്ടില്ല. വനസ്വർഗം കുരുമു ളകു് സംരക്ഷണസമിതി ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനം സജീവമല്ല. പഞ്ചായത്തിലാകെയുള്ള കാർഷിക വിളകളുടെ ഉല്പാദനവും വിശദാംശങ്ങളും പരിശോധിക്കുക

**പട്ടിക ശരാശരി ഒരുവർഷത്തിൽ**

| പേരു് | വിസ്തൃതി | | ഉല്പാദനം | |
|---|---|---|---|---|
| തെങ്ങു് | 1010 ഹെ: | | 2000000 | നാളികേരം |
| നെല്ലു് | 395 | ,, | 100 | ടൺ |
| കശുമാവു് | 310 | ,, | 50 | ,, |
| വാഴ | 200 | ,, | 300 | ,, |
| മരച്ചീനി | 120 | ,. | 150 | ,, |
| പച്ചക്കറി | 50 | ,, | 150 | ,, |
| കാച്ചിൽ | 120 | ,, | 100 | ,, |
| കിഴങ്ങു് | 135 | ,, | 200 | ,, |
| ചേന | 195 | ,, | 80 | ,, |
| ചേമ്പു് | 124 | ,, | 200 | ,, |
| പൂകൃഷി | 20 | ,, | 10 | ,, |
| ഔഷധകൃഷി | 10 | ,, | 100 | കി.ഗ്രാം |
| മരംബറി | 7 | ,, | 50 | ,, |
| കൂൺകൃഷി | 1 യൂണിററു് | | 5 | കിഗ്രാം |
| വെററില | 100 ഹെ: | | 3 | ടൺ |

ചൊരിമണൽ പ്രദേശമായ ഈ പഞ്ചായത്തിൽ കൃഷി നടത്തുന്നതിന് ജലസേചനം കൂടിയേതീരൂ. എല്ലാവിളകൾക്കും ജലസേചനംവേണം, നെൽ കൃഷിമാത്രം മഴയെ ആശ്രയിച്ചുനടത്തുന്നു. പഴയ നനരീതിമാറി ഇന്ന് എല്ലാത്തരം കൃഷികൾക്കും പമ്പുസെററാണ് ഉപയോഗിക്കുന്നത്. എല്ലാ വീടുകളിലും പമ്പുസെററില്ല എന്ന പോരായ്മ ഉണ്ട് ഉള്ളതുതന്നെ കൃത്യസമയത്ത് ഉപയോഗിക്കുവാൻ വൈദ്യുതിയുടെ അപര്യാപ്തത ഒരു പ്രശ്നം തന്നെയാണ്. നാമമാത്ര ദരിദ്രവിഭാഗം കർഷകർക്ക് പമ്പ് സെററ് സ്വന്തമായി വാങ്ങുവാനുള്ള സാമ്പത്തികശേഷിയുമില്ല. ഇവ പരിഹരിക്കാൻ സർക്കാർ നടപ്പാക്കിവരുന്ന ഡ്രിപ്ഇറിഗേഷൻ, സ്പ്രിങ്ക്ളർ ഇറിഗേഷൻ കമ്മ്യൂണിററി ഇറിഗേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലുണ്ടെങ്കിലും വിജയകരമല്ലെന്നാണ് കർഷകരുടെ അഭിപ്രായം. പുതിയവ സ്ഥാപിക്കുന്നതിനായി ഫണ്ടുണ്ടെങ്കിലും ഇതിന്റെ ഗുണംമെച്ചപ്പെട്ടതല്ലാത്തതിനാൽ നടപ്പാക്കാനും കഴിയുന്നില്ല. ആദ്യം സൂചിപ്പിച്ച ദരിദ്ര കർഷകനു് ജലസേചന സൗകര്യാർത്ഥം യാതൊരു സഹായങ്ങളും കിട്ടുന്നില്ല. ഇതിനു പരിഹാരം കാണാൻ കഴിയണം. കാർഷിക രംഗത്ത് പ്രത്യേകം പരിഗണന നൽകിയാലേ ഈ മേഖല പുരോഗതി പ്രാപിക്കൂ. അതിനായി നാം പരിശ്രമിക്കണം.

നമ്മുടെ പഞ്ചായത്തിൽ രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന യുവാക്കൾ കാർഷിക മേഖലയിൽ ശ്രദ്ധിച്ചുതുടങ്ങിയിട്ടുണ്ട്. എന്നാൽ യുവാക്കളിൽ പ്രത്യേകിച്ച് അഭ്യസ്തവിദ്യരിൽ സുരക്ഷിത ബോധമുണ്ടാക്കുന്ന കൃഷി പദ്ധതികൾ ഇനിയും ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. സർക്കാർ തുടങ്ങിവച്ച കാർഷിക മേഖലയിൽ ലക്ഷം യുവാക്കളുടെ തൊഴിൽ പദ്ധതിയിൽ അംഗങ്ങളായവരെ തൃപ്തരാക്കാനോ, അവരെ കാർഷിക വികസനത്തിൽ പങ്കാളികളാക്കാനോ, സാധിക്കുന്നില്ല എന്നതും എടുത്തു പറയേണ്ടിയിരിക്കുന്നു.

## കൃഷിഭവൻ

1987 സെപ്ററംബർ 1-നാണ് കൃഷിഭവൻ ആരംഭിച്ചത്. കഞ്ഞിക്കുഴി പഞ്ചായത്തിലെ കാർഷിക വികസനത്തിന് ചുക്കാൻ പിടിക്കുന്നതിൽ കൃഷിഭവൻ നല്ലൊരളവു വിജയിച്ചിട്ടുണ്ട്. എന്നാൽ പരിമിതികൾ ഏറെയുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ പലതും കൃഷി ഭവൻവഴി നടപ്പിലാക്കി വരുന്നുണ്ട്. കൃഷിക്കാവശ്യമായ ഉപകരണങ്ങൾ കൃഷിഭവൻവഴി വിതരണം ചെയ്തിട്ടുണ്ട്. ജലസേചനത്തിന് കൃഷിഭവൻവഴി നടപ്പിലാക്കി വരുന്ന കിണർ പദ്ധതി ആശാസ്യമല്ലെന്നാണ് കർഷകർ പറയുന്നത്. ഇതിനുള്ള ഫണ്ട് മററ് വഴി തിരിച്ചുവിട്ട് കാർഷിക മേഖല പുഷ്ടിപ്പെടുത്താൻ നോക്കണം.

കൃഷിഭവൻ അങ്കണം സുരക്ഷിതമല്ല. കൃഷി ഓഫീസിൽ ഒരു ഓഫീസറും മൂന്നു കൃഷി അസിസ്റ്റന്റുമാരുമാണ് ജീവനക്കാരായുള്ളത്. ഒരു കൃഷി അസിസ്റ്റന്റിനെ എപ്പോഴും സ്ഥലംമാററപ്പെടുന്ന സ്ഥിതി ഉണ്ട്. ഈ സാഹചര്യത്തിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾവഴി കൃഷി ഓഫീസർക്ക് 1995 ലെ 'കർഷകമിത്ര' അവാർഡിനർഹനായി. കഞ്ഞിക്കുഴി പഞ്ചായത്ത് നടപ്പാക്കിയ ജനകീയ പച്ചക്കറി വികസന മാതൃക ഉൾപ്പെടെ ശ്ലാഘനീയമായ പ്രവർത്തനങ്ങളാൽ സംസ്ഥാനത്തെ ശ്രദ്ധേയമായ കൃഷിഭവനമാണ് കഞ്ഞിക്കുഴി. ടെലിഫോൺ, കോൺഫറൻസുകൾ എന്നിവകൂടി ഇതോടൊപ്പം ഏർപ്പെടുത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

— പൊതുവേ മണ്ണിനു ഫലഭൂയിഷ്ടി കുറവാണ്.

— ജലസേചന സൗകര്യങ്ങൾ അപര്യാപ്തം.

— സ്ഥിരമായി കൃഷി ചെയ്യാറുണ്ടായിരുന്ന പാടങ്ങൾ തരിശിടുന്നു.

— കീടബാധ

— ഉൽപാദനക്ഷമത കുറഞ്ഞുവരുന്നു.

— ജൈവ വളങ്ങൾ കിട്ടാനില്ല.

— കർഷക തൊഴിലാളികൾ കുറഞ്ഞുവരുന്നു. വിശേഷിച്ച് തെങ്ങ് കയററ മേഖലയിൽ

— ഉൽപന്നങ്ങൾക്ക് വിലക്കുറവ്

— നിലവിലുള്ള ജലസേചന സൗകര്യങ്ങൾ ഫലപ്രദമല്ല.

— വായ്പാ സൗകര്യം പരിമിതമാണ്.

— ഉൽപന്ന സംസ്കരണത്തിനുള്ള സൗകര്യങ്ങളില്ല

— നിലം നികർത്തൽ

## നിർദേശങ്ങൾ

1. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

2. പുതിയ ജലസേചന സംവിധാനങ്ങൾ പണിയുക.

3. പർച്ചേസിംഗ് സെൻററുകൾ സ്ഥാപിക്കാനും പൊതുമാർക്കററ് സ്ഥാപിക്കാനും മുൻകൈ എടുക്കുക.

4 രോഗനിവാരണങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുക.

5. കാർഷിക ഗവേഷണ ഫലങ്ങൾ യഥാർത്ഥ കർഷകരിൽ എത്തിക്കുക.

6. ഉല്പന്ന സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുക.

7. പച്ചത്തൊണ്ടിൽനിന്നും ചകിരി ഉല്പാദിപ്പിക്കുന്ന യൂണിററ് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക.

8. 10 സെൻറ് കർഷകർക്കും ജലസേചനമുൾപ്പെടെ കാർഷിക സഹായ പദ്ധതികൾ നടപ്പിലാക്കുക.

9. കുളം വെട്ടുന്നതിനുള്ള സഹായ പദ്ധതികൾക്ക് രൂപം കൊടുക്കുക.

10. നാളികേര ബോർഡിൻെറ ഇൻഫർമേഷൻ സംവിധാനം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

11. ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തുന്നതോടൊപ്പം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് മാതൃക കാട്ടിയ ജനകീയ പച്ചക്കറി കൃഷി പദ്ധതിയുടെ വിജയത്തിനും ഏററവുമധികം സഹായിച്ച മൈക്രോലെവൽ (സൂക്ഷ്മതല) ഘടകമായ ഗ്രൂപ്പ് അഥവാ അയൽക്കൂട്ടം തുടർന്നുള്ള കാർഷിക വികസന സംരംഭങ്ങൾക്ക് അവശ്യഘടകമായിരിക്കുക.

12. ജലനിർഗമന തോടുകൾ അതിർത്തി പുനർനിർണ്ണയിച്ച് സംരക്ഷിക്കുക.

13. നെൽകൃഷിക്കാവശ്യമായ വളവും കീടനാശിനികളും സഹായവിലയ്ക്ക് ലഭ്യമാക്കുക.

14 ജനകീയ പച്ചക്കറി പരിപാടി ഒരു സ്ഥിരം സംവിധാനമായി നിലനിർത്തണം.

15. ജൈവ വളപ്രയോഗം പ്രോത്സാഹിപ്പിക്കുക.

16. പച്ചക്കറി വിപണനത്തിൽ ആഴ്ച ചന്തകൾ സ്ഥാപിക്കുക.

17. എല്ലാത്തരം കൃഷിയുടേയും രോഗനിവാരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

18. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക.

19. കശുവണ്ടിക്ക് ന്യായവില ഉറപ്പാക്കുക.

20. പൂകൃഷി പരിപോഷിപ്പിക്കുക.

21. നാളികേര കൃഷിക്ക് സംഘ കൃഷി സമ്പ്രദായം സംഘടിപ്പിക്കുക.

22. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു നാളികേര സംസ്ക്കരണ വിപണന കേന്ദ്രം സ്ഥാപിക്കുക.

23. പഞ്ചായത്തു തലത്തിൽ നാളികേര സംഘങ്ങൾ രൂപീകരിച്ച് കേരഫെഡിനെ അപ്പെക്സ് ബോഡിയാക്കുക.

24. എല്ലാത്തരം ഉല്പന്നങ്ങൾക്കും ന്യായവില ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

25. മുപ്പിരിത്തോട്, ചാലുങ്കൽ തോട് എന്നിവയിൽ കുഴൽ കിടക്കുന്ന ഭാഗങ്ങളിൽ ചീപ്പു നിർമ്മിക്കുക.

26. പരമാവധി കുഴൽ കിണർ സംവിധാനങ്ങൾ സ്ഥാപിക്കുക.

27. ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുക. ആവശ്യമായ വിത്തും ലഭ്യമാക്കുക.

28. കൃഷി ഭവനിൽ ടെലിഫോൺ സൗകര്യവും കോൺഫ്രൻസ് ഹാളും സ്ഥാപിക്കുക. ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുക.

29. കൂൺകൃഷി വ്യാപിപ്പിക്കുന്നതിനും അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾ, വനിതകൾ, ഉദ്യോഗസ്ഥകൾ എന്നിവരെ ഉൾപ്പെടുത്തി യൂണിററടിസ്ഥാനത്തിലോ വാർഡ് അടിസ്ഥാനത്തിലോ സഹായ പദ്ധതികൾ നടപ്പാക്കുക.

30. കാർഷിക മേഖലയിൽ ലക്ഷം യുവാക്കൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായ യുവതീയുവാക്കൾക്ക് കൃഷി വികസന പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങൾ ലഭ്യമാക്കുക.





# മൃഗസംരക്ഷണവും മത്സ്യബന്ധനവും



പ്രാചീന യുഗത്തിൽനിന്നും പരിഷ്കൃതയുഗത്തിലെത്തിയ മനുഷ്യൻ കൃഷിയോടൊപ്പം മൃഗപരിപാലനവും ആദായകരമായ ഒരു തൊഴിലായി സ്വീകരിച്ചു. ഏകദേശം മൂന്നു പതിററാണ്ടുകൾക്കു മുൻപ് വരെ നാടൻരീതികളിലുള്ള കന്നുകാലികൃഷിയാണ് മനുഷ്യൻ സ്വീകരിച്ചുപോന്നത്. കന്നുകാലികൾ എന്നു പറയുമ്പോൾ ബഹു ഭൂരിപക്ഷവും പശുവളർത്തലാണ് നടത്തിയിരുന്നത്. അക്കാലങ്ങളിൽ സാധാരണ ഒരു ചെറിയ കുടുംബത്തിനു് സ്വന്തമായി ഒരു പശു വാങ്ങി പരിപാലിക്കാൻ കെല്പില്ലായിരുന്നു. അന്നൊക്കെ അത്തരക്കാർക്കായി എന്നു പറയാവുന്ന കാപ്പടസമ്പ്രദായം ഈ നാട്ടിൽ നിലനിന്നിരുന്നു. സാമാന്യം ഭേദപ്പെട്ടവരിൽനിന്നും പാവപ്പെട്ടവനു് ഒരു പശുവിനെ ദാനമായി ലഭിക്കും. അതിനു ചില അലിഖിത നിബന്ധനകളുണ്ടായിരുന്നു തൻെറ അദ്ധ്വാനത്തിൽ ദാനംകിട്ടിയ പശുവിനെ വളർത്തി പ്രസവിച്ചുകഴിഞ്ഞാൽ പശുക്കുട്ടിയെ എടുത്തിട്ട് പശുവിനെ ഉടമസ്ഥനു തിരികെ കൊടുക്കുന്ന രീതിയ്ക്കാണു കാപ്പട സമ്പ്രദായം എന്നു പറയുന്നതു്. ഇങ്ങനെയാണെങ്കിൽ പോലും ഒരു പശുവിനെ വളർത്തുക എന്ന ആഗ്രഹവും അതിൽനിന്നു കിട്ടുന്ന ആദായവും തൻെറ കുടുംബത്തിൻെറ പുരോഗതിക്കു സഹായകരമായിരുന്നു.

നാടൻ പശുക്കളിൽനിന്നും കിട്ടുന്ന പാലിൻെറ ഉല്പാദനം ആവശ്യക്കാരുടെ എണ്ണം വർദ്ധിച്ചതോടെ തികയാതായി. ഈ യാഥാർത്ഥ്യം മനസ്സിലാക്കി സങ്കരയിനം പശുക്കളെ ഇറക്കുവാൻ ഗവണ്മെൻറും മററേജൻസികളും തയ്യാറായി. ഈ ഇനം പശുക്കളിൽനിന്നും താരതമ്യേന മെച്ചപ്പെട്ട ഉല്പാദനം ലഭിച്ചു. എന്നാൽ നാടൻപശുക്കളിൽനിന്നും ഉല്പാദനച്ചെലവും ഈ ഇനംപശുക്കൾക്കു കൂടുതലായിരുന്നു. രോഗപ്രതിരോധശേഷിയും കുറവായിരുന്നു. പാലിൻെറ ആവശ്യകത കൂടുന്തോറും പൊതുവെ നാടൻ പശുക്കളോടുള്ള പ്രിയം കർഷകനെ സംബന്ധിച്ച് അന്യമായി.

വിത്തുകാളകളെ വളർത്തുന്ന രീതികളും പഴയ കാലങ്ങളിൽ പഞ്ചായത്തിൽ നിലനിന്നിരുന്നു. ഇന്നു് ഇതിനായി കാളകളെ വളർത്തുന്നവർ അപൂർവ്വമായി പഞ്ചായത്തിലുണ്ടു്. എന്നാൽ ഉഴവുകാളകളെ സംരക്ഷിക്കുന്ന അപൂർവ്വം ചിലർ പഞ്ചായത്തിലുണ്ട്. കൃത്രിമ ബീജസങ്കലനമാണ് ഇന്നു കൂടുതലും നിലനിൽക്കുന്നതു്.

ആധുനിക കന്നുകാലി സംരക്ഷണത്തിൻെറ അപാകതയാണോ അതോ പ്രകൃതിയിൽവന്ന മാററമാണോ എന്നറിയില്ല. കന്നുകാലികൃഷി പൊതുവെ ആദായകരമല്ല എന്നാണ് കർഷകൻെറ അഭിപ്രായം. പഴയകാലത്തേക്കാൾ ഉല്പാദനച്ചെലവു കൂടുതലും രോഗങ്ങളുടെ വർദ്ധനവും ഒരു പ്രധാന പ്രശ്നമായിത്തീർന്നിട്ടുണ്ടു്. മുടന്തൻപനി, അകിടുവീക്കം, കുളമ്പുരോഗം, ശ്വാസകോശ രോഗങ്ങൾ

ദഹനസംബന്ധരോഗം, ത്വക്ക്‌രോഗങ്ങൾ എന്നിവയാണു പ്രധാനമായും കന്നുകാലികളെ ബാധിച്ചു വരുന്ന രോഗങ്ങൾ. രോഗങ്ങൾ ആരംഭസമയത്തു കണ്ടുപിടിക്കുന്നതിനും മററും കർഷകർക്കു് യഥാസമയം കഴിയാതെയും വരുന്നു. ഇത്തരം അസുഖങ്ങൾ പ്രകടമായി കാണുമ്പോഴാണു് ചികിത്സതേടിപോകാറുള്ളതു്. അപ്പോഴേയ്ക്കും രോഗം മൂർച്ഛിച്ചുകഴിയും. ചികിത്സ ഫലപ്രദമാകാതെയും വരുന്നു. ഇതൊക്കെ കർഷകനെ വേദനിപ്പിക്കുന്ന അനുഭവങ്ങളാണു്.

പാലിനെ മാത്രം ആശ്രയിച്ചുവളർത്തുന്ന മൃഗങ്ങളിൽ പശുതന്നെയാണു്മുഖ്യം. ആടുവളർത്തലും നല്ല നിലയിൽ പഞ്ചായത്തിൽ നടക്കുന്നുണ്ടു്. എന്നാൽ പശുവിൻപാൽ സംഭരിച്ചു വിൽക്കുന്നപോലെ ആടിന്റെ പാൽ വില്പന നടക്കുന്നില്ല. ആടിന്റെ പാൽ കുട്ടികൾക്കു വളരെ നല്ലതാണു് എന്നു പഴമക്കാർ വിശ്വസിക്കുന്നു. അതുപോലെതന്നെ മുതിർന്നവരിൽ കണ്ടുവരുന്ന വാതരോഗങ്ങൾക്കും ആടിന്റെ പാൽ ഗുണംചെയ്യും എന്നു പറയപ്പെടുന്നു.

പശുവിൻപാലിന്റെ ഉല്പാദനത്തിൽ ആവശ്യത്തിനു കഴിഞ്ഞു മിച്ചം വരുന്ന പാൽ മിൽമയാണു സംഭരിക്കുന്നതു്. മിൽമയിൽനിന്നും യഥാർത്ഥ വില കർഷകനു ലഭിക്കുന്നില്ല എന്ന പരാതിയാണു് പഞ്ചായത്തിലാകെയുള്ളതു്. 3 ക്ഷീരോല്പാദകസഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൊഴുപ്പിന്റെ അടിസ്ഥാനത്തിലാണു് പാലിനു വില ലഭിക്കുക. എന്നാൽ ക്ഷീരസംഘങ്ങൾക്കാവട്ടെ മിൽമയിൽനിന്നും ലഭിക്കുന്നതു് തൂക്കത്തിന്റെ അടിസ്ഥാനത്തിലാണു് കർഷകന്റെ ഉല്പാദനത്തെ ആശ്രയിച്ചു് നിലനിൽക്കുന്ന ഒരു സ്ഥാപനമായി മിൽമാ മാറുകയാണു് എന്നാണു് ക്ഷീര കർഷകരുടെ അഭിപ്രായം. മിൽമായിൽ ഒരു ലിററർ പാലിനു് 8 രൂപാ ലഭിക്കുമെങ്കിൽ പുറത്തു പത്തു രൂപാ ഒരു ലിറററിനു കിട്ടുന്ന സ്ഥിതിയുണ്ടു്. ക്ഷീരസംഘങ്ങളിൽ കൊഴുപ്പു നിർണ്ണയിക്കുന്ന രീതിയിലെ അശാസ്ത്രീയത പരിഹരിക്കേണ്ടതാണു് എന്നാണു് ക്ഷീരകർഷകരുടെ അഭിപ്രായം. ഏതായാലും ക്ഷീര വ്യവസായം ആദായകരമാക്കിത്തീർക്കുന്നതിനെക്കുറിച്ചു് ഗൗരവമായി ചിന്തിക്കണം.

കന്നുകാലി കൃഷി നേരിട്ടു നോക്കുമ്പോൾ ആദായകരമല്ലെങ്കിലും മററു് കൃഷിക്കു് സഹായമായ നിലയിൽ ചില വസ്തുതകൾ പരിഗണിച്ചു് ഈ കൃഷിയിലേർപ്പെട്ടിരിക്കുന്ന ധാരാളം കർഷകർ പഞ്ചായത്തിലുണ്ടു്. വാർഡു് തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക I**

| വാർഡു് | പശു | ആടു് | എരുമ | നല്ല തൊഴുത്തുള്ളവർ |
|---|---|---|---|---|
| 1 | 353 | 217 | 5 | ഇല്ല |
| 2 | 172 | 119 | 1 | ,, |
| 3 | 144 | 109 | — | ,, |
| 4 | 158 | 11 | — | ,, |
| 5 | 155 | 66 | — | ,, |
| 6 | 248 | 112 | — | ,, |
| 7 | 97 | 93 | — | ,, |
| 8 | 170 | 102 | — | ,, |
| 9 | 141 | 149 | 1 | ,, |
| 10 | 121 | 104 | — | ,, |
| 11 | 126 | 69 | — | ,, |
| ആകെ | 1885 | 1151 | 7 | ,, |

അവലംബം കുടുംബസർവ്വേ – 96

പഞ്ചായത്തിലാകെ 1885 പശുക്കളും 1151 ആടുകളുമാണ് ആദായം പ്രതീക്ഷിച്ച് വളർത്തുന്ന മൃഗങ്ങൾ. കൂടാതെ ഏഴ് എരുമകളും ഉണ്ട്. നല്ല തൊഴുത്തുള്ള കർഷകർ ആരുംതന്നെ ഇല്ല. കന്നുകാലികളുടെ രോഗങ്ങൾക്ക് വൃത്തിഹീനങ്ങളായ തൊഴുത്തുകളും കാരണങ്ങളായേക്കാം.

മിതമായ നിരക്കിൽ കാലിത്തീററ കിട്ടായ്ക, പുല്ല്, വൈക്കോൽ തുടങ്ങിയവയുടെ ദൗർലഭ്യം എന്നിവ ക്ഷീര കർഷകരെ അലട്ടുന്ന മററു പ്രശ്നങ്ങളിൽ ചിലതാണ്. മിൽമാ സഹകരണ സംഘങ്ങൾ ചില പരിശ്രമങ്ങൾ ഈ രംഗത്തു നടത്തുന്നുണ്ടെങ്കിലും പരിപൂർണ്ണ വിജയം എന്നു പറയാനാവില്ല. പഞ്ചായത്തിൽ 1, 4, 9 എന്നീ വാർഡുകൾ ആസ്ഥാനമായി മൂന്നു ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

പട്ടിക II

| പേര് | പ്രതിദിനം സംഭരിക്കുന്ന പാൽ | ലാഭം/നഷ്ടം | കെട്ടിടം സ്വന്തം വാടക | നടത്തുന്ന പ്രവർത്തനങ്ങൾ |
|---|---|---|---|---|
| കഞ്ഞിക്കുഴി ക്ഷീരോല്പാദക സഹ: സംഘം No. 71 D | 935 | ലാഭം | സ്വന്തം | കർഷക സെമിനാർ കാലിത്തീററ വിതരണം |
| കളത്തിവീട് ക്ഷീര സഹകരണ സംഘം 77 D | 750 | ലാഭം | വാടക | ,, |
| കഞ്ഞിക്കുഴി നോർത്ത് ക്ഷീര: സഹ: സംഘം 84 D | 395 | ലാഭം | വാടക | ,, |

കന്നുകാലി വളർത്തലിൽ പാലിൽ നിന്നുമാത്രം ലഭിക്കുന്ന ലാഭ നഷ്ടങ്ങളുടെ തോതു പരിശോധിച്ച് ഈ കൃഷിയിൽനിന്നും നമുക്ക് പിന്തിരിയാനാവില്ല. കാരണം നമ്മുടെ പഞ്ചായത്തിലെ എല്ലാത്തരം മററു കൃഷികൾക്കും പശുവിൻെറ മലമൂത്രവിസർജ്ജന വസ്തുക്കൾ ഒരു പ്രധാന ജൈവ വളമാണ്. മറെറാരുകാര്യം കൃഷിയുടെ അഭിവൃദ്ധിയും ഉല്പാദന വളർച്ചയും കന്നുകാലിയുടെ വളർച്ചയുമായി ബന്ധപ്പെട്ടു നില്ക്കുന്നു. വൈക്കോൽ ഒരു പ്രധാന ഘടകമാണ്. അതുകൊണ്ടുതന്നെ ഈ രണ്ടു കൃഷിയും പരസ്പര പൂരകങ്ങളാണ്. നമ്മുടെ വിഭവ സമ്പത്തിൻെറ ഒരു സുപ്രധാനഘടകം ഈ രണ്ടു കൃഷികളുമാണ് എന്ന കാര്യം നാം വിസ്മരിച്ചുകൂട.

## കോഴി, താറാവ്

കോഴി, താറാവ് എന്നിവയെ നമ്മുടെപഞ്ചായത്തിൽ മിക്കവാറും വീടുകളിൽ വളർത്തി വരുന്നു. അതിനു പററിയ ഭൗതിക സാഹചര്യങ്ങളും നമുക്ക് ചെറിയ തോതിലാണെങ്കിലും ഉണ്ട്. ബഹുഭൂരിപക്ഷവും മുട്ടയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്നവരാണ്. ഇറച്ചിക്കോഴി വളർത്തുന്ന ഒരു വൻകിട സ്ഥാപനം 9-ാം വാർഡിൽ പ്രവർത്തിക്കുന്നു. ഇവിടെ പരിസര മലിനീകരണമുള്ളതായി നാട്ടുകാർക്ക് പരാതിയുണ്ട്. ഇവിടെ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾ പരമാവധി മററു പ്രദേശങ്ങളിലേയ്ക്കു് കൊണ്ടുപോകുകയാണ്. ഇതുകൂടാതെ 4, 1, 3 എന്നീ വാർഡുകളിലും ചെറിയ തോതിൽ ഇറച്ചിക്കോഴി ഉല്പാദനം നടക്കുന്നുണ്ട്. ഈ കൃഷി ശ്രദ്ധിച്ചു നടത്തിയാൽ ആദായകരമാണെന്നു അനുഭവസ്ഥർ പറയുന്നു.

മുട്ടക്കോഴികളേയും താറാവുകളേയും സംബന്ധിച്ച് ഉല്പാദിപ്പിക്കുന്ന മുട്ടകൾ നമ്മുടെ പഞ്ചായത്തിൽതന്നെ ഉപയോഗിച്ച് തീർക്കുന്നു. കയററിപ്പോകുവാൻ മാത്രമുള്ള ഉല്പാദനം നാം നടത്തുന്നില്ല. അതിനുള്ള സാദ്ധ്യത ധാരാളമുണ്ട്. നമ്മുടെ പഞ്ചായത്തിലെ കോഴി, താറാവ് കൃഷിക്കാരുടെ വാർഡുതിരിച്ചുള്ള കണക്ക് പരിശോധിക്കുക.

## പട്ടിക III

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| കോഴി | 273 | 368 | 292 | 888 | 122 | 42 | 160 | 444 | 283 | 665 | 80 |
| താറാവ് | 86 | 142 | 138 | 201 | 34 | 106 | 148 | 167 | 176 | 97 | 37 |
| ആകെ | 359 | 510 | 430 | 1089 | 156 | 148 | 308 | 611 | 459 | 762 | 117 |

അവലംബം കുടുംബസർവ്വേ – 96

പഞ്ചായത്തിലാകെ 3617 മുട്ടക്കോഴികളും 1332 താറാവുകളുമാണ് ഇപ്പോൾ വളർത്തുപക്ഷികളായുള്ളത് ഈ കൃഷിയിൽനിന്നും ആദായം ലഭിക്കുന്നവർ ചുരുക്കമല്ല. എന്നാൽ വ്യാവസായികമായി ഈ കൃഷിക്കാവശ്യമായ സങ്കേതിക സാമ്പത്തിക സഹായം കിട്ടിയാൽ കൂടുതൽപേർ ഈ രംഗത്തു വരാൻ സാദ്ധ്യയുള്ളതായാണ സർവ്വേ സൂചിപ്പിക്കുന്ന വിവരങ്ങൾ. ആട്, പശു എന്നീ മേഖലകളിലും ഇത്തരം താല്പര്യമുള്ള വ്യക്തികളെ കുടുംബസർവ്വേപ്രകാരം നമുക്ക കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

## പട്ടിക IV

| വാർഡ് | പശുവളർത്തൽ | ആടവളർത്തൽ | പന്നിവളർത്തൽ | കോഴിവളത്തൽ |
|---|---|---|---|---|
| 1 | 330 | 288 | 4 | 238 |
| 2 | 291 | 136 | 2 | 138 |
| 3 | 250 | 109 | 6 | 111 |
| 4 | 358 | 263 | 3 | 137 |
| 5 | 210 | 188 | 11 | 114 |
| 6 | 248 | 218 | 3 | 97 |
| 7 | 172 | 172 | 2 | 100 |
| 8 | 269 | 246 | 8 | 218 |
| 9 | 231 | 225 | 6 | 147 |
| 10 | 149 | 177 | 14 | 103 |
| 11 | 241 | 166 | 2 | 104 |
| ആകെ | 2749 | 2188 | 61 | 1507 |

അവലംബം – കുടുംബസർവ്വേ '96

ഇങ്ങനെയുള്ള കൃഷി ചെയ്യുവാൻ മുന്നോട്ടുവന്നിട്ടുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, ഇവയ്ക്കുള്ള തീററയുടെ കാര്യത്തിലും നാം മനസ്സുവച്ചാൽ ഏറെക്കുറെ പരിഹാരമുണ്ടാക്കുവാൻ കഴിയും. ഇതിലേയ്ക്കായി പ്രാദേശികമായി കിട്ടുന്ന പുല്ല്, വൈക്കോൽ എന്നിവ പരമാവധി നാം സംഭരിക്കുന്നതോടൊപ്പം തീററപ്പുൽ കൃഷിയും നമുക്കു വ്യാപിപ്പിക്കുവാൻ കഴിയും. അതുപോലെതന്നെ കപ്പ, തവിട് ഉണക്കമീൻ മുതലായവ ചേർത്തുണ്ടാക്കുന്ന കോഴിത്തീററ പഞ്ചായത്തടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികളെക്കുറിച്ചും നമുക്കാലോചിക്കേണ്ടതുണ്ട്.

## പട്ടി

വീട്ടുകാവലിന് എന്ന ധാരണയിലാണ് പലരും പട്ടിയെ വളർത്തുന്നത്. ഇത് ഒരു ആദായകരമായ തൊഴിലായി ആരും സ്വീകരിച്ചിട്ടില്ല. പുതുതായി രംഗത്തെത്തി അന്തപ്പുരത്തിൽ വസിക്കുന്ന പോമറേനിയൻ ഡോഗ്ഗുകളും വളർത്തുന്നവരുമുണ്ട്. പഞ്ചായത്തിലാകെ ഇതൊരു പൊതുശല്യമായി വളർന്നു വരികയാണ്. പഞ്ചായത്തിൽ സർവ്വേപ്രകാരമുള്ള പട്ടി 552 ആണ്. ഇതുതന്നെ കൃത്യമായി ലൈസൻസെടുത്തോ പേവിഷബാധയ്ക്കെതിരായ കുത്തിവെയ്പ്പ് നടത്തിയോ പരിചരിക്കുന്നവയുമല്ല. ഇതിനു പുറമേ അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവുനായ്ക്കളാകട്ടെ മനുഷ്യർക്ക് ഉപദ്രവമായി വളർന്നുവരുന്നു. ഈ തെരുവുനായ്ക്കളെ സൃഷ്ടിച്ചതും ഒരർത്ഥത്തിൽ നമ്മൾതന്നെ. നമ്മുടെ വീടുകളിൽ തുറന്നുവിട്ടു വളർത്തുന്ന പട്ടി പെററു കഴിഞ്ഞാൽ ആ കുഞ്ഞുങ്ങളെ രഹസ്യമായി എവിടെയെങ്കിലും കൊണ്ടു തള്ളുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഇതു ഭാവിയിൽ എല്ലാവർക്കും ഉപദ്രവകരമാണ് എന്ന കാര്യം നാം പലപ്പോഴും വിസ്മരിക്കുന്നു. ഈ തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിൽനിന്നും 95 - 96 ൽ 4116 രൂപാ ചെലവഴിച്ചു. പ്രയോജനം ഉണ്ടായിട്ടമില്ല. ഇതിനെ നാം ശ്രദ്ധ വയ്ക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പട്ടികളുടെ ലൈസൻസിനത്തിൽ കിട്ടിയതാകട്ടെ 1182 രൂപാ 50 പൈസ മാത്രമാണ്. നമ്മുടെ പരിമിതമായ നികുതിവരുമാനം ഇത്തരത്തിൽ നഷ്ടപ്പെടുത്താതിരിക്കാൻ നാം ശ്രദ്ധിച്ചേതീരൂ.

## മൽസ്യബന്ധനം

കടലിലും കായലിലും മത്സ്യബന്ധനം നടത്താൻ പ്രകൃത്യാതന്നെ സാദ്ധ്യതയില്ലാത്ത പഞ്ചായത്താണിത്. എങ്കിലും തൊഴിൽതേടി വീടു പുലർത്താൻ ആഗ്രഹിച്ചവരിൽ ചിലർ കടലിൽ വള്ളത്തിലും ബോട്ടിലും മത്സ്യബന്ധനം നടത്തുവാൻ പോകുന്നുണ്ട്. പഞ്ചായത്തിൽ മത്സ്യവുമായി ബന്ധപ്പെട്ട സെക്ടറുകളോട് തൊഴിലാളികൾ ഉണ്ട്. ഇപ്പോൾ അവരിൽ നല്ലൊരു വിഭാഗം ആ തൊഴിൽ യന്ത്രവൽക്കരിച്ചു കഴിഞ്ഞു.

വിപണനത്തിനായി മത്സ്യം വളർത്തുന്ന പതിവു നമ്മുടെ ഗ്രാമത്തിലില്ല. നമ്മുടെ കുളങ്ങളിലും തോടുകളിലും വളരുന്നത് ശുദ്ധജലമത്സ്യങ്ങളായ കാരി, വരാൽ, ചെമ്പല്ലി, ആരകൻ, പരൽ, കുറുവ തുടങ്ങിയവയാണ് കണ്ടുവരുന്നത്. ഇപ്പോഴാകട്ടെ മത്സ്യരോഗം ബാധിച്ച് പലതിന്റേയും എണ്ണം കുറഞ്ഞു വരുന്നുണ്ട്, വരാൽ എന്ന മൽസ്യം വളരെ പ്രിയപ്പെട്ട ഒരിനമായാണു പരിഗണിച്ചുവരുന്നത്. പണ്ടു കാലത്ത് സ്ത്രീകൾക്ക് പ്രസവാനന്തര ദേഹരക്ഷയ്ക്കായി ഈ മൽസ്യത്തെ ഉപയോഗിക്കാറുണ്ടായിരുന്നു എന്നു പറഞ്ഞുകേൾക്കുന്നു. ഈ ഇനം മത്സ്യം ഇപ്പോൾ തീരെ കുറഞ്ഞുവരുന്നതായി കാണാം.

പുതിയ വളർത്തുമത്സ്യങ്ങളായ രോഹു, കട്‌ല തുടങ്ങിയ മൽസ്യങ്ങൾ ഇപ്പോൾ പ്രചാരത്തിലുണ്ട് അതിന്റെ കൃഷി നമ്മുടെ പഞ്ചായത്തിൽ ജനകീയ മൽസ്യകൃഷി പദ്ധതിയായി ആരംഭിച്ചിട്ടുണ്ട്. 6-ാം വാർഡിലെ പൊതുക്കുളമായ കാളംകുളത്തിൽ ഈ അടുത്തദിവസം ഫിഷറീസ് വകുപ്പുമന്ത്രി ബഹു: ററി കെ. രാമകൃഷ്ണൻ ഈ പദ്ധതി ഉൽഘാടനം ചെയ്തു. ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെയാണ് ഈ പദ്ധതിക്ക് തുടക്കംകുറിച്ചത്. നമ്മുടെ പഞ്ചായത്തിലാകെ ആറായിരത്തിലധികം കുളങ്ങൾ ഉണ്ട്. ഇതിൽ നമ്മുടെ നാടൻ മൽസ്യങ്ങളും വളരുന്നുണ്ട്. അവയെ പാടെ നശിപ്പിച്ചുകൊണ്ട് ഈ പുതിയ മൽസ്യകൃഷിയെ നമുക്ക് സ്വാഗതം ചെയ്തുകൂട. കാരണം നാടൻ മൽസ്യങ്ങൾക്ക് പ്രത്യേകിച്ച് തീററ ആവശ്യമില്ല. ഇതിനാകട്ടെ പ്രത്യേകംതയ്യാറാക്കിയ തീററവേണം. മറെറാന്ന് തോട്, പാടം മുതലായവയുമായി ബന്ധമുള്ള കുളങ്ങളിൽ ഇത്തരം മൽസ്യങ്ങൾ വളർത്തുക പ്രയാസമാണ്. എങ്കിലും ഇതിനായി തെരഞ്ഞെടുത്ത 4000 കുളങ്ങളിൽ പുതിയ മൽസ്യകൃഷി വ്യാപിപ്പിക്കുവാനുള്ള പദ്ധതിക്ക് രൂപംകൊടുത്തുവരുന്നു. നമ്മുടെ ഗ്രാമത്തിൽ ഈ കൃഷി നടത്താൻ താല്പര്യമുള്ളവരും ധാരാളമായിട്ടുണ്ട്.

പട്ടിക V

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| മത്സ്യകൃഷിചെയ്യുവാൻ തല്പരർ | 45 | 59 | 39 | 178 | 53 | 71 | 51 | 72 | 49 | 83 | 46 |
| കുളങ്ങളുടെഎണ്ണം | 532 | 495 | 582 | 851 | 737 | 521 | 475 | 720 | 509 | 297 | 440 |

അവലംബം — കുടുംബസർവ്വേ 96

## മൃഗാശുപത്രി

കഞ്ഞിക്കുഴി പഞ്ചായത്തിൽ 4-ാംവാർഡിൽ ഒരു മൃഗാശുപത്രി ഈ അടുത്തകാലത്തായി സ്ഥാപിച്ചിട്ടുണ്ട്. അതിനുമുൻപുണ്ടായിരുന്ന ഐ. സി. ഡി. പി. സെൻററിൽ നിന്നാണ് കന്നുകാലി സംരക്ഷണാർത്ഥമുള്ള സഹായം ലഭിച്ചുകൊണ്ടിരുന്നത് മൃഗാശുപത്രി സ്ഥാപിച്ചതിനുശേഷം ഈ രംഗത്ത് ആവശ്യമായ സേവനങ്ങൾ ഇവിടെനിന്നും ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

കന്നുകാലിരോഗങ്ങൾ

പാലിന് വിലകുറവ്

കാലിത്തീററയുടേയും പുല്ല്, വൈക്കോൽ എന്നിവയുടേയും വിലക്കയററം

കന്നുകാലിരോഗത്തെ സംബന്ധിച്ച് കർഷകൻെറ അറിവില്ലായ്മ

സാമ്പത്തിക സാങ്കേതിക സഹായങ്ങളുടെ ലഭ്യതക്കുറവ്

മൃഗാശുപത്രിയുടെ അസൗകര്യങ്ങൾ

## നിർദ്ദേശങ്ങൾ

നല്ലയിനം പശു, ആട്, പന്നി എന്നിവയെ വാങ്ങുന്നതിനും കോഴി, മുയൽ, താറാവ് തുടങ്ങിയവയുടെ യൂണിററുകൾ തുടങ്ങുന്നതിനും കുറഞ്ഞ പലിശനിരക്കിൽ ലളിതമായ വ്യവസ്ഥയിൽ വായ്പകൾ ലഭ്യമാക്കുക.

2 കാലിത്തീററയുടേയും കോഴിത്തീററയുടേയും ഒരു മിനിപ്രൊജക്ട് പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.

3 ആടുമാടുകളെ വളർത്തുന്നതിനും നല്ല തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായിക്കുക

4 ബീജധാരണത്തിൻെറ ഇന്നത്തെ നിരക്ക് പകുതിയായി കുറക്കുക

5 കന്നുകാലി പരിചരണത്തെ സംബന്ധിച്ചും രോഗ പ്രതിരോധത്തെ സംബന്ധിച്ചും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

6 മുട്ട, കോഴിയിറച്ചി മററ് ഇറച്ചികൾ എന്നിവയുടെ സംഭരണത്തിനും വിപണനത്തിനും കൂട്ടുസംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക

7 ഗോബർഗ്യാസ് നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നൽകുക.

8 കാർഷിക രംഗത്തെ പ്രോത്സാഹനംപോലെ മൃഗപരിപാലന രംഗത്ത് നിൽക്കുന്നവരേയും പ്രോൽസാഹിപ്പിക്കുക

9 മൃഗാശുപത്രിയോടുചേർന്ന് ഒരു ലാബട്ടറി സ്ഥാപിക്കുകയും മററ് സൗകര്യങ്ങൾ ഏർപ്പെടുത്തുക

10 നൂതന മൽസ്യകൃഷിവ്യാപകമാക്കുമ്പോൾ മലിനീകരണം ഉണ്ടാകാതെ ശ്രദ്ധിക്കണം

11 പഞ്ചായത്തിൻെറ വടക്കുഭാഗം കേന്ദ്രമായി ഒരു I C D P കേന്ദ്രം എങ്കിലും സ്ഥാപിക്കണം

12 മൃഗാശുപത്രിയോടുചേർന്ന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുക



# വ്യവസായം

**''മാളികകളിൽ നിന്നൊന്നു നിങ്ങൾ
നീളെ ഞങ്ങളോടൊത്തിറങ്ങാമോ!''**

**വ്യാ**വസായികമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. അങ്ങനെയുള്ള ഒരു സംസ്ഥാനത്തിലെ ഒരു ഗ്രാമത്തിന്റെ സ്ഥിതി പറയേണ്ടതില്ലല്ലോ. വളരെ പ്രാചീന കാലംമുതൽ നമ്മുടെ പഞ്ചായത്തിൽ കയർ വ്യവസായമാണ് പ്രധാനമായുമുള്ളത്. ഈ വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്നവരാണ് നമ്മുടെ ജനതയിൽ ബഹുഭൂരിപക്ഷവും. കയറും കയറുല്പന്നങ്ങളും പാരമ്പര്യ രീതിയിൽ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഇടത്തരക്കാരാണ് ഇവിടെയുള്ളത്. കയർ വ്യവസായ രംഗത്തുപോലും ഒരു വൻകിട സ്ഥാപനം എന്നു പറയുവാൻ ഒന്നും തന്നെയില്ല. എന്നാൽ ഫിനിഷിംഗ് മേഖലയിൽ മാത്രമായി രണ്ടു സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നു. ഇവർ കയററുമതി രംഗത്തെ അറിയപ്പെടുന്നവരാണ്. ഇവരുടേതായ ഉല്പാദന കേന്ദ്രങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. മററു വൻവ്യവസായങ്ങൾക്കുള്ള എല്ലാ സാദ്ധ്യതകളും ഈ പഞ്ചായത്തിലുണ്ട്. ആവശ്യത്തിനു ഭൂമി, തൊഴിലാളികൾ, മററു വിഭവങ്ങൾ എല്ലാംതന്നെ സുലഭമാണ്. ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് താരതമ്യേന ഗതാഗത സൗകര്യം കൂടുതലുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. ആകെ ഒരു പ്രശ്നമായി തുടരുന്നത് ഊർജ്ജക്ഷാമം മാത്രമാണ്. അതു് ഒരു പൊതു പ്രതിഭാസമാണുതാനും. എന്നാൽ മററു മേഖലകളിൽനിന്നും വ്യത്യസ്തമായി ചുരുങ്ങിയ ചിലവിൽ ഇതിനു പരിഹാരം കാണത്തക്ക നിലയിൽ 110 K V ലൈൻ കടന്നുപോകുന്നതു് നമ്മുടെ ഗ്രാമത്തിൽക്കൂടിയാണ്. സർക്കാരിന്റേയും വ്യവസായികളുടേയും ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകുവാനുള്ള നടപടികൾ നാം കൈക്കൊള്ളണം.

ഇന്നു നമ്മുടെ ഗ്രാമത്തിൽ നിലനില്ക്കുന്ന പരമ്പരാഗത വ്യവസായമായ കയർ മേഖല ഇനിയും പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ ഗ്രാമവാസികളുടെ സാമൂഹ്യ–സാമ്പത്തിക മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തുവാൻ കയർ മേഖലക്കു കഴിയും. ആധുനികവൽക്കരണം പല മേഖലകളിലും കടന്നു വന്നു കഴിഞ്ഞു. എന്നിട്ടും ഇന്നും പാരമ്പര്യ രീതികളിൽ തന്നെ കയർ സംസ്ക്കരണ ഉല്പന്ന പ്രക്രിയ നടത്തുന്ന ഒരു മേഖല ഇതു മാത്രമാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇതര മേഖലയിലെ തൊഴിലാളികളെ അപേക്ഷിച്ച് കുറെക്കൂടി ഉയർന്നു ചിന്തിക്കുന്നവരാണ്. കഴിഞ്ഞ കാലങ്ങളിൽ രാജ്യത്തു് നടന്നിട്ടുള്ള സ്വാതന്ത്ര്യ സമരപ്പോരാട്ടങ്ങളിൽ കയർതൊഴിലാളികളുടെ പങ്ക് വിസ്മരിക്കാനാവാത്തതാണ്.

ആദ്യകാലങ്ങളിൽ വിദേശികളാണ് ഈ വ്യവസായം ആരംഭിച്ചതും വികസിപ്പിച്ചതും മുഹമ്മയിൽ വില്ല്യം ഗുഡേക്കർ എന്ന ഒരു വിദേശ കമ്പനി ഉണ്ടായിരുന്നു. ഈ ഫാക്ടറിയിൽ പഞ്ചായത്തിലെ നല്ലൊരു ശതമാനം തൊഴിലാളികൾ പണിയെടുത്തിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ കയർ ഫാക്ടറി വനസ്വർഗ്ഗംഎന്ന പ്രദേശത്തു് ശ്രീ. V. L. ജനാർദ്ദനൻ പിള്ള സ്ഥാപിച്ചതായിരുന്നു. ഈ ഫാക്ടറിയിൽ 100_ൽ പരം പേർ ജോലി ചെയ്തിരുന്നു. പിന്നീടു് ഈ രംഗത്തേയ്ക്കുവന്ന വൻകിട വ്യവസായി ആയിരുന്നു ശ്രീ. മായിത്തറ N. K. പത്മനാഭൻ. ഇദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ മായിത്തറയിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. നേരിട്ടു കയററുമതിയും നടത്തിയിരുന്നു. 300-ൽപരം തൊഴിലാളികൾ ഈ കമ്പനിയിൽ പണിയെടുത്തിരുന്നു. ഇപ്പോൾ ഈ രണ്ടു ഫാക്ടറികളും പ്രവർത്തിക്കുന്നില്ല, കൂടാതെ ചന്ദ്രാ കയർ ഫാക്ടറി, കല്പകാ കയർ ഫാക്ടറി എന്നിങ്ങനെയുള്ള കയർ ഫാക്ടറികൾ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. കല്പകാ കയർ ഫാക്ടറി ഇപ്പോഴും പ്രവർത്തിക്കുന്നു.

കയർ വ്യവസായത്തിനു മുൻതൂക്കമുള്ള നമ്മുടെ പഞ്ചായത്തിൽ ഏതാണ്ടു് 85_90 കാലയളവുകളിൽ ഒരു മാന്ദ്യം നേരിട്ടെങ്കിലും പിന്നീടു് ഈ രംഗത്തു് വൻ മുന്നേററമാണുണ്ടായിട്ടുള്ളതു്. ഈ മേഖലയിലേയ്ക്കു് കൂടുതൽ പേർ വ്യവസായികളായും തൊഴിലാളികളായും കടന്നുവരികയും വ്യവസായം വികേന്ദ്രീകരിക്കപ്പെടുകയും ചെയ്തു. ഇങ്ങനെയുള്ള മാററം ഇടത്തട്ടുകാരും കയററുമതിക്കാരും പരമാവധി മുതലാക്കിക്കൊണ്ടു് അക്ഷരാർത്ഥത്തിൽ തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണു് നിലനില്ക്കുന്നതു്. നമ്മുടെ ഗ്രാമത്തിലെ പ്രധാന തൊഴിൽ മേഖലയായ ഈ വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണാർത്ഥം പല പദ്ധതികൾക്കു് രൂപം കൊടുക്കുവാൻ സർക്കാരും കയർ ബോർഡും പരിശ്രമിച്ചിട്ടുണ്ടെങ്കിലും അന്തിമ വിജയം കാണാൻ കഴിഞ്ഞിട്ടില്ല.

ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളിക്കു് വേലയും കൂലിയും ഉറപ്പാക്കുന്നതിനായി രൂപീകരിക്കപ്പെട്ട കയർ കോർപ്പറേഷനും, കയർ ഫെഡിനും ഈ രംഗത്തു് വിശേഷിച്ചു് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിനേക്കാളുപരി ഈ രണ്ടു സ്ഥാപനങ്ങളിലേയും കെടുകാര്യസ്ഥത ഈ സ്ഥാപനങ്ങളേയും തൊഴിലാളികളേയും തകർച്ചയിലേയ്ക്കു നയിക്കുന്നതിനു തുല്യമാണു്. ഈ കുറവുകൾ പരിഹരിക്കുവാനുതകുന്ന ശാസ്ത്രീയമായ സമീപനം സർക്കാർതലത്തിൽ കൈക്കൊള്ളേണ്ടതുണ്ടു്.

സഹകരണ കയർഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു മാത്രമാണു് യഥാർത്ഥ കൂലിയും മററവകാശങ്ങളും ലഭിക്കുന്നതു്. അതുതന്നെ പലയിടങ്ങളിലും കയററുമതിക്കാരുടെ തന്ത്രപരമായ ഇടപെടലുകൾ മൂലം തകർച്ചയിലേയ്ക്കു പോകുന്ന അവസ്ഥയുമുണ്ടു്. ചെറുകിടമേഖലയിലാവട്ടെ പണിയെടുക്കുന്ന തൊഴിലാളികൾക്കു കൂലി പൊതുവേ കുറവാണെന്നു മാത്രമല്ല മററവകാശങ്ങളും നാമമാത്രമായാണു ലഭിക്കുക. ഇവിടങ്ങളിലെല്ലാം ഇടത്തട്ടുകാരും കയററുമതിക്കാരും വളരെ ആസൂത്രിതമായി ഇടപെടുന്നതു മൂലമാണു് ഇങ്ങനെ സംഭവിക്കുന്നതു്. അസംസ്കൃത വസ്തുക്കളും ഓർഡറുകളും കേന്ദ്രീകരിക്കുന്നതു് കയർ കയററുമതിക്കാരായ കുത്തകക്കാരുടെ കൈകളിലാണു് എന്നുള്ളതാണു് പ്രധാന വസ്തുത. ഈ മേഖല ഇന്നുകൂടുതൽ അസംഘടിതമായിക്കൊണ്ടിരിക്കുന്ന പരിതാപകരമായ സ്ഥിതിയുണ്ടു്. കയററുമതിക്കാരാകട്ടെ കൂടുതൽ സംഘടിതരുമാകുന്നുണ്ടു്. ചെറുകിട ഉല്പാദകരെ ഉപയോഗിച്ചാണു് ഈ ചൂഷണം കയററുമതിക്കാർ നടത്തുന്നതു്. അതുവഴി ചെറുകിടക്കാരേയും തൊഴിലാളികളേയും ഒരുമിച്ചു് ചൂഷണംചെയ്യുന്ന സ്ഥിതി ഇപ്പോൾ നിലനിൽക്കുന്നു.

ചെറുകിട ഉല്പാദകരുടെ പ്രശ്നങ്ങൾക്കും അതുവഴി തൊഴിലാളികൾക്കും ഗുണകരമാകത്തക്ക തരത്തിൽ കയർബോർഡു് കാലാകാലങ്ങളിൽ കൂടിയാലോചിച്ചു് നിശ്ചയിക്കുന്ന ക്രയവില നടപ്പാക്കൽ പദ്ധതി ഫലപ്രാപ്തിയിലെത്തുന്നില്ല. യഥാർത്ഥ വില ഉല്പാദകനു കിട്ടാത്ത സ്ഥിതിയാണു് നിലനിൽക്കുന്നതു്. ഇതിനു പരിഹാരം കാണുന്നതിനുള്ള ഒരു ശാസ്ത്രീയ സംവിധാനം നിലവിലില്ല. അതിനും കണ്ടെത്തിയേ തീരൂ. കയർഫാക്ടറി സർവ്വേയിൽനിന്നും നമുക്കു കിട്ടിയ വിവരങ്ങൾ ചുവടെ.

## പട്ടിക I

| വാർഡ് | തടുക്ക ഫാക്ടറി എണ്ണം | തറി എണ്ണം | പായ് ഫാക്ടറി എണ്ണം | തറി എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 32 | 108 | — | — | 128 |
| 2 | 26 | 112 | — | — | 130 |
| 3 | 41 | | 1 | 3 | 140 |
| 4 | 121 | 135 | 1 സൊസൈററി | 32 | 390 |
| 5 | 36 | 72 | 1 | 6 | 102 |
| 6 | 129 | 149 | — | — | 160 |
| 7 | 48 | 52 | — | — | 75 |
| 8 | 42 | 85 | — | — | 100 |
| 9 | 84 | | 4 | 12 | 141 |
| 10 | 70 | 191 | 1 | 5 | 211 |
| 11 | 43 | 107 | — | — | 120 |

ആശയം കുടുംബ സർവ്വേ 96

ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ 4 സഹകരണ സംഘങ്ങളുണ്ട്. അതിൽ ഏററവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത് കഞ്ഞിക്കുഴി കയർ മാററ്സ് & മാററിംഗ് സഹകരണ സംഘം A 745 ലാണ്. ഇതു് ഫാക്ടറി സഹകരണ സംഘമായാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതും, പ്രവർത്തിക്കുന്നതും അത്ഭുതപൂർവ്വമായ വളർച്ച ഈ സ്ഥാപനത്തിനു് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വളരെക്കുറച്ച് നാളുകളേ ആയിട്ടുള്ള ഈ സ്ഥാപനം ആരംഭിച്ചിട്ട്. തൊഴിലാളി ന്യായമായ കൂലിയും വേലയും ഉറപ്പാക്കി പ്രവർത്തിക്കുവാൻ കഴിയുന്നു. ഇതിന്റെ ആരംഭകാലം മുതൽ ഇപ്പോൾവരെ ശ്രീ. വി കെ. ശ്രീധരനാണ് പ്രസിഡന്റായി തുടരുന്നതു്.

മറെറാന്നു് ചെറുകിട ഉല്പാദകരുടെ സഹകരണ സംഘമായ ചെറുകിട ഉല്പാദക സഹകരണ സംഘം എ. 739 ആണ്. ഈ സ്ഥാപനത്തിലൂടെ വിതരണം നടത്തുന്ന ഓർഡറുകൾക്ക് യഥാർത്ഥ തറവില ആദ്യകാലത്തു് ലഭിക്കുമായിരുന്നു. എന്നാൽ നേരത്തെ സൂചിപ്പിച്ച ഇടത്തട്ടുകാർ രംഗത്തു കടന്നു കയറിയതോടെ ഇവിടെയും ഓർഡർ മതിയായ അളവിൽ ലഭ്യമല്ലാതായി. ചെറുകിട ഉല്പാദകരെ സംബന്ധിച്ച് ഒട്ടേറെ പരാതികൾ ഈ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നിലനില്ക്കുന്നു. ഇതിന്റെ ഇപ്പോഴത്തെ പ്രസിഡന്റു് ശ്രീ. പുരുഷോത്തമനാണ്.

കയർപിരി രംഗത്തു് പ്രവർത്തിക്കുന്ന ഒരു സംഘമാണ് കഞ്ഞിക്കുഴി കയർ വ്യവസായ സഹകരണ സംഘം നമ്പർ 341. ഇതിന്റെ പ്രവർത്തനം ഇടക്കാലത്തു് മന്ദീഭവിച്ച് കിടക്കുകയായിരുന്നു. തൊണ്ട്, ചകിരി ഇവയുടെ ദൗർലഭ്യം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മരവിക്കാൻ പ്രധാന കാരണമായി. ഈ അടുത്ത കാലത്തായി ഇറക്കുമതി ചെയ്യുന്ന ചകിരി ഉപയോഗിച്ച് കയർപിരി തുടങ്ങി പ്രവർത്തനം പുരോഗമിച്ചു വരുന്നു

ഫിനിഷിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന 3 സ്വകാര്യ ഫാക്ടറി ഈ പഞ്ചായത്തിലുണ്ട്.

ഷിയറിംഗ്, സ്റ്റെൻസിലിംഗ് തുടങ്ങിയവയാണ് അവ. സംഘടിതമായ ഒരുതൊഴിൽസംവിധാനമോ, കൂലി വ്യവസ്ഥയോ ഈ സ്ഥാപനങ്ങളിൽ ഇല്ല.

ചെറുകിട എഞ്ചിനീയറിംഗ്, കള്ളചെത്തു വ്യവസായം എന്നീ മേഖലകളാണ് വ്യവസായ പട്ടികയിൽ ഈ പഞ്ചായത്തിലുള്ളത്. അതിൽ കള്ളചെത്തു വ്യവസായം അധപതനത്തിന്റെ വക്കിലാണ്. തെങ്ങുരോഗം ഒരു പ്രധാന കാരണമാണ്. എഞ്ചിനീയറിംഗ് രംഗത്തു് സ്റ്റീൽ ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ട സ്വകാര്യ കോൺട്രാക്ട് കമ്പനികളാണ് രംഗത്തുള്ളതു്. ഈ വ്യവസായങ്ങളിൽ കൂടുതൽ തൊഴിലാളികളെ ഉൾക്കൊള്ളാനുമാവില്ല.

ഏതു മേഖലയിൽപ്പെട്ട വ്യവസായം ആരംഭിക്കുവാൻ മുതിർന്നാലും അവിടൊക്കെ നിരവധി പ്രശ്നങ്ങൾ നിലനില്ക്കുന്നു. വ്യവസായത്തിനാവശ്യമായ സാങ്കേതിക വിദ്യ, വ്യവസായം തുടങ്ങുന്നതിനാവശ്യമായ ഫണ്ടു്, അവ ലഭിക്കുന്നതിനാവശ്യമായ കാലതാമസം ഇതിനൊക്കെ പുറമെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെയും അഴിമതിയുടേയും മേഖലകൾ വ്യവസായ സംരംഭകരെ പിന്നോട്ടടിപ്പിക്കുന്ന ഘടകങ്ങളാണ്. മൂലധനം ലഭ്യമാക്കുന്നതിൽവരുന്ന കാലതാമസവും അതു് ലഭിക്കുന്നതിനാവശ്യമായ ദുർചെലവുകളും അശാസ്ത്രീയമായ നികുതി സമ്പ്രദായങ്ങളും വ്യവസായങ്ങളെ തകർച്ചയിലേയ്ക്കാണ് നയിക്കുക. ഇതരസംസ്ഥാനങ്ങൾ ഈ രംഗത്തു് നടത്തിക്കൊണ്ടിരിക്കുന്ന നവീകരണങ്ങൾ നമുക്കു് അവലംബിക്കാവുന്നതാണ്.

ഇന്നു് വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വ്യവസായ ആഫീസുകളൊക്കെ സുഗമമായ വ്യവസായ നടത്തിപ്പിനുള്ള നടപടികളായിരിക്കണം സ്വീകരിക്കേണ്ടതു്. ജില്ലാവ്യവസായകേന്ദ്രം ഉൾപ്പെടെ ഈ രംഗത്തുപ്രവർത്തിക്കുന്ന എല്ലാ സർക്കാരാഫീസുകളും വ്യവസായ സംരംഭകരുടെ ഒരത്താണിയായി മാറണം. വ്യവസായം ചെയ്യുവാൻതയ്യാറായി വരുന്നവർക്കും ആവശ്യമുള്ള പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുവാനും ഇത്തരം കേന്ദ്രങ്ങൾ ശ്രദ്ധിക്കണം.

വ്യ വ സാ യ ങ്ങൾ തുടങ്ങുന്നതിനാവശ്യമായ സ്ഥല സൗകര്യങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും വൈദ്യുതി ഒരു പ്രധാന പ്രശ്നംതന്നെയാണ്. ഈ പ്രശ്നത്തിൽ പഞ്ചായത്തുതലത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുക പ്രയാസമാണ്. ഇതു് ഒരു സംസ്ഥാനവിഷയംതന്നെയാണ്. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായ കുടുംബസർവ്വേയിൽനിന്നും ചില സൂചനകൾ ലഭ്യമായി. പരിശോധിക്കുക.

### പട്ടിക II

### ഇഷ്ടപ്പെടുന്ന ചെറുകിട വ്യവസായം

| വാർഡ് | കയർ | വസ്ത്ര നിർമ്മാണം | തീപ്പെട്ടി | കെട്ടിട നിർമ്മാണ സാമഗ്രികൾ | ചെറുകിട എഞ്ചിനീയറിംഗ് | ഫർണിച്ചർ | മസാലകൾ | അച്ചാറുകൾ | എണ്ണ വ്യവസായം | തഴപ്പായ് | പൗൾട്രി ഫാം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 377 | 13 | 23 | 23 | 3 | 33 | 29 | 54 | 6 | 2 | — |
| 2 | 229 | 9 | 3 | 15 | 3 | 25 | 3 | 10 | 4 | 2 | — |
| 3 | 238 | 14 | 2 | 4 | 10 | 21 | 10 | 11 | 4 | 3 | — |
| 4 | 329 | 14 | 3 | 9 | 5 | 10 | 1 | 7 | 5 | 1 | 1 |
| 5 | 162 | 22 | 5 | 21 | 17 | 9 | 11 | 14 | 10 | 5 | — |
| 6 | 146 | 19 | 28 | 11 | 2 | 17 | 9 | 9 | 4 | — | — |
| 7 | 257 | 34 | 9 | 24 | 3 | 22 | 2 | 12 | 7 | — | — |
| 8 | 150 | 6 | — | 6 | 10 | 8 | 3 | 2 | 2 | — | — |
| 9 | 264 | 25 | — | 3 | 4 | 19 | 2 | 3 | 2 | — | — |
| 10 | 240 | 3 | 4 | 32 | 25 | 26 | 11 | 5 | 15 | 6 | — |
| 11 | 230 | 32 | 6 | 7 | 10 | 12 | 14 | 9 | 3 | — | — |

ആശയം കുടുംബസർവ്വേ 96

നമ്മുടെ പഞ്ചായത്തിലെ ഭൗതികസാഹചര്യങ്ങൾക്കിണങ്ങുന്നവിധത്തിലുള്ള ചെറുകിട ഇടത്തരം വ്യവസായങ്ങളും, കുടിൽവ്യവസായങ്ങളും ആരംഭിക്കുവാൻ തയ്യാറുള്ള അനേകംപേരുണ്ട്. പക്ഷെ അവർക്കെല്ലാംതന്നെ പലവിധ സഹായങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ വ്യവസായം ആരംഭിക്കുവാൻ കഴിയൂ. അതിനാവശ്യമായ പദ്ധതികൾ നമുക്ക് ആസൂത്രണംചെയ്യുവാൻ കഴിയണം.

ചെറുകിട, ഇടത്തരം കുടിൽവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുമ്പോൾതന്നെ വൻകിട വ്യവസായങ്ങളെ സംബന്ധിച്ചും നാം ആലോചിക്കണം നമ്മുടെ പ്രദേശത്തിന്റെ പ്രത്യേകതകൾ, മലിനീകരണ വിമുക്തം തുടങ്ങിയ പ്രശ്നങ്ങൾ പരിഗണിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രേരണ സർക്കാരിലേയ്ക്ക് നൽകുവാൻ നമുക്ക് കഴിയണം.

## പ്രശ്നങ്ങൾ

- ഊർജ്ജ പ്രതിസന്ധി
- പഞ്ചായത്ത് ഒഴികെയുള്ള സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ലഭിക്കുവാനുള്ള കാലതാമസം
- സാങ്കേതിക വൈദഗ്ദ്യക്കുറവ്.
- പരമ്പരാഗത തൊഴിലാളികൾക്ക് അർഹമായ വേതനം ലഭിക്കുന്നില്ല.
- വ്യവസായ വകുപ്പിനുകീഴിലുള്ള ആഫീസുകളിൽനിന്നും യഥാസമയം സഹായം ലഭിക്കുന്നില്ല.
- വൻകിട വ്യവസായികൾ പഞ്ചായത്തിലേയ്ക്ക് കടന്നുവരുന്നില്ല.

## പരിഹാരങ്ങൾ

1 സഹകരണ മേഖലയിൽ കയർ ഫാക്ടറി സ്ഥാപിക്കുക

2 അസംസ്കൃത വസ്തുക്കളും ഓർഡറുകളും സർക്കാർ ഏജൻസിവഴിമാത്രം വിതരണം നടത്തുക.

3 ഉല്പന്നങ്ങൾ സഹകരണസംഘംവഴിമാത്രം കയറ്റുമതിക്കാർക്ക് ലഭ്യമാക്കുക.

4 രാജ്യ-രാജ്യാന്തര വിപണിയിൽ സഹകരണ സംഘം ഇടപെടുക.

5 ഈ രംഗത്തെ ഇടത്തട്ടുകാരെ ഒഴിവാക്കുക

6 ഫിനിഷിംഗ് മേഖലയിൽ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കുക

7 പ്രാഥമിക കയർ ഉല്പാദക വിപണന സഹകരണസംഘം രൂപീകരിക്കുക.

8 കയർപിരി രംഗത്ത് മെക്കാനിക്കൽ റാട്ട് പ്രചരിപ്പിക്കുക.

9 കയർ സംഘങ്ങളോടനുബന്ധിച്ച് തടുക്കുകളും പായ്കളും, റബ്ബറൈസ് ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുക

10 പുൽത്തടുക്കുകളും കയർ സംഘങ്ങളുടെ പരിധികളിൽ കൊണ്ടുവരിക.

11 പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ധാന്യപൊടി സംസ്കരണ വിപണനയൂണിറ്റ് സ്ഥാപിക്കുക.

12 നിർമ്മാണ മേഖലയിൽ ഒരു അയൽക്കൂട്ടം പോലെയുള്ള കൂട്ടനിർമ്മാണകേന്ദ്രം തുടങ്ങുക.

13 സോപ്പ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

14 തീപ്പെട്ടി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക ഇവ രണ്ടും നമ്മുടെ പഞ്ചായത്തിൽ വിററഴിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

15 റെഡിമെയ്ഡ്, കിററ്, ബലൂൺ, മെഴുകുതിരി, നോട്ടുബുക്ക് തുടങ്ങിയവ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനു് ഒരു വിവിധോദ്ദേശ്യ സഹകരണസംഘം രൂപീകരിക്കുക

16 ഓട്ടോകാസ്റ്റുമായി സഹകരിച്ച് ഒരു ഫെററിലിംഗ് യൂണിററ് സ്ഥാപിക്കുക

17 ചെറുകിട എഞ്ചിനീയറിംഗ് യൂണിററ് സ്ഥാപിക്കുക

18 ചിപ്സുകൾ, മിഠായി, ബേക്കറിഐററങ്ങൾക്കായി ഒരു കൂട്ടസംരംഭം ആരംഭിക്കുക.

19 ഇലക്ട്രോണിക് ചോക്കുനിർമ്മാണ യൂണിററ് പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥാപിക്കുക

വൻകിട വ്യവസായം ഒരു വൻ വിഷയംതന്നെയാണ്.
തൽക്കാലം നമ്മുടെ കൊച്ചു ഗ്രാമത്തിന്റെ
കൊച്ചു വ്യവസായങ്ങളെക്കുറിച്ചു ചിന്തിക്കാം.
അതിനായി കൂട്ടായ്മയിലൂടെ നമുക്കു പ്രയത്നിക്കാം.



# വിദ്യാഭ്യാസം

''കൊണ്ടുപോകില്ല ചോരൻമാർ, കൊടുക്കുന്തോറുമേറിടും
മേൻമനൽകും മരിച്ചാലും, വിദ്യതന്നെ മഹാധനം !''



ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിന്റെ തെക്കേ അറ്റം നാഷണൽ ഹൈവേക്ക് കിഴക്കു സ്ഥിതി ചെയ്യുന്ന കഞ്ഞിക്കുഴി എന്ന കൊച്ചുഗ്രാമത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിനു തുടക്കം കുറിക്കുന്നത് ആശാൻ കളരികളിലൂടെയാണ്. ശ്രീ. കേശവ ഗുരു, ശ്രീ. ഗോവിന്ദൻ നമ്പൂതിരി എന്നിവർ ആദ്യകാലത്തെ പ്രസിദ്ധരായ ആശാന്മാരായിരുന്നു. ഇവർ സംസ്കൃത പണ്ഡിതരുമായിരുന്നു. അറിവിന്റെ ആദ്യ അക്ഷരങ്ങൾ നാവിൽ കുറിച്ച് വിദ്യാഭ്യാസത്തിനു തുടക്കം കുറിക്കുമ്പോൾ തന്നെ അക്കജ്ഞാനവും, പുരാണ ഗ്രന്ഥങ്ങൾ വായിക്കുന്നതിനും പഠിപ്പിച്ചിരുന്നു. പനയോലയാണ് കടലാസിനു പകരം ഉപയോഗിച്ചിരുന്നത്. ഷഷ്ഠി സംഘക്കാരായി പഞ്ചായത്തിന്റെ വടക്കൻ ഭാഗങ്ങളിൽ അറിയപ്പെട്ടിരുന്നവരും ക്രിസ്തുമത പ്രചരണ സമിതികളുമാണ് ഇവിടെ ഔപചാരിക വിദ്യാഭ്യാസത്തിനു തുടക്കം കുറിക്കുന്നത്. ഈഴവരാദി പിന്നോക്കകാർക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലഘട്ടത്തിലാണ് അവർക്കായി മേൽ പറഞ്ഞ സമിതികൾ ആശാൻ കളരികൾ ആരംഭിക്കുന്നത്. ഇവർക്കു കരുത്ത് പകരുവാൻ സമൂഹത്തിലെ പുരോഗമന ചിന്താഗതിക്കാരും ഉണ്ടായിരുന്നു.

അയ്യപ്പഞ്ചേരി എൽ. പി. എസ്., എസ്. എൻ. വി. എൽ. പി. എസ്. ചെറുവാരണം, ലൂഥറൻ മിഷൻ എൽ. പി. എസ്. മുഹമ്മ എന്നീ മൂന്ന് എൽ. പി. സ്കൂളുകളും കുറ്റുവേലിയിലെ ഡി. വി. എച്ച്. എസ്. സ്കൂളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ 1,2,3,4 എന്നീ വാർഡുകളിലെ കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ആശ്രയിക്കുന്നത്. എസ്. എൽ. പുരം, ആര്യക്കര, മുഹമ്മ എന്നീ സ്ഥലങ്ങളിലുള്ള ഹൈസ്കൂളുകളെയാണ്. 9, 10 എന്നീ വാർഡുകളിലെ കുറച്ച് കുട്ടികൾ വിദ്യാഭ്യാസത്തിനു പോകുന്നത് കണ്ണങ്കര, തണ്ണീർമുക്കം ഹൈസ്കൂളിലാണ്. പഞ്ചായത്തിൽ കൂടി ശരിയായ രീതിയിൽ വാഹനഗതാഗതം ഇല്ലാത്തതിനാൽ ഈ പ്രദേശത്തെ കുട്ടികൾക്ക് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഡി. വി. എച്ച്. എസ്. ൽ പഠിക്കുവാൻ കഴിയാതെ വരുന്നത്.

### അയ്യപ്പഞ്ചേരി എൽ. പി. എസ്.

1888 ൽ ആരംഭിച്ച പഞ്ചായത്തിലെ ആദ്യത്തെ സ്കൂളാണിത്. ആരംഭകാലത്ത് ഈ സ്കൂളിൽ ഈഴവരാദി പിന്നോക്കക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. പഞ്ചായത്തിന്റെ അതിർത്തി പുനർനിർണ്ണയം ചെയ്തപ്പോൾ തണ്ണീർമുക്കം പഞ്ചായത്തിൽ നിന്നും ചെറുവാരണം കര ഈ പഞ്ചായത്തിനോടു ചേർത്തു. അങ്ങനെ ഈ സ്ക്കൂളും പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ വന്നു. ഈ വിദ്യാലയം സ്ഥാപിക്കുവാൻ മുൻ കൈ എടുത്തത് ചെറുവാരണം കരയിലെ നായർ കരയോഗം പ്രവർത്തകരായിരുന്നു. 23–7–1909 ൽ ഈ സ്കൂൾ ഗവൺമെന്റ് സ്കൂളായി. സർക്കാരിലേക്ക് സ്കൂൾ വിട്ടുകൊടുക്കുന്നതിൽ മുൻ കൈ എടുത്തവരിൽ പ്രധാനികളായിരുന്നു മോവന വീട്ടിൽ നാരായണൻ ശങ്കരൻ, നന്തുവള്ളിൽ നാരായണൻ കൃഷ്ണക്കുറുപ്പ്, കുറുപ്പമാ വീട്ടിൽ കുമാരൻ കുഞ്ചു, കുന്നത്താപറമ്പിൽ ഈശ്വരൻ കൃഷ്ണൻ, ചിറ്റേലാറ്റ്, ഗോവിന്ദൻ കേശവൻ എന്നിവർ. സ്കൂളിനു കാലപ്പഴക്കം വന്നപ്പോൾ കെട്ടിടങ്ങൾ പഠനയോഗ്യമല്ല എന്നു

അന്നത്തെ വിദ്യാഭ്യാസ വകുപ്പ് തീരുമാനിക്കുകയും, സ്കൂൾ നിർത്തൽ ചെയ്യാൻ ഉത്തരവുണ്ടാകുകയും ചെയ്തു. ജനകീയ പ്രോക്ഷോഭം ഉയർന്നു വന്നപ്പോൾ സർക്കാരിനു മാറി ചിന്തിക്കേണ്ടി വന്നു. ശ്രീ. കെ. കെ. കുമാരന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ഈ സ്കൂൾ കെട്ടിടത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി നടത്തി. നാട്ടുകാരിൽ നിന്നും സംഭാവന പിരിച്ചാണ് താൽക്കാലിക സ്കൂൾ കെട്ടിടം പുതുക്കിപ്പണിതു അങ്ങനെ സംരക്ഷിക്കപ്പെട്ട സ്കൂളാണിത്.

**ചെറുവാരണം എസ്. എൻ. വി. എൽ. പി. എസ്.**

ചെറുവാരണം പ്രദേശത്തുള്ള ഷഷ്ടി സംഘമാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ശ്രീനാരായണ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടി രൂപം കൊണ്ട സമിതിയാണിത്. വിദ്യ കൊണ്ട് പ്രബുദ്ധരാകുക എന്ന ശ്രീനാരായണ സന്ദേശമാണ് ഇവരെ ഇതിനു പ്രേരിപ്പിച്ചത്. തുടക്കത്തിൽ സ്വകാര്യ വിദ്യാലയമായാണ് പ്രവർത്തിച്ചത്. പിൽക്കാലത്ത് ഇത് നടത്തികൊണ്ട് പോകുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഈ സ്കൂൾ സർക്കാരിലേക്ക് വിട്ട് കൊടുത്ത്. പഞ്ചായത്തിലെ 7, 9, 10 എന്നീ വാർഡുകളിലെ കുട്ടികളുടെ പ്രൈമറി വിദ്യാഭ്യാസത്തിനു ഈ സ്കൂൾ സഹായകരമാണ്. പരിമിതികൾ കുറെ ഉണ്ടെങ്കിലും നന്നായി പ്രവർത്തിക്കുന്നുണ്ട്.

**ലൂഥറൻ എൽ. പി. എസ്.**

പഞ്ചായത്തിന്റെ തെക്കൻ ഭാഗത്തുള്ള കുട്ടികൾക്ക് ഏക ആശ്രയം ഈ സ്കൂളാണ്. ക്രിസ്തീയ മത പരിവർത്തനത്തിനു വിധേയരായവരിൽ പ്രമുഖനായ ക്രിസ്തുദാസ് ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്. അന്നും ഇന്നും ഇതൊരു സ്വകാര്യ വിദ്യാലയമാണ്. ഇന്ത്യൻ ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ചിന്റെ (ഐ. ഇ. എൽ. സി.) കീഴിലുള്ള സ്കൂൾ വിദ്യാഭ്യാസ സമിതിയാണ് ഈ സ്കൂൾ നിയന്ത്രിക്കുന്നത്. പഞ്ചായത്തിലെ 1, 2, 3, 4 എന്നീ വാർഡുകളിലെ കുട്ടികൾക്കുള്ള പ്രൈമറി വിദ്യാഭ്യാസത്തിനു ഇതല്ലാതെ മറ്റൊരാശ്രയമില്ല. അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനു ഈ പ്രദേശത്തുള്ളവർ ആശ്രയിക്കുന്നത് വളരെ അകലെയുള്ളതും പഞ്ചായത്തിനു പുറത്തുമുള്ള സ്കൂളുകളെയാണ്. ഈ സ്കൂൾ ഒരു യു. പി. സ്കൂൾ ആക്കി ഉയർത്തുന്നതിനുള്ള പരിശ്രമങ്ങൾ ഈ സ്കൂളിലെ പി. ടി. എ. കമ്മിറ്റി ഒരിക്കൽ ആരംഭിച്ചിരുന്നു. പക്ഷെ മാനേജ്മെന്റ് അനുകൂലമായ നിലപാട് എടുക്കാതിരുന്നതിനാൽ അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല. അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുക എന്നത് ഈ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു അനിവാര്യമാണ്. നിലവിലുള്ള സ്കൂൾ കെട്ടിടം അപകട സ്ഥിതിയിലാണ്. മതിയായ സ്റ്റാഫ് സംവിധാനം ഇല്ല. കുടിവെള്ളം ഇല്ല, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ അപര്യാപ്തവുമാണ്. മാനേജ്മെന്റ് ഇത്തരം കാര്യങ്ങളിൽ തികഞ്ഞ അനാസ്ഥയാണ് കാണിക്കുന്നത്. ഈ സ്കൂൾ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതാണ് അഭികാമ്യം.

**പട്ടിക 1**

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | ആകെ ഡിവിഷൻ | ആകെ മുറികൾ | ഇനി ആവശ്യമുള്ളവ | മൂത്രപ്പുരയുടെ എണ്ണം | ഒരേ സമയത്ത് ഉപയോഗിക്കുന്നവ | ആവശ്യമുള്ള ഉപകരണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച തസ്തിക | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര |
| അയ്യഷഞ്ചേരി എൽ. പി. എസ്. | 111 | 88 | 199 | 7 | 7 | — | 6 | 6 | 1 | 1 | 2 | 20 | 20 | 3 | 6 | 1 |
| ലൂഥറൻ മിഷൻ എൽ. പി. എസ്. | 169 | 144 | 313 | 9 | 9 | — | 9 | 7 | 2 | 1 | 15 | 1 | 53 | 9 | 5 | 3 |
| ചെറുവാരണം S. N. V. L. P. S. | 132 | 138 | 270 | 8 | 8 | — | 9 | 8 | 1 | 1 | 10 | 30 | 5 | 2 | 4 | 1 |

### ഡി. വി. എച്ച്. എസ്. കൂറ്റുവേലിൽ

പഞ്ചായത്തിലെ ഏക ഹൈസ്കൂളാണിത്. 1917 ൽ ഇതിന്റെ ആരംഭം കുറിച്ചു. വടക്കേടത്ത് മഠത്തിൽ ശ്രീ. രാമകർത്താവായിരുന്നു ഇതിന്റെ സ്ഥാപകനും മാനേജരും. ആദ്യം ഒരു ഓല കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1925 ൽ ഈ വിദ്യാലയത്തിനു സ്വന്തമായി കെട്ടിടം നിർമ്മിച്ചു. വിദ്യാഭ്യാസ ബില്ലിലൂടെ വന്ന പരിഷ്കാരത്തിന്റെ ഫലമായി അദ്ധ്യാപകർക്ക് ശമ്പളം കൂട്ടികൊടുക്കുവാൻ നിവർത്തിയില്ലാതിരുന്ന മാനേജർ ഈ വിദ്യാലയം സർക്കാരിനെ ഏല്പിച്ചു.

1975 വരെ ഇവിടെ അഞ്ചു ക്ലാസ്സ് വരെ മാത്രമേ ഉണ്ടായിരുന്നുള്ളു. 1979 ൽ ശ്രീ. ടി. കെ. പളനി പ്രസിഡന്റായുള്ള പഞ്ചായത്ത് കമ്മിറ്റി അധികാരത്തിൽ വന്നപ്പോൾ ഈ വിദ്യാലയത്തെ യു. പി. സ്കൂളായി ഉയർത്തുന്നതിനു തീരുമാനിച്ചു. ശ്രീ. ടി. കെ. പളനി കൺവീനറും വടക്കേടത്ത് ശ്രീ. വിശ്വനാഥകർത്താവ് സെക്രട്ടറിയും കമലാലയത്തിൽ ശ്രീ. എൻ. ദാമോദരൻനായർ ഖജാൻജിയുമായുള്ള ഒരു അപ്ഗ്രേഡിംഗ് കമ്മിറ്റിക്കു രൂപം കൊടുത്തു പ്രവർത്തനം ആരംഭിച്ചു. ഈ കമ്മിറ്റി സ്കൂളിനു വേണ്ടി മൂന്ന് ഏക്കർ സ്ഥലവും ഒരു പുതിയ കെട്ടിടവും നിർമ്മിച്ചു. ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുമ്പോൾ തന്നെ, ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തിൽ ഹൈസ്കൂൾ അനുവദിക്കും എന്ന് അന്നത്തെ സർക്കാരിൽ നിന്നും ഉത്തരവുണ്ടായി. എന്നാൽ ഒരേ വർഷം തന്നെ യൂ. പി. - ഹൈസ്കൂളാക്കുക ശ്രമകരം തന്നെയായിരുന്നു. കൈവന്ന സന്ദർഭം ഉപയോഗപ്പെടുത്തുന്നതിനു തന്നെ കമ്മിറ്റി തീരുമാനിച്ചു പ്രവർത്തനം മുന്നോട്ട് നീക്കി. തൊട്ടടുത്തുള്ള സ്കൂളുകളിൽ നിന്നും ടി. സി. വാങ്ങിയാണ് കുട്ടികളെ സംഘടിപ്പിച്ച് ഹൈസ്കൂളായി ഉയർത്തിയത്. ഇതിനാവശ്യമായ സ്ഥല സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനു അപ്ഗ്രേഡിംഗ് കമ്മിറ്റി അശ്രാന്ത പരിശ്രമം നടത്തി. ഈ സ്കൂളിനു അംഗീകാരം നേടിത്തരുന്നതിനു വേണ്ടി അന്നത്തെ എം. എൽ. എ. ശ്രീ. എ. വി. താമരാക്ഷൻ നടത്തിയ പരിശ്രമം ശ്ലാഘനീയമാണ്.

ഈ വിദ്യാലയത്തിൽ ഇപ്പോൾ 917 ആൺകുട്ടികളും 868 പെൺകുട്ടികളും ഉൾപ്പെടെ 1780 കുട്ടികൾ പഠിക്കുന്നുണ്ട്. 56 അദ്ധ്യാപകർ ഇവിടെ പഠിപ്പിക്കുന്നുണ്ട്. ഇപ്പോഴും ഈ സ്കൂളിനു പൂർണ്ണ തോതിൽ ആവശ്യമായ കെട്ടിടങ്ങൾ ഇല്ല. ആയതിനാൽ സെഷണൽ സംമ്പ്രദായം നിലനില്ക്കുന്നു. ഇനിയും 26 ക്ലാസ്സ് മുറികൾ കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക 2

| | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | ആകെ ഡിവിഷൻ | ആകെ മുറികൾ | ഇനി ആവശ്യമുള്ളത് | മൂത്രപ്പുരയുടെ എണ്ണം | ഒരേ സമയത്ത് ഉപയോഗിക്കാവുന്നവ | ഇനി ആവശ്യമുള്ളവ | ആവശ്യമുള്ള ഉപകരണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച തസ്തിക | നിലവിലുള്ളത് | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര |
| കൂറ്റുവേലി ഡി. വി. എച്ച്. എസ്. | 917 | 863 | 1780 | 57 | 56 | 43 | 26 | 26 | 2 | 6 | 4 | 150 | 150 | 20 | 20 | 3 |

പഠന നിലവാരത്തിലും കായികരംഗത്തും ഉന്നത നിലവാരം പുലർത്തുന്ന ഈ ഹൈസ്കൂളിനു ഇനിയും ഒട്ടേറെ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിനു വേണ്ട പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തേണ്ടത് പഞ്ചായത്തും സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടവ വേഗത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുറ്റമറ്റതാക്കി തീർക്കണം.

അക്കാദമിക സൗകര്യങ്ങൾ പൂർണ്ണമായും എല്ലാ സ്കൂളുകളിലും ഇല്ല എന്നു കാണാം. എന്നാൽ ഡി. വി. എച്ച്. എസ്. ൽ ഏറെക്കുറെ ഇതിനുള്ള സൗകര്യങ്ങൾ ഉണ്ട്. എങ്കിലും പൂർണ്ണതോതിൽ ആയിട്ടില്ല. ഉള്ളവ ഫലപ്രദമായി വിനിയോഗിക്കുവാൻ ഉള്ള ഒരു പരിശ്രമം ആവശ്യമാണ്.

പി. ടി. എ. കമ്മിറ്റികൾ എല്ലാ സ്കൂളുകളിലും നിലവിലുണ്ട്. മൂന്ന് സ്കൂളുകളിൽ ഇവ സജീവമാണ്. സ്കൂളുകളുടെ പൊതുവായ കാര്യങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിലും ഇടപെടുവാനുള്ള സന്നദ്ധത പി. ടി. എ. കമ്മിറ്റികൾ കാണിക്കണം. ഡി. വി. എച്ച്. എസ്. ലെ പി. ടി. എ. യുടെ പ്രവർത്തനം ഇക്കാര്യത്തിൽ മാതൃകാപരമാണ്. മഴക്കാലത്ത് സ്കൂൾ ഗ്രൗണ്ടിൽ വെള്ളം കെട്ടി നില്ക്കുന്ന സ്ഥലം മണ്ണിട്ട് നികത്തിയത്, യൂറിൻ ഷെഡ് പണിയുന്നതിനുള്ള

**പട്ടിക 3 അക്കാദമിക സൗകര്യങ്ങൾ**

| | ലാബ് | പ്രവർത്തിക്കുന്നത് | ലൈബ്രറി | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | മാതൃസംഗമം സജീവം | ക്ലാസ്സ് റൂം പി. ടി. എ. പ്രവർത്തിക്കുന്നു. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 1 | — | 2 | 2 | — | 1 | 1 | — | 1 | 1 | 1 | — | 41 | — | — |
| ഇല്ലാത്തത് | 3 | 4 | 2 | 2 | 4 | 3 | 3 | 4 | 3 | 3 | 3 | 4 | — | 4 | 4 |

പ്രവർത്തനങ്ങൾ, ഉച്ചക്കഞ്ഞിയുടെ നടത്തിപ്പിനു സഹായിക്കൽ എന്നീ പ്രവർത്തനങ്ങൾ, കഴിഞ്ഞ കാലങ്ങളിൽ ഈ കമ്മിറ്റി നടത്തിയതായി കാണാം. എന്നാൽ മാതൃസംഗമം കൃത്യമായി ഈ സ്കൂളിൽ നടക്കുന്നില്ല. ക്ലാസ്സ് റൂം പി. ടി. എ. കൾ സംഘടിപ്പിച്ചിട്ടില്ല. മറ്റ് സ്കൂളുകളിലെ പി. ടി. എ. കൾ ഇത്രയും ഫലപ്രദമല്ലെങ്കിലും ഏറെക്കുറെ സജീവമാണ്. എല്ലാ സ്കൂളുകളിലും മാതൃസംഗമങ്ങളും ക്ലാസ്സ് റൂം പി. ടി. എ. കളും സജീവമാക്കേണ്ടതുണ്ട്.

**കലാ–കായികരംഗം**

കായികരംഗത്ത് ഡി. വി. എച്ച്. എസ്. നു മാത്രമാണ് മികച്ച നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. തുടർച്ചയായി ഈ സ്കൂൾ ജില്ലാ ചാമ്പ്യന്മാരാണ്. സംസ്ഥാന തലത്തിലും ദേശീയതലത്തിലും നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കായികരംഗത്ത് ഈ സ്കൂളിൽ നിന്നും പരിശീലനം സിദ്ധിച്ച മുപ്പതോളം പേർക്ക് വിവിധ മേഖലകളിലായി സ്പോർട്ട്സ് ക്വാട്ടായിൽ ജോലി ലഭിച്ചിട്ടുണ്ട്. ഈ നേട്ടങ്ങൾ കൈവരിച്ചെങ്കിലും പരിശീലനത്തിനു അനുയോജ്യമായ ഗ്രൗണ്ടോ, പരിശീലന ഉപകരണങ്ങളോ ആവശ്യമായ പോഷകാഹാരമോ ഇല്ലാതെയാണ് ഈ സ്കൂളിലെ കുട്ടികൾ ഇത്രയും നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ജില്ലാതലത്തിൽ 20 ആണും 20 പെണ്ണും, സംസ്ഥാനതലത്തിൽ 2 ആണും 1 പെണ്ണും, ദേശീയാടിസ്ഥാനത്തിൽ 1 ആണും ഈ സ്കൂളിൽ നിന്നു വിജയികളായിട്ടുണ്ട്.

കലാരംഗത്ത് എല്ലാ സ്കൂളുകളും പിന്നിലാണ്. എന്നാൽ ഒട്ടേറെ പ്രതിഭകൾ ഈ രംഗത്തുണ്ട്. വളരെയധികം സാമ്പത്തിക ചെലവു വേണ്ടി വരുന്ന മേഖലയായതിനാൽ ഈ രംഗത്തുള്ള പ്രതിഭകളെ വളർത്തിയെടുക്കുന്നതിൽ രക്ഷാകർത്താക്കൾക്ക് കഴിയാതെ വരുന്നുണ്ട്. സ്കൂളുകൾക്കും ഇത് താങ്ങാവുന്നതല്ല. പഞ്ചായത്ത് തലത്തിൽ കൂടിയാലോചിച്ച് ഇതിനു ഒരു പരിഹാരം കാണേണ്ടതാണ്.

**അക്കാദമിക നിലവാരം**

ഡി. വി. എച്ച്. എസ്. ൽ മേൽ ചൂണ്ടിക്കാണിച്ച പരിമിതികൾ കുറെയുണ്ടെങ്കിലും എസ്. എസ്. എൽ. സി. വിജയശതമാനം ഒരു വർഷം മാത്രമേ 50% താഴെ വന്നിട്ടുള്ളു എന്നും കാണുവാൻ കഴിയും.

**പട്ടിക 4**

| | കുട്ടികളുടെ പൊതുനിലവാരം | | | | | | എസ്. എസ്. എൽ. സി. വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% മാർക്ക് | 30–40 | 40–50 | 50–60 | 60% മേൽ | 91–92 | 92–93 | 93–94 | 94–95 | 95–96 |
| 3 | 202 | 59 | 72 | 66 | 45 | 50 | | | | | |
| 4 | 318 | 23 | 52 | 65 | 81 | 97 | | | | | |
| 5 | 188 | 22 | 51 | 55 | 37 | 23 | | | | | |
| 6 | 213 | 28 | 52 | 60 | 48 | 25 | | | | | |
| 7 | 221 | 24 | 56 | 58 | 57 | 26 | | | | | |
| 8 | 290 | 60 | 67 | 65 | 72 | 26 | | | | | |
| 9 | 242 | 32 | 55 | 62 | 62 | 31 | | | | | |
| 10 | 213 | 30 | 50 | 64 | 44 | 25 | 60% | 55% | 49% | 63% | 58% |
| എസ്. എസ്. എൽ. സി. എഴുതിയ കുട്ടികൾ | | | | | | | 208 | 256 | 221 | 195 | 198 |

എസ്. എസ്. എൽ. സി. പരീക്ഷയിൽ വിജയിക്കുന്നവർക്ക് മുഴുവൻ കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നില്ല. എസ്. എസ്. എൽ. സി. പാസാകുന്ന പഞ്ചായത്തിലെ കുട്ടികൾ ഉപരി പഠനത്തിനായി തൊട്ടടുത്തുള്ള എസ്. എൻ. കോളേജിനെയും, സെന്റ് മൈക്കിൾസ് കോളേജിനെയും ആണ് ആശ്രയിക്കാറുള്ളത്. എന്നാൽ മുഴുവൻ കുട്ടികൾക്കും ഇവിടങ്ങളിൽ അഡ്മിഷൻ ലഭിക്കാറില്ല. ശേഷിച്ച കുട്ടികൾ സമീപത്തുള്ള പാരൽ കോളേജിലാണ് പഠനം പൂർത്തിയാക്കുന്നത്. നാമമാത്ര ശതമാനം ഇതോടെ പഠനം നിർത്തുന്ന സ്ഥിതിയും ഇല്ലാതില്ല. മറ്റ് ചിലരാകട്ടെ സാങ്കേതിക മേഖലയിലും പോകുന്നുണ്ട്.

**പട്ടിക 5**

| എൽ. പി., യൂപി., എച്ച്. എസ്., ആകെ കുട്ടികൾ 2562 | എൽ. പി. | | | യൂ. പി. | | | എച്ച്. എസ്. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| | 629 | 566 | 47.36 | 341 | 281 | 45.18 | 359 | 386 | 51.81 |

പെൺകുട്ടികൾ പഠന നിലവാരത്തിൽ ആൺകുട്ടികളെക്കാൾ മുന്നോക്കമാണ്. ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾ സ്വന്തം വീടുകളിൽ മാതാവിനെ സഹായിക്കുന്ന ചില ജോലികളും ചെയ്തതിനു ശേഷമാണ് വിദ്യാഭ്യാസത്തിനു സമയം കണ്ടെത്തുന്നത്. സ്കൂളുകളിൽ ഇവരുടെ സ്വകാര്യത സംരക്ഷിക്കുന്ന തരത്തിലുള്ള പ്രാഥമിക സൗകര്യങ്ങൾ അപര്യാപതമാണ്

**പട്ടികജാതി പട്ടികവർഗ്ഗം**

പൊതുവേ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ഇവർ വിമുഖരല്ല. തീരെ താഴ്ന്ന വരുമാനം ഉള്ളവരായാലും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതാണ് എന്നുള്ള ബോധം ഇവരിൽ ഉണ്ട്. സർക്കാർ പല സൗജന്യങ്ങളും ചെയ്യുന്നുണ്ടെങ്കിലും ആ സഹായങ്ങൾ മാത്രം വിദ്യാഭ്യാസത്തിനു മതിയാകുകയില്ല. തങ്ങളുടെ അദ്ധ്വാനത്തിന്റെ ഒരു ഭാഗം കൂടി വിദ്യാഭ്യാസ ആവശ്യാങ്ങൾക്കായി ഈ വിഭാഗം ചെലവാക്കേണ്ടിവരുന്നു. സാമ്പത്തിക പരാധീനത മൂലം ഉയർന്ന ക്ലാസ്സുകളിലേക്കുള്ള പഠനം പലപ്പോഴും സാധ്യമാകാതെ വരുന്നുണ്ട്. എന്നാൽ ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് കൊഴിഞ്ഞു പോക്ക് വളരെ കുറവാണ്.

**പട്ടിക 6**

| എൽ. പി. | | | യൂ. പി. | | | എച്ച്. എസ് | | |
|---|---|---|---|---|---|---|---|---|
| ആകെ | എസ്. സി./ എസ്. ടി | % | ആകെ | എസ്. സി./ എസ്. ടി | % | ആകെ | എസ്. സി./ എസ്. ടി | % |
| 1195 | 92 | 7.7 | 622 | 37 | 5.95 | 745 | 55 | 7.38 |

**പട്ടിക 7 പഠനം നിർത്തിയവർ**

| പട്ടികജാതി/പട്ടികവർഗ്ഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 5 | 1 | 6 | 13 | 8 | 21 |

സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ പഠനം നിർത്തുന്നവരുടെ എണ്ണം പഞ്ചായത്തിൽ പൊതുവെ കുറവാണ്. പഞ്ചായത്തിലെ മുഴുവൻ കുട്ടികളുടെയും വിവരം ലഭ്യമല്ല. കാരണം പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളിലും ഈ പഞ്ചായത്തിലെ കുട്ടികൾ പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം രക്ഷാകർത്താക്കളും തങ്ങളുടെ കുട്ടികളെ പൊതു വിദ്യാലയങ്ങളിൽ അയക്കുവാൻ താല്പര്യം കാണിക്കുന്നു. എന്നാൽ അപൂർവ്വം രക്ഷാകർത്താക്കൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും കുട്ടികളെ അയക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. അഞ്ച് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ആറ് പാരലൽ കോളേജും പ്രവർത്തിക്കുന്നുണ്ട് കൂടാതെ മൂന്ന് നഴ്സറി സ്കൂളുകളും 19 അംഗനവാടികളും പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു. ഈ വിദ്യാലയങ്ങളിൽ എല്ലാം കൂടി 450 ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രോത്സാഹനങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തുന്നുണ്ട്. കഴിഞ്ഞ 7 വർഷമായി വിദ്യാഭ്യാസത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഒന്നാം ക്ലാസ്സ് മുതൽ പോസ്റ്റ് ഗ്രാജുവേഷൻ വരെയുള്ള വിദ്യാർത്ഥികളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്കും എസ്. എസ്. എൽ. സി. ക്കു ഫസ്റ്റ് ക്ലാസ്സും, ഡിസ്റ്റിംഗ്ഷനും കിട്ടുന്ന കുട്ടികൾക്കും ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു വരുന്നു. ഓരോ കുട്ടിക്കും നൂറ് മുതൽ 650 വരെ തുക ഇതിനു വേണ്ടി പഞ്ചായത്ത് ചിലവാക്കുന്നു. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേകം നല്കുന്നതായി കാണുന്നില്ല. ആയതിനു വേണ്ട പ്രത്യേക പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യണം. താഴ്ന്ന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് പരിഹൃത ബോധനം നല്കുന്നതിനും ശ്രമിക്കണം.

അക്കാദമിക സൗകര്യങ്ങൾ ഒരു വിദ്യാലയത്തെ സംബന്ധിച്ചടുത്തോളം പരമ പ്രധാനമായ ഒന്നാണ്. വിരസത അനുഭവിക്കുന്ന കുട്ടികളെ ഉന്മേഷഭരിതരാക്കുവാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ വൃത്തിയും വലുപ്പവും ഉള്ള ബോർഡുകൾ ഫർണിച്ചറുകൾ എന്നിവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നമായി കണക്കാക്കപ്പെടുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ അക്കാദമിക സൗകര്യങ്ങളുടെ പട്ടിക നേരത്തെ കണ്ടുവല്ലോ.

ഹൈസ്കൂൾ തലത്തിലെ കുട്ടികളുടെ അക്കാദമിക സൗകര്യങ്ങൾ ഏറെക്കുറെ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ എൽ. പി. യൂ. പി. വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും ആകർഷകമാക്കുന്നതിനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അവരുടെ വളരുന്ന പ്രായത്തിനനുസരിച്ച് ബുദ്ധിയും വികസിക്കുന്നതിനു ഉതകുന്ന തരത്തിലുള്ള പഠന ക്രമീകരണങ്ങൾ നടത്തുന്നതിനു ഇന്നുള്ള സംവിധാനങ്ങളും സൗകര്യങ്ങളും അഴിച്ചു പണിയണം.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിനു നേതൃത്തം നല്കുന്ന നാല് ഗ്രന്ഥശാലകൾ പഞ്ചായത്തിലുണ്ട്. സാമൂഹിക ബോധവത്കരണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി ഇവർ ചർച്ചാക്ലാസ്സുകൾ നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ വടക്കൻ ഭാഗങ്ങളിലാണ് ഈ ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല പഞ്ചായത്തിൽ ഇല്ല.

1989 ൽ നടത്തിയ സാക്ഷരതാ പ്രവർത്തനം വളരെ നന്നായി നടത്തുവാൻ കഴിഞ്ഞ ഒരു പഞ്ചായത്താണ്. 8-4-1991 ൽ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിച്ചു. 95.2% നിരക്ഷരരെയും സാക്ഷരതരാക്കി.

പട്ടിക 9

| | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| ഏപ്രിൽ 8 -ന്റെ സർവ്വേ പ്രകാരം കണ്ടെത്തിയ നിരക്ഷരർ | 874 | 1977 | 2851 |
| പുനപരിശോധനയ്ക്കു ശേഷം കണ്ടെത്തിയ നിരക്ഷരർ | 664 | 1760 | 2424 |
| അർഹരായ പഠിതാക്കൾ | 398 | 1063 | 1461 |
| 60 വയസിൻ മേൽ പ്രായമുള്ളവർ | 6 | 72 | 78 |
| മൂല്യ നിർണ്ണയത്തിനു ഹാജരായവർ | 376 | 1015 | 1391 |
| 70% അധികം മാർക്ക് വാങ്ങിയവർ | 376 | 1015 | 1391 |
| ശതമാനം | 94.47 | 95.48 | 95.20 |

തുടർ സാക്ഷരതാ പ്രവർത്തനം ആരംഭിച്ചു എങ്കിലും അത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. പിൽക്കാലത്ത് വന്ന ഭരണമാറ്റം തുടർ സാക്ഷരതാ പ്രവർത്തനത്തിനു മങ്ങൾ ഏല്പിച്ചു. പഞ്ചായത്തിൽ രണ്ടു കേന്ദ്രങ്ങളിൽ കണ്ടൻസ് കോഴ്സുകൾ നടത്തുന്നുണ്ട് എന്ന് പറയുന്നു. സാക്ഷരതാ കോ-ഓർഡിനേറ്റർ ആയി നിയമിക്കപ്പെട്ടിരിക്കുന്നവർ അതിനനുസരണമായി ഒരു പ്രവൃത്തിയും ചെയ്യുന്നില്ല.

**പ്രശ്നങ്ങൾ**

മിക്ക സ്കൂളുകളിലും ഭൗതീക സാഹചര്യങ്ങൾ വേണ്ടത്ര ഇല്ല.
വിദ്യാലയങ്ങളിൽ പി. ടി. എ. ഫലപ്രദമല്ല
വിദ്യാലയങ്ങളിലെ വിരസത ഉളവാക്കുന്ന പഠന രീതി
അക്കാദമിക സൗകര്യങ്ങളുടെ കുറവ്

**നിർദ്ദേശങ്ങൾ**

1) പഞ്ചായത്ത് തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കരിയർ ഗൈഡൻസ് ബ്യൂറോ, എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സെന്റർ, കട്ടിംഗ് & ടൈലറിംഗ് സ്കൂൾ എന്നിവ സ്ഥാപിക്കുക.
2) വാർഡ് 1, 2, 3, 4, എന്നിവ കേന്ദ്രീകരിച്ച് ഒരു അപ്പർ പ്രൈമറി സ്കൂൾ ആരംഭിക്കുക.
3) 11 -ാം വാർഡിന്റെ പടിഞ്ഞാറു ഭാഗത്തും നാലാം വാർഡിന്റെ മദ്ധ്യഭാഗത്തും ഒന്നാം വാർഡിന്റെ കട്ടയിൽ ഭാഗത്തും ഓരോ അംഗനവാടികൾ സ്ഥാപിക്കുക.
4) അയ്യപ്പച്ചേരി എൽ. പി. എസ്., ഡി. വി. എച്ച്. എസ്. എന്നിവയോട് ചേർന്ന് പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കുക.
5) ടൂറിസം കാറ്ററിംഗ് എന്നിവയ്ക്കുള്ള ഉന്നത പരിശീലനം ലഭ്യമാക്കുക.
6) പഞ്ചായത്ത് തലത്തിൽ കുട്ടികൾക്കുള്ള യാത്രാ സൗകര്യം ലഭ്യമാക്കുക.
7) ഡി. വി. എച്ച്. എസ്. ൽ പ്ലസ്സ് ടു കോഴ്സുകൾ ആരംഭിക്കുക.
8) ഡി. വി. എച്ച്. എസ്. ലെ പ്ലേഗ്രൗണ്ട് ആധുനികവത്ക്കരിക്കുക.
9) എച്ച്. എസ്. നോട് അനുബന്ധിച്ചുള്ള എൽ. പി. വിഭാഗം ബൈഫർക്കേറ്റ് ചെയ്യുക.
10) ഡി. വി. എച്ച്. എസ്. നു ആവശ്യമായ കെട്ടിടങ്ങൾ പ്രാഥമിക സൗകര്യങ്ങൾ, ചുറ്റുമതിൽ, കുടിവെള്ള സൗകര്യം
എന്നിവ ഏർപ്പെടുത്തുക.
11) കൃഷിക്കായി മാത്രം ഒരു പീരിയിഡ് മാറ്റി വെയ്ക്കാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യുക.
12) പഞ്ചായത്ത് തലത്തിൽ കോളനി കേന്ദ്രീകരിച്ച് സൗജന്യ ട്യൂഷൻ സെന്ററുകൾ ആരംഭിക്കുക.
13) എല്ലാ സ്കൂളുകളിലും പി. ടി. എ. സജീവമാകുന്നതോടൊപ്പം മാതൃസംഗമങ്ങളും ക്ലാസ്സ് പി. ടി. എ. യും സംഘടിപ്പിക്കണം.
14) ട്യൂറ്റോറിയൽ കേന്ദ്രീകരിച്ചും പി. ടി. എ. നിർബന്ധമാക്കുക.
15) പാരലൽ കോളേജുകളിൽ നടക്കുന്ന വിശ്രമ രഹിതമായ പഠന രീതി ഒഴിവാക്കുക.
16) മുഹമ്മ ലൂഥറൻ എൽ. പി. എസ് യൂ. പി. എസ്. ആയി ഉയർത്തുക.



## പട്ടിക 8 ക്യാഷ് അവാർഡ്

| | 1991 | | | | 1992 | | | | 1993 | | | | 1994 | | | | 1995 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഒന്നാം സ്ഥാനം | | രണ്ടാം സ്ഥാനം | | ഒന്നാം സ്ഥാനം | | രണ്ടാം സ്ഥാനം | | ഒന്നാം സ്ഥാനം | | രണ്ടാം സ്ഥാനം | | ഒന്നാം സ്ഥാനം | | രണ്ടാം സ്ഥാനം | | ഒന്നാം സ്ഥാനം | | രണ്ടാം സ്ഥാനം | |
| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക | കുട്ടികളുടെ എണ്ണം | തുക |
| 1 | 10 | 500 | 1 | 25 | 9 | 450 | 1 | 25 | 3 | 225 | 2 | 100 | 15 | 1500 | 5 | 375 | 17 | 1700 | 5 | 375 |
| 2 | 4 | 300 | 3 | 150 | 4 | 300 | 1 | 50 | 1 | 100 | 3 | 225 | 1 | 100 | 2 | 150 | 2 | 200 | 1 | 75 |
| 3 | 1 | 100 | 1 | 50 | 1 | 100 | 1 | 50 | 1 | 100 | 1 | 75 | 1 | 100 | 1 | 75 | 1 | 100 | 1 | 75 |
| 4 | 1 | 100 | 1 | 50 | 1 | 100 | 1 | 50 | 1 | 125 | 1 | 75 | 1 | 150 | 1 | 100 | 1 | 150 | 1 | 100 |
| 5 | 1 | 150 | 1 | 100 | 1 | 150 | 1 | 100 | 1 | 150 | 1 | 100 | 1 | 200 | 1 | 150 | 1 | 200 | 1 | 150 |
| 6 | 1 | 150 | 1 | 100 | 1 | 150 | 1 | 100 | 1 | 175 | 1 | 125 | 1 | 250 | 1 | 200 | 1 | 250 | 1 | 200 |
| 7 | 1 | 150 | 1 | 100 | 1 | 150 | 1 | 100 | 1 | 175 | 1 | 25 | 1 | 300 | 1 | 250 | 1 | 300 | 1 | 250 |
| 8 | 1 | 200 | 1 | 150 | 1 | 200 | 1 | 150 | 1 | 200 | 1 | 150 | 1 | 350 | 2 | 500 | 1 | 350 | 2 | 500 |
| 9 | 1 | 200 | 1 | 150 | 1 | 200 | 1 | 150 | 1 | 200 | 1 | 150 | 3 | 1200 | 1 | 300 | 1 | 400 | 1 | 300 |
| 10 | 1 | 500 | 2 | 500 | 1 | 500 | 33 | 5050 | 1 | 500 | 26 | 5300 | 1 | 650 | 33 | 10150 | 1 | 650 | 46 | 14150 |
| പ്ലസ്സ് II | — | — | — | — | — | — | — | — | — | — | — | — | 1 | 300 | — | — | 1 | 450 | — | — |
| പി. ഡി. സി. I | 1 | 300 | — | — | 1 | 300 | — | — | 1 | 300 | — | — | 1 | 350 | — | — | 1 | 450 | — | — |
| പി. ഡി. സി. II | 1 | 300 | — | — | 1 | 300 | — | — | 1 | 300 | — | — | 1 | 350 | — | — | 1 | 450 | — | — |
| പി. ഡി. സി. III | 1 | 300 | — | — | 1 | 300 | — | — | 1 | 300 | — | — | 1 | 350 | — | — | 1 | 450 | — | — |
| പി. ഡി. സി. IV | 1 | 300 | — | — | 1 | 300 | — | — | 1 | 300 | — | — | — | — | — | — | 1 | 450 | — | — |
| ഡി. സി. കണക്ക് | 1 | 350 | — | — | — | — | — | — | 1 | 350 | — | — | — | — | — | — | 1 | 500 | — | — |
| ഫിസി ക്സ് | 1 | 350 | — | — | — | — | — | — | 1 | 350 | — | — | — | — | — | — | 1 | 500 | — | — |
| കെമി സ്ട്രി | 1 | 350 | — | — | — | — | — | — | 1 | 350 | — | — | — | — | — | — | 1 | 500 | — | — |
| സുവോ ളജി | 1 | 350 | — | — | — | — | — | — | 1 | 350 | — | — | — | — | — | — | 1 | 500 | — | — |
| മലയാളം | 1 | 350 | — | — | — | — | — | — | 1 | 350 | — | — | — | — | — | — | 1 | 500 | — | — |
| ഹിന്ദി | 1 | 350 | — | — | — | — | — | — | 1 | 350 | — | — | — | — | — | — | 1 | 50 | — | — |
| കോമേഴ്സ് | — | — | — | — | — | — | — | — | 1 | 350 | — | — | — | — | — | — | 1 | 50 | — | — |
| പി. ജി | 2 | 800 | — | — | — | — | — | — | 1 | 400 | — | — | — | — | — | — | 2 | 1100 | — | — |
| ആകെ | 34 | 6180 | 13 | 1375 | 25 | 3500 | 42 | 5825 | 24 | 6000 | 38 | 6300 | 30 | 6150 | 48 | 1250 | 41 | 10250 | 60 | 16175 |

45



# ആരോഗ്യം - കുടിവെള്ളം

"നാട്ടുകാരാവർത്തിച്ചു വീണ്ടുമാചോദ്യം - തീർന്നോ
നാട്ടിലീരോഗങ്ങൾക്കു് മരുന്നും വൈദ്യൻമാരും!"

**ആ**രോഗ്യത്തെപ്പറ്റി പറയുമ്പോൾ ആർക്കും ഓർമ്മവരുന്നത് രോഗവും ചികിത്സയുമാണ്. ജീവന്റെ തുടിപ്പുകളിലൂടെ പല പ്രവർത്തനങ്ങളും വന്ന മനുഷ്യൻ രോഗവും ചികിത്സയും എങ്ങനെ സ്വായത്തമാക്കി എന്നുകൂടി നാം അറിയണം പ്രാചീന ചികിത്സാരീതികളാണ് ആദ്യകാലത്തു നിലനിന്നിരുന്നത്.

അശോചക്രവർത്തിയുടെ ഭരണകാലത്ത് ധർമ്മ പ്രചരണാർത്ഥം അയച്ച ബുദ്ധ ഭിക്ഷുക്കളിലൂടെയാണ് ചികിത്സാരീതികൾക്ക് മാറ്റം കുറിച്ചത്. അഷ്ടാംഗ ഹൃദയത്തെ ആസ്പദമാക്കിയുള്ള ആയുർവേദചികിത്സ ബുദ്ധ ഭിക്ഷുക്കളായിരുന്നു പ്രചരിപ്പിച്ചത്. ഇവരിൽ നിന്നും ആയുർവേദവും ജ്യോതിഷവും കരസ്ഥമാക്കിയ ബ്രാഹ്മണർ ബുദ്ധഭിക്ഷുക്കളെ ഹിന്ദുമതത്തിലേക്കു പരിവർത്തനം നടത്തുന്നതിനു പ്രേരിപ്പിക്കുകയും, ആ പ്രേരണയ്ക്കു വിധേയമായി ബ്രാഹ്മണരായിത്തീർന്നവരാണ് അഷ്ടവൈദ്യന്മാർ എന്നറിയപ്പെടുന്ന മൂസതുമാർ. ഹിന്ദുക്കളാകാൻ വിസമ്മതിച്ചബൗദ്ധരായ ആയുർവ്വേദ പണ്ഡിതന്മാരാണ് പിൽക്കാലത്ത് നമ്മുടെ നാട്ടിൽ അറിയപ്പെട്ട പാരമ്പര്യ വൈദ്യന്മാർ. നമ്മുടെ ഗ്രാമത്തിലും ഇത്തരത്തിലുള്ള പാരമ്പര്യ വൈദ്യന്മാർ ഉണ്ടായിരുന്നു. ശാസ്ത്രം പുരോഗമിച്ചതോടെ പുത്തൻ ചികിത്സാരീതികൾ വന്നു തുടങ്ങി.

ഒരു മനുഷ്യന്റെ ആരോഗ്യം നിലനിർത്തുന്നതിൽ ബാഹ്യഘടകങ്ങൾക്കൊപ്പം പാരമ്പര്യമായി ആർജ്ജിക്കപ്പെടുന്ന ചില വസ്തുതകളും ഇല്ലാതില്ല. പക്ഷെ ജന്മനാ കൈവന്ന ആരോഗ്യം മയക്കുമരുന്നുകൾ, പുകയില, മദ്യം, പരിസ്ഥിതിക ചുറ്റുപാടുകൾ എന്നിവ മൂലം അപകടപ്പെടും. പാരമ്പര്യ ഗുണദോഷങ്ങളെ സംബന്ധിച്ച ആധികാരിക വിവരങ്ങൾ പുത്തൻ ശാസ്ത്രവിദ്യകളായ ജൈവ, ജനിതിക സാങ്കേതിക വിദ്യകളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ദോഷങ്ങളെ അകറ്റി നല്ലതിനെ സ്വീകരിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങളും ബോധവൽക്കരണപ്രവർത്തനങ്ങളും നാം തുടർന്നേറ്റെടുക്കണം.

നമ്മുടെ ഈകൊച്ചുഗ്രാമത്തിൽ ആരോഗ്യപരിരക്ഷയ്ക്കായുള്ള ചികിത്സയും മറ്റും നടത്തിയിരുന്നതും മേൽ പറഞ്ഞതു പോലെ ആയുർവേദം പഠിച്ച പാരമ്പര്യവൈദ്യന്മാരായിരുന്നു. അലോപ്പതി, ഹോമിയോ തുടങ്ങിയ ചികിത്സാരീതി നിലവിൽവന്നതോടെ 1953–ൽ സ്ഥാപിച്ച മുഹമ്മ P.H സെന്ററാണ് ആദ്യമായി കഞ്ഞിക്കുഴിയിലുണ്ടായ ആരോഗ്യകേന്ദ്രം 9–ാം വാർഡിലെ തുരുത്തിപ്പള്ളി കേന്ദ്രമായി മറ്റൊരു സ്ഥാപനവും ഉണ്ടായി. പഞ്ചായത്തിലാകെ നാലു ആയുർവേദ വൈദ്യശാലകളും, മൂന്നു അലോപ്പതി ഡിസ്പൻസറികളും നാലു ഹോമിയോ ഡിസ്പൻസറികളും സ്വകാര്യ ചികിത്സാകേന്ദ്രങ്ങളായുണ്ട്.

പഞ്ചായത്തിലെ മൂന്നാം വാർഡിൽ ചിറയിൽ വീട്ടിൽ പളനി മഞ്ഞപ്പിത്തത്തിനുള്ള നാട്ടു ചികിത്സ നടത്തുന്ന പേരുകേട്ടയാളാണ്. കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേയറ്റം വരെയുള്ളവർ ഇദ്ദേഹത്തിന്റെ ചികിത്സ തേടി എത്താറുണ്ട്. മെഡിക്കൽ കോളേജുകളിൽ നിന്നുപോലും ഡോക്ടറന്മാർ രോഗി

കളെ ഇങ്ങോട്ടയ്ക്കാറുണ്ട്. ഒട്ടനവധി ജീവൻ രക്ഷിക്കുവാൻ ഈ ചികിത്സാരീതി പ്രയോജനപ്പെട്ടിട്ടുണ്ട്. ഏതാണ്ട് 40 വർഷങ്ങൾക്കു മുമ്പ് ഒരു ലാട ഗുരുവിൽ നിന്നും വശമാക്കിയതാണീ ചികിത്സാ രീതി. ഈ വിദ്യ അദ്ദേഹത്തിന്റെ രണ്ടു മക്കൾക്കും പകർന്നു കൊടുത്തിട്ടുണ്ട് അവർ ചികിത്സിക്കുന്നുമുണ്ട്.

ആരോഗ്യരംഗത്ത് ഇന്നു നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഒരു കൃത്യമായ വിലയിരുത്തൽ അസാധ്യമാണ്. ശിശു മരണങ്ങൾ, ജനനിരക്ക്, മാതൃ മരണങ്ങൾ, പൊതു മരണ നിരക്ക് എന്നിവ കൃത്യമായി ശേഖരിച്ചെങ്കിൽ മാത്രമേ നൂറു ശതമാനം കൃത്യമെന്നു പറയാവുന്ന ഒരു അവലോകനം നടത്താൻ കഴിയും. മേൽപറഞ്ഞ വസ്തുതകളെല്ലാം തന്നെ പഞ്ചായത്തിൽ മാത്രമായി ഒതുങ്ങുന്നതല്ല. വിവിധ ആശുപത്രികളിലായി ചിതറിക്കിടക്കുന്ന ഒരു വസ്തുതയാണിത്. എങ്കിലും പഞ്ചായത്തിൽ നിന്നും ലഭ്യമായ പൊതുമരണനിരക്ക് മാത്രമേ പരിഗണിക്കാനാവു. അതു പ്രകാരം നോക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ മരണനിരക്ക് പരിശോധിച്ചാൽ പൊതു മരണ നിരക്ക് 3.7% എന്ന് കാണാം. കൃത്യമായിരിക്കണമെന്നില്ല. സംസ്ഥാന ശരാശരി 5.9 ആണ്. ജനനിരക്കിനെ സംബന്ധിച്ച കണക്ക് പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. കാരണം ഇന്നത്തെ ജനനങ്ങൾ നൂറു ശതമാനവും ആശുപത്രിയൽ വച്ചാണ്. അതുകൊണ്ട് തന്നെ അത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാറില്ല.

ജനനം മുതൽ പതിനാലുവയസ്സ് വരെയുള്ള കുട്ടികളുടെ സ്ത്രീ പുരുഷ അനുപാതം 983 നു 1000 എന്നായി കാണാം. അനുപാതത്തിലുണ്ടായിട്ടുള്ള ഈ അന്തരം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

**0 മുതൽ 14 വയസ്സ് വരെയുള്ളവരുടെ**
**വാർഡ് തിരിച്ചിട്ടുള്ള പട്ടിക 1**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 1 |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്ത്രീ | 156 | 297 | 254 | 232 | 221 | 183 | 185 | 282 | 221 | 64 | 203 | 156 |
| പു | 167 | 234 | 241 | 195 | 197 | 167 | 198 | 272 | 276 | 79 | 185 | 167 |

അവലംബം കുടുംബസർവ്വേ '96

പത്താം വാർഡിലെ കുട്ടികളുടെ വിവരശേഖരണം പൂർണമല്ലെന്നാണു കുടുബസർവ്വേ രേഖകളിൽ നിന്നും വ്യക്തമാക്കുന്നത്.

പിറന്നു വീഴുന്ന കുട്ടികളെ, എത്രതന്നെ ദാരിദ്ര്യം ഉണ്ടായാലും ഏറ്റവും നല്ല വിദ്യാഭ്യാസം നൽകുക എന്ന ആഗ്രഹം മാതാപിതാക്കളിൽ കണ്ടുവരുന്നു. പക്ഷെ അത് ആംഗലേയ വിദ്യാഭ്യാസമാണ് ശ്രേഷ്ഠമെന്ന തെറ്റായ ധാരണ പലരിലും കടന്നു കൂടിയിട്ടുണ്ട്. അംഗൻവാടികളിൽ അയച്ച് തങ്ങളുടെ കുട്ടികളെ പഠിപ്പിച്ചാൽ താണനിലവാരമുള്ളവരായിപ്പോകും എന്നു ചിന്തിക്കുന്നവരാണ് കൂടുതലും അംഗനവാടികളിൽ കുട്ടികളെ ഇപ്പോൾ അയക്കുന്നത് സാമ്പത്തികമായി ഏറ്റവും പിന്നിൽ നില്ക്കുന്നവരും, പകഗമതികളായവരുമാണ്. അംഗനവാടികളിലെ കുട്ടികളുടെ പോഷണഗുണങ്ങളെ സംബന്ധിച്ചുള്ള കണക്കു പരിശോധിക്കുക.

**പട്ടിക 2**

കുട്ടികളുടെ ആരോഗ്യപോഷണനില

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1-വയസ്സിനുതാഴെ | 101 | 89 | 34 | 34 | 7 | 7 |
| 1-3-വയസ്സ് | 178 | 176 | 98 | 79 | 42 | 44 |
| 3-6 വയസ്സ് | 186 | 164 | 100 | 79 | 34 | 30 |

1-ാം ഗ്രേഡ് ലഘുവായ പോക്ഷണക്കുറവുള്ളവർ
2-ാം ഗ്രേഡ് മിതമായ പോക്ഷണക്കുറവുള്ളവർ

രോഗം വന്നു ചികിത്സ നടത്തുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതല്ലേ ഭംഗി. നമ്മുടെ പ്രദേശത്ത് മുഖ്യമായും കണ്ടുവരുന്നത് പനി, ചുമ, ആസ്തമ, മന്തമ്പനി തുടങ്ങിയവയാണ്. മറ്റ് പല രോഗങ്ങളും ഇല്ല എന്നു അർത്ഥമാക്കേണ്ട. എയിഡ്സ് നമ്മുടെ പഞ്ചായത്തിൽ ഇതുവരെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ വൈദ്യശാസ്ത്രത്തിനു ചികിത്സിച്ചു ഭേദപ്പെടുത്താൻ കഴിയാത്ത രോഗങ്ങൾ പലതും അങ്ങിങ്ങായുണ്ട്. പഞ്ചായത്തിൽ ലഭ്യമായ വിവരങ്ങൾ വച്ചു പരിശോധിച്ചാൽ 1996 ൽ ക്യാൻസർ മരണങ്ങളായി 12-ഉം ഹാർട്ട് അറ്റാക്ക് മരണങ്ങളായി 8-ഉം റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്.

ഏതു പ്രായത്തിലുള്ളവർക്കും രോഗം പിടിപെട്ടാൽ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുക എന്നതാണു മനുഷ്യന്റെ ചിന്തയും അതാണാവശ്യവും വീട്ടു മുറ്റത്ത് ഒരാശുപത്രിയുണ്ടായിരുന്നെങ്കിൽ എന്നു ചിന്തിക്കുന്ന ചില സന്ദർഭങ്ങളെങ്കിലും നമുക്കുണ്ടായിട്ടുണ്ട്. ആഗ്രഹം കൊള്ളാമെങ്കിലും അസാദ്ധ്യമാണ്. പക്ഷെ ഒരു ഗ്രാമത്തിൽ ഒരു നല്ല ചികിത്സാകേന്ദ്രം ഉണ്ടാവണം എന്ന ചിന്തയെ, ആഗ്രഹത്തെ തള്ളിക്കളയാവുന്നതല്ല. അതിനുള്ള പരിശ്രമമാണാവശ്യം.

ചികിത്സാരംഗത്ത് ഇന്ന് ആധുനിക ശാസ്ത്രത്തിന്റെ നേട്ടങ്ങൾ അനവധി ഉപയോഗപ്പെടുത്തുന്നുണ്ട്. പക്ഷെ അതെല്ലാം തന്നെ സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അപ്രാപ്യം തന്നെ. നൂതനങ്ങളായതും ഫലപ്രദമായതുമായ ചികിത്സാരീതികൾക്കുള്ള സാമ്പത്തിക ചെലവ് താങ്ങാവുന്നതല്ല. ചികിത്സയും ഇന്നു വ്യവസായവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ തെറ്റില്ലല്ലോ. രോഗനിർണ്ണയവും ചികിത്സയും പുതിയ മേഖലകൾ തേടുമ്പോൾ പുത്തൻ

രോഗങ്ങളും ഉടലെടുത്തുവരുന്നു. ഇത് വൈദ്യശാസ്ത്രത്തിന് ഒരു വെല്ലുവിളിയാണ് ചികിത്സാരംഗം വ്യവസായമായി കാണുന്ന വിഭാഗത്തിന് ഇതും തങ്ങളുടെ ഒരു അസംസ്കൃത വസ്തുവായി മാത്രമേ പരിഗണിക്കൂ.

ജീവിതത്തിന്റെ വിവിധ മേഖലകളിൽ പുരോഗതി കൈവരിക്കുമ്പോൾ ആരോഗ്യപരിരക്ഷയിലും പുരോഗതി കൈവരിക്കുന്നത് സ്വാഭാവികമാണ്. നമ്മുടെ നല്ല ശീലങ്ങളേയും ഗുണങ്ങളേയും അവഗണിച്ചുകൊണ്ടുള്ള അനുകരണീയ സംസ്കാരം വളർത്തുക വഴി നമ്മുടെയിടയിലെ രോഗ, ചികിത്സരംഗങ്ങളിൽ ഗുരുതര സ്വാഭാവം കൈവരുന്നില്ലേ. അത്യന്തം സങ്കീർണ്ണങ്ങളായ ഈ മേഖലയിലെ പ്രശ്നങ്ങൾ നാം തന്നെ വരുത്തി വയ്ക്കുന്നതാണു പലതും. ശ്രദ്ധയും ബുദ്ധിയും ചേർന്നുള്ള ബോധവൽക്കരണ പ്രവർത്തനത്തിലൂടെ നമുക്കു കുറേയൊക്കെ മാറ്റിത്തീർക്കാൻ കഴിയും.

നമ്മുടെ ഗ്രാമത്തിലെ 5949 വീടുകളിൽ 3749 വീടുകളിലാണു കുടിവെള്ള സംരക്ഷണമുള്ളത്. ബാക്കി വരുന്ന വീടുകളിൽ ഗണ്യമായ ശതമാനം കുളങ്ങളെ ആശ്രയിച്ചാണ് കുടിവെള്ളം ഉപയോഗിക്കുന്നത്. പരിശുദ്ധം എന്ന വിശ്വാസം മാത്രമാണ് ഈ വെള്ളം ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനം. ശേഷിച്ച വിഭാഗം പൊതുടാപ്പുകളെ ആശ്രയിച്ചാണു ശുദ്ധജലം ഉപയോഗിക്കുന്നത്. കഞ്ഞിക്കുഴി പഞ്ചായത്തിൽ 5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു വാട്ടർ സപ്ലൈ സ്കീമിൽ നിന്നുള്ള 92 ടാപ്പുകളിൽ നിന്നാണ് ശുദ്ധജലം ലഭിക്കുന്നത്. പൊതുടാപ്പുകളുടെ സ്ഥിതി പലപ്പോഴും അതിദയനീയമാണ്. ഇതിലൂടെ വിതരണം ചെയ്യുന്ന വെള്ളം ആരും തന്നെ കുടിക്കുവാൻ ഉപയോഗിക്കുന്നില്ല എന്നതാണു യാഥാർത്ഥ്യം.

നമ്മുടെ ഗ്രാമത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിക്കു നമുക്കു രൂപം കൊടുക്കുവാൻ കഴിയണം. കുടുംബസർവ്വേയുമായി ബന്ധപ്പെട്ടു കിട്ടിയ കുടിവെള്ള സംരക്ഷണ സംവിധാനമുള്ളവരുടെ വിവരം ചുവടെ.

മലമൂത്രവിസർജ്ജന സൗകര്യങ്ങൾ ആരോഗ്യപരിരക്ഷയിൽ പരമപ്രധാനമാണ്. ഇക്കാര്യത്തിൽ ഭൂമിയും സമ്പത്തും ഉള്ളവർ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നു. സാദ്ധ്യതയില്ലാത്തർ മറ്റ് ഏജൻസികളെ സമീപിച്ചും സൗകര്യങ്ങളുണ്ടാക്കുന്നുണ്ട്. പക്ഷെ ആവശ്യക്കാരുടെ എണ്ണത്തിനൊത്തു കക്കൂസുകൾ നൽകുവാൻ പഞ്ചായത്തിനും സർക്കാരിനും കഴിയുന്നില്ല. അതുമൂലം സ്വന്തമായി കക്കൂസില്ലാത്ത വിഭാഗം തുറസ്സായ സ്ഥലത്തു വിസർജ്ജിക്കേണ്ട ഗതികേടിലാണ്. സമൂഹത്തിനാകെ ബാധിക്കുന്ന ദോഷവശം ഇതിലുണ്ടെന്നു നാം തിരിച്ചറിയണം. നാം നടത്തിയ സർവ്വേ പ്രകാരമുള്ള വിവരങ്ങൾ ഒന്നു പരിശോധിക്കുക. (പട്ടിക 4 കാണുക)

കുടിവെള്ളം കക്കൂസ് എന്നിവ ആരോഗ്യപ്രശ്നത്തിൽ ഒരു പ്രധാന ഘടകമായതിനാൽ സർക്കാർ കാലാകാലങ്ങളിൽ ഇതിനായി ചില പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ആവശ്യക്കാരുടെ എണ്ണത്തിനൊത്ത് ഇവ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണു നിലനിൽക്കുന്നത്. അനുദിനം ആവശ്യക്കാർ വർദ്ധിച്ചു വരുന്നതും ഒരു പ്രശ്നമാണ്. സർക്കാർ സഹായങ്ങൾക്കൊപ്പം നമ്മുടെ കൂട്ടായ പരിശ്രമവും ഉപയോഗിച്ചാൽ നല്ലൊരളവോളം ഈപ്രശ്നത്തിനു പരിഹാരം കാണാൻ കഴിയും.

വികസന ബ്ലോക്കുവഴിനടപ്പിലാക്കിയ കക്കൂസുകളുടെ വിശദവിവരം വാർഡു തിരിച്ചുള്ളത് താഴെ കൊടുക്കുന്നു. ഇതുവഴി നടപ്പിലാക്കിയ കിണറുകളുടെ വിവരം ലഭ്യമല്ല.

**പട്ടിക 5**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 12 | 9 | 11 | 5 | 14 | 6 | 5 | 8 | 10 | 17 | 2 |

അവലംബം ദ്വിതീയ വിരശേഖരണം

നാം ഒരോരുത്തരും നമ്മുടെ ചുറ്റുപാടുകളറിഞ്ഞുമറിയാതെയും മലിനപ്പെടുത്തുന്നു. തുറസായ സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യ

**പട്ടിക 3**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ വീട് | 598 | 596 | 626 | 590 | 482 | 475 | 406 | 659 | 604 | 434 | 478 | 5949 |
| കിണർ | 274 | 189 | 252 | 254 | 240 | 245 | 189 | 350 | 302 | 227 | 212 | 2734 |
| കുഴൽകിണർ | 62 | 56 | 142 | 53 | 113 | 41 | 31 | 112 | 42 | 17 | 90 | 759 |
| കിണർ ഇല്ലാത്തവർ | 262 | 351 | 232 | 283 | 130 | 189 | 126 | 197 | 260 | 190 | 176 | 2456 |

അവലംബം കുടുംബസർവ്വേ 96

പട്ടിക 4

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ വീട് | 598 | 596 | 626 | 590 | 483 | 475 | 406 | 659 | 604 | 434 | 478 |
| കക്കൂസ് ESP | 397 | 374 | 361 | 327 | 305 | 303 | 275 | 410 | 423 | 274 | 313 |
| സെപ്റ്റിക് ടാങ്ക് | 98 | 74 | 81 | 87 | 77 | 40 | 53 | 117 | 60 | 69 | 67 |
| കക്കൂസ് ഇല്ലാത്തവർ | 103 | 148 | 184 | 206 | 101 | 132 | 78 | 132 | 121 | 91 | 98 |

അവലംബം കുടുംബസർവ്വേ 96

ങ്ങൾ \അഴുക്കുജലം കെട്ടികിടന്നു കൊതുകു പെരുകുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കൽ ഇതെല്ലാം നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. 7000 ത്തോളം കുളങ്ങൾ നമ്മുടെ പഞ്ചായത്തിലാകെയുണ്ട്. ഇവയെല്ലാം തന്നെ കാലാകാലങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തുന്നില്ല. ദൈനംദിന ഉപയോഗത്തിലുള്ളവ മാത്രമാണു സംരക്ഷിക്കപ്പെടുന്നത്. വേനൽകാലമാകുന്നതോടെ നമ്മുടെ പൊതുതോടുകൾ വറ്റിവരണ്ടു പോകാറുണ്ട്. അവിടവിടെയായി തങ്ങിനില്ക്കുന്ന ജലവും മലിനമായി അവിടെനിന്നും രോഗവാഹകരായ കൊതുകുകൾ ജന്മം കൊള്ളുന്നു. എ. എസ്. കനാലിന്റെ ഓരങ്ങളിൽ കക്കൂസു സ്ഥാപിച്ചും തോട്ടിൽ പുല്ലുപിടിപ്പിച്ചും മലിനീകരണത്തിന്റെ തോതു വർദ്ധിപ്പിക്കുന്നു. ബോധപൂർവ്വം നാം പ്രവർത്തിച്ചാൽ ഈ കുറവു പരിഹരിക്കുവാൻ കഴിയും.

### പ്രാഥമികാരോഗ്യ കേന്ദ്രം.

പ്രാഥമികാരോഗ്യ കേന്ദ്രം എന്നാൽ ചികിത്സാ കേന്ദ്രം എന്ന തെറ്റായ ധാരണയാണ് നമുക്കാകെയുള്ളത്. ഈ കേന്ദ്രത്തിൽ നിന്നും കേവലം പ്രാഥമികമായതും ചെറിയതോതിലുള്ളതുമായ ചികിത്സ മാത്രമേ നാം പ്രതീക്ഷിക്കാവൂ. ഇത്തരം കേന്ദ്രങ്ങളിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സസ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ ജോലി നോക്കുന്നവർ അതിന്റെ പരിധിയിൽ വരുന്ന ഓരോ വീടുകളും സന്ദർശിച്ച് ആരോഗ്യം, കുടിവെള്ളം, കക്കൂസ്, എന്നിവയുടെ ഗുണദോഷങ്ങളെ സംബന്ധിച്ച് നമ്മളെ പറഞ്ഞു മനസ്സിലാക്കുകയും. രോഗങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ റിപ്പോർട്ടു ചെയ്യുകയും വേണം. എന്നാൽ ഈ പ്രവർത്തനം ഒറ്റ ഹെൽത്ത് ഇൻസ്പെക്ടർമാരും നടപ്പിലാക്കുന്നില്ല എന്നതാണു യാഥാർത്ഥ്യം. സാധാരണക്കാർക്കാകട്ടെ ഇതിനെ സംബന്ധിച്ചുള്ള വിശദമായ അറിവുകളും ഇല്ല. മുഹമ്മ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന കഞ്ഞിക്കുഴി പഞ്ചായത്തിലെ 1, 2, 3, 4, 5, വാർഡുകളിൽ ഇത്തരത്തിലുള്ള യാതൊരു പ്രവർത്തനവും നടക്കാറില്ല. കുടിവെള്ളം മലിനീകരിക്കുന്ന ചില പ്രവണതകൾ ചിലേടങ്ങളിലെങ്കിലും നടന്നിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പരാതികൾ നൽകിയാലും അതു പരിഹരിക്കുന്ന തരത്തിൽ ഉള്ള പ്രവർത്തനവും ഈ സെന്ററിൽ നിന്നും കൃത്യസമയത്തു നടത്താറില്ല.

തുരുത്തി പള്ളി കേന്ദ്രമായി പുതുതായി സ്ഥാപിച്ച പ്രാഥമികാരോഗ്യ കേന്ദ്രത്തിലും വീടുവീടാന്തരം നടന്നുള്ള ആരോഗ്യ സന്ദർശനം നടത്താറില്ല. എന്നാൽ മറ്റു ബോധവൽക്കരണ പ്രവർത്തനം ഇവിടെ നടക്കുന്നുണ്ട്. മഹിളാ സ്വസ്ത സംഘം യൂണിറ്റുകൾ രൂപീകരിച്ച് ആരോഗ്യ ബോധനക്ലാസ്സുകൾ നടത്തുന്നു. എയിഡ്സിനെ സംബന്ധിച്ചുള്ള സെമിനാർ, എല്ലാ വ്യാഴാഴ്ചയും ഗർഭിണികൾക്കുള്ള പ്രത്യേകം ചികിത്സ എന്നിവ ഈ കേന്ദ്രത്തിൽ നടത്തുന്നുണ്ട്. ദിവസവും ശരാശരി 140-നും 200-നും ഇടയിൽ ആൾക്കാർ ഇവിടെ ചികിത്സക്കായി എത്തുന്നു. അധികവും സ്ത്രീകളാണ്. പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ പനി, ചുമ, ആസ്തമ, സന്ധിവേദന തുടങ്ങിയവയാണ്.

### ഹോമിയോ ഡിസ്പെൻസറി

ദീർഘകാലമായി ഈ സ്ഥാപനം വാടകക്കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. അടുത്തകാലത്തായി രോഗികളെ കിടത്തി ചികിത്സിക്കാവുന്ന രൂപത്തിൽ സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതുവരെ കിടക്കകൾ അനുവദിക്കുന്നതിനോ ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുന്നതിനോ സർക്കാർ തയ്യാറായിട്ടില്ല. ഇതിനെ സംബന്ധിച്ച് പഞ്ചായത്തു കമ്മറ്റി പലതവണ സർക്കാരിലേക്കു നിശ്ചയങ്ങൾ അയച്ചിട്ടും പരിഗണിച്ചിട്ടില്ല. ഒരു ദിവസം ശരാശരി 150 ൽ പരം പേർ ഈ ആശുപത്രയിൽ ചികിത്സതേടി എത്താറുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളിലായി വിവിധ തരം രോഗചികിത്സക്കായി എത്തിയിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു. (പട്ടിക 6 കാണുക)

സ്ത്രീകളും കുട്ടികളുമാണ് ഈ കേന്ദ്രത്തിൽ കൂടതലായി എത്തുന്നത്. ഏറ്റവും അവസാനമായി 1996 നവംബർ മാസത്തിൽ ചികിത്സക്കെത്തിയവരുടെ വിവരം ചുവടെ. (പട്ടിക 7 കാണുക)

**പട്ടിക 6**

| വർഷം | ഔട്ട് പേഷ്യന്റ് | ത്വക്ക് രോഗം | വാത രോഗം | ശ്വാസകോശ രോഗം | മറ്റ് രോഗങ്ങൾ |
|---|---|---|---|---|---|
| 1992–93 | 40396 | 8% | 42% | 30% | 20% |
| 1993–94 | 45781 | 10% | 38% | 40% | 12% |
| 1994–95 | 46542 | 5% | 45% | 40% | 10% |
| 1995–96 | 51753 | 10% | 40% | 35% | 15% |

അവലംബം ദ്വിതീയ വിവരണശേഖരണം

**പട്ടിക 7**

| | പുതിയവർ | പഴയവർ | ആകെ |
|---|---|---|---|
| പുരുഷൻമാർ | 1117 | 1165 | 1282 |
| സ്ത്രീകൾ | 201 | 1675 | 1876 |
| കുട്ടികൾ | 172 | 1440 | 1612 |
| ആകെ | 490 | 4280 | 4770 |

അവലംബം ദ്വിതീയ വിവരണശേഖരണം

കഞ്ഞിക്കുഴി പഞ്ചായത്തിൽ ഒന്നാം വാർഡിൽ ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതു സംബന്ധിച്ച ആവശ്യത്തിനു ഏറെ കാലപ്പഴക്കം ഉണ്ട്. പഞ്ചായത്തു കമ്മറ്റിയുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി അനുവാദം ലഭിച്ചിട്ടുണ്ട്. അംഗീകൃത ലിസ്റ്റിൽപ്പെടുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ ആവശ്യമായ കെട്ടിടവും മറ്റും നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുകയോ മറ്റ് ക്രമീകരണങ്ങളോ ഏർപ്പെടുത്താൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല.

### പ്രശ്നങ്ങൾ

- എല്ലാ വാർഡുകളിലും കുടിവെള്ളം കക്കൂസ് എന്നിവ ഒരു പ്രശ്നം തന്നെ.
- വാട്ടർ അതോറിറ്റി വഴിയുള്ള ശുദ്ധജലവിതരണം ഗുണപ്രദമല്ല.
- ടാപ്പുകളുടെ തകരാറുകൾ മൂലം ധാരാളം വെള്ളം നഷ്ടപ്പെടുന്നു.
- ആധുനിക ചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിലോ സമീപ പ്രദേശങ്ങളിലോ ഇല്ല.
- സർക്കാർ കേന്ദ്രങ്ങളിൽനിന്നും സൗജന്യമരുന്നു വിതരണത്തിലെ അപര്യാപ്തത.

### പരിഹാരങ്ങൾ

1. ശുദ്ധജല വിതരണത്തിനായി മിനി പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കുക.
2. ESP കക്കൂസുകൾ മാറ്റി സെപ്റ്റിക് ടാങ്കുകൾ പണിയാനുള്ള പദ്ധതി നടപ്പിലാക്കുക.
3. കക്കൂസില്ലാത്ത മുഴുവൻ വീടുകളിലും കക്കൂസു സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾക്കു രൂപം നൽകുക.
4. പഞ്ചായത്ത് വക കുളങ്ങൾ, ജലാശയങ്ങൾ, കിണറുകൾ എന്നിവ കാലാകാലങ്ങളിൽ വെട്ടിവെടിപ്പാക്കുക.
5. കൊതുകുനശീകരണ പദ്ധതി നടപ്പിലാക്കുക.
6. എല്ലാ ഗ്രാമസഭകളിലും ആരോഗ്യബോധന ക്ലാസ്സുകൾ നടത്തുക.
7. വ്യവസായങ്ങൾ മൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം തടയാൻ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
8. പ്രധാന തിരക്കുള്ള സ്ഥലങ്ങളിൽ പൊതു മൂത്രപ്പുരകൾ സ്ഥാപിക്കുക.
9. പഞ്ചായത്തു വക പൊതുശ്മശാനം വൃത്തിയാക്കുക.
10. എ. എസ്. കനാലിലെ പുല്ലും പായലും നീക്കി മത്സ്യകൃഷി ആരംഭിക്കുക.
11. കുട്ടികൾക്കായുള്ള ആരോഗ്യ രക്ഷാകേന്ദ്രം സ്ഥാപിക്കുക.
12. സിദ്ധ വൈദ്യശാല സ്ഥാപിക്കുക.
13. സഹകരണാടിസ്ഥാനത്തിൽ ഒരു ആധുനിക ആശുപത്രി സ്ഥാപിക്കുക.
14. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ നടപടികൾ കൈക്കൊള്ളുക.



"ആരോഗ്യം ആശുപത്രിയുമായി ബന്ധപ്പെട്ടുമാത്രമല്ല, നമ്മുടെ ദിനചര്യ, ശീലങ്ങൾ, കുടിവെള്ളം, മലമൂത്ര വിസർജ്ജനസൗകര്യങ്ങൾ എന്നിവയുമായും ബന്ധപ്പെട്ടുനിൽക്കുന്നു. നല്ലൊരളവോളം നമുക്കു് സ്വയം പരിരക്ഷിക്കപ്പെടാൻ കഴിയുന്നതാണിതൊക്കെ. അതിനായി നാം പാകമായേതീരൂ!"



# ഊർജ്ജം, ഗതാഗതം, മാർക്കററു്

''ഇന്നലെ വെള്ളി പൂശുവാൻ വെളിച്ചങ്ങൾ
തന്നെന്നെ പുലർത്തിയ കർമ്മൈകപ്രകാശമേ!''

## ഊർജ്ജരംഗം

**കഞ്ഞിക്കുഴി** ഗ്രാമ പഞ്ചായത്തിലെ ഊർജ്ജാവശ്യം നിർവ്വഹിക്കുന്നതു് പ്രധാനമായും വിറകു്, വൈദ്യുതി എന്നിവ വഴിയാണു്. മണ്ണെണ്ണ, എൽ. പി. ഗ്യാസ്, ബയോ ഗ്യാസ്, എന്നിവ ഉപയോഗിച്ചും ഊർജ്ജാവശ്യങ്ങൾ പരിമിതമായ തോതിൽ നിർവ്വഹിച്ചുവരുന്നു.

ആകെയുള്ള വീടുകളിൽ 86 . 5 ശതമാനം വിറകുപയോഗിച്ചും 9 . 5 ശതമാനം മണ്ണെണ്ണയുപയോഗിച്ചും 3 . 5 ശതമാനം എൽ. പി. ഗ്യാസുപയോഗിച്ചും 0 . 5 ശതമാനം ബയോഗ്യാസുപയോഗിച്ചുമാണു് പാചകാവശ്യങ്ങൾ നിർവ്വഹിച്ചുവരുന്നതു്.

പാചകാവശ്യത്തിനുള്ള വിറകിന്റെ എൺപത്തിയഞ്ചു് ശതമാനം വിലയ്ക്കു വാങ്ങിയാണുപയോഗിക്കുന്നുവെന്നാണ് ഏകദേശ കണക്കുകൾ സൂചിപ്പിക്കുന്നതു്. ഒരു കിലോഗ്രാം വിറകിനു് 2 രൂപാ വിലവച്ചു് വിറകുപയോഗിച്ചു് പാചകം ചെയ്യുന്ന **5747** കുടുംബങ്ങളിലെ ഓരോ കുടുംബത്തിനും പ്രതിവർഷം **2520** രൂപാ വിറകിനായി ചെലവഴിക്കുന്നുണ്ടു്. ഒരു കുടുംബം പ്രതിദിനം 3 . 5 കിലോഗ്രാം വിറകു് പ്രതിദിനം ഉപയോഗിച്ചുവരുന്നതായി കാണാം. നിലവിലുപയോഗിച്ചുവരുന്ന വിറകടുപ്പുകൾവഴി ധാരാളം ഊർജ്ജം പാഴായിപ്പോകുന്നു. ദക്ഷത കൂടിയതും ഇന്ധനക്ഷമതയുള്ളതുമായപരിഷത്തടുപ്പുകൾ ഉപയോഗിച്ചാൽ വിറകുപഭോഗം കുറയ്ക്കുന്നതിനും കാര്യക്ഷമത മുപ്പതു് ശതമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.

| അടുപ്പിന്റെ സ്വഭാവം | — | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| സാധാരണ അടുപ്പ് | — | 5549 |
| എൽ. പി. ഗ്യാസ് | — | 202 |
| പരിഷത്തടുപ്പ് | — | 198 |

അവലംബം കുടുംബ സർവ്വേ - 96

## പ്രശ്നങ്ങൾ

1 ബഹുഭൂരിപക്ഷം വീടുകളിലും പാചകാവശ്യത്തിനുള്ള വിറക് പുറത്തുനിന്നാണ് വാങ്ങുന്നത്. വിറകിന്റെ അമിതമായ വിലവർദ്ധനവ് നാംക്ക നാം ഒരു പ്രശ്നമായി അവശേഷിക്കുന്നു.

2. ബഹുഭൂരിപക്ഷം വീടുകളിലും ഉപയോഗിക്കുന്ന അടുപ്പുകൾ ഇന്ധനക്ഷമത കുറഞ്ഞതും ആരോഗ്യത്തിന് ഹാനികരമാകുന്നവയുമാണ്.

3. ഗുണനിലവാരം കുറഞ്ഞ സ്റ്റൗകൾ ഉപയോഗിക്കുന്നതുമൂലം മണ്ണെണ്ണ ഉപയോഗിച്ച് പാചകാവശ്യങ്ങൾ നിർവ്വഹിക്കുന്ന വീട്ടുകാർക്ക് ധനനഷ്ടവും ഊർജ്ജ നഷ്ടവും സമയ നഷ്ടവും ഉണ്ടാകുന്നു.

## ഊർജ്ജ സംരക്ഷണ പരിപാടി

ഗാർഹിക-വാണിജ്യ-വ്യവസായിക മേഖലകളിൽ സാധാരണ വെളിച്ചത്തിനായി ഉപയോഗിച്ചുവരുന്നത് ഇൻകാൻഡസന്റ് ടങ്സ്റ്റൺ ഫിലമെന്റ് ബൾബുകളാണ്. ഇവയെക്കാൾ ഏറെ ദക്ഷത കൂടിയ "കോംപാക്ട് ഫ്ളൂറസന്റ് ലാമ്പു"കൾ (CFL) ഇന്ന് ലഭ്യമാണ്. ടങ്സ്റ്റൺ ബൾബുകൾക്ക് പകരം CFL ബൾബുകൾ ഉപയോഗിച്ചാൽ കൂടുതൽ ഊർജ്ജം നമുക്ക് ലാഭിക്കുവാൻ കഴിയും.

ഒരു 60 വാട്ട് ഇൻകാൻഡസന്റ് ബൾബിന് 700 ലൂമൻ വെളിച്ചം ലഭിക്കും. ശരാശരി ജീവിത ദൈർഘ്യം 1000 മണിക്കൂറുമാണ്. ഇത്തരം ഒരു ബൾബിന് ഏതാണ്ട് പത്തു രൂപ വിലവരും. 11 വാട്ടിന്റെ CFL ബൾബിന്റെ വെളിച്ചം 900 ലൂമനും ജീവിത ദൈർഘ്യം 8000 മണിക്കൂറുമാണ്. ബൾബിന് 100രൂപവിലവരും. ബല്ലാസ്റ്റിന് 250 രൂപയാകും. ബല്ലാസ്റ്റിന്റെ ജീവിത ദൈർഘ്യമാകട്ടെ 10 കൊല്ലമാണ്. ഒരു ഇൻകാൻഡസന്റ് ബൾബിന് പകരം ഒരു CFL ബൾബ് സ്ഥാപിച്ചാൽ 48 വാട്ട്സ് പീക് ലോഡിൽ ലാഭിക്കാം. ഒരു കിലോ വാട്ട് ലാഭിക്കാൻ 21 ബൾബുകൾ മാററണം. ഇതിനായുള്ള ചെലവ് 7350 രൂപയാണ്. 1 KW പുതുതായി ഉല്പാദിപ്പിക്കാൻ ഇന്നത്തെ നിലയിലുള്ള ചെലവ് 30,000 രൂപയാണെന്നു നാം ഓർക്കണം.

### ഉദാഹരണം പട്ടിക I

| മേഖല | നടപടി | ആകെ എണ്ണം | പീക് ലോഡ്ട്ടതാ ലാഭം KW |
|---|---|---|---|
| ഗാർഹികം | 60 W. ബൾബുകൾക്ക പകരം 11 W. CFL ബൾബുകൾ | 10500 | 500 K. W. |
| വാണിജ്യം | 60 W. ബൾബുകൾക്ക പകരം 11 W. CFL ബൾബുകൾ | 630 | 60 K. W. |
| വ്യാവസായികം | 60 W. ബൾബുകൾക്ക പകരം 11 W. CFL ബൾബുകൾ | 210 | 10 K. W. |
| | ആകെ | 11340 | 570 K. W. |

C F L ബൾബുകൾ അനെർട്ട് സബ്സിഡി നൽകി വിതരണം ചെയ്യുന്നുണ്ട്. കഞ്ഞിക്കുഴി ഗ്രാമത്തിലെ ഊർജ്ജ സംരക്ഷണ പരിപാടി അനെർട്ടുമായി സഹകരിച്ചുകൊണ്ട് സംഘടിപ്പിക്കാവുന്നതാണ്. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 11340 ബൾബുകൾ മാററി 11 C F L ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാകുന്നു.

## സാദ്ധ്യതകൾ

1 ഗ്രാമപഞ്ചായത്തിലെ എല്ലാ പുറമ്പോക്ക ഭൂമികളിലും ആലപ്പുഴ – ചേർത്തല തോടിന്റെ ഇരുവശങ്ങളിലും, വഴിയോരങ്ങളിലും, വേലികളുടെ അരികിലും വനംവകുപ്പിന്റെയും കൃഷിവകുപ്പിന്റെയും സഹായത്തോടെയും ജനപങ്കാളിത്തത്തോടും സഹകരണത്തോടും കൂടി വിറകാവശ്യത്തിനുള്ളവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക ഓരോ കുടുംബത്തിനും വിറകാവശ്യത്തിനുതകുമാറ് വനം – കൃഷിവകുപ്പുകളുടെ സഹായത്തോടെ സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്യുക. വിതരണം ചെയ്യുന്ന വൃക്ഷത്തൈകളിൽ കശുമാവ്, നാടൻമാവ്, പുളിമരം, തെങ്ങ് തുടങ്ങിയവയ്ക്ക് മുൻഗണന നൽകണം

2 നിലവിലുള്ള എല്ലാ ഇന്ധനക്ഷമത കുറഞ്ഞതും പുക കൂടിയതും ആരോഗ്യത്തിനു ഹാനികരമാകുന്നതുമായ അടുപ്പുകൾമാററി ഓരോവീട്ടിലും ഇന്ധനക്ഷമതകൂടിയ, പുകയേൽക്കാത്ത, ആരോഗ്യം സംരക്ഷിക്കുന്ന പരിഷത്തടുപ്പുകൾ സ്ഥാപിക്കുക.

വാർഡുതലത്തിൽ ഊർജ്ജ സമിതികൾ രൂപീകരിച്ചുകൊണ്ട് അവയുടെ നേതൃത്വത്തിൽ സമഗ്രമായൊരു അടുപ്പുസർവ്വേനടത്തി പരിഷത്തടുപ്പ് സ്ഥാപിക്കുന്നതിനുള്ള ഒരു കർമ്മപരിപാടി ആവിഷ്ക്കരിക്കുക. വനിതകളടക്കം 50 പേർക്ക് ഗ്രാമപഞ്ചായത്ത്തലത്തിൽ അടുപ്പ് സ്ഥാപിക്കുന്നതിന് പരിശീലനം കൊടുക്കുക. ഐ. ആർ. ഇ. പി. ഓഫീസുകൾ, കേരള ശാസ്ത്ര സാഹിത്യപരിഷത്ത് എന്നിവയുടെ സഹായത്തോടെ പരിശീലനം, സാധനസാമഗ്രികളുടെ ലഭ്യത, സബ്സിഡി എന്നിവ ഉറപ്പു വരുത്തുവാൻ കഴിയും. അടുത്ത അഞ്ചു വർഷംകൊണ്ട് ഗ്രാമപഞ്ചായത്തിൽ 2200 അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു തീവ്രശ്രമം നടത്തണം.

3 കാര്യക്ഷമതയുള്ളതും ഇന്ധനക്ഷമത കൂടിയതും ഊർജ്ജനഷ്ടം കുറയുന്നതുമായ സ്റ്റൗവുകൾ അനെർട്ടിന്റെ സബ്സിഡിയോടു കൂടിയും സഹായത്തോടെയും മണ്ണെണ്ണ ഉപയോഗിച്ച് പാചകംചെയ്യുന്ന എല്ലാ വീട്ടുകാർക്കും ലഭ്യമാക്കുന്നതിന് കഴിയണം.

4 രണ്ടോ അതിലധികമോ കന്നുകാലികളെ വളർത്തുന്ന മുഴുവൻ വീടുകളിലും ചെലവിന്റെ 80% സബ്സിഡി നൽകിക്കൊണ്ട് ഏററവും നൂതനവും കാര്യക്ഷമതയുള്ളതുമായ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

## വൈദ്യുതി

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ 5949 വീടുകളിൽ 3680 വീടുകളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 2769 വീടുകളിൽ മണ്ണെണ്ണയെ ആശ്രയിച്ചാണ് വെളിച്ചത്തിന്റെ ആവശ്യം നിർവ്വഹിക്കുന്നത്.

പഞ്ചായത്തിലെ വൈദ്യുതി ഉപഭോഗത്തിന്റെ 60 ശതമാനം ഗാർഹികവും 20 ശതമാനം വാണിജ്യവും 15 ശതമാനം വ്യാവസായികവും 5 ശതമാനം കാർഷികവുമാണ്.

ചേർത്തല 66 കെ. വി. സബ്സ്റ്റേഷനിൽ നിന്നും പാതിരപ്പള്ളി 66 കെ. വി. സബ്സ്റ്റേഷനിൽനിന്നുമാണ് പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്. കേരളാ സ്റേററ് ഇലക്ട്രിസിററി ബോർഡിന്റെ മുഹമ്മ, എസ്. എൽ. പുരം ഇലക്ട്രിക്കൽ മേജർ സെക്ഷനുകളും തണ്ണീർമുക്കം സെക്ഷനുമാണ് പഞ്ചായത്തു പ്രദേശത്ത് വൈദ്യുതിവിതരണവുമായി ബന്ധപ്പെട്ട ഓഫീസുകൾ.

## വൈദ്യുതി ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ

| | | മുഹമ്മ | എസ്. എൽ. പുരം | തണ്ണീർമുക്കം | മൊത്തം |
|---|---|---|---|---|---|
| എ. | ഗാർഹികം | 980 | 2200 | 500 | 3680 |
| ബി. | വാണിജ്യം | 96 | 237 | 34 | 367 |
| സി. | വ്യാവസായികം | 21 | 28 | 2 | 51 |
| ഡി. | കാർഷികം | 30 | 57 | 15 | 102 |
| | ആകെ | 1127 | 2522 | 551 | 4100 |

അവലംബം – ദ്വിതീയ വിവരശേഖരം

## പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എൽ. ററി. ട്രാൻസ്ഫോർമറുകളെ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | കപ്പാസിററി | | സ്ഥാപിച്ചിരിക്കുന്ന സ്ഥലം | വാർഡ് | ഇലക്ട്രിസിററിഓഫീസ് |
|---|---|---|---|---|---|
| 1 | 63 | കെ. വി. എ. | ബ്യൂബോണ്ട് | VII | മുഹമ്മ |
| 2 | 100 | ,, | പുത്തനമ്പലം | VII | ,, |
| 3 | 100 | ,, | പാന്തേഴം | II | ,, |
| 4 | 100 | ,, | മംഗളാപുരം | I | ,, |
| 5 | 100 | ,, | അയ്യപ്പഞ്ചേരി | IX | തണ്ണീർമുക്കം |
| 6 | 100 | ,, | പൊന്നിട്ടുശ്ശേരി | I | എസ്സ്. എൽ. പുരം |
| 7 | 100 | ,, | വനസ്വർഗ്ഗം | I | ,, |
| 8 | 160 | ,, | എസ്സ്. എൽ. പുരം നമ്പർ I | I | ,, |
| 9 | 160 | ,, | എസ്സ്. എൽ. പുരം നമ്പർ II | III | ,, |
| 10 | 100 | ,, | തയ്യിൽ | III | ,, |
| 11 | 100 | ,, | ആയിരംതൈ | III | ,, |
| 12 | 100 | ,, | കളത്തിവീട് | VI | ,, |
| 13 | 160 | ,, | എസ്. പി. കാസ്ററ് | XI | ,, |
| 14 | 100 | ,, | കുററുവേലി | VIII | ,, |
| 15 | 100 | ,, | കടിലുങ്കൽ | VIII | ,, |

അവലംബം – ദ്വിതീയ വിവരശേഖരം

പഞ്ചായത്തിലെ തെരുവുവിളക്കുകളിൽ നാല്പതു വാട്ട് ബൾബുകൾ 225 എണ്ണവും 40 വാട്ട് ട്യൂബുകൾ 30 എണ്ണവുമാണ്. പ്രതിമാസം 2682 രൂപയാണ് ഗ്രാമപഞ്ചായത്ത് തെരുവു വിളക്കിനുവേണ്ടി ഒടുക്കുന്നതും.

## പ്രശ്നങ്ങൾ

1 വൈദ്യുതി ലൈനുകളിലെ അററകുററപ്പണികൾ കാര്യക്ഷമതയോടെ നടത്താതിരിക്കുക.

2 തെരുവുവിളക്കുകൾ ഭൂരിഭാഗവും കത്തുന്നില്ല.

3 മീററർ റീഡിംഗ് കൃത്യമായി എടുക്കാതിരിക്കുക.

4 കേടായ വൈദ്യുതി മീററുകൾ യഥാസമയം മാററിവയ്ക്കാതിരിക്കുക

5 പുതിയ കണക്ഷൻ ലഭിക്കുവാനുള്ള കാലതാമസം.

6 വോൾട്ടേജ് കുറവുമൂലമുള്ള പ്രശ്നങ്ങൾ

7 വൈദ്യുതിലൈനിനോട് മുട്ടിനിൽക്കുന്ന മരച്ചില്ലകൾ യഥാസമയം വെട്ടാതിരിക്കുന്നതു മൂലമുള്ള പ്രശ്നങ്ങൾ

8 പഴകിയതും ദ്രവിച്ചതും അപകടം ഉണ്ടാക്കുവാൻ ഇടയുള്ളതുമായ വൈദ്യുതി ലൈനുകളിലെ സാധനസാമഗ്രികൾ മാററി സ്ഥാപിക്കാതിരിക്കുന്നതിലുള്ള പ്രശ്നങ്ങൾ

9 കറൻറ് ചാർജ് അടക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

10 പവർകട്ടും ലോഡ്ഷെഡിംഗും കൂടാതെയുള്ള അപ്രഖ്യാപിത പവർകട്ടുകളുംമൂലമുള്ള പ്രശ്നങ്ങൾ.

## സാദ്ധ്യതകൾ

1 വൈദ്യുതി സെക്ഷനുകളും പഞ്ചായത്തും സംയുക്തമായി സഹകരിച്ചുകൊണ്ടുള്ള ഒരു സമഗ്ര വൈദ്യുതി സർവ്വേ നടത്തുകയും വീടുകളിലെ കണക്റററഡ് ലോഡ് നിർണ്ണയം നടത്തുകയും ചെയ്യുക

2 സ്ട്രീററ് ലൈററുകൾ (തെരുവുവിളക്കുകൾ) കാര്യക്ഷമമാക്കുന്നതിനായി ഫിററിംഗ്സുകൾ ശരിയാംവണ്ണം ഉറപ്പിക്കുക. യഥാസമയം ഫ്യൂസായ ബൾബുകൾ മാററി സ്ഥാപിക്കുക.

3 അപകടാവസ്ഥയിലുള്ളതും കേടായതും ദ്രവിച്ചതുമായ ഇലക്ട്രിക് പോസ്ററുകൾ മാററി സ്ഥാപിക്കുക

4 പഴകിയതും ദ്രവിച്ചതും അപകടം ഉണ്ടാക്കുവാൻ ഇടയുള്ളതുമായ വൈദ്യുതിലൈനുകളിലെ സാധനസാമഗ്രികൾ(ഉദാ: ക്രോസാം, പിൻ, സ്റ്റേ ഇൻസുലേററുകൾ, ഷാക്കിൾ, സ്റ്റേ വയർ, കമ്പികൾ, ഫ്യൂസുകൾ, കേബിളുകൾ)എന്നിവ മാററി സ്ഥാപിക്കുക

5 എ. ബി. സ്വിച്ചുകൾ, ജമ്പറുകൾ എന്നിവയുടെ കാര്യക്ഷമത ഉറപ്പാക്കുക.

6 താഴ്ന്നുകിടക്കുന്നതും പൊട്ടിവീഴാൻ സാദ്ധ്യതയുള്ളതുമായ ലൈനുകൾ പരിശോധിക്കുകയും അപകടരഹിതമായ സംവിധാനം ഉടനടിചെയ്യുവാൻ അടിയന്തിര നടപടിയെടുക്കുക

7 ബ്രാഞ്ച് ലൈനുകൾക്ക് നിർബന്ധമായും സെക്ഷൻ ഫ്യൂസുകൾ വയ്ക്കുക

8 കേടായ വൈദ്യുതി മീററുകൾ മാററി സ്ഥാപിക്കുക

9 അധികഭാരം താങ്ങുന്ന എൽ. ജി. ട്രാൻസ്ഫോർമറുകൾ മാററി കണക്ടറേറഡ് ലോഡിനെ ആസ്പദമാക്കിയുള്ള കപ്പാസിററിയുള്ള ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക. (ഗ്രാമപഞ്ചായത്തിൽ പുതിയതായി സ്ഥാപിക്കേണ്ട ട്രാൻസ്ഫോർമറുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധപട്ടികയായി കൊടുത്തിരിക്കുന്നു)

10 പ്രേഷണ-വിതരണ നഷ്ടം കുറയ്ക്കുവാൻ വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാററുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളുക. വൈദ്യുതി സെക്ഷനാഫീസുകൾ ഗ്രാമപഞ്ചായത്തിൻെറ സഹായത്തോടെ ഊർജ്ജസംരക്ഷണത്തിൻെറയും ഊർജ്ജാസൂത്രണത്തിൻെറയും ആദ്യപടിയായി ചെയ്യേണ്ടതാണിത്.

11 വൈദ്യുതിബോർഡ്ഡ് ആവിഷ്ക്കരിച്ച് നട പ്പിലാക്കിവരുന്ന ദ്വൈമാസ റീഡിംഗ്ഗും ബി ല്ലിംഗ്ഗും സംവിധാനം ഗ്രാമപഞ്ചായത്തുകളു മായി ബന്ധപ്പെട്ടിട്ടുള്ള സെക്ഷനുകളിൽ ഏർ പ്പെടുത്തുക

12 തണ്ണീർമുക്കം സെക്ഷന കീഴിൽ അയ്യപ്പഞ്ചേ രിയിലും മുഹമ്മ മേജർ സെക്ഷന കീഴിൽ പുത്തനമ്പലം കേന്ദ്രമായും എസ്. എൽ. പുരം സെക്ഷന കീഴിൽ മായിത്തറ കേന്ദ്രമായും കറന്റ് ചാർജ്ജ് അടയ്ക്കുവാനുള്ള സംവിധാ നവും ഓവർസീയർ ഓഫീസുകളും തുറക്കുക.

13 കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കളത്തി വീട് കേന്ദ്രമാക്കി ഒരു വൈദ്യുതി മേജർ സെക്ഷൻ ആരംഭിക്കുക.

14 സ്ട്രീറ്റ് ലൈററ് ഇല്ലാത്ത വഴിയോരങ്ങ ളിൽ [പട്ടിക – 3] അവ സ്ഥാപിക്കുക.

15 കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഒരു 110 K V സബ് സ്റ്റേഷൻ സ്ഥാപിക്കുക.

16 പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ചിട്ടുള്ള എൽ. ടി. ട്രാൻസ്ഫോർമറുകൾ, എൽ. ടി. ലൈനുകൾ, 11 കെ. വി. ലൈനുകൾ എന്നിവ ശാസ്ത്രീയമായി പുന: സ്ഥാപിക്കുകയോ പുന: ക്രമീകരിക്കുകയോ ചെയ്യുക.

17 ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങളുടേയും ഇലക്ട്രിസിററി സെക്ഷനാഫീസുകളിലെ ജീവനക്കാരുടേയും സംയുക്ത യോഗങ്ങൾ മാസംതോറും വിളിച്ചുകൂട്ടി വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ഗ്രാമപഞ്ചാ യത്ത്, സെക്ഷൻ തലങ്ങളിൽ പരിഹാരം തേടേണ്ടവ തേടുകയും ചെയ്യുക.

18 ഗ്രാമപഞ്ചായത്ത് തലത്തിൽ വൈദ്യുതാസൂ ത്രണ രേഖ തയ്യാറാക്കുക

19 കുറഞ്ഞ വോൾട്ടേജിലും കൂടുതൽ പ്രകാശം നൽ കുന്നതും ദീർഘകാലം ഉപയോഗിക്കുന്നതുമായ കോംപാക്ട്ഫ്ളൂറസന്റ് ലാമ്പുകൾ അനെ ർട്ടിന്റെ സഹായത്തോടെ സ്ഥാപിക്കുക

20 ഐ. ആർ. ഇ. പി. ഓഫീസുകൾ ഗ്രാമപഞ്ചാ യത്തുതലത്തിൽ ആരംഭിക്കുക

## പുതുതായി സ്ഥാപിക്കേണ്ട എൽ. ടി. ട്രാൻസ്ഫോർമറുകൾ

| നമ്പർ | വാർഡ് | കപ്പാസിററി | സ്ഥാപിക്കേണ്ടസ്ഥലം | ഇലക്ട്രിസിററി ഓഫീസ് |
|---|---|---|---|---|
| 1 | 2 | 100 KVA | മംഗളാപുരം മാക്കററ് | മുഹമ്മ |
| 2 | 4 | ,, | പാപ്പാളി കോളനി | ,, |
| 3 | 4 | ,, | അഴീക്കോടൻ ജംഗ്ഷൻ | ,, |
| 4 | 6 | ,, | പുലരി ജംഗ്ഷൻ | ,, |
| 5 | 8 | ,, | ഭജനമഠം ജംഗ്ഷൻ | തണ്ണീർമുക്കം |
| 6 | 8 | ,, | പോളക്കാട്ട് ജംഗ്ഷൻ | എസ്. എൽ. പുരം |
| 7 | 5 | ,, | ആട്ടോകാസ്ററ് | ,, |
| 8 | 11 | ,, | കുററവേലി ക്ഷേത്രം | ,, |
| 9 | 10 | ,, | കേളപത്ത് | തണ്ണീർമുക്കം |
| | 4 | ,, | പോളക്കാട്ട് ജംഗ്ഷൻ | മുഹമ്മ |

അവലംബം–ദ്വിതീയ വിവര ശേഖരണം

വോൾട്ടേജിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുതലത്തിൽ വലിക്കേണ്ട ലൈനുകളെ സംബന്ധിച്ച വിവരങ്ങൾ

**വാർഡ് II**

1 നിലവിലുള്ള സിംഗിൾഫേസ് ലൈനുകൾ മുഴവൻ ത്രീഫേസ് ആക്കുക.

2 തയ്യിൽ നോർത്ത് ട്രാൻസ്ഫോർമറിൽനിന്ന് കുപ്പിണി കവലയിലേയ്ക്ക് ലൈൻവലിച്ച് ഇൻറർ ലിങ്ക് ചെയ്യുക

**വാർഡ് IV**

ആയിരംതയ്യിൽ ട്രാൻസ്ഫോമറിൽനിന്നുള്ള കണക്ഷൻ കാരിക്കുഴിപ്പാലംവരെ നീട്ടുക.

**വാർഡ് VIII**

1 തിരുവിഴ–പുത്തനമ്പലംറോഡിൽ തെക്കേടത്തു മഠത്തിൽനിന്ന് വടക്കോട്ടുള്ള സിംഗിൾഫേസ്ലൈൻ ത്രീഫേസാക്കുക.

2 ലൂഥറൻപള്ളി പരിസരത്തെ ലൈൻ ത്രീഫേസാക്കുക.

## സ്ട്രീററ് ലൈററ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

താഴെപ്പറയുന്ന റോഡ്സൈഡിൽ സ്ട്രീററ് ലൈററുകൾ സ്ഥാപിക്കുക.

1 കണ്ണർകാട് – പോളക്കാട്ജംഗ്ഷൻറോഡ്
2 പള്ളിക്കവല – പോളക്കാട്ജംഗ്ഷൻറോഡ്
3 കളത്തിവീട് – കാട്ടുകടജംഗ്ഷൻറോഡ്
4 ഒററക്കണ്ടം – പോളക്കാട്ജംഗ്ഷൻറോഡ്
5 ഗുരുമന്ദിരം – നായ്ക്കാപറമ്പ്
6 വെളിയിൽഭാഗം – പുളിക്കൽ ജംഗ്ഷൻ
7 ശക്തിപുരം – കുപ്പിണിറോഡ്
8 ആമക്കാട് – തോട്ടുചിറ
9 അയ്യപ്പഞ്ചേരി – പുത്തനമ്പലം
10 തോണ്ടാകുളങ്ങര – കാക്കനാട്
11 തോണ്ടാകുളങ്ങര – മണിയന്തറ ജംഗ്ഷൻ
12 കഞ്ഞിക്കുഴി – പി.എച്ച് സെൻററോഡ്
13 മായിത്തറമാർക്കററ് – പോളക്കാട് റോഡ്
14 മുണ്ടുപറമ്പ് – പബ്ലിക് ലൈബ്രറി റോഡ്
15 മുട്ടത്തിപ്പറമ്പ് – പണ്ടാരപ്പാട്ടംറോഡ്
16 അയ്യപ്പഞ്ചേരി – കേളോത്ത് റോഡ്
17 വാതറ – എസ്. എൻ. കവല നടപ്പാത
18 മാതാജിറോഡ്
19 ബ്യൂബോണ്ട് റോഡ് – ചാണി വെളിറോഡ്
20 പുത്തനമ്പലം – ലൂഥറൻറോഡ്

പുത്തനമ്പലം ജംഗ്ഷൻ, കഞ്ഞിക്കുഴി പ്രാഥമികാരോഗ്യകേന്ദ്രം എന്നീ സ്ഥലങ്ങളിൽ സോഡിയംവേപ്പർലാമ്പുകൾ സ്ഥാപിക്കുക.

## 110 കെ. വി. സബ്സ്റേറഷൻ

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിതാപകരമായ സ്ഥിതിയിലാണ്. നിരവധി ചെറുകിട വ്യവസായങ്ങളും വൻകിട ഫാക്ടറികളും വാണിജ്യ സ്ഥാപനങ്ങളും ഈ പ്രദേശത്താകെ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൻെറ വ്യാവസായിക വികസനം സാദ്ധ്യമാക്കുന്നതിനും ഇന്നുള്ള വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതാവശ്യങ്ങൾക്കും ചേർത്തല പാതിരപ്പള്ളി 66 കെ. വി. സബ്സ്റ്റേഷനുകൾക്ക് കഴിയാത്തയവസ്ഥയാണിന്നുള്ളത്. ഈ കുറവു പരിഹരിക്കുന്നതിനു് നിലവിലുള്ള രണ്ട് സബ്സ്റ്റേഷനുകളുടേയും മദ്ധ്യഭാഗത്തായി ആട്ടോക്കാസ്റ്റ് ലിമിററഡിലേയ്ക്കു വരുന്ന 110 കെ. വി. വൈദ്യുതിലൈൻ ഉപയോഗിച്ചുകൊണ്ട് ആട്ടോക്കാസ്ററ് കമ്പനിക്കു കിഴക്കുഭാഗത്തായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഒരു 110 കെ. വി. സബ്സ്റേറഷൻ സ്ഥാപിക്കാവുന്നതാണ്. ഈ സബ്സ്റേറഷൻ നിലവിൽവന്നാൽ വൈദ്യുതിയുടെ വൻതോതിലുള്ള പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലേയും സമീപ ഗ്രാമപഞ്ചായത്തുകളുടെയും വ്യാവസായിക നവോത്ഥാനത്തിന് അടിത്തറപാകാൻ സാധിക്കുമെന്നും എടുത്തുപറയട്ടെ.

## ഗതാഗതം

സമീപ ഗ്രാമപഞ്ചായത്തുകളെയുമായി താരതമ്യപ്പെടുത്തിയാൽ ഏററവും കൂടുതൽ റോഡ് സൗകര്യം നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ബസ് സർവ്വീസ് നടത്തുന്ന റോഡുകൾ കുറവാണുതാനും. കഴിഞ്ഞ നിരവധി വർഷങ്ങളായി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുടെ മുഖ്യപങ്കും റോഡ് നിർമ്മാണത്തിലാണ് കേന്ദ്രീകരിച്ചിരുന്നത്. പഞ്ചായത്തിന്റെ നല്ലൊരു പങ്ക് വരുമാനവും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള റോഡുകളുടെ അററകുററ പണികൾക്കുമാണ് ഉപയോഗിച്ചിരുന്നത്. വരുമാനത്തിന്റെ നല്ലൊരു പങ്ക് ഉല്പാദനരംഗത്തെ കാര്യങ്ങൾക്കായി തിരിച്ചുവിടുന്നതിനുള്ള ബോധപൂർവ്വമായ സമീപനം സ്വീകരിച്ചേ മതിയാകൂ. നമ്മുടെ സമഗ്രമായ വികസനത്തിന് ഈ പൊതു സമീപനം അംഗീകരിക്കുകയും നടപ്പിലാക്കുകയും വേണം.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ നാഷണൽ ഹൈവേ 47 ലൂടെയും, പഞ്ചായത്തിലൂടെ കടന്നുപോകുന്ന PWD റോഡുകളായ 11-ാം മൈൽ – മുട്ടത്തിപ്പറമ്പ് റോഡ്, തിരുവിഴ– പുത്തനങ്ങാടി റോഡ്, കഞ്ഞിക്കുഴി-മുഹമ്മ റോഡ്, അയ്യപ്പഞ്ചേരി - മംഗളാപുരം റോഡ് എന്നീ റോഡുകൾ വഴിയാണ് ഇപ്പോൾ ബസ്സ് സർവ്വീസുകൾ ഉള്ളത്.

പഞ്ചായത്ത് നിവാസികൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസ്, ബ്ലോക്കുപഞ്ചായത്ത് ഓഫീസ് വില്ലേജ് ഓഫീസുകൾ, ഇലക്ട്രിസിററി ഓഫീസുകൾ, കോളേജുകൾ തുടങ്ങിയ ഓഫീസുകളിലേയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും പോകുവാൻ വേണ്ട യാത്രാസൗകര്യങ്ങളില്ല.

താഴെ കൊടുത്തിട്ടുള്ള റോഡുകളിലൂടെ പ്രസ്തുത സ്ഥലങ്ങളിലേയ്ക്കുള്ള ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ ആർ. ററി. ഒ. ഓഫീസുമായും കെ. എസ്. ആർ. ടി. സി. അധികൃതരുമായി ബന്ധപ്പെട്ടുള്ള പരിപാടി ആവിഷ്ക്കരിക്കണം.

### ബസ് സർവ്വീസുകൾ നടത്തേണ്ടത് സംബന്ധിച്ച വിവരങ്ങൾ

1. ചേർത്തല - പുത്തനമ്പലം - തണ്ണീർമുക്കം
2. ചേർത്തല - കണിച്ചുകുളങ്ങര - പോളക്കാട്ട് - മുഹമ്മ
3. ചേർത്തല - പള്ളിക്കവല - കണ്ണർകാട്ട് - ആലപ്പുഴ
4. ചേർത്തല - അയ്യപ്പഞ്ചേരി - മംഗളാപുരം - ആലപ്പുഴ
5. ആലപ്പുഴ - പുത്തനമ്പലം - തുരുത്തൻകവല
6. ആലപ്പുഴ - പുത്തനമ്പലം - തിരുവിഴ
7. തണ്ണീർമുക്കം - അയ്യപ്പഞ്ചേരി - പുത്തനമ്പലം - കുററുവേലി കളത്തിവീട്ട് - ആലപ്പുഴ
8. ചേർത്തല - പള്ളിക്കവല - കളത്തിവീട്ട് - മുഹമ്മ
9. ആലപ്പുഴ-കണ്ണർകാട്ട് - പള്ളിക്കവല-ചേർത്തല അരൂക്കുററി
10. ആലപ്പുഴ - മംഗളാപുരം - അയ്യപ്പഞ്ചേരി - ചേർത്തല - അരൂക്കുററി

### കലിങ്കുകൾ-പാലങ്ങൾ

#### വാർഡ്-5

5, 11 വാർഡുകളെ തമ്മിൽ വേർതിരിക്കുന്ന തോടിനു കുറുകെ പാലം നിർമ്മിക്കുക.

#### വാർഡ് - 6

1. ചങ്ങരതോട്, സ്വാമിതോട് എന്നിവയ്ക്ക് കുറുകെ കോൺക്രീററ് സ്ലാബ് പാലം നിർമ്മിക്കുക.
2. കാട്ടുകട ക്ഷേത്രത്തിനു പടിഞ്ഞാറുവശത്ത് നിലവിലുള്ള മരപ്പാലം വീതികൂട്ടി പുതുക്കി പണിയുക.

#### വാർഡ് - 7

തിരുവിഴ – പുത്തനമ്പലം റോഡിൽ പുത്തനമ്പലത്തിനു കിഴക്കുവശത്തുള്ള തോടിനു കുറുകെയുള്ള പാലം പുതുക്കിപ്പണിയുക.

### വാർഡ് - 8

1 മായിത്തറ – പോളക്കാട്ട് റോഡിലെ കിഴക്കേ തോട്ടിലെ പാലം പുതുക്കിപ്പണിയുക.

2 തവവാട്ടിങ്കൽ, വെട്ടിക്കാട്ട്, വടക്കേചിറയ്ക്കൽ, കോഞ്ചേരി ഫാക്ടറിക്ക കിഴക്ക്. വെളിയിൽ മഠത്തിനു പടിഞ്ഞാറ് എന്നിവിടങ്ങളിൽ തോടിനു കുറുകെ കലുങ്കുകൾ പണിയുക.

### വാർഡ് - 10

1 കേളോത്ത് പാലം പുതുക്കി പണിത് വാഹന ഗതാഗത യോഗ്യമാക്കുക.

2 കൈതളായിപാലം വീതികൂട്ടി കൈവരിയോടു കൂടി പണിയുക.

3 കടംപൊഴി കൈതോട്, വീച്ചുകടവ് കൈ തോട് എന്നിവയ്ക്ക് കോൺക്രീറ്റ് സ്ലാബ് പാലം നിർമ്മിക്കുക.

4 നാഗലോകത്തു പാലം ഗതാഗത യോഗ്യമാക്കുക

### നിലവിലുള്ള റോഡുകൾ സംബന്ധിക്കുന്ന വിവരങ്ങൾ

| നമ്പർ | റോഡിൻെറ പേര് | നീളം കി.മീ |
|---|---|---|
| 1 | കണ്ണർകാട് - പള്ളിക്കവല | 6 . 870 |
| 2 | മംഗളാപുരം .... അയ്യപ്പഞ്ചേരി | 7 . 400 |
| 3 | മാരാരിക്കുളം .... കണ്ണർകാട് | 1 . 200 |
| 4 | തോണ്ടാകുളം .... പോററിക്കവല | 2 . 100 |
| 5 | തോണ്ടാകുളം .... കാക്കനാട് | 2 . 000 |
| 6 | മൂലംവെളി .... സ്റ്റീൽ പ്ളാൻറ് | 1 . 500 |
| 7 | കണിച്ചുകുളങ്ങര .... കായിപ്പുറം | 2 . 500 |
| 8 | പബ്ളിക് ലൈബ്രറി ... ചാലുങ്കൽ | 1 . 300 |
| 9 | പാപ്പാളി.... ഹരിജൻകോളനി റോഡ് | 0 . 200 |
| 10 | കാർമ്മൽ മൊണാസ്ട്രി .... മംഗളാപുരം | 1 . 600 |
| 11 | പാന്തേഴം.... ചാത്തനാട് | 1 . 750 |
| 12 | കരിങ്ങാട്ടുവെളി .... തോപ്പുവെളി | 0 . 300 |
| 13 | വെമ്പള്ളി .... കാട്ടുകട | 0 . 400 |
| 14 | അയ്യപ്പഞ്ചേരി .... കേളോത്ത് | 0 . 782 |
| 15 | കെ. കെ. ജംഗ്ഷൻ .... കോനാട്ട് | 0 . 600 |
| 16 | ഷാജി ജംഗ്ഷൻ .... P. R. ജംഗ്ഷ | 1 . 200 |
| 17 | S. N. കോളേജ് .... വെമ്പള്ളി | 2 . 200 |
| 18 | ശക്തിപുരം .... നവചേതന | 1 . 300 |
| 19 | മായിത്തറ .... പോളക്കാട്ട് | 1 , 300 |
| 20 | കളത്തിവീട് മാർക്കററ് റോഡ് | 0 . 100 |
| 21 | പഞ്ചായത്താഫീസ് റോഡ് | 0 , 020 |
| 22 | മംഗളാപുരം പബ്ളിക് മാർക്കററ് റോഡ് | 0 . 100 |
| 23 | കൃഷിഭവൻ റോഡ് | 0 . 050 |
| 24 | ആമക്കാട്ട് .... തോട്ടുചിറ | 0 . 914 |
| 25 | പൊന്നിട്ടുശേരി .... ആലുങ്കൽ | 0 . 221 |
| 26 | സുഭാഷ് .... മാരാച്ചിറ | 0 . 440 |
| 27 | പബ്ളിക് ലൈബ്രറി .... മുണ്ടപറമ്പ് റോഡ് | 1 . 185 |
| 28 | തോപ്പിൽ .... പാപ്പാളി | 0 . 527 |
| 29 | ചെത്തിക്കാട്ട് .... മീനച്ചാൽ | 0 . 300 |
| 30 | പണ്ടാരപ്പാട്ടം .... മുട്ടത്തിപ്പറമ്പ് | 0 . 425 |
| 31 | തുകോണംചിറ .... കാട്ടുകട | 0 . 069 |
| 32 | തെക്കേപറമ്പ് .... പുതുമന | 0 . 230 |
| 33 | കണ്ണേഴത്ത് ഹരിജൻ കോളനി റോഡ് | 1 . 750 |
| 34 | കേളോത്ത് .... പണ്ടാരപ്പാട്ടം | 0 . 374 |
| 35 | പോളക്കാട്ട് .... വെമ്പള്ളി | 0 . 100 |
| 36 | മൂലംവെളി .... കാട്ടുകട | 0 . 087 . 5 |
| 37 | കളത്തിവീട് .... S. N. കോളേജ് | 0 . 260 |
| 38 | വടക്കേവെളി .... കുമാരപുരം | 0 . 820 |
| 39 | നാമംചിറ .... ചാലുങ്കൽ | 0 . 300 |
| 40 | മഠത്തിപ്പറമ്പ് .... S. N. D. P. റോഡ് | 0 . 470 |
| 41 | പുത്തൻവെളി .... പോററിക്കവല | 0 . 110 |
| 42 | മാന്നാററ് . കടിലുങ്കൽ | 0 . 200 |
| 43 | കണിയകുളം ... കോതകുളം | 0 . 600 |
| 44 | വടക്കേടത്ത് ... അഞ്ചുതയ്യിൽ | 0 . 507 |
| 45 | ബ്ലോക്കാഫീസ് .... ചാലുങ്കൽ | 0.208 . 5 |
| 46 | തോപ്പിൽ .... എ. എസ്. കനാൽ | 0 . 100 |
| | ആകെ | 46 . 970 |

### പുതിയതായിനിർമ്മിക്കേണ്ട റോഡുകളെ സംബന്ധിക്കുന്ന വിവരങ്ങൾ

| നമ്പർ | റോഡിൻെറ പേര് | വാർഡ് |
|---|---|---|
| 1 | പട്ടാറബാങ്ക് .... ചേന്നാംവെളി | 1 |
| 2 | യുവരശ്മി .... പട്ടാറബാങ്ക്, ചേന്നാംവെളി | 1 |
| 3 | തളിയാടി .... മംഗളാപുരം | 1 |
| 4 | അനിഴം .... കട്ടയിൽഭാഗം, കൈതവളപ്പ് | 1 |

| നമ്പർ | റോഡിൻെറ പേരു് | വാർഡു് |
|---|---|---|
| 5 | S C B A–64 .... കട്ടയിൽഭാഗം | 1 |
| 6 | A S കനാൽ .... തോപ്പിൽചിറ | |
| 7 | A S കനാൽ .... പൊന്നിട്ടശ്ശേരി റോഡ് | 1 |
| 8 | A S കനാൽ ബണ്ടു്റോഡ് .... അന്തിക്കാട്ടു് | 1 |
| 9 | കൈതവളപ്പ് പാർക്ക് .... ആദിപറമ്പ് | 1 |
| 10 | കുന്നേച്ചിറ .... കണ്ണേവെളി | 1 |
| 11 | തളിയാടി .... ആറുതൈ ൽ | 1 |
| 12 | കണിയാംകുളം .. ആദിപറമ്പ് | 1 |
| 13 | കൈരളി .... ചെത്തിക്കാട്ടു് | 1 |
| 14 | ലൂഥറൻ .... കോഴികുളം | 1 |
| 15 | ചെത്തിക്കാട്ടു് .... മീനച്ചിൽ | 1 |
| 16 | കണിയാംകുളം .... കോതകുളം | 2 |
| 17 | കൈരളി .... കപ്പോളതോട്ടു് | 2 |
| 18 | കലശിവെളി .... ലക്ഷംവീട്ടു് | 2 |
| 19 | ശക്തിപുരംകുപ്പിണിറോഡ് .... കളത്തിവീട്ടു് വനസ്വർഗ്ഗം | 3 |
| 20 | തോട്ടചിറ ജംഗ്ഷൻ .... പടിഞ്ഞാറു് റോഡ് | 3 |
| 21 | മേക്കരറോഡ് .... തയ്യിൽ ക്ഷേത്രം | 3 |
| 22 | A S കനാൽ .... മേക്കരറോഡ് | 3 |
| 23 | ആലപ്പാട്ടുവെളി.... ഒറേക്കണ്ടത്തിൽ | 3 |
| 24 | ലൂഥറൻ വെസ്റ്റ്കവല .... വടക്ക്റോഡ് | 3 |
| 25 | കാട്ടുവേലിക്കകം .... കാരിക്കുഴി | 3 |
| 26 | പഴയതോട്ടു് ... എ. എസ്. കനാൽ | 3 |
| 27 | പര:ഗുരുമന്ദിരം .... തത്തനാട്ടു് നോത്തു് | 3 |
| 28 | ഒറേക്കണ്ടം .... ശക്തിപുരം | 3 |
| 29 | കാട്ടുകട .... കരിങ്ങാട്ടുവെളി | 4 |
| 30 | കുമാരപുരം വടക്കേവെളി .... ആയിരംതയ്യിൽ | 4 |
| 31 | പനമ്പടവെളി .... കുമാരപുരം | 4 |
| 32 | കുമാരപുരം .... കാക്കനാട്ടു് | 4 |
| 33 | വൈക്കത്തുപറമ്പ്....പുത്തനമ്പലം ലൂഥറൻറോഡ് | 4 |

| നമ്പർ | റോഡിൻെറ പേരു് | വാ |
|---|---|---|
| 34 | നെടുംചിറ .... തോപ്പിൽ | |
| 35 | കളത്തിവീട്ടു് .... പടിഞ്ഞാറെവെളി | |
| 36 | കരിങ്ങാട്ടുവെളി .... കാട്ടുകട | |
| 37 | പാപ്പാളി .... തെക്കേവെളി | |
| 38 | പഞ്ചായത്തു് ഓഫീസ്റോഡ് | |
| 39 | ബ്ലോക്കുകവല .... കളത്തിവീട്ടു് റോഡുവരെ | |
| 40 | ചാലുങ്കൽ .... മാതാജി ജംഗ്ഷൻ | |
| 41 | പുഴാരത്തു് കോളനി .... സെൻറ് ആൻറണീസ്പള്ളി | |
| 42 | പുഴാത്തു്കോളനി .... S N കോളേജ് | |
| 43 | റസ്സൽസ് (N H 47) .... കിഴക്കോട്ടുള്ള റോഡ് | |
| 44 | തോമശ്ശേരി .... കാട്ടിപ്പറമ്പ് | |
| 45 | കാട്ടിപ്പറമ്പ് .... കോതച്ചാപറമ്പ് | |
| 46 | കുട്ടാട്ടമഠംഭാഗം .... തിരുവിഴാറോഡ് | |
| 47 | സിൽക്ക് .... വനസ്വർഗ്ഗം കുറുവേലി റോഡുവരെ | |
| 48 | കുറുവേലി, തറേവെളി, കോനാച്ചിപ്പറമ്പ്, സിൽക്ക് | |
| 49 | മൂലംവെളി .... കാട്ടുകട | |
| 50 | മൂലംവെളി .... കളവേലി | |
| 51 | ഡി. സി. മിൽ .... കളവേലി | |
| 52 | കൈലാസക്ഷേത്രം .... ചെറുവള്ളിക്കാവ് | |
| 53 | കാരുവള്ളി .... ദേവീകൃപ | |
| 54 | P H സെൻറർ .... ബ്യൂബോണ്ടു് റോഡ് | |
| 55 | ചിറയ്ക്കൽ .... വട്ടച്ചിറ | |
| 56 | പണ്ടാരപ്പാട്ടം .... കേളോത്തു് | |
| 57 | പുത്തൻപറമ്പ് .... സ്വാഗതാലയം | |
| 58 | ചിറയ്ക്കൽ .... ചിറപ്പുറത്തു് | |
| 59 | തേനന്തറ .... കാക്കനാട്ടു് | |
| 60 | കാരയ്ക്കാവെളി .... ശ്രീകൃഷ്ണഭജനമഠം | |
| 61 | കുഞ്ഞമ്മകണ്ടം .... NH 47 റോഡ് | |
| 62 | ലൂർദ്ദ് പള്ളി .... നല്ലേടത്തു് | |
| 63 | കുടലിങ്കൽകോളനി .... കുഞ്ഞമ്മകണ്ടം | |
| 64 | അയ്യപ്പഞ്ചേരി .... മാരാച്ചിറ | |

| നമ്പർ | റോഡിൻെറ പേര് | വാർഡ് |
|---|---|---|
| 65 | ചെറുവാരണം SCB No. 1817 .... നന്നുവള്ളി | 9 |
| 66 | പുന്നക്കൽ .... കരിമ്പാടം | 9 |
| 67 | വള്ളാട്ട് .... കാഞ്ഞിരംപറമ്പ് | 9 |
| 68 | കഞ്ചിക്കവല .... പുതുപ്പാടി | 9 |
| 69 | കന്നേൽ .... പഞ്ചായത്തുശ്മശാനം | 9 |
| 70 | പുത്തൻവെളി .... കസ്തൂർബാറോഡ് | 9 |
| 71 | മാടശ്ശേരി .... കസ്തൂർബാ | 9 |
| 72 | കരിമ്പടവത്ത്.... വള്ളാന്തറ | 9 |
| 73 | കോമത്തുവെളി.... കരിമ്പടവം | 9 |
| 74 | SNDP ബ്രാഞ്ച് നമ്പർ 571 .... കളത്തിൽ | 9 |
| 75 | മിൽമാസൊസൈററി .... മേൽപ്പഞ്ചികോളനി | 9 |
| 76 | കണ്ണൻകുളങ്ങര ... പണ്ടാരപ്പാട്ടം | 10 |
| 77 | കന്നേവളവ് .... S. N. കവല | 10 |
| 78 | പാലവേലിൽ .... പാട്ടുകുളങ്ങര | 10 |
| 79 | കൊടിയന്തറ .... പാലവേലിൽ .... പാട്ടുകുളങ്ങര | 10 |
| 80 | കാഞ്ഞിരംപറമ്പ് .... ജമാത്ത്റോഡ് | 10 |
| 81 | അയ്യപ്പഞ്ചേരി .... കണ്ണംകുളം | 10 |
| 82 | കന്നത്താപ്പറമ്പ് .... കോളനിറോഡ് | 10 |
| 83 | കേളോത്തുപാലം — നാഗലോകത്ത് | 10 |
| 84 | കുററുവേലിക്ഷേത്രം .... ആശാരിവെളി | 11 |
| 85 | കുററുവേലി .... മാപ്പിളകുളം | 11 |
| 86 | വെസ്റ്റ് മാതാജി റോഡ് .... കണിച്ചുകുളങ്ങര, കളത്തിവീട് | 11 |
| 87 | ശ്രീ ദുർഗ്ഗാറോഡ് തെക്ക് .... കളത്തിവീട് റോഡുവരെ | 11 |
| 88 | കാക്കനാട്ട് .... കൃഷിഭവൻ | 11 |

## PWD റോഡുകൾ

നാഷണൽ ഹൈവേ 47-നേയും, ആലപ്പുഴ-തണ്ണീർമുക്കം റോഡുമായി(നിർദ്ദിഷ്ട ആലപ്പുഴ– മൂവാററുപുഴ സംസ്ഥാന ഹൈവേയായി വികസിപ്പിക്കുന്നറോഡ്) ബന്ധിപ്പിച്ചിട്ടുള്ള 11-ാംമൈൽ മുട്ടത്തിപറമ്പ് റോഡ്, തിരുവിഴ പുത്തനങ്ങാടി റോഡ്, കഞ്ഞിക്കുഴി-മുഹമ്മ റോഡ് എന്നിവയും പഞ്ച ത്തിൻെറ തെക്കുവടക്കുഭാഗങ്ങളെ ബന്ധിപ്പിക മംഗളാപുരം-അയ്യപ്പഞ്ചേരി റോഡ് എന്നിവ പ യത്തിലൂടെ കടന്നുപോകുന്ന PWD റോഡുകളാ

പഞ്ചായത്തിലാകെ 3086 സൈക്കിളുകളും ട്ടുവീലറുകളും 53 ഓട്ടോകളും 31 കാറുകളും 19 മി ലോറികളും 18 ലോറികളും വാഹനങ്ങളായിട്ടു

## മാർക്കററ്

പഞ്ചായത്തിലാകെ നിലവിൽ 4 മാർക കളാണുള്ളത്. അതിൽ രണ്ട് പൊതുമാക്കററു രണ്ട് സ്വകാര്യ മാർക്കററുമാണുള്ളത്. ഈ മാർക കളാകട്ടെ ഗ്രാമവാസികൾക്ക് ആവശ്യമായ സാ ങ്ങൾവിൽക്കുന്ന കേന്ദ്രങ്ങളായാണ് പ്രവർത്തിക ത്. തങ്ങളുടെഉല്പന്നങ്ങൾ വിററഴിക്കുന്നതിനുള്ള കേന്ദ്രംഈ മാർക്കററുകളിലില്ല. പച്ചക്കറി. ന കേരം, കശുവണ്ടി എന്നിവ സംഭരിക്കുന്നത് സ രൃവ്യക്തികൾ വീടുവീടാന്തരം കയറിയാണ്. അ തിനാൽ ഉല്പന്നങ്ങൾക്ക് കൃത്യമായവില പലപ്പോ ലഭിക്കാറില്ല. ഇതിനുള്ള സാദ്ധ്യതകൾ മാർക കേന്ദ്രീകരിച്ച് ഉണ്ടാകേണ്ടതുണ്ട്.

എല്ലാ മാർക്കററുകളും ശുചിത്വത്തിൻെറ ക ത്തിലും വികസനത്തിൻെറ കാര്യത്തിലും പി ക്കമാണ്. മാർക്കററുമായി ബന്ധപ്പെട്ട അനുബ വ്യാപാര സ്ഥാപനങ്ങളുടെ കുറവ് ഒരു പ്രധ കാരണമാണ്. കളത്തിവീട്ടിലെ പൊതു മാ ററിൽ മത്സ്യവിപണനത്തിനായുള്ള കെട്ടി ജീർണ്ണാവസ്ഥയിലാണ്. അതു പൊളിച്ചുമാ വികസന സാദ്ധ്യത പ്രതീക്ഷിച്ചുകൊണ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. പഞ്ചായത്തി മുഴവൻ ജനങ്ങളുടെയും ആശ്രയം 2, 5, 6, 8 വാർ കളിലെ മാർക്കററുകളാണ് പഞ്ചായത്തിൻെറ അ ത്തിയിലെ ജനങ്ങൾ മററ് വലിയ മാർക്കറ ളേയും ആശ്രയിക്കുന്നുണ്ട്. നമ്മുടെ പഞ്ച ത്തിലെ എല്ലാ മാർക്കററുകളും ആവശ്യമായി തട്ടി നോക്കുമ്പോൾ അപര്യാപ്തത നിറഞ്ഞു നില്ക്കു അല്ലമെങ്കിലും പുരോഗതി മായിത്തറ സ്വക മാക്കററിനു മാത്രമാണ്. എല്ലാ മാർക്കററുകള മത്സ്യം, ഇറച്ചി എന്നിവ ഒരു പ്രധാന വിപ സാധനമാണ്. എന്നാൽ ശരിയായ ശുചിത്വ സം ധാനങ്ങൾ മാർക്കററുകളിലില്ല.

പഞ്ചായത്തിന്റെ 3–ാം വാർഡിൽ ഒരു മാവേലിസ്റ്റോർ സ്ഥിതിചെയ്യുന്നു. പണ്ടത്തെപ്പോലെ തന്നെ തുടരുന്നു.

## പ്രശ്നങ്ങൾ

— മാർക്കറ്റുകളിലെ ശുചിത്വമില്ലായ്മ
— വികസനക്കുറവ്
— ഉല്പന്ന സംഭരണ കേന്ദ്രങ്ങളുടെ അഭാവം
— അനുബന്ധ വ്യാപാര കേന്ദ്രങ്ങളുടെ കുറവ്

## നിർദ്ദേശങ്ങൾ

1 പ്രോഗ്രസീവ് ജംഗ്ഷനിൽ ആഴ്ച ചന്ത സ്ഥാപിക്കുക.

2 കണ്ണേഴത്തു കോളനിയിലെ നീലവിലുള്ള പൊതുസ്ഥലത്ത് മാർക്കറ്റ് സ്ഥാപിക്കുക

3 കുറുവേലിജംഗ്ഷനിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കുക.

4 കളത്തിവീട് മാർക്കറ്റ് പുനരുദ്ധരിക്കുക.

5 മായിത്തറ മാർക്കറ്റിൽ ഒരു മാവേലിസ്റ്റോർ സ്ഥാപിക്കുക.

6 8–ാം വാർഡിൽ പൊതു അറവുശാല സ്ഥാപിക്കുക.

7 മാർക്കറ്റുകളിൽ ശുചീകരണ സംവിധാനങ്ങരം ഉണ്ടാക്കുക.



# പാർപ്പിടം

"മഹിതപ്രയത്നത്തിൻ മുദ്രകൾ
ചാർത്തുന്ന മനിതർക്കുകൂടാരമില്ല"!



തണ്ണീർമുക്കം വടക്ക്, കഞ്ഞിക്കുഴി, തണ്ണീർമുക്കം തെക്ക് (ഭാഗികം) എന്നീ വില്ലേജുകൾ ഉൾപ്പെട്ട കഞ്ഞിക്കുഴി പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും തൊഴിലെടുത്തു ഉപജീവനം കഴിക്കുന്നവരാണ്. നാമമാത്രമായ ഗൾഫ് പണക്കാരും തറവാട്ട് സ്വത്തുള്ള ചില, രുമാണ് ഇതര വിഭാഗം എന്നു പറയാവുന്നത്.

ഏതൊരു മനുഷ്യനും അന്തിയുറങ്ങാൻ ഒരു വീട് ഉണ്ടാവുക എന്നത് അവശ്യം ആവശ്യം തന്നെ. ഇടത്തരം വരുമാനക്കാർ തൊട്ട് താഴോട്ടുള്ള ജനങ്ങൾ പാർപ്പിട പ്രശ്നത്തിൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. എന്നാൽ ഗൾഫ് പണക്കാർ സാമ്പത്തികമായി വളരെ മുന്നിൽ നിൽക്കുന്നവരുമായ വിഭാഗക്കാർ വീടുനിർമ്മാണ രംഗത്ത് ചിലവഴിക്കുന്ന പണം അളവറ്റതാണ്. അനാവശ്യ ആർഭാടം ഈ വിഭാഗക്കാർ പാർപ്പിട കാര്യത്തിൽ കാണിക്കുന്നു എന്നു പറയാതിരിക്കുവാൻ വയ്യ. കഞ്ഞിക്കുഴി പഞ്ചായത്തിൽ ആകെ 5949 വീടുകളാണുള്ളത്. അതിൽ കോൺക്രീറ്റ് വീടുകൾ 337 ഓടു മേഞ്ഞത് 3927, ഓല മേഞ്ഞത് 1397 ഷീറ്റു മേഞ്ഞത് 243 എന്നിങ്ങനെയാണുള്ളത്. വീടുകളുടെ സ്ഥിതി വിവരം സംബന്ധിച്ച് വാർഡു തലത്തിൽ. (പട്ടിക ഒന്നിൽ കാണാം)

മൂന്നു പഞ്ചവത്സര പദ്ധതിക്കാലംവരെ ഭവന നിർമ്മാണ പദ്ധതി സംസ്ഥാന അധികാര പരിധിയിൽ എത്തിയിട്ടില്ല. 4–ാം പദ്ധതിക്കാലത്ത് ഇതിനൊരു മാറ്റം ഉണ്ടായി . അക്കാലത്താണ് ലക്ഷം വീടു പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നതും. ആദ്യമായി ഈ

പട്ടിക 1

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | ഷീറ്റ് | ആകെ |
|---|---|---|---|---|---|
| 1 | 35 | 394 | 158 | 21 | 608 |
| 2 | 31 | 337 | 182 | 47 | 597 |
| 3 | 46 | 395 | 148 | 37 | 626 |
| 4 | 31 | 417 | 123 | 18 | 589 |
| 5 | 48 | 328 | 93 | 13 | 482 |
| 6 | 18 | 322 | 127 | 8 | 475 |
| 7 | 34 | 251 | 95 | 21 | 401 |
| 8 | 37 | 466 | 133 | 23 | 659 |
| 9 | 23 | 434 | 124 | 20 | 601 |
| 10 | 15 | 321 | 76 | 17 | 429 |
| 11 | 19 | 307 | 138 | 18 | 482 |
| ആകെ | 337 | 3972 | 1397 | 243 | 5949 |

അവലംബം കുടുംബസർവ്വേ '96

പദ്ധതി നടപ്പിലാക്കുന്നത് കഞ്ഞിക്കുഴി പഞ്ചായത്തിലാണ്. ഭവനരഹിതരായ ചേരിനിവാസികൾ കഞ്ഞിക്കുഴി പഞ്ചായത്തിൽ പൊതുവെ ഇല്ലെന്നു തന്നെ പറയാം. സ്വന്തമായി ഭൂമിയും വീടുമുള്ള പല വീടുകളും താമസയോഗ്യമല്ല. ഷീറ്റ്, ഓല എന്നിവ മേഞ്ഞ വീടുകളാണ് താമസയോഗ്യമല്ലാത്തതിൽ പലതും. ഇത്തരം വീടുകളിൽ താമസിക്കുന്ന ജനങ്ങളുടെ ഇടയിൽ ആരോഗ്യ പ്രശ്നങ്ങൾ വളരെയേറെയാണ്. എന്നാൽ

സാമൂഹ്യ സാംസ്കാരിക മേഖലകളിലേയ്ക്ക് ഉയർന്നു വന്നിട്ടുള്ളവരെല്ലാം തന്നെ ഇത്തരം ചെറിയ വീടുകളിൽ ജീവിച്ചു വളർന്നവരാണ്. താരതമ്യേന വാടക വീടുകൾ ഈ പ്രദേശത്ത് കുറവാണ്. പഞ്ചായത്തിലാകെ 531 വീടുകളാണ് വാടക വീടുകളായുള്ളത് അവരിൽ തന്നെ നല്ലൊരു ശതമാനം താല്കാലികമായാണ് വാടകയ്ക്കു ജീവിക്കുന്നത്.

പാർപ്പിട രംഗത്ത് വാസയോഗ്യമല്ലാത്ത വീടുകൾ, മുഴുവൻ മാറ്റി പുതിയ വീടുകൾ നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കയർ, കാർഷിക മേഖലകളിലെ തൊഴിലാളികളാണ് ഗണ്യമായ ഭാഗം ഓല, ഷീറ്റു വീടുകളിൽ വസിക്കുന്നത്. ഇവരിൽ ബഹുഭൂരിപക്ഷത്തിനും ഇന്നു നിലവിലുള്ള ഭവന പദ്ധതികൾ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. വിവിധ സ്കീമുകളിലായി സർക്കാർ നടപ്പിലാക്കുന്ന ഭവന വായ്പകൾക്ക് സാധാരണക്കാരനു അപ്രാപ്യമായ ജാമ്യ വ്യവസ്ഥകൾ, അപര്യാപ്തമായ ഫണ്ടുകൾ, നടപടികളുമായി നേരിടേണ്ടിവരുന്ന കാലതാമസം ഇതെല്ലാം കാരണങ്ങളായി തീർന്നിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ അനിവാര്യമായും ലഘൂകരിക്കപ്പെടേണ്ടിയിരിക്കുന്നു.

സർക്കാർ നടപ്പിലാക്കുന്ന ഭവന പദ്ധതികൾ അല്ലാതെ പഞ്ചായത്തു തലത്തിൽ മറ്റ് യാതൊരു പദ്ധതികളും നിലവില്ല. മുഹമ്മ കേന്ദ്രമായി പ്രവർത്തിക്കുന്ന "മുഹമ്മ ഭവന നിർമ്മാണ സഹകരണസംഘ"ത്തിൽ നിന്നും ഈ പ്രദേശത്തുകാർ വായ്പയെടുത്തു വീടുവച്ചിട്ടുണ്ട്. 89 പേർ വീടുവയ്ക്കുന്നതിനായി 31,88,500/- രൂപയും 12 പേർ അറ്റകുറ്റപ്പണികൾക്കായി 118000/- രൂപയും വായ്പയെടുത്തിട്ടുണ്ട്.

ഭവനനിർമ്മാണരംഗത്ത് ഏറ്റവും ഗുരുതരമായി നിലനിൽക്കുന്ന പ്രശ്നം നിർമ്മാണോപകരണങ്ങളുടെ വിലവർദ്ധനവാണ്. തൊഴിലാളികളുടെ കൂലിനിരക്കിലും കാര്യമായ മാറ്റങ്ങളുണ്ടായി. കഴിഞ്ഞ പത്തു വർഷമായി ഈരംഗത്തുണ്ടായിട്ടുള്ള മാറ്റം പട്ടിക രണ്ടിൽ കാണുക.

**പട്ടിക 2**

| വർഷം | മരപ്പണി | കല്പണി | മൈക്കാഡ് | സിമന്റ് | കമ്പി | കല്ല് | ഇഷ്ടിക | ഓട് | ഷീറ്റ് |
|---|---|---|---|---|---|---|---|---|---|
| 1986 | 60 | 60 | 35 | 110 | 8.60 | 2.60/2.00 | 650 | 1350 | 170 |
| 1987 | 70 | 70 | 35 | 110 | 9.10 | 2.75/2.25 | 725 | 1550 | 180 |
| 1988 | 75 | 75 | 40 | 120 | 10.25 | 3.25/2.50 | 800 | 1700 | 180 |
| 1989 | 80 | 80 | 45 | 125 | 11.00 | 4.00/2.50 | 850 | 1900 | 190 |
| 1990 | 85 | 85 | 50 | 130 | 11.50 | 4.50/2.75 | 950 | 2300 | 210 |
| 1991 | 90 | 90 | 55 | 150 | 12.50 | 5.00/2.75 | 1200 | 2600 | 230 |
| 1992 | 100 | 100 | 60 | 160 | 13.00 | 5.25/3.00 | 1400 | 2650 | 270 |
| 1993 | 110 | 110 | 65 | 160 | 14.00 | 6.00/3.50 | 1500 | 2900 | 300 |
| 1994 | 120 | 120 | 70 | 190 | 16.00 | 6.40/4.00 | 1550 | 2900 | 350 |
| 1995 | 125 | 125 | 75 | 200 | 16.40 | 6.40/4.00 | 1600 | 3000 | 370 |

അവലംബം കുടുംബസർവ്വേ '96

കൂട്ടുകുടുംബസമ്പ്രദായം അവസാനിച്ചതോടെ കുടുംബങ്ങൾ ഒന്നൊന്നായി വേറിട്ടു താമസിക്കുവാൻ തുടങ്ങി. 16.62 sq. K.M. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ വിസ്താരമായി താമസിക്കുവാൻ ഉള്ള ഇടം ഉണ്ടെങ്കിലും സ്വന്തമായി ഭൂമി വാങ്ങി വീടുവയ്ക്കുവാൻ കെല്പില്ലായ്ക മൂലവും, സ്വന്തം കുടുംബാംഗങ്ങളെ വിട്ട് അകന്നു താമസിക്കുവാൻ മാനസ്സിക ബുദ്ധിമുട്ട് ഉള്ളതിനാലും കൈവശമുള്ള ഭൂമിയിൽ തന്നെ പരാമാവധി തിങ്ങി താമസിക്കുന്ന രീതിയാണ് പല വാർഡുകളിലും കാണാൻ കഴിയുക. ഇങ്ങനെയുള്ളവർക്ക് കൈവശമുള്ള കൃഷിയിടങ്ങൾ നികത്തിയും വീടുവയ്ക്കുന്ന രീതി കൂടുതലാണ്. ദുർബലവിഭാഗങ്ങൾക്കായി സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന വീട്, വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ പണമില്ലാതെ വരുമ്പോഴും കുടുംബവസ്തു ഭാഗം ചെയ്തു വീടുവയ്ക്കുന്നതും തിങ്ങി താമസത്തിനു കാരണമായിട്ടുണ്ട്. പഞ്ചായത്ത് വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ കാണുക.

**പട്ടിക 3 ലഭ്യമായ വിവിധ സ്കീമുകളിലെ വീടുകൾ**

| വർഷം | RLEGP | NREP | IAY | MWS | JRY |
|---|---|---|---|---|---|
| 1986–1987 | 8 | | | | |
| 1987–1988 | 13 | | | | |
| 1988–1989 | 20 | | | | |
| 1989–1990 | | | | | |
| 1990–1991 | | | | 5 | 11 |
| 1991–1992 | | | 4 | | 8 |
| 1992–1993 | | | | | 4 |
| 1993–1994 | | | | 2 | |
| 1994–1995 | | | 4 | | 12 |
| 1995–1996 | | | 8 | | 6 |
| ആകെ | 41 | | 16 | 7 | 41 |

അവലംബം ദ്വിതീയ വിവരശേഖരണം

നമ്മുടെ പഞ്ചായത്തിൽ മേൽ പറഞ്ഞ സ്കീമുകൾ അനുസരിച്ച് കഴിഞ്ഞ 86–87 മുതൽ 95–96 വരെയുള്ള കാലയളവിൽ ആകെ കിട്ടിയവീടുകൾ 105 ആണ്. വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തത് ദുർബ്ബല വിഭാഗങ്ങൾക്കാണെന്ന് പറയേണ്ടതില്ലല്ലോ. പഞ്ചായത്തിലാകെ ഇനിയും 1634 വീടുകൾ ആവശ്യമാണ് എന്നാണ് കുടുംബ സർവ്വേ വെളിപ്പെടുത്തുന്നത് സർക്കാർ കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്ന ഭവന പദ്ധതിയുടെ അടങ്കൽതുക വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. വായ്പ എടുത്തു നിർമ്മിക്കുന്ന വീടുകളായാലും വായ്പേതര വീടുകളായാലും നിർമ്മാണോപകരണങ്ങളുടെ ഗുണനിലവാരം മോശമായതിനാൽ വളരെ കുറഞ്ഞകാലം കൊണ്ടുതന്നെ അറ്റകുറ്റപ്പണികൾ നടത്തേണ്ടിയും വരുന്നു.

പഞ്ചായത്തിലെ ആകെ കുടിലുകൾ മാറ്റി വാസയോഗ്യമായ പുതിയ വീടുകൾ നിർമ്മിക്കേണ്ടതുണ്ട്. നമ്മുടെ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിൽ ഇതിന് ഗണ്യമായ സ്വാധീനം ചെലുത്തുവാൻ കഴിയും. ഇതിനു കൂട്ടായ പരിശ്രമം ആവശ്യമാണ്. പാർപ്പിട പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

### പ്രശ്നങ്ങൾ

- കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യം, വിലക്കയറ്റം.
- നിർമ്മാണത്തൊഴിലാളികളുടെ കൂലി വർദ്ധനവ്.
- വായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ.
- ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം.

### നിർദ്ദേശങ്ങൾ

1. വായ്പ ലഭിക്കുന്നതിന് നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കുക.
3. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.
4. സർക്കാർ ആവിഷ്കരിക്കുന്ന എല്ലാത്തരം ഭവന നിർമ്മാണ പദ്ധതികളും പഞ്ചായത്തു വഴി വിതരണം ചെയ്യുക.
5. നിർമ്മാണ ഘട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഗ്രാമ പഞ്ചായത്തംഗങ്ങളെ ചുമതലപ്പെടുത്തുക.
6. ഭവനനിർമ്മാണ വായ്പകളുടെ പരിധി ഉയർത്തുക.
7. ഹ്രസ്വകാല വായ്പകൾ ദീർഘകാല വായ്പകളാക്കുക.
8. അഞ്ചുലക്ഷത്തിൽ പരം രൂപ ചിലവുവരുന്ന വീടുകൾക്ക് വാർഷിക വാടകയുടെ 25% നികുതി ഈടാക്കുക.
9. ഭവന നിർമ്മാണസാമഗ്രികളുടെ വിതരണത്തിന് സംസ്ഥാനാടിസ്ഥാനത്തിൽ പൊതുവിതരണ ഡിപ്പോകൾ രൂപീകരിക്കുക.
10. അപേക്ഷ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. നിർമ്മാണ രംഗത്ത് സഹകരണസംഘം രൂപീകരിക്കുക. എല്ലാത്തരം നിർമ്മാണങ്ങളും ഈ സംഘത്തിന്റെ കീഴിലാക്കുക.
12. ഹൗസിംഗ് ബോർഡിന്റെ വായ്പകൾ 75% പഞ്ചായത്തുകൾക്കായി നീക്കിവെയ്ക്കുക. ഓരോ പഞ്ചായത്തിനും ജനസംഖ്യാനുപാതികമായി തുകവീതിക്കുക. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള അവകാശം പഞ്ചായത്തിനു നൽകുക.
13. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു ലഭിക്കുന്ന വീടുകൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ നിർമ്മിച്ചു നൽകുക.
14. മൈത്രീഭവന പദ്ധതി സന്നദ്ധസംഘടനകൾ വഴി നടപ്പിലാക്കുന്നത് ഒഴിവാക്കി പഞ്ചായത്തു വഴി ആക്കുക.
15. കോളനി നിവാസികൾക്കായി പ്രത്യേകം ഭവന പദ്ധതിക്കു രൂപം നൽകുക.
16. ക്ഷേമനിധി വിഹിതം അതാതു പ്രദേശത്തെ സഹകരണ സംഘങ്ങൾ വഴി അതാതു മാസത്തിൽ അടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

## സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യാനന്തര കാലം മുതൽ സാമൂഹ്യക്ഷേമ രംഗത്ത് സർക്കാർ ഒട്ടേറെ പദ്ധതികൾ കൊണ്ടു വന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ ക്ഷേമപദ്ധതികൾ നിലവിലുള്ളത് കേരളത്തിൽ മാത്രമാണ്. വിവിധ വിഭാഗം തൊഴിലാളികൾ, അഗതികൾ, വിധവകൾ, വൃദ്ധ പരിപാലനം ദുർബല വിഭാഗം കുട്ടികൾക്കുള്ള പദ്ധതി തുടങ്ങിയവ നമ്മുടെ നാട്ടിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗം, വനിത എന്നിവയ്ക്കായി പ്രത്യേകം കോർപറേഷനും രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

ഒട്ടാകെയുള്ള പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തനം കുറ്റമറ്റതാണെന്നു കാണാൻ കഴിയില്ല. ക്ഷേമ പ്രവർത്തനങ്ങൾക്കു സർക്കാർ നീക്കിവയ്ക്കുന്ന തുകയുടെ നല്ലൊരു ശതമാനം തുക ഇതിന്റെ ഭരണ നടത്തിപ്പുമായി ബന്ധപ്പെട്ടു പാഴായിപ്പോകുന്നുണ്ട്. ചില വകുപ്പുകളിലാകട്ടെ അനുവദിക്കുന്ന മുഴുവൻ തുകയും യഥാകാലം വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി പോകുന്നുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി വഴിയുള്ള സഹായങ്ങളാണ് പരിമിതമെങ്കിലും പഞ്ചായത്തിൽ ലഭിക്കുന്നത്. ക്ഷേമനിധികൾ മുഖേന ലഭിക്കേണ്ടുന്ന സഹായങ്ങൾ പൂർണ്ണമായും കിട്ടുന്നില്ല. അശാസ്ത്രീയമായ നിയമക്കുരുക്കുകൾ ഉദ്യോഗസ്ഥ തലത്തിലുള്ള ഭരണ നടപടികൾ മൂലം വരുന്ന കാലതാമസം ഇവയെല്ലാം ക്ഷേമനിധിയുമായി ബന്ധപ്പെട്ടു വരുന്ന തടസ്സങ്ങളാണ്. ഇത്തരം കുറവുകൾ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കേണ്ടതുണ്ട്.

ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന തലസ്ഥാനത്തും ആഫീസുകൾ പ്രവർത്തിക്കുന്ന വകുപ്പുകളിൽ നിന്നും സഹായം തേടിയെത്തുന്നതിനും അതു നേടിയെടുക്കുന്നതും ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. മാത്രമല്ല സഹായങ്ങളെ സംബന്ധിച്ച വിവരങ്ങൾ തക്കസമയത്ത് അറിയാനും കഴിയുന്നില്ല. പത്രക്കുറിപ്പുകൾ വരാറുണ്ടെങ്കിലും അപ്രധാന പേജിലെ വാർത്തകളായിപ്പോകുന്നുണ്ട് പലതും. ഈ വിധത്തിലും സഹായത്തുകകൾ ലാപ്സാകുന്നുണ്ട്.

ദൈനംദിന പത്രം വായിക്കുന്ന പൊതുപ്രവർത്തകർക്കു പോലും ഇത്തരം വാർത്തകൾ ശ്രദ്ധയിൽ പെടാറില്ല. സാധാരണ ജനങ്ങൾക്ക് ഈ വക സഹായങ്ങളേയും ആനുകൂല്യങ്ങളേയും സംബന്ധിച്ച് ഉള്ള അറിവാകട്ടെ പരിമിതവുമാണ്. ഇത്തരം പോരായ്മകൾക്കും പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്.

ബ്ലോക്ക് ഡവലപ്പമെന്റ് ഓഫീസിനു കീഴിലുള്ള വി. ഇ. ഒ. മാർ വഴിലഭിക്കുന്ന നാമമാത്രമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കിട്ടുന്ന സഹായങ്ങളാണ് പഞ്ചായത്തിനുള്ളിലെ ജനങ്ങളിലെത്തുന്നത്. ഏതൊരു സഹായമായാലും അനുവദിക്കപ്പെടേണ്ട എണ്ണത്തിനേക്കാൾ കൂടുതൽ അപേക്ഷകരുണ്ടാകും. എന്നരിക്കിലും പലപ്പോഴും യഥാർത്ഥ ഗുണഭോക്താവിനു സഹായം ലഭിക്കാത്ത അനുഭവങ്ങൾ ധാരാളമുണ്ട്. എങ്കിലും നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം പട്ടിക 4 ൽ കാണാം

കഞ്ഞിക്കുഴി പഞ്ചായത്തിലാകെ 3114 കുടുംബങ്ങളാണ് IRDP പരിധിയിൽ വരുന്നത്. ഇതിനായി ഒരു ജനകീയ സർവ്വേ നടത്തിയാലേ കൃത്യമായി ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ എത്ര എന്നു കണ്ടെത്താൻ കഴിയൂ. പദ്ധതിയിൽ വരുന്ന കുടുംബത്തിനു നിർണ്ണയിക്കുന്ന പരിധി പുനഃപരിശോധിക്കേണ്ടതുണ്ട്. പഞ്ചായത്തിലാകെ ദാരിദ്ര്യ രേഖയ്ക്കു താഴെ 46.13% കുടുംബങ്ങളുണ്ട്. ഇത്തരം വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതി പ്രകാരമുള്ള വായ്പ ലഭിക്കുന്നതിൽ ധനലക്ഷ്മി, ലോഡ്കൃഷ്ണ ബാങ്ക് എന്നിവ തികഞ്ഞ ഉദാസീനത കാട്ടുമ്പോൾ കാനറാ ബാങ്ക്, സഹകരണ ബാങ്കുകൾ എന്നിവ കാര്യമായി സഹായിക്കുന്നുണ്ട്. സഹകരണ ബാങ്കുകൾ വഴി മാത്രം ഈ പദ്ധതിനടപ്പിലാക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം.

സാമൂഹ്യക്ഷേമരംഗത്ത് വികസന ബ്ലോക്കു വഴി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്കു താഴെ സർക്കാർ നിലവാരത്തിൽ കണ്ടെത്തിയ കുടുംബങ്ങൾക്കാണ് സഹായം ലഭിച്ചിട്ടുള്ളത്.

ഈ പട്ടികയിൽ ഇനിയും ഒട്ടനവധി കുടംബങ്ങൾ ഉൾപ്പെടാനുണ്ട്. 89-90 മുതൽ 95-96 വരെ ഈ പദ്ധതികൾ വഴി നടപ്പിൽ വരുത്തിയ സഹായങ്ങൾ പട്ടിക അഞ്ചിൽ കാണാം.

**പട്ടിക 4 ഐ. ആർ. ഡി. പി. സർവ്വേ വാർഡു തലത്തിൽ**

| വാർഡ് | സർവ്വേ പ്രകാരംകണ്ടെത്തിയ കുടുംബങ്ങൾ | എസ്. സി/ എസ്. റ്റി. | ഇതുവരെ സഹായം ലഭിച്ചവർ | എസ്. സി/ എസ്. റ്റി. | സഹായം ലഭിച്ചതു വഴി ദാരിദ്ര രേഖയ്ക്ക് മുകളിലായവർ | ഇപ്പോൾ ദാരിദ്ര രേഖയ്ക് താഴെ (സഹായം ലഭിച്ചവരുൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 348 | 3 | 9 | 2 | 4 | 344 |
| 2 | 331 | 3 | 19 | 1 | 10 | 321 |
| 3 | 308 | 3 | 7 | 3 | 3 | 305 |
| 4 | 342 | 4 | 15 | 3 | 8 | 334 |
| 5 | 372 | 5 | 11 | 4 | 5 | 367 |
| 6 | 352 | 1 | 27 | — | 20 | 332 |
| 7 | 214 | 7 | 24 | 6 | 18 | 196 |
| 8 | 387 | 3 | 25 | 3 | 18 | 369 |
| 9 | 349 | 10 | 41 | 10 | 36 | 313 |
| 10 | 243 | 4 | 14 | 4 | 10 | 233 |
| ആകെ | 3246 | 43 | 192 | 36 | 132 | 3114 |

അവലംബം ദ്വിതീയ വിവര ശേഖരണം

**പട്ടിക 5**

| വർഷം | എണ്ണം | സബ്സിഡി |
|---|---|---|
| 89-90 | 112 | 197301 |
| 90-91 | 53 | 157791 |
| 91-92 | 78 | 209743 |
| 92-93 | 54 | 179759 |
| 93-94 | 49 | 150133 |
| 94-95 | 36 | 154000 |
| 95-96 | 79 | 317250 |

അവലംബം ദ്വിതീയ വിവര ശേഖരണം

**പട്ടിക 6**

| വകുപ്പ് | തുക |
|---|---|
| മൃഗസംരക്ഷണം | 1085 |
| ആരോഗ്യം | 1796 |
| കൃഷി | 667850 |
| പി. ഡബ്ല്യൂ. ഡി | 22000 |
| ഹരിജനക്ഷേമം | 687 |
| മറ്റുള്ളവ | 6060 |
| ആകെ | 699478 |

അവലംബം ദ്വിതീയ വിവര ശേഖരണം

പഞ്ചായത്തു രാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽനിന്നും 1996 -ൽ പഞ്ചായത്തിലേക്ക് അനുവദിച്ച തുകയും വകുപ്പും പട്ടിക ആറിൽ കാണാം.

## DWCRA

ഈ പദ്ധതിയെ സംബന്ധിച്ചും ഗുണത്തെ സംബന്ധിച്ചും ഇനിയും ഒട്ടേറെ ബോധവൽക്കരണപ്രക്രിയകൾ നടത്തേണ്ടിയിര്കുന്നു. ഇത് സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനം ലക്ഷ്യമാക്കി രൂപം കൊടുത്തിട്ടുള്ളതാണെങ്കിലും കുട്ടികളുടെ മാത്രമായ ഒരു സംരംഭത്തിനു വേണ്ടി പരിശ്രമിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകളിൽ നിന്നുള്ള ആശ്രിത ജീവിതം നയിക്കുന്ന കുട്ടികൾ എന്ന പരിരക്ഷ കിട്ടുന്നുണ്ട്. കഞ്ഞിക്കുഴിയിലെ പത്തു വാർഡുകളിലും ഇതിന്റെ ഗണഭോക്താക്കളുണ്ടെങ്കിലും, ആദ്യമായി 9-ാം വാർഡിൽ തുടങ്ങിയ കയർ പിരി യൂണിറ്റു മാത്രമാണ് വളരെ ശ്രദ്ധിച്ചു നടത്തുന്നതും ലാഭകരമായതും. മറ്റെല്ലാ വാർഡുകളിലും കുറ്റിമുല്ല കൃഷി യൂണിറ്റുകൾക്കാണ് സഹായം ലഭിച്ചിട്ടുള്ളത്. ഈ കൃഷിയിൽ ഭൂരിപക്ഷം പേരും ശ്രദ്ധിക്കുന്നില്ല. ശ്രദ്ധിക്കുന്നവർക്കാകട്ടെ ലാഭകരവുമാണ്. (പട്ടിക 7 കാണുക)

## ട്രൈസം

ചെറുപ്പക്കാരായ യുവതീ യുവാക്കൾക്കു തൊഴിൽ പരിശീലനം നൽകുക, അതുവഴി സ്വയം തൊഴിൽ സംരംഭം തുടങ്ങുക എന്ന ലക്ഷ്യമാണ് ഈ പരിശീ

ലനം വഴി നടക്കുന്നത്. എന്നാൽ ഇതിനായി ഗുണഭോക്താക്കളെ ആവശ്യപ്പെട്ടാൽ പലപ്പോഴും കിട്ടാറില്ല. മാത്രമല്ല. വിവിധ ട്രേഡുകളിൽ പരിശീലനം നല്കുന്നതിനും ചില സാങ്കേതിക തടസ്സങ്ങളുണ്ട്. പരിശീലനത്തിനാവശ്യമായ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലോ സമീപ പ്രദേശത്തോ ഇല്ലാത്തതാണ് ഒരു പ്രധാന ഘടകം. മറ്റൊന്ന് പരിശീലനം കഴിഞ്ഞു പുറത്തു പോകുന്നവർക്ക് പരിശീലിച്ച തൊഴിൽ തുടങ്ങുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തവരുമാണ്. ഇവരാകട്ടെ ഇത്തരം ആവശ്യങ്ങളുമായി ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ചാൽ അനുകൂല സാഹചര്യം പലപ്പോഴും കിട്ടാറില്ല. എങ്കിലും ട്രൈസം പരിശീലനം വഴി സ്വയം തൊഴിൽ നേടിയവരായി 19 പേർ ഈ പഞ്ചായത്തിലുണ്ട്.

പട്ടിക 7

| വാർഡ് | തൊഴിലിനം | ആരംഭിച്ച വർഷം | പ്രവൃത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | കുറ്റിമുല്ല കൃഷി | 1995–96 | 10 | 7 പേർ നന്നായി ചെയ്യുന്നു |
| 2 | കുറ്റിമുല്ല കൃഷി | 1995–96 | 9 | 7 പേർ നന്നായി ചെയ്യുന്നു |
| 3 | കുറ്റിമുല്ല കൃഷി | 1995–96 | 10 | 8 പേർ നന്നായി ചെയ്യുന്നു |
| 4 | കുറ്റിമുല്ല കൃഷി | 1995–96 | 9 | 8 പേർ നന്നായി ചെയ്യുന്നു |
| 5 | കുറ്റിമുല്ല കൃഷി | 1995–96 | 9 | 6 പേർ നന്നായി ചെയ്യുന്നു |
| 6 | കുറ്റിമുല്ല കൃഷി | 1995–96 | 10 | 7 പേർ നന്നായി ചെയ്യുന്നു |
| 7 | കുറ്റിമുല്ല കൃഷി | 1995–96 | 10 | 7 പേർ നന്നായി ചെയ്യുന്നു |
| 8 | കുറ്റിമുല്ല കൃഷി | 1995–96 | 10 | 3 പേർ നന്നായി ചെയ്യുന്നു |
| 9 | കയർ പിരി യൂണിറ്റ്<br>കുറ്റിമുല്ല | 1993–94<br>1995–96 | 10<br>10 | ലാഭകരം<br>2 പേർ നന്നായി ചെയ്യുന്നു |
| 10 | കുറ്റിമുല്ല | 1995–96 | 10 | 6 പേർ നന്നായി ചെയ്യുന്നു |

അവലംബം ദ്വിതീയ വിവര ശേഖരണം

## പെൻഷനുകൾ

സമൂഹത്തിന്റെ ദയ അർഹിക്കുന്ന വിഭാഗങ്ങൾക്കായി സർക്കാർ സാമൂഹ്യക്ഷേമപദ്ധതിയിൽപ്പെടുത്തി പെൻഷനുകൾ നൽകി വരുന്നുണ്ട്. ഇതാകട്ടെ ക്ഷേമനിധി ബോർഡുകൾ വില്ലേജാഫീസുകൾ എന്നിവ മുഖേനയാണ് നടപ്പിലാക്കുക. ഈ വകുപ്പുകൾ സർക്കാർ നേരിട്ടു നിയന്ത്രിക്കുന്നതും നിയന്ത്രണമുള്ളതുമാണ്. പലപ്പോഴും ഈ ഡിപ്പാർട്ടുമെന്റുകളിൽനിന്നും നീതി ലഭിക്കാറില്ല.

ആരോഗ്യമുള്ള കാലത്ത് പാടത്തും പണിശാലകളിലും പണിയെടുത്ത് ജീവിതം തള്ളിനീക്കിയ അവശ വിഭാഗങ്ങളാണ് ഈ തൊഴിലാളികൾ. തൊഴിലെടുക്കാൻ ആരോഗ്യം നഷ്ടപ്പെട്ട് രോഗാതുരരായി സ്വഭവനങ്ങളിൽ കഴിയുന്ന ഇവർക്കുള്ള പെൻഷനു വേണ്ടി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അനുവദിക്കപ്പെടുന്നതിനു ദീർഘമായ കാല വിളംബം ഉണ്ടാകുന്നു. കൂടാതെ അർഹരെ തഴഞ്ഞ് അനർഹർ കൈപ്പറ്റുന്ന പ്രവണതകളും കണ്ടു വരുന്നു. എല്ലാ ഗ്രാമസഭകളിലും ഈ വിമർശനം ഉയർന്നു വന്നിട്ടുണ്ട്. ഇതിനു അടിമുടി മാറ്റമുണ്ടായേതീരൂ. (പട്ടിക 8 കാണുക)

തീർപ്പുകൽപിക്കേണ്ടുന്ന അപേക്ഷകളെ സംബന്ധിച്ചും കുടിശിഖക്കാരുടെ എണ്ണത്തേകുറിച്ചും ഗഡുക്കളും എത്രയെന്നുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ആഫീസിൽ നിന്നും നല്കുവാൻ നിർവ്വാഹമില്ല എന്നാണറിയിച്ചത്. (പട്ടിക 9 കാണുക)

**പട്ടിക 8 1990–96 വരെ വിതരണം ചെയ്ത കയർത്തൊഴിലാളി പെൻഷൻ**

| വർഷം | എണ്ണം | പ്രതി മാസം | കൊടുത്ത ഗഡു | തുക | മൊത്തം |
|---|---|---|---|---|---|
| 1990 | 500 | 75 | 2 | 150 | 75000 |
| 1991 | 500 | 75 | 6 | 450 | 225000 |
| 1992 | 500 | 75 | 2 | 150 | 75000 |
| 1993 | 500 | 75 | 4 | 300 | 150000 |
| 1994 | 500 | 75 | 4 | 300 | 150000 |
| 1995 | 561 | 75 | 4 | 300 | 168300 |
| 1996 | 592 | 75 | 6 | 450 | 266400 |

അവലംബം ദ്വിതീയ വിവര ശേഖരണം

**പട്ടിക 9 1991–95 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ**

| വർഷം | പെൻഷൻ കൈപ്പറ്റിയവരുടെ എണ്ണം | ആകെ തുക |
|---|---|---|
| 1991 | 562 | 472080 |
| 1992 | 518 | 435120 |
| 1993 | 516 | 433940 |
| 1994 | 510 | 428400 |
| 1995 | 503 | 422520 |

അവലംബം ദ്വിതീയ വിവര ശേഖരണം

5 അപേക്ഷകളിൻ മേൽ തീർപ്പു കല്പിക്കുവാനുണ്ട്

## മറ്റ് പെൻഷനുകൾ

സ്വാതന്ത്ര്യ സമരസേനാനി പെൻഷനും നിരവധി പേർക്കു ലഭിക്കുന്നുണ്ട്. വിവിധ തരത്തിൽ അവശതയനുഭവിക്കുന്ന ദുർബ്ബലർക്കായി ഏർപ്പെടുത്തിയിട്ടുള്ള പെൻഷനുകളിൽ വിധവാ പെൻഷൻ 174. വികലാംഗ പെൻഷൻ 160, വാർദ്ധക്യ പെൻഷൻ 15, അവ ശ കലാകാരസാഹിത്യ പെൻഷൻ 4, ക്ഷയരോഗി പെൻഷൻ 4, കുഷ്ഠരോഗി പെൻഷൻ 2, കാൻസർ രോഗി പെൻഷൻ 8, എന്നിങ്ങനെ ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. അവശ കായികതാരങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

## തൊഴിലില്ലായ്മ വേതനം

അഭ്യസ്ത വിദ്യരായിട്ടുള്ള യുവതീയുവാക്കൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയിൽ ഒട്ടനവധി അനർഹർ കടന്നു കൂടിയിട്ടുണ്ട്. പഞ്ചായത്തിലാകെ 666 പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ആത്മാർത്ഥമായി മനസ്സുവച്ചാൽ ഇതിനു വേണ്ടി മുടക്കുന്ന തുകയെ പ്രത്യുല്പാദനപരമായ മേഖലകളിലേക്കു തിരിച്ചുവിടാൻ കഴിയും.

## അംഗനവാടികൾ

സാമൂഹ്യരംഗത്ത് ഭാവിതലമുറയെ ഗുണപരമായി വളർത്തിക്കൊണ്ടു വരികയെന്ന ലക്ഷ്യത്തോടെയാണ് ഇത്തരം ശിശു വിദ്യാഭ്യാസ കേന്ദ്രങ്ങൾക്കു തുടക്കം കുറിച്ചത്. കുട്ടികളുടെയും അമ്മയായ സ്ത്രീകളുടെയും ആരോഗ്യ പരിരക്ഷ കൂടി ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ പെടുന്നുണ്ട്. പൂർണ്ണമായും ലക്ഷ്യത്തിലെത്തുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും കഞ്ഞിക്കുഴിയെ സംബന്ധിച്ച് ഒരു നല്ല മാറ്റത്തിനു തുടക്കം കുറിക്കുവാൻ അംഗനവാടികൾക്കുകഴിഞ്ഞിട്ടുണ്ട്. കഞ്ഞിക്കുഴി പഞ്ചായത്തിലാകെ 19 അംഗനവാടികൾ പ്രവർത്തിക്കുന്നു. കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യ പരമായ കാര്യത്തിൽ ഏറെക്കുറേ ശ്രദ്ധിക്കുവാൻ കഴിയുന്നുണ്ടെങ്കിലും കുട്ടികളുടെ മാനസ്സിക വളർച്ചയ്ക്കുതകുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതികൾ പലയിടങ്ങളിലും ഇല്ല. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മൂല്യത്തകർച്ച ഇവിടെയും എത്തിപ്പെട്ടിട്ടുണ്ട്. ആറു വയസ്സിൽ താഴെയുള്ള കുട്ടികളെ അക്ഷരാഭ്യാസികളാക്കി മാറ്റിയെടുക്കുന്ന ക്ലേശപൂർണ്ണവും ശ്രമകരവുമായ ജോലിയാണ് അംഗനവാടികളിൽ പണിയെടുക്കുന്ന രണ്ടു വനിതാ ജീവനക്കാരുകളിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇവരാകട്ടെ നാളിതു വരെ സർക്കാർ ജീവനക്കാരായി തീർന്നിട്ടില്ല. എന്നുമാത്രമല്ല നാമമാത്രമായ വേതനമാണ് ഇവർക്ക് ലഭിക്കുന്നത്. ഈ അസംതൃപ്തി അവരുടെ ജോലിയെ പ്രതികൂലമായി ബാധിക്കുകയും അതുവഴി കുട്ടികൾക്ക് ലഭ്യമാകേണ്ട പരിചരണം ലഭിക്കാതെയും വരും. ഇതിനു ശ്വാശ്വതമായ പരിഹാരം കാണേണ്ടിയിരിക്കുന്നു. (പട്ടിക 10 കാണുക)

അംഗനവാടികൾക്കുള്ള സ്ഥലം വാങ്ങിയിട്ടുള്ളതും കെട്ടിടം നിർമ്മിച്ചതും സർക്കാരിന്റെ വിഹിതം കൂടാതെ, ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ചവയാണ്. ഇനിയും കൂടുതൽ കാര്യങ്ങൾ ഈ മേഖലയിൽ നടപ്പിൽ വരുത്തേണ്ടതുണ്ട്. കുട്ടികളുടെ അഡ്മിഷന്റെ കാര്യത്തിലും കളിപ്പാട്ടങ്ങൾ സംഭരിക്കുന്നതിനും ഒട്ടേറെ സഹായങ്ങൾ ഗ്രാമസഭകൾക്കു നിർവ്വഹിക്കുവാൻ കഴിയണം. 5, 9, 11, എന്നീ വാർഡുകളിലെ അംഗനവാടികൾക്കുള്ള കെട്ടിടം പണി പൂർത്തിയായിട്ടില്ല.

## നിത്യോപയോഗ സാധനങ്ങളും ജനങ്ങളും, റേഷൻകടയും

ജനജീവിതത്തിന്റെ പ്രഥമവും പ്രധാനവുമായ ഒന്നാണ് നിത്യോപയോഗ വസ്തുക്കൾ. പൊതുമാർക്കറ്റിലെ വിലക്കയറ്റം ഇന്ന് ഏതൊരു പ്രദേശത്തു ചെന്നാലും ഒരു ചർച്ചാ വിഷയമാണ്. സർക്കാർ ഇതിനെതിരായി എന്തു തന്നെ ആവിഷ്കരിച്ചാലും അത് ഫല പ്രാപ്തിയിലെത്താറില്ല എന്നതാണു വാസ്തവം. വൻകിട കച്ചവടക്കാർ തങ്ങളുടെ പക്കലുള്ള സാധനങ്ങൾ ബോധപൂർവ്വം പൂഴ്ത്തിവച്ചു വിലക്കയറ്റം സൃഷ്ടിക്കാറുണ്ട്. ഇതിനു പരിഹാരമായി മാവേലി സ്റ്റോറുകൾ സജീവമാക്കുന്നതോടൊപ്പം തന്നെ ഒരോ വർഡുകളിലും ഒന്നോ അതിലധികമോ ജനകീയ കൂട്ടുകച്ചവട കേന്ദ്രങ്ങൾ തുറക്കുന്നതു നന്നായിരിക്കും. ജനങ്ങൾക്ക് ന്യായമായ വിലക്ക് സാധനങ്ങൾ ലഭ്യമാക്കാൻ ഇതു സഹായകമാണ്.

നാണ്യവിളകളുടെ കേന്ദ്രമായ കേരളത്തിലെ ജനങ്ങളുടെ പ്രധാന ഭക്ഷ്യാഹാരം അരിയാണ്. നമ്മുടെ കൃഷിയിടങ്ങളിൽ നമുക്കാവശ്യമായ അരിയുല്പാദിപ്പിക്കുവാൻ നമുക്കു കഴിയില്ല. പരമാവധി 30% മാത്രമേ നമുക്കു ഉല്പാദിപ്പിക്കുവാൻ കഴിയൂ. എന്നാൽ നാണ്യശേഖരം ഉണ്ടാക്കുന്ന കാര്യത്തിൽ നമ്മുടെ മറ്റുവിളകൾ പ്രധാനമാണ്. ഇതു പരിഗണിച്ചാണ് അന്നത്തെ ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിറ്റ്ജി കേരളീയർക്ക് അനുവദിച്ച സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് ഇന്നു നിലവിലില്ല. പകരം പൊതു വിതരണ കേന്ദ്രമാണ് നിലവിലുള്ളത്. ആകെ കുത്തഴിഞ്ഞ ഒരു മേഖലയാണിത്. സർ. സി. പി. യുടെ കാലത്തു പോലും നിലനിന്നിരുന്ന റേഷനിംഗ് അപാകതകൾക്കെതിരെ ഉജ്ജ്വലമായ സമരം നടത്തി തിരുത്തിച്ച പാരമ്പര്യമുള്ളവരാണു നമ്മൾ. 1964 –ലെ റേഷനിംഗ് ആക്ട് പ്രകാരം നിലവിലുള്ള "റേഷൻ ഡിപ്പോ" തന്നെ പുനസ്ഥാപിക്കാൻ കഴിയണം. പഞ്ചായത്തിലാകെയുള്ള റേഷൻ കടകളിലേക്കുള്ള ഭക്ഷ്യധാന്യ വിതരണത്തിനായുള്ള മൊത്തം വിതരണ കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം. പഞ്ചായത്തിലാകെ 19 കടകളാണു നിലവിലുള്ളത്.

പട്ടിക 10

പഞ്ചായത്തിലെ അംഗനവാടികളിലെ വിശദമായ പട്ടിക താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് | എണ്ണം | അഗംന വാടി നമ്പർ | കുട്ടികളുടെ എണ്ണം | | കെട്ടിടം ഉള്ളത് | കളിപ്പാട്ടം ഉള്ളത് | സ്ഥലം ഉണ്ട് കെട്ടിടം ഇല്ല |
|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | | | |
| 1 | 1 | 2 | 17 | 11 | 9 | ഉണ്ട് | ഇല്ല | — |
| 2 | 1 | — | 110 | 7 | 8 | ഉണ്ട് | ഇല്ല | — |
| 3 | 2 | 2 | 18 | 12 | 14 | ഉണ്ട് | ഇല്ല | — |
| 4 | 2 | — | 19 | 15 | 16 | ഉണ്ട് | ഇല്ല | — |
| 5 | 3 | 2 | 20 | 13 | 9 | പൂർത്തിയായില്ല | ഇല്ല | — |
| 6 | 3 | — | 103 | 12 | 6 | ഉണ്ട് | ഇല്ല | — |
| 7 | 4 | 2 | 21 | 5 | 8 | ഉണ്ട് | ഇല്ല | — |
| 8 | 4 | — | 99 | 18 | 12 | ഉണ്ട് | ഇല്ല | — |
| 9 | 5 | 2 | 22 | 10 | 8 | പൂർത്തിയായില്ല | ഇല്ല | — |
| 10 | 5 | — | 30 | 18 | 10 | ഉണ്ട് | ഇല്ല | — |
| 11 | 6 | 2 | 104 | 8 | 7 | പൂർത്തിയായില്ല | ഇല്ല | — |
| 12 | 6 | — | 24 | 20 | 15 | ഉണ്ട് | ഇല്ല | — |
| 13 | 7 | 1 | 27 | 8 | 10 | ഉണ്ട് | ഇല്ല | — |
| 14 | 8 | 1 | 25 | 5 | 8 | ഉണ്ട് | ഇല്ല | — |
| 15 | 9 | 2 | 26 | 10 | 5 | ഉണ്ട് | ഇല്ല | — |
| 16 | 9 | — | 31 | 8 | 7 | ഉണ്ട് | ഇല്ല | — |
| 17 | 10 | 2 | 28 | 7 | 8 | ഉണ്ട് | ഇല്ല | — |
| 18 | 10 | — | 29 | 10 | 10 | ഉണ്ട് | ഇല്ല | — |
| 19 | 11 | 1 | 23 | 7 | 5 | ഉണ്ട് | ഇല്ല | — |

അവലംബം ദ്വിതീയ വിവര ശേഖരണം

## തൊഴിലുപകരണം നൽകൽ

ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ നല്കുന്ന പദ്ധതിയിൽ IRDP സർവ്വേ പ്രകാരം ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തിലെ കൈത്തൊഴിലുകാരുടെ എണ്ണം 100 ആണ്. യഥാർത്ഥത്തിൽ ഇത് ഒരു വാർഡിലെ തൊഴിലാളികളുടെ എണ്ണം പോലുമായിട്ടില്ല. ഈ സർവ്വേയുടെ അശാസ്ത്രീയതയെ സംബന്ധിച്ച് നേരത്തെ പറഞ്ഞിരുന്നുവല്ലോ. സർവ്വേ പ്രകാരമുള്ള 100 പേരും ഉപകരണങ്ങൾക്ക് അപേക്ഷിച്ചിട്ടുണ്ട്. ലഭിച്ചതാകട്ടെ അഞ്ചു പേർക്കുമാത്രം. 9 പേരുടെ അപേക്ഷ DRDA യുടെ പരിഗണയ്ക്കായി അയച്ചിട്ടുണ്ട്. എന്നാണ് ആധികാരിക രേഖയിൽ നിന്നു മനസ്സിലാക്കുവാൻ കഴിയുന്നത്.

സർക്കാരു കാര്യം മുറപോലെ എന്ന ചൊല്ല് അന്വർത്ഥമാക്കുന്ന വിധത്തിലാണ് ഈ ദുർബ്ബല വിഭാഗത്തിന്റെ കാര്യത്തിലും കാട്ടുന്ന അനാസ്ഥ. സർക്കാരിന്റെ അനാസ്ഥയും കാലതാമസവും നിലനിൽക്കുമ്പോൾ തന്നെ ഗുണഭോക്താക്കളിലും ചില ചീത്തവാസനകൾ നിലനില്ക്കുന്നുണ്ട്. തൊഴിലുപകരണം ഉള്ളവർ തന്നെ അപേക്ഷിക്കുകയും ആയതു ലഭിച്ചാൽ മറിച്ചു വില്ക്കുന്ന രീതികളും ഇല്ലാതില്ല. ഇതിനെല്ലാം തന്നെ പുതുക്കിയ സംവിധാനങ്ങളേർപ്പെടുത്തണം.

പട്ടിക 10

| വാർഡ് | IRDP സർവ്വേ എണ്ണം | സഹായം ലഭിച്ചവർ | അർഹതയുള്ളവർ | കുറിപ്പ് |
|---|---|---|---|---|
| 1 | 10 | — | 10 | — |
| 2 | 15 | 2 | 13 | — |
| 3 | 27 | — | 27 | 3 പേരുടെ അപേക്ഷ DRDA യ്ക്ക് അയച്ചു |
| 4 | 3 | — | 3 | — |
| 5 | 11 | — | 11 | — |
| 6 | 10 | 3 | 7 | 3 പേരുടെ അപേക്ഷ DRDA യ്ക്ക് അയച്ചു |
| 7 | 1 | — | 1 | — |
| 8 | 7 | — | 7 | — |
| 9 | 12 | — | 12 | — |
| 10 | 4 | — | 4 | 3 പേരുടെ അപേക്ഷ DRDA യ്ക്ക് അയച്ചു |

അവലംബം ദ്വിതീയ വിവര ശേഖരണം

## പ്രശ്നങ്ങൾ

- ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.
- IRDP അനർഹ കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്ന അവസ്ഥ, അതുവഴി അർഹരായവർ തഴയപ്പെടുന്നു.
- ഇടത്തട്ടുകാരുടെ ചൂഷണം. ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതി.
- പദ്ധതി വിവരങ്ങൾ യഥാർത്ഥ ഗുണഭോക്താവ് കൃത്യസമയത്ത് അറിയുന്നില്ല.
- ആനുകൂല്യം യഥാസമയങ്ങളിൽ കിട്ടുന്നല്ല.

## നിർദ്ദേശങ്ങൾ

1 അംഗനവാടികളിലെ കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വികാസത്തിനു ഇന്നുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. ഇവ സംഘടിപ്പിക്കുന്നതിനു വാർഡു തലത്തിൽ സഹായ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

2 200 വീടിനു ഒരു അംഗനവാടി എന്ന ക്രമത്തിൽ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

3 എല്ലാവിധ പെൻഷനുകളും ഗ്രാമപഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

4 നിരാലംബരായ വൃദ്ധജനങ്ങളുടെ പരിരക്ഷണാർത്ഥം പഞ്ചായത്തിൽ ഒരു വൃദ്ധസദനം സ്ഥാപിക്കുക.

5 ദുർബല വിഭാഗങ്ങൾക്കായി നിലവിലുള്ള വിവിധ പദ്ധതികളിലെ സഹായ വായ്പാ തുക കാലോചിതമായി പരിഷ്ക്കരിക്കുക.

6 ട്രൈസം പരിശീലനം ലഭിക്കുന്ന യുവതിയുവാക്കൾക്ക് സ്വയംതൊഴിൽ സംരഭങ്ങൾക്കുള്ള വായ്പകൾ ലഭിക്കുന്നതിന് സഹകരണ ബാങ്കുകളെ പ്രേരിപ്പിക്കുക. ഇത്തരം വായ്പകൾക്ക് പഞ്ചായത്ത് ഗ്യാരണ്ടി നില്ക്കണം.

7 നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിനും ന്യായ വിലയ്ക്ക് പൊതുജനങ്ങൾക്ക ലഭിക്കുന്നതിനും വാർഡ് അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ "ജനകീയ കൂട്ടുകച്ചവട" കേന്ദ്രങ്ങൾ തുറക്കുന്നത് നല്ലതാണ്.

8 പഞ്ചായത്തിലെ റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ മൊത്ത വിതരണ കേന്ദ്രം സ്ഥാപിക്കുക.

9 സർക്കാരിൽ നിന്നും സൗജന്യമായി ലഭിക്കുന്ന തൊഴിലുപകരണങ്ങൾ മറിച്ച് വില്ക്കുന്നവരിൽ നിന്നും അതിന്റെ നിലവിലുള്ള മാർക്കറ്റ് വില ഈടാക്കുകയും വിശ്വാസ വഞ്ചനയ്ക്കെതിരെ നിയമനടപടികളും സ്വീകരിക്കുക.

10 സമൂഹവിവാഹം പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

11 ദുരിതാശ്വാസ ഫണ്ട് രൂപീകരിക്കുക.

12 കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

13 ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനും, അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതിനും ഗ്രാമസഭകളുടെ സഹായം തേടുക.



''വൃത്തവും കോണും ചതുരവുമല്ലതി-
ലെത്തിനോക്കീട്ടില്ല ശില്പിതന്ത്രം''

ഇത്തരത്തിലുള്ള വീടുകളിൽ താമസിക്കുന്ന മനുഷ്യരും ഉണ്ടു് നമ്മുടെ ഗ്രാമത്തിൽ. നമ്മുടെ ബുദ്ധിയും കഴിവും കൂട്ടായ്മയും ഉപയോഗിച്ചു് വാസയോഗ്യമായതും ചെലവു് കുറഞ്ഞതുമായ വീടുകൾ നമുക്കു് തീർത്തുകൂടെ?''



# സംസ്കാരം

**" നിങ്ങൾക്കുകഴിയുമോ സ്നേഹിതാനവോദയം**
**പൊന്നുപൂശുമ്പോൾ പുത്തൻസംസ്ക്കാരം പാകിപൊക്കാൻ!"**



**കൂ**ട്ടായ്മയുടേയും അദ്ധ്വാനത്തിന്റേയും ദൈവികാരാധനകളുടേയും ഉൽസവമേളങ്ങളിൽനിന്നും ഉരുത്തുരിഞ്ഞ ഗ്രാമീണ സംസ്കാരമാണ് കഞ്ഞിക്കുഴിയുടേതു്. ആശാൻകളരികളും അനൗപചാരിക വിദ്യാഭ്യാസവും ഇതിനു കരുത്തുപകർന്നു. പ്രകൃതി നമുക്കു നൽകിയ കടൽമണ്ണിലാണു നാം ജീവിക്കുന്നതു്. അവിടവിടെയായി പൊങ്ങിയുംതാണും ചരിഞ്ഞും ആകൃതിയില്ലാതെ കിടന്ന ഭൂമിയെ കൂട്ടായ അദ്ധ്വാനത്തിന്റെ ഫലമായി രൂപഭംഗി വരുത്തിയ കൃഷിഭൂമിയാണ് ഇന്നു നാം കാണുന്നതു്. ഇത്തരം കൃഷിയിടങ്ങളിലെ വിളവു വർദ്ധിപ്പിക്കുന്നതിനുള്ള ദേവിപ്രീതിക്കായി നടത്തുന്ന ഉത്സവങ്ങളിൽനിന്ന് ആരാധനാ സമ്പ്രദായത്തിനും തുടക്കം കുറിച്ചു.

ജനസംഖ്യയിൽ 92.79% ഹിന്ദുക്കളാണ്. ക്രിസ്ത്യൻ കുടുംബങ്ങൾ 6.56% വും മുസ്ലീം കുടുംബങ്ങൾ 0.65% വും ആണ്. ഇത്തരത്തിലുള്ള ഭൂരിപക്ഷ ന്യൂനപക്ഷ അന്തരം ഉണ്ടെങ്കിലും നാളിതുവരെ ജാതിമത സംഘർഷങ്ങൾ ഉണ്ടായിട്ടില്ല. ഒട്ടേറെ സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്നവരാണ് ജനങ്ങളിലധികവും. എന്നാൽ സാമ്പത്തികമായി അത്യുന്നതിയിലെത്തിയ കുത്തക സ്വഭാവമുള്ളവർ ആരുംതന്നെയില്ലെന്നു പറയാം. എങ്കിലും പ്രാദേശികമായി പരിശോധിച്ചാൽ ജീവിതത്തിൽ സാമ്പത്തിക സുരക്ഷിതത്വം നേടിയവർ ഏകദേശം 10% വരും എന്നാണ് ഭവനസന്ദർശന കണക്കുകൾ കൊണ്ടു വ്യക്തമാകുന്നതു്.

ബഹുജനതാല്പര്യ സംരക്ഷണാർത്ഥം വളർന്നുവന്ന മുഹമ്മ കയർഫാക്ടറി തൊഴിലാളിയൂണിയനാണ് സാമൂഹ്യമാററത്തിനു് സ്ഥായിയായ അടിത്തറപാകിയതു്. പിന്നീടു വളർന്നുവന്ന ഇടതുപക്ഷ രാഷ്ട്രീയത്തിനു നിർണ്ണായക സ്വാധീനം ഈ പഞ്ചായത്തിലുണ്ടായി. ആ സ്ഥിതി ഇപ്പോഴും തുടരുന്നു. എന്നാൽ മററു് രാഷ്ട്രീയക്കാരും ഗ്രാമത്തിന്റെ പൊതുവികസനത്തിൽ രാഷ്ട്രീയം മാററിവച്ചു സഹകരിക്കുന്നുണ്ടു്.

സാമൂഹ്യാചാരങ്ങളെ സംബന്ധിച്ചു പറയുമ്പോൾ പുരാതീനകാലംതൊട്ടേ നിലനിന്നുപോരുന്ന ആരാധനാലയങ്ങളെ സംബന്ധിച്ചു സ്പർശിക്കാതിരിക്കാൻ കഴിയില്ല.

## കൂററുവേലി ദേവീക്ഷേത്രം

ഏകദേശം 600-ൽ പരം വർഷം പഴക്കമുള്ള ദേവീക്ഷേത്രമാണിതു്. 1200 ഏക്കറിൽപരം ഭൂമി ഈ ക്ഷേത്രത്തിനു സ്വന്തമായുണ്ടായിരുന്നു. ഭൂനയബില്ലുംപ്രകാരവും മററു കൈവഴികളിലുമായിപോയതിൽ ബാക്കി $4\frac{1}{2}$ ഏക്കർ മാത്രമാണ് ഇപ്പോൾ കൈവശമുള്ളതു്. വനദുർഗ്ഗ എന്ന പ്രതിഷ്ഠയാണിവിടെ. എല്ലാ വർഷവും കുംഭമാസത്തിലെ പൂരം ഉത്രം ദിവസങ്ങളിൽ ഉത്സവാഘോഷങ്ങൾ നടക്കുന്നു

## പുത്തനമ്പലം ക്ഷേത്രം

ഏകദേശം 135 വർഷത്തിൽപരം പഴക്കം ഈ ക്ഷേത്രത്തിനുണ്ട്. ഇതിന്റെ ഉത്ഭവചരിത്രം വള്ളാ വള്ളി കാലഘട്ടത്തിലെ ഒരു തന്ത്രപരമായ ബലപ്ര യോഗത്തിന്റേതാണ്. ഈ ക്ഷേത്രം സ്ഥാപിച്ച തിനുശേഷം ഇവിടെ കേരളത്തിന്റെ സാമൂഹ്യപരി ഷ്ക്കർത്താക്കളിൽ ഒരാളായ ശ്രീ നാരായണഗുരു സന്ദർശിച്ചിട്ടുണ്ട്. ഈ ക്ഷേത്രത്തിലെ പ്രധാന ഉത്സവം മകരമാസത്തിലെ പുണർതം, പൂയം നാളുക ളിലാണ്. പ്രധാന പ്രതിഷ്ഠ സുബ്രഹ്മണ്യസ്വാമിയു ടേതാണ്.

## അയ്യപ്പഞ്ചേരിക്ഷേത്രം

400 വർഷത്തോളം പഴക്കമുള്ള ക്ഷേത്രമാണ്. കൊച്ചിരാജാവിന്റെ അധീനപ്രദേശമായിരുന്ന കാ ലത്ത് ശാസ്താവുമായി ബന്ധപ്പെട്ട ഐതിഹ്യമാ ണിതിനുള്ളത്. ധർമ്മശാസ്താവിഗ്രഹമാണ് ഈ ക്ഷേ ത്രത്തിൽ. ആദ്യകാലങ്ങളിൽ മകരമാസത്തിലെ പുണർതം നാളിലായിരുന്നു പ്രധാന ഉത്സവം. സമീ പകാലത്തായി ധനുമാസത്തിലെ ഉത്രം നാളിലാണ് ഉത്സവം നടത്തുന്നത്.

## പാപ്പാളിക്ഷേത്രം

300 വർഷത്തിൽപരം പഴക്കമുള്ള ക്ഷേത്രമാണ്. മതസൗഹാർദ്ദത്തിന്റെ പാരമ്പര്യം അവകാശപ്പെ ടാവുന്ന ക്ഷേത്രമാണിത്. പ്രധാന പ്രതിഷ്ഠ കാളീ വിഗ്രഹമാണ്. മീനഭരണി നാളിലാണ് പ്രധാന ഉത്സവം.

കൂടാതെ തയ്യിൽ ശക്തിപുരം ദേവീക്ഷേത്രം വള്ളാട്ടുക്ഷേത്രം, കാട്ടുകടക്ഷേത്രം, കുമാരപുരം ക്ഷേത്രം, മായിത്തറ ദേവീക്ഷേത്രം തുടങ്ങിയ അന വധി ചെറിയ ചെറിയ ക്ഷേത്രങ്ങളും കഞ്ഞിക്കുഴി യുടെ പ്രത്യേകതയാണ്. പഞ്ചായത്തിലെ 6-ാം വാർഡിൽ ചെറുവള്ളിശ്ശേരി എന്നൊരു മനയുണ്ടാ യിരുന്നു. ഇപ്പോൾ ഇതൊരു കാവുമാത്രമായി അവ ശേഷിക്കുന്നു. ചെറുവള്ളിക്കാട്ട് എന്നാണ് അറിയ പ്പെടുന്നത്.

പഞ്ചായത്തിലാകെ ഏതാണ്ട നൂറിനടുത്ത് കാവുകൾ ഉണ്ട്. എല്ലാ വാർഡുകളിലുമായി ഇതു പരന്നു കിടക്കുന്നു. ഈ കാവുകളിലെല്ലാം അതി നോട് ചേർന്ന കുളവുമുണ്ട്. ഈ കുളങ്ങളിലെ വെള്ളം വരൾച്ചക്കാലത്തും വററാറില്ല എന്നതു് ശാസ്ത്രീയമായ പഠനവിധേയമാക്കേണ്ടതാണ്.

## സെൻറ് അന്നാസ് ചർച്ച്

പഞ്ചായത്തിലെ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു ക്രിസ്ത്യൻ ദേവാലയമാണിത്. ആരാ ധനാ രീതികൾ കൂടാതെ, സാധുക്കൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കും പരിഗണന നല്കി പ്രവർത്തി ക്കുന്ന സംഘടനകളും ഇതിനോടുചേർന്നുണ്ട്. 1941 ലാണ് ഇതു സ്ഥാപിക്കുന്നത്.

## വനസ്വർഗംപള്ളി

സമീപകാലത്തു സ്ഥാപിക്കപ്പെട്ട ഒരു ക്രിസ് ത്യൻപള്ളിയാണിത്. എല്ലാ പള്ളികളിലും നട ക്കുന്ന പതിവ് ആരാധനാക്രമങ്ങൾ കൂടാതെ എല്ലാ വ്യാഴാഴ്ചയും പ്രത്യേകം ആരാധനാരീതിയും ഇയിടെ നിലനില്ക്കുന്നു. ഈ ദിവസത്തെ ചടങ്ങിൽ നാടിന്റെ നാനാഭാഗത്തുനിന്നും ജാതിമതഭേദ മെന്യേ ആളുകൾ ഒത്തുചേരുന്ന ഒരു ദേവാലയമാ ണിതു്. മതസൗഹാർദ്ദത്തിന്റെ ഉത്തമ ഉദാഹരണ ങ്ങളിലൊന്നാണിത്.

## ലൂർദ് മാതാ ചർച്ച്

പഞ്ചായത്തിന്റെ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മറെറാരു ക്രസ്ത്യൻ പള്ളിയാണിത്. 40-ൽ പരം വർഷം പഴക്കം ഇതിനുണ്ട്. ക്ഷേമകാര്യ പ്രവത്തനം നടത്തുന്ന സംഘടനകളും ഇതിനോടു ചേർന്നു പ്രവത്തിക്കുന്നു.

### ശ്രദ്ധിക്കുക

നമ്മുടെ പഞ്ചായത്തിലെ ചെറുതും വലുതുമായ ക്ഷേത്രങ്ങളാകെ എടുത്തു പരി ശോധിച്ചാൽ എല്ലാ വർഷത്തിലും നട ക്കുന്ന പ്രധാന ഉത്സവങ്ങൾക്കുമാത്രം ഏക ദേശം 200000/- രൂപ ചെലവു വരുന്ന തായി കാണാം, ഉത്സവ വഴിപാടുകൾക്ക വേറെ ചെലവു വരും.

നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് 95 - 96 - ൽ ലഭിച്ച ഉപാധി രഹിത ഫണ്ടാകട്ടെ 309000/- രൂപയാകുന്നു.

വലിയ വിപ്ളവകരമായ സാംസ്ക്കാരിക പുരോഗതി നാം കൈവരിച്ചു എന്നവകാശപ്പെടാനാ വില്ല. പരിമിതികളേറെയുണ്ടെങ്കിലും നേടിയ നേട്ട ങ്ങൾക്ക പിന്നിൽ ഇവിടുത്തെ ഗ്രന്ഥശാലാ

പ്രസ്ഥാനങ്ങൾക്ക് ഗണനീയമായ പങ്കു പഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല കല്ലാപ്പുറം സന്മാർഗ്ഗ സന്ദായിനി ഗ്രന്ഥശാലയാണ്. ഇപ്പോൾ ഇതു് മുഹമ്മ പഞ്ചായത്തിൻെറ ഭാഗമാണ്. ചാരമംഗലം പബ്ളിക് ലൈബ്രറി, പുത്തനമ്പലം ശ്രീകേശവഗുരു സ്മാരക ഗ്രന്ഥശാല, പത്മാ മെമ്മോറിയൽ ലൈബ്രറി മായിത്തറ, പഞ്ചായത്തു ലൈബ്രറി എന്നിങ്ങനെ നാലു ഗ്രന്ഥശാലകളും ഒട്ടനവധി വായന ശാലകളും പ്രവർത്തിക്കുന്നു.

കേശവഗുരു ഗ്രന്ഥശാലയുടെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. പി. പി. സൗഹൃദൻ ഇന്നു് അറിയപ്പെടുന്ന ഒരു സാഹിത്യകാരനാണ്. ഇദ്ദേഹം നവസാക്ഷരർക്കുവേണ്ടി 1985-ൽ എഴുതിയ ''അന്തരംഗം'' എന്ന നോവലെററിനു് ദേശീയ അവാർഡിനർഹമായിട്ടുണ്ട്. ആദ്യത്തെ പുസ്തകം ''ഒന്നാം പാഠം'' എന്ന ബാല സാഹിത്യ കൃതിയാണ്. വിളക്കുമരങ്ങൾ, കഥാകാവ്യം എന്ന രണ്ടു ബാലസാഹിത്യ കൃതികൾ കൂടി 90, 91 വർഷങ്ങളിൽ 'വാങ്മയി' എന്ന തൂലികാ നാമത്തിൽ N. B. S. പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ബാർബറാ മാത്യൂസിൻെറ My favourite Book of Bed time Stories എന്ന വിശ്വ പ്രസിദ്ധ ഗ്രന്ഥത്തിലെ 251 കഥകൾ വിവർത്തനം ചെയ്തു. കഥ, കൗമുദി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചു. ഇതിൽനിന്നു തെരഞ്ഞെടുത്ത 101 കഥകളുടെ കഥാപുസ്തകം ''എൻെറ പ്രിയപ്പെട്ട 101 രാക്കഥകളും കാനനയക്ഷികളും'' എന്ന പേരിൽ പ്രഭാത് ബുക്ക് ഹൗസ് പുറത്തിറക്കുന്നതിനായി അച്ചടിയിലിരിക്കുന്നു. ആയുർവ്വേദം, നിഘണ്ടുനിർമ്മാണം, സാഹിത്യം തുടങ്ങിയ വിഷയങ്ങളിൽ 300 ഓളം ലേഖനങ്ങൾ കേരളത്തിലെ പ്രധാന പത്രങ്ങളിൽ 'വാങ്മയി' എന്ന തൂലികാനാമത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

കൗമുദി ഞായറാഴ്ച വീക്ലിയിൽ 'പദക്കളം' കളിക്കളം എന്ന തുടർക്കോളം എഴുതിവരുന്നു. ഇപ്പോൾ ''മാർക്സിസത്തിൻെറ സ്വാധീനം മലയാള കവിതയിൽ—ഒരു വിശകലനം'' എന്ന പി. എച്ച്. ഡി. പ്രബന്ധം പൂർത്തിയാക്കി D T P – യിൽ തയ്യാറായി വരുന്നു. ഒരു മാസത്തിനകം കേരള യൂണിവേഴ്സിററിക്കു സമർപ്പിക്കും. ഇദ്ദേഹം ഇപ്പോൾ കേരള യൂണിവേഴ്സിററിയിലെ മലയാളം ലെക്സിക്കൺ വിഭാഗത്തിൽ അസിസ്റ്റായി ജോലിനോക്കുന്നു.

നാടക രചയിതാവും, നാദസ്വര വിദ്വാനുമായ C. M. രാജേന്ദ്രനും ഈ ഗ്രന്ഥശാലയുടെ സംഭാവനയാണ്.

പട്ടിക I

| പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിമാസ വിതരണം | പ്രസിദ്ധീകരണങ്ങളുടെ എണ്ണം | മററു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| കേശവഗുരു ഗ്രന്ഥശാല | 1964 | 1237 | 8071 | A | 800 | 35 | വായനശാല ശിശുവിഭാഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് |
| ചാരമംഗലം ലൈബ്രറി | 1966 | 446 | 2775 | D | 700 | 21 | ശിശുവിഭാഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് വായനശാല |
| പത്മാമെമ്മോറിയൽ ലൈബ്രറി | 1960 | 530 | 4925 | C | 600 | 22 | മനശാസ്ത്രം കൃഷിപുസ്തകം |
| പഞ്ചായത്തു ലൈബ്രറി | 1981 | 211 | 1500 | B | 20 | 4 | വായനശാല |

അവലംബം - ദ്വിതീയ വിവരശേഖരണം

പഞ്ചായത്തിലാകെ അറിയപ്പെടുന്ന 50-ൽ പരം വർഷം പഴക്കമുള്ള ഒരു ഗ്രന്ഥശാലയാണ് കണർകാട്ട് ദേശാഭിമാനി വായനശാല ആൻറ് ഗ്രന്ഥശാല. സ: പി കൃഷ്ണപിള്ളയാണ് ഇതിൻെറ സ്ഥാപകൻ. മണ്ണഞ്ചേരിപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലെ കൂടുതൽ അംഗങ്ങളും പ്രവർത്തനവും കഞ്ഞിക്കുഴികേന്ദ്രീകരിച്ചാണ് നടക്കുന്നതു്.

പ്രാദേശിക ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെക്കാറം വളരെ മോശമാണ് പഞ്ചായത്തു് ലൈബ്രറിയുടേയും അതോടു ചേർന്നുള്ള സാംസ്ക്കാരിക നിലയത്തിൻേറതും എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. പഞ്ചായത്തു ലൈബ്രറിയിൽനിന്നും പുസ്തകവിതരണം തീരെയില്ല എന്നതന്നെ പറയാം. ദിവസവും ലൈബ്രേറിയൻ വന്നുപോകുന്ന സ്ഥിതി മാത്രമാണുള്ളതു്.

ഗ്രന്ഥശാലകളുടേയും വായനശാലകളുടേയും ദൈനംദിന പ്രവർത്തനം നമ്മെ വളരെയേറെ മുന്നോട്ടു നയിച്ചിട്ടുണ്ടു്. ഇതിനു നമ്മളെ സഹായിച്ചതാകട്ടെ നമുക്കു മുമ്പേ നടന്നു പോയവരുടെ ത്യാഗവും അർപ്പണബോധത്തോടെയുള്ള പ്രവർത്തനവുമാണ്. കഴിഞ്ഞ കുറച്ചുകാലമായി കാണുന്ന പ്രവണതകറം പരിശോധിച്ചാൽ അതുവരെ നാം കൈവരിച്ച സാംസ്ക്കാരിക പുരോഗതിയിൽനിന്നും ഒരു ചുവടു മുന്നോട്ടു വയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. ആധുനിക ശാസ്ത്രം പുരോഗമിക്കുന്തോറും നാം പരമാണുവിലേയ്ക്കുള്ള മടക്കയാത്രയാണോ നടത്തുന്നതു് എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ നമ്മുടെ സാമൂഹ്യാന്തരീക്ഷം മലീമസമായെങ്കിൽ, ദൂരദർശനിലൂടെ നമ്മുടെ കുടുംബാന്തരീക്ഷം വഷളായിക്കൊണ്ടിരിക്കുന്നു. ഈ രണ്ടുമേഖലകളിലും ഗുണപരമായ വശം ഇല്ലെന്നല്ല. പക്ഷെ അതൊക്കെ അല്പമാത്രമായി ചുരുങ്ങിപ്പോകുന്നു. എന്നുമാത്രമല്ല ശ്രദ്ധിക്കപ്പെടാതെയും പോകുന്നു. ഗുണത്തേക്കാളേറെ ദോഷം ഇന്നത്തെ നിലയിൽ ഉണ്ടെന്നർത്ഥം ഓരോ ആഴ്ചകളിലും പുറത്തുവരുന്ന സിനിമകളുടെ നിലവാരം പരിശോധിച്ചാൽ സാംസ്കാരിക രംഗത്തെ ജീർണ്ണത വ്യക്തമാകും. ഒട്ടുമുക്കാലും സിനിമകളിൽ സ്ത്രീയെ അപകീർത്തിപ്പെടുത്തുകയും അവഗണിക്കുകയും ചെയ്യുന്നില്ലേ. ഏകദേശം രണ്ടുപതിററാണ്ടുകറംക്കുമുമ്പുവരെ സ്ത്രീയുടെ നായികാപദവി ഒരു പ്രധാന ഘടകമായിരുന്നു. അതുകൊണ്ടുതന്നെ നായികവേഷം കെട്ടുന്നവർ പ്രേക്ഷകനു് സുപരിചിതരായിരുന്നു. ഇന്നാകട്ടെ സിനിമയിൽ നായികാപദവി സ്ത്രീക്കു് അപ്രധാന റോളായി മാറിക്കൊണ്ടിരിക്കുന്നു. പകരം പരമപ്രധാനമായി ഇന്നുള്ള സിനിമകളിൽ കാണുന്ന മിക്ക രംഗങ്ങളും കൗമാര മനസ്സുകളുടെ താളം തെററിക്കുന്നു, അതായതു് ഇന്നു് എല്ലാവരുടേയും നാവിൻതുമ്പത്തുവരുന്ന ഒരു നാട്ടുപദമായ 'അടിപൊളി' സീനുകളും, മനംമടുപ്പിക്കുന്ന ഹാസ്യചിത്രീകരണങ്ങളും നാം നേടിയ സാംസ്കാരിക നേട്ടങ്ങറം തച്ചുടയ്ക്കാൻ പാകത്തിൽ വളന്നു് വികസിച്ചുകൊണ്ടിരിക്കുന്നു. ഇതിനെതിരായ ശക്തമായ ബോധവൽക്കരണത്തിനും പ്രചരണ യത്നങ്ങറംക്കും തുടക്കംകുറിക്കുന്നതു് നമ്മുടെ ഗ്രാമത്തിൽ നിന്നുതന്നെയാവട്ടെ.

വായിച്ചുവളരുക, ചിന്തിച്ച് വിവേകരാവുക എന്ന വരികറംപോലും നമുക്കു് കൈമോശംവന്നിരിക്കുന്നു. നമ്മുടെയിടയിലെ വായനാശീലം പ്രായഭേദമന്യേ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. വായനശാലകളും ആർട്ട്സ് ക്ലബ്ബുകളും എല്ലാ വാർഡുകളിലുംഉണ്ടെങ്കിലും കാര്യക്ഷമമല്ല. നമ്മെളെല്ലാം ഇന്നു് ദൂരദർശൻെറ മുന്നിൽ അടിമകളായി മാറുന്നില്ലേ. നമ്മുടെ പഞ്ചായത്തിലെ കുടുംബങ്ങളിൽ ബഹുഭൂരിപക്ഷവും സാമ്പത്തിക പിന്നോക്കം ഉള്ളവരാണെന്നു് പറയേണ്ടതില്ലല്ലോ. എങ്കിലും പഞ്ചായത്തിലാകെയുള്ള ദൂരദർശൻെറയും പത്രത്തിൻേറയും എണ്ണം ഒന്നുപരിശോധിച്ചുനോക്കുക.

### വാർഡുതല പട്ടിക

| വാർഡ് | ററി. വി. | പത്രം | വാരിക | മാസിക |
|---|---|---|---|---|
| 1 | 169 | 115 | 68 | 20 |
| 2 | 134 | 116 | 34 | 18 |
| 3 | 174 | 85 | 44 | 19 |
| 4 | 104 | 71 | 38 | 13 |
| 5 | 171 | 100 | 74 | 19 |
| 6 | 72 | 72 | 34 | 18 |
| 7 | 95 | 45 | 20 | 20 |
| 8 | 205 | 112 | 87 | 37 |
| 9 | 132 | 78 | 37 | 12 |
| 10 | 131 | 94 | 43 | 31 |
| 11 | 129 | 79 | 23 | 8 |

അവലംബം – കുടുംബസർവ്വേ–86

കഞ്ഞിക്കുഴി പഞ്ചായത്തിൽ ഗ്രന്ഥശാലകളെ കൂടാതെ അനവധി വായനശാലകൾ ഉണ്ടെന്ന സൂചിപ്പിച്ചുവല്ലോ. ചിലതൊക്കെ ഓണം പോലുള്ള പ്രത്യേകദിവസങ്ങളിൽ മാത്രം ആഘോഷപരിപാടികൾ നടത്തി പിരിയുന്നവയാണ്. മററു ചിലതാകട്ടെ കായികകലയിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമുണ്ട്. 4-ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രോഗ്രസീവ് ആർട്ട്സ് ആൻറ് സ്റ്റോർട്ട്സ് ക്ലബ്ബ് ഈ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്നു. വോളിബോൾരംഗത്ത് ഗ്രാമത്തിലെ കായികപ്രതിഭകളെ വളർത്തിയെടുക്കുന്നതിൽ ഈ സമിതിയുടെ പ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കുന്നു. സ്വയം പരിശീലനത്തിലൂടെയാണ്ഇവർ ഈ രംഗത്തുവളന്നതു്. അങ്ങനെ വളർത്തിയെടുത്ത ഒരു പ്രസിദ്ധ വോളിബോൾ താരമാണ് ററി. പി. ജയലാൽ. ജില്ലാ വോളിബോൾ ടീമിൻെറ ക്യാപ്ററൻകൂടിയാണ്.

പഞ്ചായത്തിലെ മികച്ചനിലവാരം പുലത്തുന്ന മറെറാരു ആർട്ട്സ് ക്ലബ്ബാണ് പ്രീമിയർ ആട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ, ക്രിക്കററ്, ചെസ്സ്, ഡാൻസ് എന്നിവയ്ക്കു് പരിശീലനം കൊടുക്കുന്നതോടൊപ്പം കാലാകാലങ്ങളിൽവിവിധതരംമത്സരങ്ങൾ നടത്തി കലാ-കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ ക്ലബ്ബിൻെറ പ്രവർത്തകരായിരുന്ന കായികതാരങ്ങളിൽ നാലിൽപരം പേർക്ക് പോലീസ് സേനയിൽ ജോലി ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒട്ടനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഈ സ്ഥാപനം നടത്തുന്നു.

കലാസാഗർ ആർട്ട്സ് ആൻറ് സ്റ്റോർട്ട്സ് ക്ലബ്ബ് കലാ-കായിക സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ശ്രദ്ധവയ്ക്കുന്നു. ദൈനംദിന സജീവ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ പെടുന്നതാണീ ക്ലബ്ബ്. വോളിബോൾരംഗത്തു നിരന്തര പരിശീലനം നടത്തുന്നു. വാർഷിക സമ്മേളനങ്ങളിൽ കലാ-കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തുന്നുണ്ട്.

### പട്ടിക

| വാർഡ് | ക്ലബ്ബിൻെറ പേരു് | | | പ്രവർത്തനരീതി |
|---|---|---|---|---|
| 1 | യുവരശ്മി ആർട്ട്സ് & സ്റ്റോർട്ട്സ് ക്ലബ്ബ്, വായനശാല | | | കാര്യക്ഷമം |
| ,, | യുവവീഥി ആർട്ട്സ് & സ്റ്റോർട്ട്സ് ക്ലബ്ബ് | | | നിർജ്ജീവം |
| ,, | ബ്രദേഴ്സ് | | ,, | കാര്യക്ഷമമല്ല. |
| ,, | ജ്വാലാ | ,, | ,, | ,, |
| ,, | യുവധാര | ,, | ,, | വായനശാല പ്രവത്തിക്കുന്നുണ്ട് |
| 2 | കൈരളി | ,, | ,, | തൃപ്തികരമല്ല |
| 3 | ഗാന്ധി | ,, | ,, | തൃപ്തികരമല്ല |
| ,, | ശക്തിപുരം | ,, | ,, | നിർജ്ജീവം |
| ,, | കല്പകാ ആർട്ട്സ് | | ,, | സാമാന്യം തൃപ്തികരം |
| ,, | ഗംഗ | ,, | ,, | ഓണത്തിനുമാത്രം |
| 4 | പ്രോഗ്രസീവ് | ,, | ,, | കാര്യക്ഷമം |
| ,, | യുവചേതന | ,, | ,, | നിർജ്ജീവം |
| ,, | ഓസോൺ | ,, | ,, | ,, |
| ,, | പ്രീമിയർ | ,, | ,, | കാര്യക്ഷമം |
| ,, | കലാസാഗർ | ,, | ,, | ,, |
| ,, | മെട്രോൺ | ,, | ,, | നിർജ്ജീവം |
| ,, | ബാലകൈരളി ,, | | ,, | സാമാന്യംതൃപ്തികരം |

| വാർഡ് | ക്ലബ്ബിന്റെ പേര് | | പ്രവർത്തനരീതി |
|---|---|---|---|
| 4 | റെഡ്സ്റ്റാർ ,, | ,, | നിർജ്ജീവം |
| 6 | സംഗീത | ,, | ,, |
| ,, | സ്റ്റാർനൈററ് ,, | ,, | കാര്യക്ഷമം |
| ,, | സാഗർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | | തരക്കേടില്ല |
| ,, | പുലരി ,, | ,, | കാര്യക്ഷമം |
| 7 | T. V. തോമസ് മെമ്മോറിയൽ | ,, | കാര്യക്ഷമമല്ല |
| 8 | ഭാവന ആർട്ട്സ് | ,, | കാര്യക്ഷമം |
| ,, | ദീപിക ,, | ,, | നിർജ്ജീവം |
| ,, | സാൻറ് മോണിക്ക ,, | ,, | തരക്കേടില്ല |
| ,, | ക്വീൻറ് വായനശാല | ,, | കാര്യക്ഷമം |
| 9 | സഭാഷ് റീഡിംഗ്റൂം (50 വഷംപഴക്കം) | | കാര്യക്ഷമമല്ല |
| 10 | ഫ്രണ്ട്സ് ആട്ട്സ് & സ്പോട്ട്സ് ക്ലബ്ബ് | | കാര്യക്ഷമം |
| ,, | പീപ്പിൾസ് ,, | ,, | ,, |
| ,, | പിള്ളേഴ്സ് ,, | ,, | ,, |
| ,, | കലാശ്രീ ,, | ,, | തരക്കേടില്ല |
| ,, | കലാരശ്മി ,, | ,, | ,, |
| ,, | കോസ്കോ ,, | ,, | ,, |
| ,, | ശ്രുതി ,, | ,, | ,, |

അവലംബം – കടുംബസർവ്വേ–96

ഗുണപരമായി നിലനില്ക്കുന്ന പ്രവർത്തനങ്ങൾ ഉത്തരോത്തരം വളർത്തുന്നതിനുവേണ്ടി നല്ലരീതികൾ ഏറെറടുക്കുന്നതോടൊപ്പം തിന്മകളെ മാററിത്തീർക്കാനും നമുക്കൊന്നിച്ച് പരിശ്രമിക്കാം.

ഇത്രയും കലാസാംസ്കാരിക സംഘടനകൾ നിലവിൽ ഉണ്ടെങ്കിലും പലതും ഓണംപോലുള്ള വിശേഷദിവസങ്ങളിൽ മാത്രമേ സജീവമാകാറുള്ളൂ. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും കലാകായിക പരിശീലനങ്ങളും നടത്തുന്ന നാമമാത്ര സമിതികളും ഇക്കൂട്ടത്തിൽപ്പെടും. വായനശാലകൾ ഗ്രാമങ്ങളുടെ കെടാവിളക്കാണ്. അതണയാതെ സൂക്ഷിക്കുവാൻ നാം പരിശ്രമിക്കണം. ഗ്രാമസഭകൾ ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കണം.

### പ്രശ്നങ്ങൾ

- ഇലക്ട്രോണിക്മാദ്ധ്യമങ്ങളുടെ അതിപ്രസരം
- ലൈംഗിക സിനിമകളുടെ അതിപ്രസരം
- അസാന്മാർഗ്ഗിക പ്രവർത്തനങ്ങളുടെ പ്രശ്നങ്ങൾ
- കലാ–കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.
- കലാസമിതികളും മററും നേരിടുന്ന പ്രശ്നങ്ങൾ
- തനതുകലകളുടെ നാശം.
- സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിലെ അധ:പതനം.
- വായനാശീലത്തിലെ പുതിയ പ്രവണതകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
- വിവാഹാദി ചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടങ്ങൾ.

### നിർദ്ദേശങ്ങൾ

1) വാർഡുതലത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കുവാൻ ഗ്രാമസഭ പരിശ്രമിക്കണം.

2) വനിതകളുടേയും കുട്ടികളുടേയും വായനാശീലം വളർത്തുന്നതിന് അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് പ്രവർത്തിക്കുവാൻ ഗ്രാമസഭകളെ പഞ്ചായത്ത് പ്രോത്സാഹിപ്പിക്കുക.

3) വിദ്യാഭ്യാസപരമായി പിന്നോക്കംപോയ ചെറുപ്പക്കാർ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി പോകാതെ സന്മാർഗ്ഗത്തിലേയ്ക്ക് നയിക്കുവാൻ പ്രാപ്തമായ സമിതികൾ വാർഡുതലത്തിൽ രൂപീകരിക്കുക.

4) കലാ–കായിക രംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് ശാസ്ത്രീയമായ പരിശീലനം പഞ്ചായത്തടിസ്ഥാനത്തിൽ നൽകുക.

5) പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം നല്ലനിലയിൽ മെച്ചപ്പെടുത്തുക. വായനശാല പ്രവർത്തനം ഫുൾടൈം ആക്കുക.

6) കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കാത്തതരത്തിൽ ററി. വി. പരിപാടികൾ ക്രമീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ദൂരദർശന് നൽകുവാൻ സർക്കാരിൽനിന്നും ഉത്തരവുണ്ടാകുവാൻ ആവശ്യമായ നടപടികൾ നീക്കുക.

7) കുട്ടികളുടെ മാനസികവളർച്ചയ്ക്കുതകുന്ന തരത്തിലുള്ള കുട്ടികളുടെ പാർക്ക് എല്ലാ വാർഡിലും സ്ഥാപിക്കുക.

8) ഗരുഡൻ, ശാസ്താംപാട്ട്, വില്ലാട്ട്, കോൽകളി, നാദസ്വരം, തകിൽ, കൈകൊട്ടിക്കളി, തിരുവാതിരകളി, വേലൻപാട്ട്, പുള്ളവൻപാട്ട്, പറയൻപാട്ട് എന്നീ നാടൻകലകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഇവയെ പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

9) ഗ്രന്ഥശാലാ ഗ്രാൻറുകൾ വർദ്ധിപ്പിക്കുക.

10) പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം സ്റ്റേഡിയം ഉൾപ്പെടെ സ്ഥാപിക്കുക.

11) കേരളോത്സവം വാർഡുതലത്തിൽ നടത്തുക.

12) പഞ്ചായത്തിലാകെയുള്ള ഗ്രന്ഥശാലകളേയും വായനശാലകളേയും ആർട്ട്സ് & സ്പോർട്ട്സ് സമിതികളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കേന്ദ്രസമിതിക്കു രൂപംകൊടുക്കുകയും എല്ലാമാസവും ഇതിൻെറ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുക.

13) കലാ–കായിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് പ്രോത്സാഹനം നൽകുക.

14) ഏററവും നല്ല പ്രവർത്തനം നടത്തുന്ന കലാസമിതിക്ക് അവാർഡ് ഏർപ്പെടുത്തുക.

നമ്മുടെ പൂർവ്വികർ നമുക്കു നൽകിയ പാരമ്പര്യ സംഭാവനകൾ വിസ്മരിച്ചു കൊണ്ടു് നമുക്കു് മുന്നോട്ടു നീങ്ങുവാൻ സാദ്ധ്യമല്ല. ഇന്നു നാം കാണുന്ന വൈകൃതങ്ങളെ യഥാവിധം തിരിച്ചറിഞ്ഞില്ലാ എങ്കിൽ നമ്മുടെ പ്രയാണം അപകടത്തിലേയ്ക്കാവും

# 49



# സ്ത്രീ - കുടുംബം, സമൂഹം

"ബന്ധുര കാഞ്ചനകൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനംതന്നെ പാരിൽ !"



# ംഹ്യമഗ ,ംഥ്രംൃട്ടക - ീത്യഗ

ംൃട്ടീക്കന്നരഛ്രീദ്ദ്യകനഷ്ഠഅകേ ഉ്യധ്നഥ്ര''
''! ങ്കിഠഠ്രം ന്നരതംനധ്നഥ്ര ംനധ്നഥ്ര

1785-ൽ ലോകത്തിലാദ്യമായി സ്ത്രീ വിമോചനത്തിന് വിപ്ലവകരമായ തുടക്കംകുറിക്കുന്നത് ലണ്ടനിലെ 'മേരി വൂംസ്റ്റൺ ക്രാഫ്റ്റ്' എന്ന ധീരവനിതയാണ്. ഇവരിലൂടെ പുറത്തുവന്ന ഈ സ്ത്രീ വിമോചനചിന്ത ലോകത്താകമാനമുള്ള സ്ത്രീകളെ ഉന്മേഷഭരിതരാക്കി. സ്വാഭാവികമായും കേരളത്തിലും ഈ ചിന്താശകലം സ്ത്രീകളുടെ ഇടയിൽ ചില ചലനങ്ങളുണ്ടാക്കി. അതിന് പ്രോൽസാഹനംകൊടുക്കുവാൻ ഇവിടുത്തെ പുരോഗമന പ്രസ്ഥാനങ്ങളും രംഗത്തുവന്നു. എന്നാൽ സ്ഥായിയായ ഒരു മാററം ഉണ്ടാക്കുവാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല.

സാമ്പത്തിക കൈകാര്യം പുരുഷൻെറ കയ്യിൽ എത്തപ്പെട്ടതോടെ സ്ത്രീ ബന്ധനസ്ഥയാവാൻ തുടങ്ങി. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളെ വളരെവേഗംസ്വാധീനിക്കുന്നതിനാൽ മതത്തെ മുൻനിർത്തി ഇവരെ ഏററവുംകൂടുതൽ ചൂഷണംചെയ്യുവാൻ തുടങ്ങി. മനുസൂക്തങ്ങൾ ഇതിന് ബലം പകരുവാൻ കാരണമായിതീർന്നു. അമ്മ, പെങ്ങൾ, ഭാര്യ, പുത്രി ഇങ്ങനെയുള്ള കുടുംബ പദവികളിൽ മഹാഭൂരിപക്ഷം സ്ത്രീകളും ഒതുങ്ങിപോകുന്ന സ്ഥിതിയാണ് ഇന്നു നിലനില്ക്കുന്നത്. സ്ത്രീവിമോചന പ്രസ്ഥാനങ്ങളും വനിതാ ക്ഷേമസമിതികളും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും മുൻനിര പ്രവർത്തകരായി രംഗത്തുവരാൻ പലരും മടിക്കുന്നു. ഇതിനു പല കാരണങ്ങൾ കണ്ടേക്കാം.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സാമൂഹ്യ പരിവർത്തനത്തിനു മുന്നോട്ടുവച്ച പല പരിപാടികളുടേയും കൂട്ടത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുക എന്നതിന് വലിയ പ്രാധാന്യമാണ് പുരോഗമന ചിന്തകരും രാഷ്ട്രശില്പികളും നൽകിയത്. സ്ത്രീത്വത്തിനുമേൽ കെട്ടിവെയ്ക്കപ്പെട്ട പല ദുരാചാരങ്ങൾക്കും എതിരെയുള്ള പോരാട്ടം അതിൻെറ ഭാഗമായി ഉടലെടുത്തു. സ്ത്രീകളുടെ വിദ്യാഭ്യാസ കാര്യത്തിൽ മാമൂലുകൾ കല്പിച്ച വിലക്കുകൾ ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി.

കഞ്ഞിക്കുഴി ഗ്രാമത്തിലെ സാമൂഹ്യ ജീവിതത്തിൽ സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ പല രാഷ്ട്രീയ പ്രവർത്തകരും, നവോത്ഥാന പ്രവർത്തകരും രംഗത്തു വരികയുണ്ടായിട്ടുണ്ട്. എന്നാൽ അക്കൂട്ടത്തിൽ ഒരു വനിതപോലും രംഗത്തു വന്നതായി കാണുന്നില്ല. പഞ്ചായത്തു ഭരണത്തിൽപോലും സർക്കാർ കൊണ്ടുവന്ന ഒരു പരിഷ്ക്കരണ നടപടിയിലൂടെ മാത്രമാണ് ശ്രീമതി ററി. വി. കുഞ്ഞമ്മ 1958-ൽ പഞ്ചായത്ത് കമ്മററിയിൽ ആദ്യമായി അംഗമാകുന്നത്. 1965-നു ശേഷമാണ് രാഷ്ട്രീയ അനുഭാവമുള്ള ചില വനിതാ സംഘടനകൾ പഞ്ചായത്തു തലത്തിൽ പ്രവർത്തനം തുടങ്ങിയത്. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസ്സോസിയേഷൻ, കേരള മഹിളാ സംഘം എന്നിവയാണത്. ഈ സംഘടനകളുടെ പ്രവർത്തനം ഇനിയും കൂടുതൽ കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു. വനിതാക്ഷേമം

മുൻനിർത്തി ബ്ലോക്കുതലത്തിൽ സംഘടിപ്പിക്കപ്പെട്ട വനിതാ സമാജങ്ങൾ പലതു രൂപീകരിച്ചെങ്കിലും അതൊന്നും തന്നെ നമ്മുടെ പ്രദേശത്തു് ഒരു ചലനവും സൃഷ്ടിച്ചില്ല. വനിതാ സംവരണ സ്ഥാനങ്ങളിൽ കൂടിയാണ് നാമമാത്രമായെങ്കിലും പഞ്ചായത്തുസമിതികളിൽ സ്ത്രീകൾ അംഗങ്ങളായിട്ടുള്ളതു്.

ആദ്യകാലത്തു് സ്ത്രീവിദ്യാഭ്യാസം ആശാൻകളരികളിൽ മാത്രമായി ഒതുങ്ങിനിന്നു. പിൽക്കാലത്തു നടന്ന സാമൂഹ്യമാററങ്ങളുടെ ഫലമായി സ്ഥായിയായ മാററം ഈ രംഗത്തുണ്ടായിട്ടുണ്ടു് എന്നതു് ആശാവഹംതന്നെ. ഒന്നുരണ്ടു പതിററാണ്ടുകളായി സ്ത്രീകൾ വിദ്യാഭ്യാസരംഗത്തു് അവഗണന നേരിടുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസരംഗം പരിശോധിച്ചാൽ ഏതാണ്ടു് തുല്യത്തിലെത്തുന്ന വിദ്യാഭ്യാസനിലവാരം കാണാൻ കഴിയും. കഞ്ഞിക്കുഴി പഞ്ചായത്തു് വിദ്യാഭ്യാസ പ്രോത്സാഹനാർത്ഥം നൽകിവരുന്ന ക്യാഷ് അവാർഡുകളുടെ എണ്ണം പരിശോധിച്ചാൽ ആൺകുട്ടികളുടെ ഒപ്പമോ അതിനു മുകളിലോ പെൺകുട്ടികൾ ഉന്നതവിജയം നേടുന്നുണ്ടെന്നു കാണാൻ കഴിയും.

പട്ടിക

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ആൺകുട്ടികൾ | 27 | 30 | 32 | 34 | 43 |
| പെൺകുട്ടികൾ | 20 | 34 | 30 | 44 | 58 |

അവലംബം — കുടുംബസർവ്വേ - 96

**തൊഴിൽമേഖല**

കയർ, കാർഷിക നിർമ്മാണ മേഖലകളിലാണ് സ്ത്രീകളധികവും പണിയെടുക്കുന്നതു്. കാർഷികരംഗത്തെ തൊഴിൽ കഴിഞ്ഞാൽ സ്ത്രീകൾ ഏററവും കൂടുതൽ ഉള്ളതു് കയർമേഖലയിലാണ്. ഏതു മേഖലയിലായാലും അവരുടെ അദ്ധ്വാനത്തിന്റെ വില അവർക്കു ലഭിക്കുന്നില്ല. കയർ പിരിക്കുന്ന തൊഴിലാളിക്കു പരമാവധി 10–15 രൂപയിൽ കൂടുതൽ ഒരു ദിവസം ലഭിക്കുന്നില്ല. നമ്മുടെ നാട്ടിൽ ചകിരിക്കു ദൗർലഭ്യം നേരിട്ടതോടെ പുറമേനിന്നു വരുന്ന ചകിരി റാട്ടിൽ പിരിക്കുന്നതുമൂലം ഈ സ്ഥിതിക്ക് അല്പം മാററം വന്നിട്ടുണ്ടു്. കയർഫാക്ടറിയുമായി ബന്ധപ്പെടുന്ന തൊഴിലിലാണ് നല്ലൊരുവിഭാഗം സ്ത്രീകൾ കേന്ദ്രീകരിച്ചിരിക്കുന്നതു്. പാവോട്ടം, വണ്ടിച്ചുററൽ, തയ്യൽ, ഉണ്ടചുററ്, ചകിരിയടിക്കൽ, കമ്പിക്കാപ്പുററ് തുടങ്ങിയ താരതമ്യേന കുറഞ്ഞ കൂലികിട്ടുന്ന മേഖലയാണ് സ്ത്രീക്കായി നീക്കിവച്ചിരിക്കുന്നതു്. കയർമേഖലയിൽതന്നെ ഫിനിഷിംഗ് രംഗത്തു് സ്ത്രീകൾക്കുചെയ്യാവുന്ന തൊഴിലുകൾ ഉണ്ടെങ്കിലും അതു മെച്ചപ്പെട്ട വേതനം കിട്ടുന്നതാകയാൽ പുരുഷന്മാർ കൈയടക്കി വച്ചിരിക്കുന്നു. വസ്ത്രനിർമ്മാണവുമായി ബന്ധപ്പെട്ട തയ്യൽ ജോലിക്ക് ഇപ്പോൾ യുവതികൾ കൂടുതലായി കടന്നുവരുന്നുണ്ടു്. ഇതിൽ ബഹുഭൂരിപക്ഷവും വീടുകൾ കേന്ദ്രീകരിച്ചു് ചുരുങ്ങിപ്പോകുന്നു. അതുകൊണ്ടു തന്നെ എത്ര വിദഗ്ദ്ധ തയ്യൽക്കാരിയാണെങ്കിലും അവരുടെ കഴിവിനനുസരിച്ച പ്രതിഫലം സമ്പാദിക്കുവാൻ കഴിയുന്നില്ല. കെട്ടിടനിർമ്മാണ രംഗത്താണ് കുറച്ചുപേർ പണിയെടുക്കുന്നതു്. വളരെ കായികാദ്ധ്വാനം ഉള്ള ഒരു മേഖലയാണിതു്. ഇവിടെയും വേതനത്തിന്റെ കാര്യത്തിൽ സ്ത്രീ പിന്നിലും അദ്ധ്വാനത്തിന്റെ കാര്യത്തിൽ മുന്നിലുമാണെന്നുകാണാം. കരികല്ല് ചുമന്നുകൊണ്ടുപോകുന്ന സ്ത്രീക്ക് കൂലി കുറവും പിടിച്ചുകൊടുക്കുന്ന പുരുഷനു കൂലി കൂടുതലും കാണാൻ കഴിയും. മററു് ചുമടുരംഗത്തും ഈ സ്ഥിതി നിലനിൽക്കുന്നുണ്ടു്.

1991_ലെ സെൻസസ് പ്രകാരം വിവിധ തുറകളിൽ പണിയെടുക്കുന്ന സ്ത്രീപുരുഷ അനുപാതം ശ്രദ്ധിക്കുക

**പട്ടിക I**

| | കർഷകർ | കർഷകത്തൊഴിലാളി | മൃഗസംരക്ഷണം അനുബന്ധമേഖല | മൈനിംഗ് | കയർ | നിർമ്മാണം | വ്യവസായം | ഗതാഗതം വാർത്താവിനിമയം | മററു മേഖല | നാമമാത്ര തൊഴിൽ | കാണാപ്പണികൾ [ഗൃഹജോലികൾ] | തൊഴിൽരഹിതർ |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്ത്രീ | 65 | 531 | 351 | — | 468 | 21 | 104 | 18 | 297 | 1364 | 2622 | 7266 |
| പുരുഷൻ | 407 | 810 | 531 | 7 | 1649 | 301 | 921 | 317 | 796 | 294 | 651 | 6030 |

അവലംബം: ദ്വിതീയ വിവരശേഖരണം

താരതമ്യേന കൂലികുറഞ്ഞ മേഖലകളിൽ സ്ത്രീകളാണ് കൂടുതലെന്ന് പട്ടിക വ്യക്തമാക്കുന്നു. ഇനി ചില മേഖലകളിൽ നിലനില്ക്കുന്ന കൂലി ഒന്നു പരിശോധിക്കാം.

**പട്ടിക II**

| | നിർമ്മാണം | | കർഷകത്തൊഴിലാളി | | കയർ | |
|---|---|---|---|---|---|---|
| | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു |
| 1991 | 65 | 100 | 30 | 60 | 25 | 40 |
| 1996 | 75 | 120 | 35 | 70 | 30 | 60 |

അവലംബം: കുടുംബസർവ്വേ - 96

നമ്മുടെ സാമൂഹ്യ_സാംസ്കാരിക മേഖലകളിൽ കൈവന്നിട്ടുള്ള പുരോഗതി സ്ത്രീകളുടെ തൊഴിൽരംഗത്തു് കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് പട്ടികകൾ വ്യക്തമാക്കുന്നതു്, ഈ അന്തരത്തിനു് ആത്മാർത്ഥവും ഉള്ളുതുറന്നതുമായ പരിശ്രമവും പരിവർത്തനവും നാംതന്നെ നടത്തണം.

എന്നാൽ ഇവർചെയ്യുന്ന കാണാപ്പണികളുടെ മൂല്യം അളക്കാനാവുന്നതല്ല. ഗാർഹിക മേഖലയിൽ സ്വയം ബന്ധിതയായിപ്പോകുന്ന ഒരു വീട്ടമ്മ ഒരു ദിവസം അവരുടെ വീട്ടിനുള്ളിൽ മാത്രം ചെയ്യുന്ന ജോലികൾ ഓരോന്നായി പരിശോധിച്ചാൽ ഇതു വ്യക്തമാകും. ഇതിനും പുറമെ അടുക്കളകൃഷി, ആടുമാടുകളെ നോക്കുക, പാചകത്തിനാവശ്യമായ വിറകു സംഭരണം, ഭക്ഷ്യവിഭവങ്ങൾ ശേഖരിക്കുക തുടങ്ങിയുള്ള ജോലികൾ കാണാപ്പട്ടികയിൽ വരുന്നു.

ഇതിന്റെ മനുഷ്യാദ്ധ്വാന കണക്കുകൾ വിശകലനം ചെയ്താൽ അദ്ധ്വാനത്തിന്റെ കാര്യത്തിൽ പുരുഷനേക്കാൾ സ്ത്രീ എത്ര മുന്നിലാണെന്നുകാണാം. എന്നാൽ ഇത്തരം വസ്തുത പരിഗണിച്ചുള്ള പദവി സ്ത്രീക്കു് ലഭിക്കുന്നില്ല. വിശദമായ കണക്കു ലഭ്യമല്ല.

ഇന്നു നിലനില്ക്കുന്ന സാമൂഹ്യ സമ്പ്രദായത്തിൽ യഥാർത്ഥത്തിൽ സ്ത്രീ തന്നെയാണ് കുടുംബനാഥ. പക്ഷെ എല്ലാത്തരം എഴുത്തുകുത്തുകളിലും പുരുഷനാണ് സ്ഥാനം. പുരാതന കാലംതൊട്ട് പിന്തുടർന്നുവന്ന ഒരു സാമൂഹ്യ സമ്പ്രദായമാണിതു്. ഒരു കുടുംബത്തിന്റെ ഗുണപരമായ ആസൂത്രണത്തിന്റെ പ്രധാന കണ്ണി സ്ത്രീ തന്നെയാണ്. സ്ത്രീ കേവലം ഗർഭംധരിക്കാനും പ്രസവിക്കാനും മാത്രമായുള്ള ഒരു ഉപകരണമായി കണക്കാക്കുന്ന ദൃഷ്ടിച്ച സമ്പ്രദായത്തിനു് കാതലായ മാററം ഉണ്ടായേതീരൂ.

96 – ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 12086 പുരുഷന്മാരുള്ളപ്പോൾ സ്ത്രീകളുടെ സംഖ്യ 12515 ആണ്. പുരുഷന്മാരെക്കാൾ 429 കൂടുതലാണ് സ്ത്രീകളുടെ എണ്ണം. (ഇപ്പോഴത്തെകണക്കനുസരിച്ച് 100 പുരുഷന് 103 സ്ത്രീ) നമ്മുടെ സ്ത്രീകളുടെ എണ്ണത്തിനും സാധ്യതയ്ക്കും അനുസരിച്ച പരിഗണന അവർക്ക് തൊഴിൽ രംഗത്തും സാമൂഹ്യരംഗത്തും ലഭിക്കുന്നില്ല. അത് സാർവ്വത്രികമായ ഒരു പ്രതിഭാസത്തിന്റെ ഭാഗമാണ്. അതിന്റെ കാരണങ്ങളെപ്പററി ആഴത്തിലുള്ള പഠനങ്ങൾ പലരും നടത്തിയിട്ടുണ്ട്. പുരുഷന്മാരുടെ സഹിഷ്ണതയില്ലായ്മ, സ്ത്രീകളിൽതന്നെയുള്ള ആത്മവിശ്വാസരാഹിത്യം, മററുള്ളവരെ സംബന്ധിച്ച് ഓരോരുത്തരിലും ഉള്ള സങ്കുചിത ചിന്ത ഇതൊക്കെ ബലഹീനതയ്ക്ക് കാരണങ്ങളാണ്. ഈ മനോഭാവങ്ങളിൽ മാററമുണ്ടാവുകയാണ് പ്രാഥമികമായും ഉണ്ടാകേണ്ട ഒരു കാര്യം. സ്ത്രീകളെ കൂടുതലായി സ്വാധീനിക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൻമൂലനം ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകണം. സ്ത്രീധനത്തിന്റെയും അതിന്റെ ഭാഗമായി ഉണ്ടാകുന്ന സ്ത്രീ പീഡനത്തിനും എതിരായ ബോധവല്ക്കരണ പരിപാടി സാർവ്വത്രികമാക്കണം.

എല്ലാ രംഗങ്ങളിലും സ്ത്രീക്ക് പുരുഷന്മാരോടൊപ്പം തുല്യത ലഭിക്കുക എന്നതാണ് ശാസ്ത്രീയ സമീപനം. ബോധപൂർവ്വമായ ഒരു പരിപാടി ആസൂത്രണം ചെയ്താൽ അതനുസരിച്ചുള്ള വിജയം കരഗതമാകാമെന്നുള്ള ദൃഷ്ടാന്തങ്ങൾ നമ്മുടെ മുന്നിലുണ്ട്. അഞ്ചുവർഷത്തിനുമുൻപ് നാം നടത്തിയ സാക്ഷരതാ പ്രവർത്തനത്തിൽ പഞ്ചായത്തു കൈവരിച്ച മഹത്തായ നേട്ടത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ വലുതായിരുന്നു. ഈ നിലയിൽ വ്യക്തമായ കാഴ്ചപ്പാടോടെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് പര്യാപ്തമായ പരിപാടികൾ ആവിഷ്ക്കരിക്കാൻ കഴിയണം.

സ്ത്രീകൾക്കുമാത്രം പങ്കാളിത്തം ഉള്ളതും ചുമതല ഉള്ളതുമായ തൊഴിൽ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്. കഞ്ഞിക്കുഴി ഒന്നാം വാർഡ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു വനിതാ കൺസ്യൂമർ സഹകരണസംഘം എടുത്തു പറയത്തക്ക ഒന്നാണ്. ഒരു കയർപിരി യുണിററ് അടക്കം ചില DW CRA യൂണിററുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കുറെക്കൂടി വിപുലപ്പെടുത്തുന്നതോടൊപ്പം വാർഡുതോറും വൈവിദ്ധ്യമുള്ള വനിതാ തൊഴിൽ സംരംഭങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി ആസൂത്രണം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലും സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിനായുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. അതിലേയ്ക്കുള്ള ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1 സ്ത്രീകളുടെ തൊഴിലില്ലായ്മയും തൊഴിൽ രംഗത്തെ വ്യത്യാസവും.

2 ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീയോടുള്ള അവഗണന.

3 പൊതുരംഗത്ത് സ്ത്രീകളുടെ കുറവ്.

4 സ്ത്രീധനസമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

5 അന്ധവിശ്വാസങ്ങളും അനാചാരങ്ങളും.

6 പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കായുള്ള പ്രാഥമികാവശ്യങ്ങൾക്കായുള്ള അസൗകര്യങ്ങൾ.

## നിർദ്ദേശങ്ങൾ

1 ഹാൻമെയ്ഡ് ഇഷ്ടികനിർമ്മാണവും കെട്ടിട നിർമ്മാണ പരിശീലനവും.

2 വനിത ഓട്ടോമൊബൈൽ സർവ്വീസ്സ്റ്റേഷൻ

3 നോട്ടുബുക്ക് നിർമ്മാണ യൂണിററ്

4 കശുവണ്ടി ഫാക്ടറി.

5 റെഡിമെയ്ഡ് പലഹാര നിർമ്മാണയൂണിററ്

6 റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിററ്.

7 പൂ കൃഷിയും പുഷ്പോപഹാര നിർമ്മാണവും വിപണനവും.

8 ധാന്യപ്പൊടി നിർമ്മാണ യൂണിററ്.

9 ആടുമാടുവളർത്തലും ഇറച്ചിക്കോഴി വളർത്തലും.

10 പുൽത്തടുക്ക്, കമ്പിക്കാർപ്പററ് എന്നിവയുടെ നിർമ്മാണ യൂണിററ്

11 പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്രഷെ സ്ഥാപിക്കുക.

12 D W C R A യൂണിററുകൾ എല്ലാ വാർഡിലും സ്ഥാപിക്കുക.

13 ഖാദി ഗ്രാമവ്യവസായ യൂണിററുകൾ സ്ഥാപിക്കുക.

14 പ്ലാസ്ററിക് കവർ നിർമ്മാണ യൂണിററ് സ്ഥാപിക്കുക.



# സഹകരണം

''സംഘടിച്ചെഴും മർത്യവർഗശക്തിതൻ നല്ല
പൊൻകതിരുകൾ വിളഞ്ഞുലയേണ്ടുമീമണ്ണിൽ!''

**ലോകത്തു്** ആദ്യമായി 1793-ൽ ബ്രിട്ടനിൽ നിയമാധിഷ്ഠിതമായതും; 1883 മുതൽ ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചു് 1904-ൽ നിയമസാധുത ലഭിച്ചതുമായ സഹകരണ പ്രസ്ഥാനം, കേരളത്തിൽ 1892 മുതൽ വടക്കൻ ജില്ലകളിൽ പ്രവർത്തിച്ചു്, 1904 ലേയും തുടർന്നു് 1912ലെ സഹകരണ നിയമത്തിന്റേയും 1932-ലെ മദ്രാസു് സഹകരണ നിയമത്തിന്റെയും അടിസ്ഥാനത്തിലും കേരളസംസ്ഥാനം രൂപീകൃതമായശേഷം 1969-ൽ കേരളത്തിനു് തനതായ കേരളാ സഹകരണ സംഘം ആക്ടും ചട്ടങ്ങളും നിലവിൽ വരുകയും ആ നിയമത്തിന്റെ കീഴിൽ ജനപങ്കാളിത്തത്തോടെ വളന്നു് പന്തലിച്ചിരിക്കുന്ന സഹകരണ പ്രസ്ഥാനം കഞ്ഞിക്കുഴി പഞ്ചായത്തിൽ വേരൂന്നുന്നതു് കൊല്ലവർഷം 1102 മേടമാസം 11-ാം തീയതി 25 അംഗങ്ങളോടുകൂടി രൂപീകരിച്ചു് പ്രവർത്തനം ആരംഭിച്ച 1558-ാം നമ്പർ കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്കിലൂടെയാണു്.

സഹകരണ പ്രസ്ഥാനത്തെപ്പററി പഠിച്ചു് റിപ്പോർട്ടു് സമർപ്പിക്കുവാൻ 1852-ൽ നിയുക്തമായ റൂറൽ ക്രെഡിററു് സർവ്വേ കമ്മററിയുടെ 1954-ലെ ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിന്റെ 50 വർഷത്തെ പ്രവർത്തനത്തെക്കുറിച്ചുള്ള ആധികാരിക റിപ്പോർട്ടിൽ ''ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം പരാജയപ്പെട്ടു – സഹകരണം വിജയിച്ചേ മതിയാകൂ'' എന്നു് അടിവരയിട്ടു് രേഖപ്പെടുത്തിയിട്ടുണ്ടു്. കേരളത്തിലെ നമ്മുടെ പഞ്ചായത്തിൽ ഇതിന്റെ പ്രസക്തി എന്തെന്നു് പരിശോധിക്കാം.

## I കാർഷികവായ്പാ സഹകരണമേഖല

ഈ മേഖലയിൽ രണ്ടു് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

### 1. കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1558

കൊല്ലവർഷം 1102 മേടമാസം 11-ാംനു- രജിസ്റ്റർചെയ്തു് ഇടവം 14-ാം തീയതി 25 അംഗങ്ങളോടുകൂടി പ്രവർത്തനം ആരംഭിച്ചു് 69 വർഷം പൂർത്തീകരിച്ചുകൊണ്ടു് കഞ്ഞിക്കുഴി വില്ലേജിലെ സാധാരണക്കാരായ കർഷക – കർഷകേതര ജനങ്ങളുടെ ആശ്രയ കേന്ദ്രമായി ഈ സ്ഥാപനം നിലകൊള്ളുന്നു. ബാങ്കിൽ 5515 എ ക്ലാസ്സു് അംഗങ്ങളും 572 നാമമാത്ര അംഗങ്ങളും ഉണ്ടു് അംഗങ്ങളിൽ നിന്നും 423170/ രൂപയും സർക്കാർ ഓഹരി 85000/-രൂപയും ഉൾപ്പെടെ 508170/-രൂപ ഓഹരി മൂലധനവും വിവിധ ഇനങ്ങളിലായി 3817000/- രൂപയുടെ നിക്ഷേപവും ഉണ്ടു്. വായ്പ ഇനത്തിൽ അംഗങ്ങളിൽനിന്നും ഈടാകുവാനുള്ള 4098100/- രൂപയിൽ 1296850/- രൂപ കുടിശികയാണു്. ജില്ലാ സഹകരണ ബാങ്കിനു് വായ്പ ഇനത്തിൽ 1535000/- രൂപാ അടച്ചു തീർക്കാനുണ്ടു്. കാർഷിക കാർഷികേതര വായ്പകൾക്കു പുറമേ സെക്രട്ടറിയുടെ ശുപാർശയിന്മേൽ 1000/- രൂപാ വരെ അടിയന്തിര വായ്പകളും അനുവദിച്ചു വിതരണംചെയ്തു വരുന്നു. സ്വർണ്ണപ്പണയ വായ്പാ പദ്ധതി നട

പ്പിലാക്കുന്നതിനു് നടപടി സ്വീകരിച്ചു വരുന്നുണ്ടു്. ബാങ്കു് തലയാളായി 140000/- രൂപാ സലയുള്ള 9 ചിട്ടികൾ നടത്തിവരുന്നുണ്ടു്. കർഷകർക്കു് ആവശ്യമായ എല്ലാവിധ വളങ്ങളും വിതരണംചെയ്തു വരുന്നുണ്ടു്. ബാങ്കിനു് സ്വന്തമായി 40 സെൻറു് സ്ഥലവും കെട്ടിടവും ഉണ്ടു്. ഈ പഞ്ചായത്തിലെ സാധാരണക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചാരമംഗലം ഡി. വി. യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിനു് ബാങ്കു് വക 50 സെൻറു് സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ടു്. ബാങ്കു് നഷ്ടത്തിലാണു് പ്രവർത്തിക്കുന്നതു്. ബാങ്കു് ലാഭത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം.

## 2. ചെറുവാരണം സർവ്വീസ് സഹകരണ ബാങ്കു് ക്ലിപ്തം നമ്പർ 1817

കൊല്ലവർഷം 1104–ാമാണ്ടു് കുംഭമാസം 30–ാം തീയതി ശ്രീ. കെ. കുഞ്ഞുണ്ണി പ്രസിഡൻറായി 25 അംഗങ്ങളോടുകൂടി കഞ്ഞിക്കുഴി പഞ്ചായത്തിലെ 7, 9, 10 വാർഡുകൾ പ്രവർത്തനപരിധിയായി ഒരു വാടക കെട്ടിടത്തിൽ പരസ്പര സഹായ സഹകരണസംഘം ആയി പ്രവർത്തനം ആരംഭിച്ചു. ഈ ബാങ്കിൽ 3311 അംഗങ്ങളും, സർക്കാർ ഓഹരി 25000/- രൂപാ ഉൾപ്പെടെ 330515/- രൂപാ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും 2671779/– രൂപയുടെ നിക്ഷേപവും ഉണ്ടു്. വായ്പഇനത്തിൽ അംഗങ്ങളിൽനിന്നു ഈടാക്കുവാനുള്ള 2311088/-രൂപയിൽ 367558/– രൂപ കുടിശികയാണു്. ജില്ലാ സഹകരണ ബാങ്കിനു് വായ്പ ഇനത്തിൽ 53607/ രൂപാ അടച്ചു തീർക്കുവാനുണ്ടു്. കാർഷിക–കാർഷികേതര വായ്പകളും സ്വർണ്ണപ്പണയ വായ്പകളും അംഗങ്ങൾക്കു് വിതരണം ചെയ്യുന്നു. ബാങ്കു് തലയാളായി 225000/- രൂപാ സല വരുന്ന 9ചിട്ടികൾ നടത്തിവരുന്നു. കർഷകർക്കു് ആവശ്യമായ എല്ലാവിധ വളങ്ങളും വിതരണംചെയ്തുവരുന്നു. ബാങ്കിനു സ്വന്തമായി 17 സെൻറു സ്ഥലവും ഒരു ആഫീസു് കെട്ടിടവും ഉണ്ടു്. ബാങ്കു് നഷ്ടത്തിലാണു് പ്രവത്തിക്കുന്നതു്. നഷ്ടം നികത്താനാവശ്യമായ പ്രവർത്തനം നടത്തേണ്ടതുണ്ടു്.

### കാർഷിക വായ്പാ സഹകരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1] തെങ്ങുകൃഷിയുടെ തകർച്ചയും തൊഴിലില്ലായ്മയുംമൂലം വായ്പതുക ഈടാക്കി എടുക്കുന്നതിനു് സാധിക്കാതെ വരുകയും കുടിശിക തുകകൾ ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. 2] കാർഷിക വായ്പയുടെ പലിശ വർദ്ധനവും ഓഹരി അനുപാതവും കർഷകരെ കടത്തിലേയ്ക്കു് വീണ്ടും തള്ളിവിടുന്നു. 3] സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളും കുട്ടുകുടുംബ പ്രസ്ഥാനങ്ങളും കൂടിയ നിരക്കിൽ നിക്ഷേപം സ്വീകരിക്കുന്നു.

### നിർദ്ദേശങ്ങൾ

1 ത്രിടയർ സിസ്റ്റത്തിൽനിന്നും ടൂടയർ സിസ്റ്റമാക്കി നബാർഡിൽനിന്നും ലഭിക്കുന്ന കാർഷിക വായ്പകൾ ഓഹരി അനുപാതം നോക്കാതെ കർഷകർക്കു് നേരിട്ടു് വിതരണം ചെയ്യുക.

2 തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് വിവിധ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3 കൊമേഴ്സ്യൽ ബാങ്കുകൾവഴി നല്കുന്ന കാർഷിക വായ്പകൾ സർവ്വീസ് സഹകരണ ബാങ്കുകൾവഴി വിതരണംചെയ്യുക.

4 ഗൃഹാൽ നിയമം സർവ്വീസ് സഹകരണ ബാങ്കുകൾക്കും ബാധകമാക്കുക.

5 സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും കുട്ടുകുടുംബ പ്രസ്ഥാനങ്ങളും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനു് വിലക്കു് കല്പിക്കുക.

6 ഭരണസമിതി അംഗങ്ങൾക്കു് സഹകരണ വിദ്യാഭ്യാസം നിർബന്ധിതമാക്കുക.

## II പട്ടികജാതി / പട്ടികവർഗ സർവ്വീസ് സഹകരണ സ്ഥാപനങ്ങൾ

ഈ മേഖലയിൽ ഒരു സഹകരണ സ്ഥാപനം മാത്രമേ പ്രവർത്തിക്കുന്നുള്ളു.

### കഞ്ഞിക്കുഴി പഞ്ചായത്തു് പട്ടികജാതി സർവ്വീസ് സഹകരണസംഘം (ക്ലിപ്തം) നമ്പർ എ. 690

1980 മെയ്മാസം 15-ാംതീയതി രജിസ്റ്റർ ചെയ്തു്, കഞ്ഞിക്കുഴി പഞ്ചായത്തു് പ്രവത്തന പരിധിയായി പ്രവർത്തിച്ചുവരുന്നു. സമീപകാലത്തു വരെ നിർജ്ജീവമായിക്കിടന്ന ഒരു സംഘമാണു്. പുതിയ ഭരണസമിതി നിലവിൽ വന്നതിനുശേഷം സ്ഥായിയായ മാററം ഈ സംഘത്തിനുണ്ടായി. സ്വന്തമായി കെട്ടിടവും, കൂടുതൽ വായ്പകളും

ലഭിച്ച് അഭിവൃദ്ധി പ്രാപിച്ചുവരുന്ന ഈ സംഘത്തിൽ 282 പുരുഷന്മാരും 218 സ്ത്രീകളും ഉൾപ്പെടെ 500 അംഗങ്ങൾ ഉണ്ട്. സർക്കാർ ഓഹരി മൂലധനം 95000/- രൂപ ഉൾപ്പെടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 151010/- രൂപയാണ് അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്ത വായ്പയിൽ ഇടാകാനുള്ള 250565/-രൂപയും കടിശികയാണ്. സർക്കാരിൽനിന്നും 95000/-രൂപ ഓഹരി മൂലധനവും 200000/– രൂപ പ്രവർത്തന മൂലധനവും 16720/- രൂപ മാനേജീരിയൽ സബ്സിഡിയും5000/-രൂപ ഉപകരണഗ്രാൻറും 100000/- രൂപ കെട്ടിട നിർമ്മാണ ഗ്രാൻറും 16214/- രൂപ പലിശ സബ്സിഡിയും ഉൾപ്പെടെ 432934/- രൂപ ലഭിച്ചിട്ടുണ്ട്.

### III വനിതാ സഹകരണ സംഘം
### കഞ്ഞിക്കുഴി ബ്ളോക്ക് വനിതാ കൺസ്യൂമേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 852

കഞ്ഞിക്കുഴി ബ്ലോക്കിലെ 5 പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി 1988–ൽ രജിസ്റ്റർചെയ്ത് വനിതകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ 271 അംഗങ്ങളും 23800/-രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും സർക്കാർ ഓഹരി 113000/– രൂപയും ഉണ്ട്. സംഘത്തിന് ഒരു കൺസ്യൂമർ സ്റ്റോറും ടെക്സ്റ്റയിൽ സ്റ്റോറും ഉണ്ട്.

### IV കഞ്ഞിക്കുഴി N E S ബ്ളോക്ക് ലേബർ കോൺട്രാക്ററു് സഹകരണസംഘം ക്ലിപ്തം നമ്പർ 4294

പൊതുമരാമത്ത് തൊഴിലാളികളുടെ ഉന്നമനത്തിനായി കഞ്ഞിക്കുഴി N.E.S. ബ്ലോക്ക് പ്രവർത്തന പരിധിയായി 7–5–58–ൽ രജിസ്ററർ ചെയ്ത് 29–6–58–ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിൽ 415 അംഗങ്ങളും സർക്കാർ ഓഹരി 10000/- രൂപ ഉൾപ്പെടെ 33740 രൂപയുടെ ഓഹരി മൂലധനവും ഉണ്ട്. പ്രവർത്തന മൂലധനത്തിൻെറ അഭാവംമൂലം സംഘം പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്.

### V കയർ മേഖല

ഈ മേഖലയിൽ ഒരു മാററ്സ് ആൻറ് മാററിംഗ്സ് സഹകരണസംഘവും ഒരു ചെറുകിട കയർ ഫൈബർ മാററ്സ് ഉല്പാദക സഹകരണ സംഘവും 2 കയർ സഹകരണസംഘങ്ങളും ഉണ്ട്. ഇതിൽ 2 കയർ സഹകരണസംഘങ്ങളായ തണ്ണീർമുക്കം കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 88 ഉം കഞ്ഞിക്കുഴി കയർ വ്യവസായ സഹകരണസംഘം ക്ലിപ്തവും പ്രവർത്തനരഹിതമാണ്.

### കഞ്ഞിക്കുഴി കയർ മാററ്സ് ആൻറ് മാററിംഗ്സ് ക്ലിപ്തം നമ്പർ എ 745

6–3–1984-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 197 അംഗങ്ങളും സർക്കാർ ഓഹരി മൂലധനം 497300/- രൂപ ഉൾപ്പെടെ 799414 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ട്. 127 അംഗങ്ങൾ ഈ സംഘത്തിൽ തൊഴിൽ ചെയ്യുന്നവരാണ്.

### കഞ്ഞിക്കുഴി സ്മോൾ സ്കെയിൽ കയർ ഫൈബർ മാററ്സ് മാനുഫാക്ചറേഴ്സ് കോ - ഓപ്പറേററീവ് സൊസൈററി ക്ലിപ്തം നമ്പർ എ 739

കഞ്ഞിക്കുഴി, മുഹമ്മ, മാരാരിക്കുളംതെക്ക്, തണ്ണീർമുക്കം എന്നീ പഞ്ചായത്തുകളും ചേർത്തലതെക്ക പഞ്ചായത്തിൻെറ 71011വാർഡുകളും ഉൾപ്പെട്ടത്തി 1983–ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 554 അംഗങ്ങളും സർക്കാർ ഓഹരി മൂലധനം 271350 രൂപ ഉൾപ്പെടെ 640009 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ട്. ചെറുകിട തട്ടക്ക് ഉല്പാദകരായ അംഗങ്ങൾ മുഖേന 2200 തൊഴിലാളികൾക്ക് ഇതുമൂലം ജോലി ലഭിക്കുന്നുണ്ട്. സർക്കാരിൽ നിന്നു് ഓഹരി മൂലധനമായി 232695 രൂപയും പ്രവർത്തനമൂലധനവായ്പയായി 100000 രൂപയും മാനേജീരിയൽ സബ്സിഡിയായി 16200 രൂപയും ഉപകരണ വായ്പയായി 334620 രൂപയും ഉൾപ്പെടെ 683515 രൂപ ലഭിച്ചിട്ടുള്ള ഈ സംഘം ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

### ഖാദി ഗ്രാമ വ്യവസായ മേഖല

ഖാദി ഗ്രാമ വ്യവസായ രംഗത്ത് ഖാദി & വില്ലേജ് ഇൻഡസ്ട്രീസിൻെറ കീഴിൽ ചാരമംഗലം ഗ്രാമവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ K V I N D (A) 66 എന്ന ഒരു സഹകരണ സംഘം തീപ്പെട്ടി വ്യവസായ തൊഴിലാളികൾക്ക് വേണ്ടി 1979–ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു എങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. കൂടാതെ ചേർത്തലതെക്ക് ഖാദി ഉല്പാദക വിനിയോജക സഹകരണസംഘം ക്ലിപ്തം നമ്പർ

4095-ന്റെ ഒരു ശാഖ 11-ാംവാർഡിൽ പ്രവർത്തന രഹിതമായി നിലകൊള്ളുന്നു.

## VI ക്ഷീരോൽപ്പാദന മേഖല

ഈ മേഖലയിൽ 3 സഹകരണ സംഘങ്ങൾ ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

### 1. കഞ്ഞിക്കുഴി ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ എ. 71 ഡി. ആപ്ക്കോസ്

7-3-81-ൽ രജിസ്റ്റർചെയ്ത് വ്യവസായസംഘമായി പ്രവർത്തനം ആരംഭിച്ച് ഇപ്പോൾ പ്ആകോസ് ആയി പ്രവർത്തിച്ചുവരുന്ന ഈ സംഘത്തിൽ 128 അംഗങ്ങൾ ഉണ്ട്. ദിവസേന ശരാശരി 935 ലിററർ പാൽ സംഭരിക്കുന്ന ഈ സംഘത്തിലെ അംഗത്തിനു 94-95 വർഷം ഏററവും കൂടുതൽ പാലളക്കുന്ന വ്യക്തിക്കുള്ള റി. ആർ. സി. എം. പി. യു. വിന്റെ ക്യാഷ് അവാർഡു് ലഭിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് കാലിത്തീററ വിതരണവും നടത്തുന്നുണ്ട്.

### 2. കളത്തിവീട് ക്ഷീരോല്പാദക സഹകരണസംഘം നമ്പർ. എ. 77 ഡി. ആപ്കോസ്

1981-ൽ രജിസ്റ്റർ ചെയ്തു് വ്യവസായസംഘമായി പ്രവർത്തനം ആരംഭിച്ച് ഇപ്പോൾ ആപ്കോസ് ആയി പ്രവർത്തിക്കുന്ന ഈ സംഘത്തിൽ 254 അംഗങ്ങൾ ഉണ്ട്. പ്രതിദിനം ശരാശരി 750 ലിററർ പാൽ ഈ സംഘത്തിൽ സംഭരിക്കുന്നുണ്ട്. ക്ഷീരകർഷകർക്ക് കാലിത്തീററ വിതരണവും നടത്തുന്നുണ്ട്.

### 3. കഞ്ഞിക്കുഴി നോർത്ത് ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നമ്പർ എ. 84 ഡി. ആപ്കോസ്

5-6-81-ൽ വ്യവസായ സംഘമായി രജിസ്റ്റർ ചെയ്തു് ഇപ്പോൾ ആപ്കോസ് സംഘമായി പ്രവർത്തിച്ചുവരുന്ന ഈ സംഘത്തിൽ 224 അംഗങ്ങൾ ഉണ്ട്. പ്രതിദിനം ശരാശരി 395 ലിററർ പാൽ സംഭരിക്കുന്നു. ക്ഷീരകർഷകർക്കാവശ്യമായ കാലിത്തീററയും കന്നുകുട്ടികൾക്ക് കാഫ്ഫീഡ് സബ്സിഡിപ്രകാരമുള്ള കാലിത്തീററയും, പുല്ലുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു് ക്ഷീരവികസന വകുപ്പിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും വിതരണംചെയ്തുവരുന്നു.

### ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. ഉല്പാദകർക്കു് ന്യായമായ വില ലഭിക്കുന്നില്ല.
2. കന്നുകാലികളെ വാങ്ങുന്നതിനു് ആവശ്യമായ വായ്പകൾ ലഭിക്കുന്നില്ല.
3. ക്ഷീരവികസന വകുപ്പിൽനിന്നും നടപ്പിലാക്കുന്ന പദ്ധതികൾ അർഹരായ അംഗങ്ങൾക്കു് ലഭ്യമാകുന്നില്ല.
4. പ്രൈവററു് ഏജൻസികൾ സമാനസംഘങ്ങൾ രൂപീകരിച്ച് സംഘാതിർത്തിയിൽനിന്നും കൂടിയ വിലയ്ക്കു് പാൽ സംഭരിക്കുന്നതിനാൽ സംഘത്തിനു് പാൽ ലഭ്യത കുറയുന്നു.

### സ്കൂൾ സഹകരണസംഘം

ചാരമംഗലം ഡി. വി. എച്ച്. എസ്-ൽ പ്രവത്തിച്ചുവരുന്ന സ്കൂൾ സഹകരണസംഘം ആ സ്കൂളിലെ വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും മിതമായ വിലയ്ക്കു് വിതരണംചെയ്തു് ലാഭകരമായി പ്രവത്തിച്ചുവരുന്നു.

സഹകരണനിയമത്തിന്റെ പരിധിക്കുള്ളിൽ പെടാതെ ചാരിററബിൾ ആക്ടുപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ചെറുതും, വലുതുമായ നാളികേരസംഘങ്ങൾ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിഷു, ഓണം തുടങ്ങിയ വിശേഷദിവസങ്ങളിലും വിദ്യാഭ്യാസ വർഷാരംഭത്തിലും തുടങ്ങി ഒരുവർഷംകൊണ്ടു പിരിച്ചുവിടുന്ന പ്രാദേശിക ഫണ്ടു സമിതികളും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ മരണ ധനസഹായ സംഘങ്ങളും പ്രവർത്തിക്കുന്നു. ഇതെല്ലാംതന്നെ നടത്തുന്ന സാമ്പത്തിക ക്രയവിക്രയം ഈ ഗ്രാമത്തിലെ ജനജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണ്. ഗ്രാമവാസികളുടെ സാമ്പത്തികമായ താൽക്കാലിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതു് ഇത്തരം സമിതികളിലൂടെയാണ്. ഇതിലെല്ലാംതന്നെ പ്രകടമായി കാണാവുന്ന ഒരു പ്രധാന വസ്തുത 'കൂട്ടായ്മ'യുടെ തുടിപ്പാണ് പ്രവർത്തനങ്ങളാണ്. ഈ സമിതികളെയാകെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുന്നതും പൊതുസ്വഭാവമുണ്ടാക്കുന്നതും നല്ലതായിരിക്കും.

## പട്ടിക I

### കാർഷിക വായ്പാ സംഘങ്ങൾ

| | പേര് | പ്രവത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം D C B | നിക്ഷേപം | കാർഷിക വായ്പ | കാർഷികേതര വായ്പ | ലാഭം/ നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1558 | 1102 CME | കഞ്ഞിക്കുഴി വില്ലേജ് | 5515 | 508170 | 1535000 | 3817000 | 235000 | 3863100 | നഷ്ടം | 5 |
| 2 | ചെറുവാരണം സർവ്വീസ് സഹ: ബാങ്ക് ക്ലിപ്തം നമ്പർ 1817 | 1104 CME | കഞ്ഞിക്കുഴി പഞ്ചായത്ത് 7, 9, 10 വാർഡുകളാണ് | 3311 | 330515 | 53607 | 2671779 | 113558 | 2197530 | നഷ്ടം | 4 |

അവലംബം: ദ്വിതീയ വിവരശേഖരണം

## പട്ടിക II

### പട്ടിക ജാതി / പട്ടിക വർഗ മേഖല

| പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | ഗവ: ധനസഹായം | നിക്ഷേപം | വായ്പകൾ | ലാഭം/ നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| കഞ്ഞിക്കുഴി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം (ക്ലിപ്തം) നമ്പർ എ. 690 | 1980 | കഞ്ഞിക്കുഴി പഞ്ചായത്ത് | 500 | 151010 | 432934 | NIL | 250560 | നഷ്ടം | 1 |

അവലംബം: ദ്വിതീയവിവരശേഖരണം

## പട്ടിക III

### വനിതാ സഹകരണ സംഘം

| പേരു് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം D C B | നിക്ഷേപം | വായ്പകൾ | ലാഭം/ നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| കഞ്ഞിക്കുഴി ബ്ലോക്കു് വനിതാ കൺസ്യൂമേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ 852 | 1988 | കഞ്ഞിക്കുഴി ബ്ലോക്കിലെ 5 പഞ്ചായത്തു് | 271 | 23800 + 113000 സർക്കാർ | 20000 | NIL | 20000 | നഷ്ടം | |

അവലംബം: ദ്വിതീയവിവരശേഖരണം

## പട്ടിക IV

### കയർ മേഖല

| പേരു് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പ | ജോലി ലഭിക്കുന്നതൊഴിലാളി | ലാഭം/ നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| കഞ്ഞിക്കുഴി കയർ മാററ്സ് ആൻറു് മാററിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ 745 | 1984 | | 197 | 799414 | — | — | — | 127 | — | — |
| കഞ്ഞിക്കുഴി സ്റ്റോറം സ്റ്റെയിൽ കയർ ഫൈബർ മാനുഫാക്ചറേഴ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ എ 739 | 1983 | കഞ്ഞിക്കുഴി, മുഹമ്മ, തണ്ണീർമുക്കം, മാരാരിക്കുളം തെക്കുപഞ്ചായത്തുകളും ചേർത്തല തെക്കു് പഞ്ചായത്തിൻെറ ഭാഗവും | 554 | 640009 | — | — | — | 2200 | ലാഭം | 5 |

അവലംബം: ദ്വിതീയ വിവരശേഖരണം

പട്ടിക III

ഹകരണ സംഘം

| ക്തി ഗതം | ഓഹരി മൂലധനം | കടം D C B | നിക്ഷേപം | വായ്പകം | ലാഭം/ നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|
| 271 | 23800 + 113000 സർക്കാർ | 20000 | NIL | 20000 | നഷ്ടം | |

ഥപിതീയവിവരശേഖരണം

പട്ടിക IV

ർ മേഖല

| ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പ | ജോലി ലഭിക്കുന്നതൊഴിലാളി | ലാഭം/ നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|
| 799414 | — | — | — | 127 | — | — |
| 640009 | — | — | — | 2200 | ലാഭം | 5 |

ഥപിതീയ വിവരശേഖരണം

ഈ പഞ്ചായത്തിലെ ഭവന രഹിതർക്കു ഭവന നിർമ്മാണത്തിനു ആവശ്യമായ വായ്പ ലഭിക്കുന്നതിനും, അലോപ്പതിചികിത്സാരംഗത്തു് വിദഗ്ദ്ധവും നൂതനവുമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പച്ചക്കറി കൃഷകർക്കു് അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്കു് വിററഴിക്കുന്നതിനും, തൊഴിൽരഹിതരായ വിദഗ്ദ്ധതൊഴിലാളികൾക്കും, അഭ്യസ്തവിദ്യർക്കും, വനിതകൾക്കും, ഇതര തൊഴിൽ രഹിതർക്കും തൊഴിൽ ലഭിക്കുന്നതിനും, കയർഫാക്ടറി തൊഴിലാളികൾക്കും കയർ തൊഴിലാളികൾക്കും ജോലിയും ന്യായമായ കൂലിയും ലഭിക്കുന്നതിനും, ഈ പ്രദേശത്തുള്ള സഹകരണസംഘങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും, പാൽ സഹകരണസംഘങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും താഴെപ്പറയുന്ന സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണു്.

1 ഹൗസിംഗ് സഹകരണ സംഘം.

2 അലോപ്പതി ആശുപത്രി സഹകരണ സംഘം (പൂട്ടിക്കിടക്കുന്ന P. M. ആശുപത്രി ഇതിനുപയോഗിക്കാവുന്നതാണു്.)

3 പഴം, പച്ചക്കറി സഹകരണ സംഘം.

4 തയ്യൽ തൊഴിലാളി/റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ വിപണന സഹകരണ സംഘം.

5 കോഴിവളർത്തൽ സഹകരണസംഘം.

6 സോപ്പ് നിർമ്മാണ വിപണന സഹകരണ സംഘം.

7 വനിതാ ഭക്ഷ്യ ധാന്യ സംസ്കരണ വിപണന സഹകരണസംഘം.

8 ഷിയറിംഗ് ഫാക്ടറി സഹകരണസംഘം.

9 കൂട്ടുകൃഷി സഹകരണസംഘം.

10 പ്രിൻറിംഗ് സഹകരണസംഘം.

11 പുൽത്തടുക്കു് ഉല്പാദക വിപണന സഹകരണ സംഘം.

12 ഈ പഞ്ചായത്തിലെ 1-ഉം 2-ഉം വാർഡുകൾ ഉൾപ്പെടുത്തിയും 7, 9, 10 എന്നീ വാർഡുകൾ ഉൾപ്പെടുത്തിയും രണ്ടു് കയർമാറ്റ്സ് ആൻറ് മാററിംഗ്സ് സഹകരണസംഘം.

13 6, 7, 8, 9, 11 എന്നീ വാർഡുകൾ ഉൾപ്പെടുത്തി ചെറുകിട തടുക്കു് ഉല്പാദക, വിപണന സഹകരണസംഘം രൂപീകരിക്കുക.

14 ഈ പഞ്ചായത്തിലെ 3, 6 എന്നീ വാർഡുകളിൽ ഓരോ കയർ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

15 ഈ പഞ്ചായത്തിലെ 9, 10 എന്നീ വാർഡുകൾ കേന്ദ്രീകരിച്ചും 5, 6, 11 എന്നീ വാർഡുകൾ കേന്ദ്രീകരിച്ചും ഓരോ ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കുക.

സഹകരണ പ്രസ്ഥാനം നമ്മുടെ ജീവിതത്തിന്റെ അഭേദ്യഭാഗമാണ്. നമ്മുടെനാട്ടിൻപുറങ്ങളിൽ രൂപം കൊണ്ടിട്ടുള്ള ചെറിയ ചെറിയ ഓണഫണ്ടുകൾ, നാളികേര സംഘങ്ങൾ തുടങ്ങി സഹകരണ ബാങ്കുകൾ വരെയുള്ള ബൃഹത്തായ പ്രസ്ഥാനമാണ്. ഈ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുവാനും അതുവഴി നമുക്ക് കരുത്തുസംഭരിക്കുവാനും കൂട്ടായി പരിശ്രമിക്കാം.



# പട്ടികജാതി - പട്ടികവർഗ്ഗം

''നെല്ലിൻ ചുവട്ടിൽ മുളയ്ക്കും
കാട്ടുപുല്ലല്ല സാധുപുലയൻ''

164

സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഇനിയും പൂർണ്ണമായി എത്തിപ്പെട്ടിട്ടില്ലാത്ത വിഭാഗമാണിത്. പഞ്ചായത്തിലാകെ 575 കുടുംബങ്ങളാണ് ഉള്ളത്. മൊത്തം 1279 അംഗങ്ങളുണ്ട്. ഭൂരിഭാഗം കുടുംബങ്ങളും കോളനി കേന്ദ്രീകരിച്ചാണ് താമസിക്കുന്നത്. ഹരിജൻ കോളനിയായി അംഗീകരിച്ചിട്ടുള്ളത് കണ്ണേഴത്ത് കോളനി മാത്രമാണ്. രണ്ടാം വാർഡിലെ കോഴികുളങ്ങര കോളനി IHDP പദ്ധതിയിൽപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്.

കോളനിവാസത്തിൽ നിന്നും വേറിട്ട് മറ്റ് സമുദായങ്ങളുടെ ഇടയിൽ ജീവിക്കുന്നവർക്ക് താരതമ്യേന സാമ്പത്തിക മെച്ചമുള്ളവരാണ്. കോളനി കേന്ദ്രീകരിച്ചു താമസിക്കുന്നവരിൽ മുഖ്യമായും കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ഇവിടുത്തെ കുടുബങ്ങളിലെ കുട്ടികളിൽ അധികവും കഷ്ടിച്ച് ഹൈസ്കൂൾ തലം വരെയേ എത്താറുള്ളു. ഇവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ ഇതിനൊരു പ്രധാന കാരണമാണ്.

മുഖ്യമായും ഈ വിഭാഗം ആൺ പെൺ വ്യത്യാസമില്ലാതെ ഏതു തൊഴിലും ചെയ്യുവാൻ സന്നദ്ധമാണ്. വിദ്യാഭ്യാസത്തിന്റെ കൂമ്പടയുമ്പോൾ തന്നെ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് ഇവർ വ്യാപരിക്കുന്നു. പുല്ലുചെത്ത്, കാർഷികമേഖല, പരമ്പരാഗത തൊഴിലുകൾ, നിർമ്മാണ മേഖല, കയർ എന്നീ മേഖലകളിലാണ് കൂടുതൽപേരും തൊഴിലെടുക്കുന്നത്.

ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മയും നിലനിന്നിരുന്ന കാലഘട്ടങ്ങളിൽ ഒട്ടേറെ ചൂഷണങ്ങൾക്കു വിധേയമായ വിഭാഗമാണ് ഇത്. കുടികിടപ്പവകാശവും മിച്ചഭൂമി ലഭിച്ചത് വഴിയും ഇതിന് സ്ഥായിയായ മാറ്റങ്ങൾ ഉണ്ടായി. സാമൂഹ്യ ചടങ്ങുകളിൽ മറ്റുള്ളവരുമായി സഹകരിച്ചു കൊണ്ട് തന്നെ മുന്നോട്ട് പോകുന്നു. സർക്കാർ ഒട്ടേറെ പദ്ധതികൾ ഇവർക്കു വേണ്ടി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇതെല്ലാം ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങളെ സംബന്ധിച്ചുള്ള അറിവുകൾ കൃത്യസമയത്ത് ലഭിക്കായ്ക, പ്രായോഗികമല്ലാത്ത നിബന്ധനകൾ ഇതൊക്കെ കാരണങ്ങളായിട്ടുണ്ട്. പ്രധാനമായും പാർപ്പിട പ്രശ്നത്തിൽ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഭാഗമാണ്.

***കോളനികളുടെ സ്ഥിതിവിവരം***

***പട്ടിക 1***

| വാർഡ് | കോളനികളുടെ പേര് | സ്വഭാവം |
|---|---|---|
| 1 | കണ്ണർകാട്ട് കോളനി, പൊന്നിട്ടശ്ശേരി | സെറ്റിൽമെന്റ് |
| 2 | കലശിവെളി കോഴികുളങ്ങര | സെറ്റിൽമെന്റ്, ഐ. എച്ച്. ഡി. പി.3 |
| | കാരിക്കുഴി | സെറ്റിൽമെന്റ് |

| | | |
|---|---|---|
| 4 | ആയിരംതൈ, പാപ്പാളി തമ്പി ഗ്രാമം | സെറ്റിൽമെന്റ് |
| 5 | പുഴാരത്ത്, കണ്ടമ്പാറ | സെറ്റിൽമെന്റ് |
| 6 | മൂലംവെളി വടക്കേ കോളനി, മൂലംവെളി തെക്കെ കോളനി | സെറ്റിൽമെന്റ് |
| 7 | കണ്ണേഴത്ത് | പട്ടികജാതി-പട്ടികവർഗ്ഗം |
| 8 | മഠത്തിപ്പറമ്പിൽ കുടിലിങ്കൽ | സെറ്റിൽമെന്റ് |
| 9 | അകം പള്ളി | സെറ്റിൽമെന്റ് |
| 10 | കുന്നത്താ പറമ്പ് | സെറ്റിൽമെന്റ് |
| 11 | മാപ്പിളകുളം അഞ്ചുതയ്യിൽ | സെറ്റിൽമെന്റ് |

## ആരോഗ്യം കുടിവെള്ളം

കോളനികളിൽ ജീവിക്കുന്നവരാണ് ഇതിനു വേണ്ടി ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. പൊതുജല വിതരണ പദ്ധതികളിൽ നിന്നും ചില കോളനികളിലേയ്ക്ക് ശുദ്ധജലം എത്താൻ സംവിധാനം ഉണ്ടെങ്കിലും, ഈ വകുപ്പിൽ ഇന്നു നിലനില്ക്കുന്ന അശാസ്ത്രീയമായ സംവിധാനം മൂലവും ഇവർ കഷ്ടപ്പെടുന്നു. ചില കോളനികളിലാവട്ടെ പൈപ്പുകൾ എത്താതു മൂലം പൊതു കിണറുകളെയും സ്വന്തം കിണറുകളെയും ആണ് ഇവർ ആശ്രയിക്കുന്നത്. അത്തരം കിണറുകളിൽ നിന്നും ലഭിക്കുന്ന വെള്ളം ശുദ്ധജലം എന്ന് പറയാൻ നിർവ്വാഹമില്ല. കോളനി നിവാസികൾ നാലോ അഞ്ചോ സെന്റ് ഭൂമിയിലാണ് താമസിക്കുക. ഇവിടെ കക്കൂസും കിണറും പലതും പറ്റെ പറ്റെ സ്ഥാപിച്ചിരിക്കുന്നതിനാൽ കുടിവെള്ളം ഉപയോഗയോഗ്യമല്ല. ഇത് തന്നെ മുഴുവൻ വീടുകളിലും ഇല്ലാ എന്ന പോരായ്മയും നിലനില്ക്കുന്നു.

*പട്ടിക 2*

| വാർഡ് | ആകെ വീട് | കിണറുള്ളത് | കിണറില്ലാത്തത് | കക്കൂസ് ഇ. എസ്. | കക്കൂസ് പി. സെപ്റ്റിക്ക് | കക്കൂസ് ഇല്ലാത്തത് |
|---|---|---|---|---|---|---|
| 1 | 59 | 41 | 18 | 36 | 11 | 12 |
| 2 | 40 | 30 | 10 | 23 | 5 | 12 |
| 3 | 55 | 21 | 34 | 13 | 5 | 37 |
| 4 | 40 | 32 | 8 | 17 | 8 | 15 |
| 5 | 28 | 24 | 4 | 26 | 1 | 1 |
| 6 | 22 | 18 | 4 | 15 | 2 | 5 |
| 7 | 27 | 10 | 17 | 20 | 3 | 4 |
| 8 | 36 | 22 | 14 | 25 | 3 | 8 |
| 9 | 29 | 22 | 7 | 17 | 2 | 10 |
| 10 | 13 | 11 | 2 | 9 | 2 | 2 |
| 11 | 28 | 23 | 5 | 23 | 3 | 2 |

അവലംബം കുടുംബ സർവ്വേ '96

## പാർപ്പിടം

ചെറുതും വൃത്തിഹീനങ്ങളുമായ വീടുകളാണ് പലർക്കും ഉള്ളത്. ഇതാകട്ടെ കോളനികളിലാണധികവും. വേറിട്ട് താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനു പൊതുവേ മെച്ചപ്പെട്ട ഭവനങ്ങളാണ് ഉള്ളത്. സാമ്പത്തികമായും വളരെ പിന്നോക്കം നില്ക്കുന്നവരാണല്ലോ കോളനി നിവാസികൾ. ഇവർക്കായ് ആവിഷ്ക്കരിക്കുന്ന ഭവനനിർമ്മാണ പദ്ധതി വഴി വായ്പയെടുത്ത് വീടു വച്ചവർ പലരും കടകെണിയിലായിട്ടുണ്ട്. ഇത്തരത്തിലുള്ള നാനാവിധ ദുരിതങ്ങൾ വേട്ടയാടുന്ന ഇവരുടെ സാമൂഹിക വിദ്യാഭ്യാസ നിലവാരവും തകർന്നു പോകാനിട വരുന്നു. പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ വാസയോഗ്യമായ വീടുകൾ ഉള്ളവരുടെയും ഇല്ലാത്തവരുടെയും പട്ടിക പരിശോധിക്കുക.

**പട്ടിക 3**

| വാർഡ് | ഓല | ഓട് | ഷീറ്റ് | കോൺക്രീറ്റ് | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് | വാസയോഗ്യമല്ലാത്തത് |
|---|---|---|---|---|---|---|---|
| 1 | 22 | 34 | — | 3 | 43 | 16 | 22 |
| 2 | 9 | 29 | — | 2 | 29 | 21 | 9 |
| 3 | 25 | 25 | 3 | 2 | 32 | 23 | 25 |
| 4 | 5 | 33 | 1 | 1 | 19 | 27 | 5 |
| 5 | 5 | 23 | — | — | 20 | 18 | 5 |
| 6 | 6 | 16 | — | — | 11 | 6 | 6 |
| 7 | 8 | 18 | 1 | — | 12 | 6 | 8 |
| 8 | 25 | 7 | 1 | 3 | 15 | 21 | 25 |
| 9 | 5 | 23 | 1 | — | 15 | 14 | 5 |
| 10 | 3 | 9 | — | 1 | 7 | 6 | 3 |
| 11 | 7 | 19 | 1 | 1 | 22 | 6 | 7 |
| ആകെ | 120 | 424 | 8 | 13 | 225 | 164 | 120 |

അവലംബം – കുടുംബ സർവ്വേ '96

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം

ഈ വിഭാഗത്തിന്റെ പ്രത്യേക ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനായി രൂപീകരിച്ച ഒരു സ്ഥാപനമാണ് ഇത്. 15–5–80 ൽ ആണ് ഇത് സ്ഥാപിക്കപ്പെട്ടത്. തുടക്കത്തിൽ ഇതിന്റെ പ്രവർത്തനം ആശാവഹമായിരുന്നെങ്കിലും പിന്നീട് പൂർണ്ണമായും നിശ്ചലമായി. അടുത്ത കാലത്തായി ഇതിന്റെ പ്രവർത്തനം ഏറ്റെടുത്തവരുടെ ഭഗീരഥ പ്രയത്നത്തിന്റെ ഫലമായി അത്ഭുതപൂർവ്വമായ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. സ്വന്തമായ സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നു. വിവിധ ആവശ്യങ്ങൾക്കായി അംഗങ്ങൾ എടുത്തിട്ടുള്ള വായ്പയായ 250560 രൂപായും കുടിശിഖയായി അവശേഷിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ തൊഴിൽ ലഭിക്കുന്നതിനായി ഒരു റെഡിമെയ്ഡ് യൂണിറ്റും കമ്പി കാർപ്പറ്റ് യൂണിറ്റും തുടങ്ങുവാൻ പദ്ധതിക്ക് രൂപം കൊടുത്ത് വരുന്നു.

പൊതുവിൽ ഇവരുടെ ഇടയിലെ തൊഴിൽ നിലവാരം സർക്കാർ അർദ്ധസർക്കാർ സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള വിവരം പരിശോധിക്കാം.

**പട്ടിക 4**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| സർക്കാർ | 11 | 10 | 5 | 1 | 15 | 3 | 1 | 2 | — | 3 | 2 |
| അർദ്ധ സർക്കാർ | 3 | — | 4 | — | 3 | — | — | 3 | 1 | 2 | 1 |

അവലംബം – കുടുംബ സർവ്വേ '96

## വിദ്യാഭ്യാസം

മുൻപറഞ്ഞ പൊതു സാഹചര്യങ്ങൾ ഇവരുടെ വിദ്യാഭ്യാസ ജീവിതത്തെ കാര്യമായി തന്നെ ബാധിച്ചിട്ടുണ്ട്. എന്നാൽ കോളനികളിൽ പെടാതെ മറ്റിടങ്ങളിൽ ജീവിക്കുന്നവരുടെ ഇടയിലെ വിദ്യാഭ്യാസം നന്നേ മെച്ചപ്പെട്ടതുമാകുന്നു. വിദ്യാഭ്യാസ സാമൂഹ്യ ജീവിതത്തിൽ ചുറ്റുപാടുകൾ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ് എന്നാണ് അനുഭവം നമ്മെ പഠിപ്പിക്കുന്നത്

**പട്ടിക 5**

| വാർഡ് | പ്രാഥമികം ക്ലാസ്സ് 5 വരെ | സെക്കൻഡറി ക്ലാസ്സ് 6 മുതൽ | ഡിഗ്രി പി.ഡി.സി./ഡി. സി | പി. ജി. | സാങ്കേതികം | പ്രൊഫഷണൽ |
|---|---|---|---|---|---|---|
| 1 | 78 | 65 | 23 | 5 | 5 | 5 |
| 2 | 70 | 70 | 4 | 3 | 3 | 1 |
| 3 | 60 | 58 | 8 | — | — | 2 |
| 4 | 77 | 58 | 20 | 1 | — | — |
| 5 | 81 | 24 | 27 | 1 | 7 | — |
| 6 | 61 | 18 | 6 | — | 1 | — |

| | | | | | | |
|---|---|---|---|---|---|---|
| 7 | 65 | 18 | 4 | — | — | — |
| 8 | 80 | 30 | 19 | — | 2 | — |
| 9 | 21 | 93 | 14 | — | 6 | — |
| 10 | 28 | 16 | 4 | — | — | — |
| 11 | 37 | 34 | — | — | — | — |

അവലംബം – കുടുംബ സർവ്വേ '96

കോളനി ജീവിതം പൊതുവേ ആരോഗ്യകരമല്ലാത്തതും വിദ്യാഭ്യാസ സാംസ്കാരിക മേഖലകളെ വിപുലപ്പെടുത്താത്തതുമാണ് എന്നാണ് ഇതുവരെയുള്ള അനുഭവം. ഈ ഒറ്റകാരണം കൊണ്ടുതന്നെ ഇവർക്കു സാമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുവാനും സാമൂഹ്യ–രാഷ്ട്രീയ രംഗങ്ങളിൽ ഉയർന്നുവരുവാനും കഴിയുന്നില്ല. ഇനിയും ഇവർക്കായി കോളനി സ്ഥാപിക്കപ്പെട്ടാൽ പൂർണ്ണമായും ഇവരെ നൂറ്റാണ്ടുകൾക്കു പിന്നിലേക്കു തള്ളി വിടുന്നതിനു തുല്യമായിരിക്കും.

***പ്രശ്നങ്ങൾ***

1) വാസയോഗ്യമായ ഭവനങ്ങളുടെ ഇല്ലായ്മ
2) വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
3) തൊഴിൽപരമായ പിന്നോക്കാവസ്ഥ
4) ആരോഗ്യ പ്രശ്നങ്ങളിലെ അറിവില്ലായ്മ
5) വായനാ കേന്ദ്രങ്ങളുടെ അഭാവം
6) സാക്ഷരതാ തുടർപ്രവർത്തനം ഇല്ലായ്മ
7) സാനിട്ടേഷൻ അസൗകര്യങ്ങൾ

***നിർദ്ദേശങ്ങൾ***

1) ഭവന രഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീടു നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നല്കുക.
2) നിലവിലുള്ള ഭവന വായ്പകളുടെ പരിധി വർദ്ധിപ്പിക്കുകയും നിബന്ധനകൾ ലഘൂകരിക്കുകയും ചെയ്യുക.
3) കോളനികൾ കേന്ദ്രീകരിച്ച് മിനി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.
4) ഈ വിഭാഗത്തിനായുള്ള ആനുകൂല്യങ്ങളും വായ്പകളും ഇവർക്കു തന്നെ ലഭിക്കുന്നു എന്നു ഉറപ്പു വരുത്തുക.
5) വിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനാർത്ഥം എസ്.സി./എസ്. ടി. വിഭാഗത്തിനു മാത്രമായി സ്കീമുകൾ ഉണ്ടാകുക.
6) കണ്ണേഴത്ത് കോളനിയിൽ കെട്ടിനില്ക്കുന്ന വെള്ളം ഒഴുക്കിക്കളയുവാനുള്ള സംവിധാനം ഉണ്ടാക്കുക.
7) സാക്ഷരതാ പരിപാടി തുടർന്നും നടത്തുക.
8) പുൽ തടുക്ക് നിർമ്മാണത്തിനു പരിശീലനം ലഭിച്ചിട്ടുള്ള വനിതകളെ സംബന്ധിച്ച് പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത യൂണിറ്റ് തുടങ്ങുക.
12) ജാതി സർട്ടിഫിക്കറ്റുകൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.
13) 60 വയസ്സ് തികഞ്ഞ തെങ്ങ് കയറ്റ തൊഴിലാളികൾക്ക് പെൻഷൻ നടപ്പിലാക്കുക.
14) പരമ്പരാഗത ഉല്പനങ്ങൾക്ക് വിപണി ഉണ്ടാക്കുക.
15) പട്ടികജാതി വികസന വകുപ്പ് നൽകി വരുന്ന വായ്പകളും സഹായധനങ്ങളും പഞ്ചായത്ത് വഴി വിതരണം ചെയ്യുക.
16) എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
17) കോളനികൾ കേന്ദ്രീകരിച്ച് കുറഞ്ഞത് 3 മാസത്തിൽ ഒരിക്കല്ലെങ്കിലും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.
18) എല്ലാ കോളനികളിലും വായനശാലകൾ സ്ഥാപിക്കുക.
19) പട്ടികജാതി വികസന കോർപ്പറേഷന്റെ കീഴിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വ്യവസായം തുടങ്ങുക.





# വിഭവസമാഹരണം

**“ജീവിതത്തിനുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി
ഭാവിസുസ്ഥിരതയുടെ തറകെട്ടുവാൻവേണ്ടി!”**

91-169





ഏതൊരു പ്രസ്ഥാനത്തിന്റേയും പുരോഗതിക്ക് വിഭവലഭ്യത അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിന്റേയും സമഗ്രമായ വളർച്ചയ്ക്ക് ആവശ്യമായ എല്ലാത്തരം വിഭവങ്ങളും നാം തന്നെ കണ്ടെത്തണം. പഞ്ചായത്തിന്റെ പുരോഗതി എന്നതിനർത്ഥം പഞ്ചായത്തിലെ ജനങ്ങളുടെ പുരോഗതി എന്നതാണ്. അതാകട്ടെ നമ്മുടെ ഗ്രാമത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ടുള്ളതുമായിരിക്കണം.

നാം ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ സ്ഥായിയായതും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതുമായ ഒറ്റ വ്യവസായങ്ങളും പ്രവർത്തിക്കുന്നില്ല. പ്രധാനമായും കയർ വ്യവസായവുമായി ബന്ധപ്പെട്ടുള്ള സഹകരണ കയർ ഫാക്ടറിയും സ്വകാര്യ ഫാക്ടറികളുമാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാനഘടകം സമ്പത്താണെന്നുള്ള കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. വിവിധതരം നികുതികൾ, ഗ്രാന്റുകൾ, നികുതിയേതര വരുമാനങ്ങൾ എന്നിവയാണ് നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. ഈ മേഘലയിലേക്ക് പുതിയ വഴികൾ തുറക്കുവാനും നിലവിലുള്ളത് പുന:പരിശോധിക്കാനും നമുക്കു കഴിയണം.

കാർഷികമേഘലയുടെ സ്ഥിതി അതിദയനീയമാണ്. നെല്ലും തേങ്ങയുമാണു നമ്മുടെ പ്രധാന കൃഷിവിളകൾ. ഈ രണ്ടു മേഘലകളിലും അദ്ധ്വാനത്തിന്റെ ഫലം കിട്ടായ്ക ഒരു പ്രശ്നമായി തുടരുകയാണ്. പച്ചക്കറി കൃഷിയിൽ നമ്മുടെ മാതൃക സംസ്ഥാനത്തിനു വഴികാട്ടിയിട്ടുണ്ടെങ്കിലും, പ്രധാന കാർഷിക വിളകളുടെ കാര്യത്തിൽ നാം ഒട്ടേറെ പുരോഗതി നേടേണ്ടതുണ്ട്. രോഗാതുരമായ തെങ്ങുകൾ നല്ലഫലം തരാത്തതുമൂലും നമ്മുടെ ദൈനംദിന ജീവിതത്തെ ഇതുപ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനു കാതലായ മാറ്റം ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾക്കുരൂപം കൊടുക്കുവാൻ നമ്മുടെ ബുദ്ധിപൂർവ്വകമായ പരിശ്രമം ഉപയോഗിച്ചേതീരു. അതോടൊപ്പം തന്നെ ഇന്നു വ്യാപകമായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്കും പരിഹാരംകാണാം. രാസവളങ്ങളും, കീടനാശിനികളും ഉപയോഗിക്കുന്നതിനുള്ള പ്രേരണ നമുക്കുനൽകാൻ കഴിയണം. കാർഷിക രംഗത്തുണ്ടാകുന്ന മുരടിപ്പ് നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ വിഭവ ശേഷികൾ കാര്യമായ ശോഷിപ്പുണ്ടാക്കുന്നുണ്ട്.

ഗൾഫ് പണത്തിന്റെ വരവ് നമ്മുടെ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ഒരു ഘടകമേയല്ല. നാമമാത്രമായിട്ടാണ് ഗൾഫ് മേഖലയിൽ തൊഴിൽ തേടി പലരും പോയിട്ടുള്ളത്. അവരുടെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു വികസനപ്രക്രിയ നമ്മുടെ ഗ്രാമത്തിലില്ല. അതിനുള്ള സാദ്ധ്യതയും വിരളമാണ്.

നമ്മുടെ പഞ്ചായത്ത് കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങളിലൂടെ ഒരു ഓട്ട പ്രദക്ഷിണം നടത്തിയാൽ, പുത്തൻ തൊഴിൽ മേഖലകൾ ഒന്നുംതന്നെയില്ലെന്നു കാണാം. സ്വയം തൊഴിൽ മേഖലയിലൂടെയുള്ള ചെറിയ ചെറിയ കുടിൽ വ്യവസായങ്ങൾ മാത്രമാണ് സമീപകാലത്തായി ഉയർന്നുവന്നിട്ടുള്ളത്. അവയുടെ ലൈസൻസ് ഫീസാണ് പഞ്ചായത്തിൽ വരുമാനമായി ലഭിക്കുന്ന

തികച്ചും നാമമാത്രമായ തുക. സർക്കാരിൽനിന്നും നികുതി വിഹിതങ്ങളായും ഗ്രാന്റുകളായും ലഭിക്കുന്ന തുകയിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ല. കെട്ടിടനികുതിയാകട്ടെ 93-94 തൊട്ടിങ്ങോട്ടുള്ളവർഷങ്ങളിൽ മെച്ചപ്പെട്ട മാറ്റങ്ങളുണ്ടായതായികാണാം.

പട്ടിക 1

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദ നികുതി | അടിസ്ഥാന നികുതി സർക്കാരിൽ നിന്നും | സർക്കാരിൽ നിന്നും 75% നികുതി |
|---|---|---|---|---|---|
| 90-91 | 133421.50 | 42481 | 43193.42 | 23357 | 153261 |
| 91-92 | 147152.85 | 47575 | 45253.13 | 25653 | 82161 |
| 92-93 | 147598.10 | 50085 | 70939.54 | 24069 | 52411 |
| 93-94 | 212680.40 | 54293 | 81930.11 | 23787 | 143731 |
| 94-95 | 218172.85 | 68436 | 74218.95 | 34688 | 158144 |
| 95-96 | 233128.40 | 84436 | 104117.60 | 35581 | 85351 |

പട്ടിക 2

| വർഷം | അൺടൈഡ് ഫണ്ട് | മറ്റ് ഗ്രാന്റുകൾ | മറ്റിനം | ജെ. ആർ. വൈ |
|---|---|---|---|---|
| 90-91 | 190000 | 104807 | 84829.06 | 273350 |
| 91-92 | 197000 | 145436 | 375537.43 | 273600 |
| 92-93 | 207000 | 126845 | 277809.91 | 263000 |
| 93-94 | 216000 | 116410 | 118586.20 | 244100 |
| 94-95 | 302000 | 116973 | 304771.39 | 154200 |
| 95-96 | 309000 | 197291 | 312327.90 | 202200 |

സർക്കാരിൽനിന്നും ലഭിക്കുന്ന അൺടൈഡ് ഫണ്ട്, ഗ്രാന്റുകൾ, JRY എന്നീപദ്ധതികളിൽ 90-91 മുതൽ 94-95 വരെ കാര്യമായ മാറ്റങ്ങളുണ്ടായിട്ടില്ല. എന്നാണ് പട്ടിക വ്യക്തമാക്കുന്നത്. 95-96 ൽ മാത്രമാണ് ഇതിനൊരു വ്യത്യാസം ഉണ്ടായിട്ടുള്ളത്. ഇത്തരം ഫണ്ടുകളിൽ നിന്നും നാം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിൽ 31.58% റോഡുനിർമ്മാണത്തിനായി ചെലവാക്കേണ്ടിവന്നിട്ടുണ്ട്. ഇതാകട്ടെ ഇടത്തട്ടുകാരായ കോട്രാക്ടറന്മാർക്ക് അമിതലാഭം ലഭിക്കുവാൻ കാരണമായി തീർന്നിട്ടുണ്ട്. ബാക്കി തുക മാത്രമേ ക്ഷേമപ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുള്ള. ഇതിനു കാതലായ മാറ്റം ഉണ്ടാക്കിയേതീരൂ.

റോഡുനിർമ്മാണം മാത്രമാണ് ഒരുപ്രദേശത്തിന്റെ വികസനത്തിന്റെ ആണിക്കല്ല് എന്ന് നമ്മുടെ ജനത തെറ്റദ്ധരിച്ചിട്ടുണ്ട്. വളരെ അത്യാവശ്യം വേണ്ടിവരുന്ന സ്ഥലങ്ങളിൽ മാത്രം റോഡുണ്ടാക്കുവാൻ നാം പരിശ്രമിക്കുക. അതോടൊപ്പം നമ്മുടെ അദ്ധ്വാനവും ഇത്തരം നിർമ്മാണപ്രവർത്തനത്തിന്റെ മൂലധനമാക്കുവാൻ നമുക്കുകഴിയണം. നമ്മുടെ ഗ്രാമത്തിൽ ഒട്ടനവധി സന്നദ്ധസംഘടനകളും അതിലൊക്കെത്തന്നെ

സേവനതല്പരരായ അനേകം യുവതീയുവാക്കളും ഉണ്ട്. വനിതാവിഭാഗത്തെ ബോധപൂർവ്വം ഈപ്രവർത്ത നങ്ങളിൽ പങ്കെടുപ്പിച്ചാൽ അവരെ കൂടുതലായി സാമൂഹ്യരംഗത്തേയ്ക്കു കൊണ്ടുവരുവാനും കഴിയും.

### ലൈസൻസ് ഫീസ്

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽനിന്നും ലഭി ക്കുന്ന ലൈസൻസ് ഫീസ് വളരെ പഴയതും, താഴ്ന്ന തുമായ നിരക്കിലാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കുടുംബസർവ്വേയിൽനിന്നും വ്യക്തമാവു ന്നത് ഇനിയും പഞ്ചായത്തിൽ ഒട്ടേറെസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുവാനുണ്ട് എന്നാണ്. ഹോട്ടലുകൾ, സാധാരണകടകൾ എന്നിവ സർവ്വേയിൽ പെടാത്തതി നാൽ പട്ടിക നൽകുവാൻ നിർവ്വാഹമില്ല, നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണവും അവയിൽനിന്നും ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകയും ഒന്നു പരിശോധിക്കുക.

പട്ടിക 3

| വാർഡ് | വ്യാപാരം വ്യവസായം | ഹോട്ടൽ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ എണ്ണം | ആകെ ഫീസ് (രൂപാ) |
|---|---|---|---|---|---|---|
| 1 | 56 | 1 | 8 | 7 | 72 | 691 |
| 2 | 38 | — | 7 | 1 | 46 | 295 |
| 3 | 62 | 1 | 17 | 14 | 94 | 1019 |
| 4 | 68 | — | 6 | 5 | 79 | 781 |
| 5 | 47 | 5 | 5 | 14 | 71 | 801 |
| 6 | 59 | 1 | 3 | 3 | 66 | 569 |
| 7 | 30 | — | 2 | 4 | 36 | 329 |
| 8 | 58 | 3 | 8 | 17 | 86 | 997 |
| 9 | 39 | 1 | 5 | 2 | 47 | 333 |
| 10 | 41 | — | 1 | 3 | 45 | 371 |
| 11 | 18 | 5 | 5 | 6 | 29 | 291 |
| ആകെ | 516 | 17 | 67 | 76 | 671 | 6477 |

### കെട്ടിടനികുതി

നമ്മുടെ പഞ്ചായത്തിൽ സമാഹരിക്കപ്പെടുന്ന ഇപ്പോഴത്തെ കെട്ടിടനികുതി, ശാസ്ത്രീയമായും യഥാർത്ഥ നിർമ്മാണചെലവിനേയും അടിസ്ഥാ നപ്പെടുത്തിയെടുത്തിട്ടുള്ളതല്ല. എല്ലാത്തരം കെട്ടിട ങ്ങൾക്കും വാടക കണക്കാക്കി അതിന്റെ അടിസ്ഥാന ത്തിലാണ് ഇന്ന് നികുതി ഈടാക്കുന്നത്. ഈ രീതി ഒഴിവാക്കപ്പെടേണ്ടതാണ്. താമസിക്കുന്നതിനുള്ള വീടു കളുടേയും വാടകക്കെട്ടിടങ്ങളേയും രണ്ടായിത്തന്നെ കണക്കാക്കി നികുതി രീതികൾ പുനപ്പരിശോധിക്കണം.

## തൊഴിൽ നികുതി

കഞ്ഞിക്കുഴിയിലെ സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ മഹാഭൂരിപക്ഷം ഇതരപഞ്ചായത്തു/മുനിസിപ്പൽ/കോർപ്പറേഷൻ, പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങളിലാണ് തൊഴിലെടുക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരക്കാരുടെ നികുതി അതതു സ്വയം ഭരണസ്ഥാപനങ്ങളിലേക്കു പോകുന്നു. പഞ്ചായത്തിലാകട്ടെ കാര്യമായ പൊതുസ്ഥാപനങ്ങളോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ സ്ഥിതിചെയ്യുന്നില്ല. ഏറ്റവും അവസാനമായി നമുക്കുലഭിച്ചതൊഴിൽ നികുതി തുക 84436/- രൂപ മാത്രമാണ്. പഞ്ചായത്തിന്റെ സ്വന്തംഫണ്ടായി വരുന്ന ഒരുതുകയാണിത്. ഇതിൽ കാര്യമായ വർദ്ധന ഉണ്ടാകുന്നില്ല. തൊഴിലെടുക്കുന്ന മുഴുവൻ വിഭാഗവും തൊഴിൽ നികുതികൊടുക്കുവാൻ കഴിയത്തക്കരൂപത്തിൽ സ്കീം തയ്യാറാക്കണം.

## വിനോദനികുതി

പഞ്ചായത്തിൽ രണ്ടു തീയേറ്ററുകളിൽ നിന്നും ലഭിക്കുന്ന നികുതി മാത്രമാണ് ഈ വിഭാഗത്തിൽ ഉള്ളത്. നമ്മുടെ സാമൂഹ്യ ജീവിതത്തിൽകൂടി ഈ മേഖലയിൽ പഞ്ചായത്തിന്റെ നികുതി വരുമാനത്തിലും ശോഷണമുണ്ടായി.

## ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകളും, ധനലക്ഷ്മി ബാങ്ക്, ലോഡ് കൃഷ്ണാ ബാങ്ക്, കാനറാ ബാങ്ക്, എന്നിവയും വായ്പാ വിതരണ സഹായം നൽകുന്ന ഹരിജൻ സർവ്വീസ് സംഘവുമാണ്. അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങളുടെ ജീവിതാവശ്യങ്ങളുമായി സഹകരണപ്രസ്ഥാനങ്ങൾ സഹകരിക്കുന്നതുപോലെ മറ്റ് ബാങ്കുകൾ സഹകരിക്കുന്നില്ല. കാനറാ ബാങ്കു മാത്രമാണ് അല്പമെങ്കിലും സഹായം ഇക്കാര്യത്തിൽ ചെയ്യുന്നത്. മറ്റു രണ്ടു ബാങ്കുകളും പല കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുന്ന അനുഭവം ഉണ്ട്. തൽഫലമായി ഗ്രാമപ്രദേശത്തെ അമിതപലിശയ്ക്കു പണം കടം കൊടുക്കുന്നവരെ ജനങ്ങൾ ആശ്രയിക്കേണ്ടിവരുന്നു. ഇതിനുസ്ഥായിയാ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ധനകാര്യസ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന രേഖകൾ നൽകാൻ കെൽപ്പില്ലാത്തവരും നിബന്ധനകൾക്ക് വിധേയമാകാൻ സാദ്ധ്യതയില്ലാത്തവരുമാണ്. വ്യക്തികളിൽനിന്നും കൂടിയ പലിശയ്ക്കു വായ്പ വാങ്ങുന്നത്. ഇവരുടെ അദ്ധ്വാനത്തിന്റെ നല്ലൊരുപങ്ക് ഈ വിധത്തിൽ മറ്റ് കൈവഴികളിലേക്കുപോകുന്നുണ്ട്. ഇവരാകട്ടെ വാക്കാൽ കരാറുകളിൽ സ്വീകരിക്കുന്നപണം കൃത്യമായും തിരിച്ചടയ്ക്കുന്നവരുമാണ് ബഹുഭൂരിപക്ഷവും.

ഇത്തരത്തിൽ ജീവിതത്തിന്റെ നാനാമേഖലകളിലും ഇന്നു വ്യാപരിക്കുന്ന ഇടത്തട്ടുകാരെ ഒഴിവാക്കി ഒരു പുതിയ വികസനയജ്ഞം തന്നെ നാം നടത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ നവംബർ 1 –ന്റെ പുനരർപ്പണദിനത്തിൽ പ്രവർത്തനം ഒന്നുവലിയിരുത്തുന്നത് പ്രയോജനകരമായിരിക്കും.

**പട്ടിക 4**

| വാർഡ് | ചെയ്ത ജോലി റോഡുകൾ | ജോലിയുടെ അളവ് | | മൂല്യം (രൂപാ) |
|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | |
| 1 | 100 മീറ്റർ | 15 | 45 | 15000 |
| 2 | | | | |
| 3 | 250 മീറ്റർ | 30 | 70 | 30000 |
| 4 | | | | |
| 5 | 150 മീറ്റർ | 15 | 45 | 15000 |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | 900 മീറ്റർ | 200 | 250 | 100000 |
| 10 | 745 മീറ്റർ | 140 | 75 | 50000 |
| 11 | | | | |

നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിൽ ചിലവാക്കുന്ന പണം ഈ വിധത്തിൽ നമ്മുക്കു ലാഭി ക്കുന്നതുവഴി നല്ലൊരുശതമാനം തുക പ്രത്യുല്പാദന പരമായ മേഖലകളിലേക്കുതിരിച്ചുവിടാൻ കഴിയും പഞ്ചായത്തിലെ 95–96 ലെ വരവു ചിലവ് കണക്കു കൾ ഒരുവിലയിരുത്തൽ.

**പട്ടിക 5**

| വരവു ഇനം | രൂപാ | പൈ | ചെലവു | രൂപാ | പൈ |
|---|---|---|---|---|---|
| കെട്ടിട നികുതി | 233128 | 40 | ഭരണം | 406148 | 50 |
| തൊഴിൽ നികുതി | 84436 | 00 | പൊതുമരാമത്ത് | 429957 | 65 |
| വിനോദ നികുതി | 104117 | 60 | വിദ്യാഭ്യാസം | 30160 | 00 |
| അടിസ്ഥാന നികുതി | 35551 | 00 | ജല വിതരണം പൊതുജനാരോഗ്യം | 14579 | 00 |
| 75% നികുതി വിഹിതം സർക്കാരിൽ നിന്ന് | 85351 | 00 | തെരുവു വിളക്കുകൾ | 33396 | 00 |
| അൺടൈഡ് ഫണ്ട് | 309000 | 00 | മറ്റുള്ളവ | 478616 | 05 |
| മറ്റു ഗ്രാൻഡുകൾ | 197291 | 00 | | | |
| മറ്റിനം | 312327 | 90 | | | |
| ആകെ | 1361232 | 90 | ആകെ | 1392857 | 20 |

റോഡുനിർമ്മാണത്തിന് 31.58% വും എസ്റ്റാ ബ്ലിഷ്മെന്റ് ചെലവ് 29.83% വും സാമൂഹ്യ ക്ഷേമത്തിന് 40% വുമാണ് നമ്മുടെ വരവിൽ നിന്നും ചിലവാക്കേ ണ്ടിവന്നിട്ടുള്ളത്. പഞ്ചായത്തിൽ ആണ്ടുതോറും വരു മാനവർദ്ധന ഉണ്ടാകാറുണ്ടെങ്കിലും നമ്മുടെ ആവശ്യ ങ്ങളും അതോടൊപ്പം തന്നെ വർദ്ധിച്ചുകൊണ്ടിരിക്കു ന്നു. നമ്മുടെ ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് വരവ് മതിയാകുന്നില്ല എന്നർത്ഥം. ഈ കുറവു പരി ഹരിക്കുവാൻ നമ്മുടെ കൂട്ടായ അദ്ധ്വാനം നല്ലൊരളവോളം സഹായകമാവും നമ്മുടെ ജന ങ്ങൾക്കുകിട്ടിയ പാരമ്പര്യ സംഭാവനകളായ കൂട്ടദ്ധ്വാ നത്തിന്റെ ഗുണം നമ്മിൽ നിന്നും ചോരാതെ തുടർനാ ളുകളിൽ നമുക്കാ പ്രയത്നത്തിലേർപ്പെട്ടുകൊണ്ട് കഞ്ഞിക്കുഴിയുടെ ഗ്രാമസൗന്ദര്യത്തിനു മാറ്റുകൂട്ടാം.

## പ്രശ്നങ്ങൾ

–കോൺ ട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടു ക്കുന് അമിതലാഭം.

–ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പലഭിക്കുന്ന തിനുള്ള തടസ്സങ്ങൾ.

–സന്നദ്ധ പ്രവർത്തനങ്ങൾക്കായി, ജനങ്ങളെ സജ്ജ രാക്കാതിരിക്കൽ.

–പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമു കൾ തയ്യാറാക്കാതിരുന്നതുമൂലമുള്ള കുറവുകൾ.

–പഞ്ചായത്തിന്റെ ആകെയുള്ള വിഭവശേഷി പൂർണ്ണ മായും ഉപയോഗപ്പെടുത്താത്തത്.

## നിർദ്ദേശങ്ങൾ

1. നിർമ്മാണപ്രവർത്തനങ്ങൾക്ക് സന്നദ്ധസേവനം ഉപയോഗപ്പെടുത്തൽ.
2. പുതിയതായി അനുവദിക്കുന്ന ഗ്രാമറോഡുകളുടെ വീതി 4 മീറ്ററായി നിജപ്പെടുത്തുക.
3. വിനോദനികുതിയിലെ ശോഷണം ഒഴിവാക്കുന്ന തിന് T.V. യിലെ ഞായറാഴ്ചസിനിമകൾ മാസ ത്തിൽ ഒന്നായി നിജപ്പെടുത്തുന്നതിന് സർക്കാരി ലേക്കുശുപാർശ ചെയ്യുക.
4. വിദ്യാഭ്യാസ ആരോഗ്യക്ഷേമപ്രവർത്തന ങ്ങൾക്കുള്ള നികുതി രൂപീകരിക്കുക.
5. പഞ്ചായത്തുകളുടെ വരവു ചെലവുകണക്കുകൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുക.
6. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വിക സനസമിതികൾ രൂപികരിച്ച് രജിസ്റ്റർ ചെയ്യുക.

7. തിയേറ്ററിൽ കാണിക്കുന്ന സ്ലൈഡുകൾക്ക് പ്രതി മാസം പരസ്യ നികുതി ഈടാക്കുക.

8. പഞ്ചായത്തതിർത്തിയിലുള്ള മദ്യഷാപ്പുൽനിന്നും പ്രതിവർഷം 1000രൂപ നടത്തിപ്പുതുകയായി ഈടാക്കുക.

9. പുതിയ റോഡുകളുടെ നിർമ്മാണത്തിന് ഗുണഭോക്താക്കൾതന്നെ എർത്ത് വർക്കുനടത്തുക.

10. നികുതിഘടന സംസ്ഥാനാടിസ്ഥാനത്തിൽ ശാസ്ത്രീയമായി പരിഷ്കരിക്കുവാൻ സംസ്ഥാന സർക്കാരിനോടുശുപാർശ ചെയ്യുക.

11. പഞ്ചായത്തിൽനിന്നും നല്കുന്ന സേവനങ്ങൾക്ക് നികുതി ചുമത്തുക.

12. മത്സ്യത്തിന്റെ വിളവെടുപ്പു സമയത്ത് ഒരു മത്സ്യത്തിന്റെ വില പഞ്ചായത്തിനു നല്കുക.

13. പച്ചക്കറിയുടെ ഒരുയൂണിറ്റിന് 10രൂപ വച്ച് രജിസ്ട്രേഷൻ ഫീസായി ഈടാക്കുക.

14. പട്ടിയെ വളർത്തുന്നതിനുള്ള ലൈസൻസ് ഫീസ് 100രൂപയാക്കി നിശ്ചയിക്കുക.

15. അതാതുവർഷം സർക്കാരിൽനിന്നും ലഭിക്കാനുള്ള വാഹനനികുതി അതാതുവർഷം തന്നെ ലഭിക്കുന്നതിനു സർക്കിനോടാവശ്യപ്പെടുക.

16. കള്ളുചെത്തുരംഗത്ത് വൃക്ഷക്കരംപിരിച്ചു സർക്കാരിലേക്കു അടയ്ക്കുവാൻ പഞ്ചായത്തിനു അധികാരം നൽകാൻ സർക്കീരിനോടുശുപാർശചെയ്യുക.





# ഉപസംഹാരം



**സ്വാ**തന്ത്ര്യാനന്തര ഭാരതത്തിൽ കഴിഞ്ഞ എട്ടു പദ്ധതികൾ നടപ്പിലാക്കിക്കഴിഞ്ഞു. അതെല്ലാം തന്നെ ആവിഷ്‌ക്കരിച്ചതും നടപ്പിലാക്കിയതും ജനാഭിലാഷങ്ങളെ പൂർണ്ണമായും പരിഗണിച്ചുകൊണ്ടായിരുന്നില്ല. ദന്തഗോപുര വാസികളായ ഒരു പററം ബുദ്ധിജീവികളുടെ ചിന്തയിൽ ഉദിക്കുന്നവ പദ്ധതിരൂപത്തിൽ നമ്മുടെ മുന്നിലെത്തുകയായിരുന്നു. ഒരിക്കൽപോലും ഗ്രാമങ്ങളുടെ തുടിപ്പുകളറിയാൻ അവർ പരിശ്രമിച്ചിട്ടുമില്ല. നടപ്പിലാക്കിയതെല്ലാംതന്നെ സർക്കാരിൻെറ ഔദ്യോഗിക മിഷനറിവഴിയായിരുന്നു. ജനപങ്കാളിത്തവും കൂട്ടായ്മയും എന്നും അവർക്കന്യമായിരുന്നു.

ഒമ്പതാം പദ്ധതി 'ജനകീയപദ്ധതി' യാക്കുവാൻ സർക്കാർ തീരുമാനിച്ചതോടെ നമുക്കു നമ്മുടെ പ്രശ്നങ്ങൾക്കു വഴി കണ്ടെത്തുവാനുള്ള വാതായനങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. അധികാരവും അറിവും കേന്ദ്രീകരിച്ചുകൊണ്ട് ഇന്നലെവരെ നടത്തിയ ആസൂത്രണങ്ങൾ അധികാരികൾക്കും അവരുടെ ആശ്രിതർക്കും കൊഴുത്തു തടിക്കുവാനുള്ളതായിത്തീരുകയായിരുന്നു. പഞ്ചായത്തീരാജ് നിലവിൽ വന്നതോടെ അധികാരം ജനങ്ങളിലെത്തിയിരിക്കുന്നു. അധികാരത്തോടൊപ്പം 40% പദ്ധതിവിഹിതവും ഉപാധിരഹിതഫണ്ടായി നമുക്കു കിട്ടുമെന്നാണ് പ്രതീക്ഷ.

ഇങ്ങനെ ലഭിക്കുന്ന പണം അധികാരം ഉപയോഗിച്ച് ജനോപകാരപ്രദമായി എങ്ങിനെയൊക്കെ വിനിയോഗിക്കണമെന്നാണു നാം ചിന്തിക്കേണ്ടതു്. പുരോഗതിയിൽനിന്നും പുരോഗതിയിലേയ്ക്കുള്ള സഞ്ചാരമാണ് അധികാരവും അതിനുള്ളിൽ നിന്നുള്ള പ്രവർത്തനവും. സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ ഇതെല്ലാവരേയും ദുഷിപ്പിക്കുകയും ചെയ്യും.

ഇന്നലെവരെയുള്ള മാമൂൽസമ്പ്രദായങ്ങൾക്കു നമ്മളും ഒരർത്ഥത്തിൽ ഉത്തരവാദികളല്ലേ. എനിക്കാദ്യം എന്ന ചിന്ത നമ്മിലോരോരുത്തരിലും കുടികൊള്ളുന്നുണ്ട്. എനിക്കെന്തു കിട്ടും എന്നു ചിന്തിക്കുന്നതിനുപകരം എനിക്കെന്തു ചെയ്യാൻ കഴിയും എന്നു നമ്മൾ പലപ്പോഴും ആലോചിച്ചിരുന്നില്ല. ലാഭം മാത്രം നേടാനുള്ള മത്സരയോട്ടത്തിനിടയിൽ പലപ്പോഴും നാം ട്രാക്കുതെററി ഓടിയിട്ടുണ്ട്. ഇതിൻെറ ദുരന്തഫലം നാമുൾക്കൊള്ളുന്ന സമൂഹം ഒന്നാകെ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ജീവിതത്തിൻെറ സമസ്തമേഖലകളിലും ഇന്നു വ്യാപരിച്ചുകൊണ്ടിരിക്കുന്ന അഴുക്കു സംസ്കാരം നാം തന്നെ ക്ഷണിച്ചുവരുത്തിയതല്ലേ ? നമ്മളിലെ പാരമ്പര്യ സംസ്കാരങ്ങൾ അറു പഴഞ്ചൻ എന്ന അയൽവാസിയുടെ പ്രചാരണത്തിൽ നാം കുടുങ്ങിപ്പോയി. നമ്മുടെ സ്വത്തു് എന്നു പറയാവുന്നതു പലതും നമുക്കു നഷ്ടപ്പെട്ടു. അതെല്ലാംതന്നെ അന്യൻ 'മുതലാ'

ക്കിക്കഴിയുമ്പോൾ മാത്രമാണ് നമ്മിലെ തിരിച്ചറിവ് ഉണരുക. നമ്മൾ എല്ലാം കടംവാങ്ങാൻ മാത്രമായി ജീവിക്കുന്നതല്ല ഭംഗി. നഷ്ടപ്പെട്ടതെല്ലാം നമുക്കു വീണ്ടെടുക്കാൻ കഴിയണം. വേഷം, ഭാഷ, ആചാരം, സംസ്കാരം എല്ലാം വീണ്ടെടുക്കുവാൻഇനിയും നമുക്കു ധാരാളം സമയമുണ്ട്. ഇനി മുന്നോട്ടുള്ള ജീവിതം അതിനായുള്ള പരിശ്രമമായിരിക്കണം,

ജനകീയാസൂത്രണ പ്രവത്തനങ്ങളുമായി നമ്മുടെ ഗ്രാമവാസികളാകെ ഒത്തുകൂടി അവരുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പരസ്പരംചേർന്ന് നിർദ്ദേശങ്ങളും നിശ്ചയങ്ങളും ആയിത്തീന്നപ്പോൾ നമുക്ക് പുത്തനുണർവും ആവേശവുമുണ്ടായി. നമ്മുടെ നാട് ഇന്നഭിമുഖീകരിക്കുന്ന പുത്തൻ വെല്ലുവിളികളെ നേരിടാൻ, പണ്ഡിതനല്ലെങ്കിലും പട്ടിണിക്കാർക്കു വഴികളുണ്ടെന്ന് ഗ്രാമസഭകളിലൂടെ നാം തിരിച്ചറിഞ്ഞു. ആയത് നടപ്പിലാക്കുവാൻ വേണ്ട കൂട്ടായ്മയുടേയും ആത്മാർത്ഥത തിളങ്ങുന്നതുമായ പ്രയത്നമാണിനി നാം നടത്തേണ്ടത്.

ഒരു പുത്തൻ കേരളസൃഷ്ടിക്കായുള്ള പടപ്പുറപ്പാടിലാണ് കേരളജനത ഒന്നടങ്കം. നമ്മുടെ ഗ്രാമത്തിന്റെ പുരോഗതിക്കായി നാം നിർണ്ണയിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനും വിജയത്തിനുമായി നമ്മുടെ ബുദ്ധിയും ശക്തിയും കൂട്ടായ്മയും ഉപയോഗിക്കാം. മതിയാകാതെ വരുന്നത് സർക്കാരിൽ നിന്നും ചോദിച്ചുവാങ്ങാം.

കഴിഞ്ഞ നാലു മാസങ്ങളായി നാം ഇതിനുള്ള മുന്നൊരുക്കത്തിലായിരുന്നു. ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും സന്നദ്ധപ്രവർത്തകർ വീടുവീടാന്തരം നടന്നു ശേഖരിച്ച വിവരങ്ങളും വിവിധ സർക്കാർ ആഫീസുകളിൽനിന്നും ലഭിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണീ വികസനരേഖ. ഈ സെമിനാറിലെ ചർച്ചകളിലൂടെ കഞ്ഞിക്കുഴിയുടെ ഈ രേഖ കൂടുതൽ സമ്പുഷ്ടമാക്കുവാൻ ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

പ്രിയമുള്ളവരെ, ഇതൊരു പരീക്ഷണ പദ്ധതിയാണ്എന്ന് പറയേണ്ടതില്ലല്ലോ. കാരണം നമുക്കെല്ലാവർക്കും ഇതൊരു പുത്തൻ അനുഭവമാണ്. ഈ പരിശ്രമം വിജയിക്കുകതന്നെ വേണം. അതിനാവട്ടെ ഇനി നമ്മുടെ പരിശ്രമം.

“ ഞെട്ടും നിങ്ങൾതൻ പട്ടണമപ്പൊഴീ-

പൊട്ടഗ്രാമത്തിൻ ഗർജ്ജനത്തിൽ ! ”

അശരണർക്കും
ആലംബഹീനർക്കും
സഹായമെത്തിക്കുക !

കഞ്ഞിക്കുഴി പഞ്ചായത്ത്
ദുരിതാശ്വാസ നിധിയിലേക്ക്

**ഉദാരമായി സംഭാവന ചെയ്യുക**

ജനകീയ പച്ചക്കറി കൃഷി
രണ്ടാം ഘട്ടം ഉടൻ ആരംഭിക്കുന്നു

ജനകീയ മത്സ്യകൃഷി
ഒരു വീട്ടിൽ ഒരു കുളത്തിൽ മത്സ്യകൃഷി

പങ്കെടുക്കുക !! വിജയിപ്പിക്കുക !!